
CPPR
Centre for Public Policy Research
iea

# പബ്ലിക് ചോയ്സ്:
## പാഠം ഒന്ന്



ഈമൺ ബട്‌ലർ

The Institute of Economic Affairs
Published by The Institute of Economic Affairs,
2 Lord North Street, Westminster,
London SW1P 3LB

Reprinted with permission from The Institute of Economic Affairs.
Typeset by AARGEE COMMUNICATIONS

For information and other requests, please write to:
The Institute of Economic Affairs
www.iea.org.uk

ISBN 978-0255366502 (Original Text) Printed in Great Britain

Translated to Malayalam by Centre For Public Policy Research
First Floor, 'Mandoli House'
New Link Road (Opp. Metro Pillar 821)
Elamkulam, Kochi, Kerala - 682 020, India
Whatsapp/Telegram: +91 97457 09174
cppr@cppr.in | www.cppr.in

Copyright © The Institute of Economic Affairs 2012
The moral right of the author has been asserted.
All rights reserved. Without limiting the rights under copyright reserved above,no part of this publication may be reproduced, stored, or introduced into a retrieval system, or transmitted, in any form or by any means (electronic, mechanical, photocopying, recording or otherwise), without the prior written permission of both the copyright owner and the publisher of this book.
A CIP catalogue record for this book is available from the British Library.
This book translation is made possible with support from The Institute of Economic Affairs, London.

# ഉള്ളടക്കം

**ഈമൺ ബട്‌ലർ**
**ആമുഖം**
**സംഗ്രഹം**


1. എന്താണ് പബ്ലിക് ചോയ്സ് അഥവാ പൊതുതാല്പ്പര്യം?
2. പബ്ലിക് ചോയ്സിന്റെ ജീവചരിത്രം
3. ആർക്കുവേണ്ടിയാണ് സർക്കാർ?
4. തിരഞ്ഞെടുപ്പിൽ എങ്ങനെ വിജയിക്കാം?
5. ന്യൂനപക്ഷങ്ങളുടെ സ്വേച്ഛാധിപത്യ പ്രവണത
6. വോട്ടുകളുടെ വിപണി: ലോഗ്റോളിംഗ്
7. രാഷ്ട്രീയ ലാഭം: വാടക തേടൽ
8. രാഷ്ട്രീയക്കാരുടെ പ്രതാപകാലം
9. ഉദ്യോഗസ്ഥവൃന്ദത്തിന്റെ പ്രചോദനം
10. ഭരണഘടനകളുടെ പങ്ക്
11. നേട്ടങ്ങളും പ്രശ്നങ്ങളും
12. വർത്തമാന, ഭാവി ചക്രവാളങ്ങൾ

പദാവലി
പബ്ലിക് ചോയ്സ് ടൈംലൈൻ

## ഈമൺ ബട്‌ലർ

പ്രമുഖ പോളിസി തിങ്ക്-ടാങ്കായ ആദം സ്മിത്ത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറാണ് ഈമൺ ബട്‌ലർ. സാമ്പത്തികശാസ്ത്രം, തത്ത്വചിന്ത, മനഃശാസ്ത്രം എന്നിവയിൽ ബിരുദം നേടിയ അദ്ദേഹം, 1978-ൽ സെയിൻറ്റ് ആൻഡ്രൂസ് സർവകലാശാലയിൽ നിന്ന് പി.എച്ച്.ഡി. നേടി. ആദം സ്മിത്ത് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ യു.കെയിലേക്ക് മടങ്ങുന്നതിന് മുമ്പ്, 1970-കളിൽ അദ്ദേഹം യു.എസ്. പ്രതിനിധി സഭയിലും, മിഷിഗണിലെ ഹിൽസ്‌ഡെയ്ൽ കോളേജിൽ തത്ത്വചിന്ത അധ്യാപകനായും ജോലി ചെയ്തു.

മിൽട്ടൺ ഫ്രീഡ്മാൻ, എഫ്.എ. ഹായെക്, ലുഡ്വിഗ് വോൺ മിസസ് എന്നീ മുൻനിര സാമ്പത്തിക വിദഗ്ധരെക്കുറിച്ചുള്ള പുസ്തകങ്ങളുടെയും, ഓസ്ട്രിയൻ സ്കൂൾ ഓഫ് ഇക്കണോമിക്സിനെക്കുറിച്ചുള്ള പ്രൈമറിന്റെയും രചയിതാവാണ് ഈമൺ. ഐ.ഇ.എയ്ക്ക് വേണ്ടി ആദം സ്മിത്തിനെയും ലുഡ്വിഗ് വോൺ മിസസിനെയും കുറിച്ച് പ്രൈമറുകളും എഴുതിയിട്ടുണ്ട്.

വേതനം, വില നിയന്ത്രണം എന്നിവയുടെ ചരിത്രത്തിന്റെയും, ഐ.ക്യു. പുസ്തക പരമ്പരയുടെയും സഹരചയിതാവ് കൂടിയാണ് ഈമൺ. അദ്ദേഹത്തിന്റെ സമീപകാല ജനപ്രിയ പ്രസിദ്ധീകരണങ്ങളായ 'ദി ബെസ്റ്റ് ബുക്ക് ഓൺ ദി മാർക്കറ്റ്', 'ദി റോട്ടൻ സ്റ്റേറ്റ് ഓഫ് ബ്രിട്ടൻ', 'ദി ആൾട്ടർനേറ്റീവ് മാനിഫെസ്റ്റോ' എന്നിവ ഗണ്യമായ ശ്രദ്ധ ആകർഷിച്ചു. അച്ചടി, പ്രക്ഷേപണ മാധ്യമങ്ങളിലും അദ്ദേഹം പതിവായി സംഭാവന നൽകിവരുന്നു.

**ആമുഖം**

വിപണിയിലെ പരാജയം തിരിച്ചറിയുകയും തിരുത്തുകയും ചെയ്യേണ്ടത് സർക്കാരിന്റെ ജോലിയാണെന്ന അഭിപ്രായം പ്രകടിപ്പിക്കുന്ന രണ്ട് പ്രധാന പ്രസ്താവനകൾ ബ്രിട്ടീഷ് പ്രധാനമന്ത്രി കഴിഞ്ഞ ആഴ്ചയിൽ നടത്തി. സർക്കാരിന്റെ ഈ സമീപനത്തെക്കുറിച്ച് നിരവധി വിമർശനങ്ങളുണ്ട്. വിപണി എന്നത് മത്സരത്തിന്റെ പ്രക്രിയയാണെന്നും, തികഞ്ഞ മത്സരം നിലവിലില്ലെങ്കിൽ, അത് നിലനിന്നാൽ ഉണ്ടാകുമായിരുന്ന ഫലം നമുക്ക് അറിയാൻ കഴിയില്ലെന്നും ഓസ്ട്രിയൻ വിമർശനം വാദിക്കുന്നു. അതിനാൽ വിപണിയിലെ പരാജയം തിരുത്താൻ സർക്കാരിന് കഴിയില്ല; അത് മത്സര പ്രക്രിയയിലൂടെ ഉയർത്തുന്ന തടസ്സങ്ങൾ നീക്കാൻ മാത്രമേ കഴിയൂ. വിപണി പരാജയം ബാഹ്യഘടകങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞതായി കണക്കാക്കിയാലും, ബാധിച്ച ആളുകൾക്ക് ആ ഘടകങ്ങളുടെ മൂല്യം കണ്ടെത്താൻ ഒരു വിപണി ആവശ്യമാണെന്ന് വാദിക്കാം. സർക്കാരിന് ഈ മൂല്യം എളുപ്പത്തിൽ ഊഹിക്കാനാവില്ല.

ആശയപരമായി മനസ്സിലാക്കാൻ ഒരുപക്ഷേ ഏറ്റവും എളുപ്പമുള്ള വിമർശനം ഉയർന്നത് 'പബ്ലിക് ചോയ്സ് സ്കൂളിൽ' നിന്നാണ്. രാഷ്ട്രീയ മേഖലയിലെ മനുഷ്യസ്വഭാവം വിശകലനം ചെയ്യാൻ, നമ്മൾ വിപണികൾ വിശകലനം ചെയ്യുമ്പോൾ ഉണ്ടാക്കുന്ന അതേ അനുമാനങ്ങൾ നടത്താൻ 'പബ്ലിക് ചോയ്സ് ഇക്കണോമിക്സ്' നമ്മോട് ആവശ്യപ്പെടുന്നു. ഉദാഹരണത്തിന്, സ്വാർത്ഥതാൽപ്പര്യമുള്ള ഉടമകൾ അവരുടെ ലാഭം വര്ധിപ്പിക്കാൻ ശ്രമിച്ചില്ലെങ്കിൽ, പാഠപുസ്തകങ്ങളിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങളിലേക്ക് കുത്തകകൾ നയിക്കില്ല; ഉപഭോക്താക്കൾ അവരുടെ വരുമാന പരിധിക്കപ്പുറം ഉപഭോഗം പരമാവധിയാക്കാൻ ശ്രമിച്ചില്ലെങ്കിൽ, കാർബൺ ഡൈ ഓക്സൈഡ് ബഹിർഗമനം നമ്മെ അത്രയധികം അലട്ടുകയില്ല; ബാങ്കുകൾ അവർ എടുക്കുന്ന അപകടസാധ്യതകൾ വർധിപ്പിച്ച്, സർക്കാർ ഗ്യാരന്റികളോട് പ്രതികരിച്ചില്ലെങ്കിൽ, ബാങ്കുകളുടെ തകർച്ച നമ്മെ ബുദ്ധിമുട്ടിക്കില്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, വിപണിയിൽ സ്വാർത്ഥതാൽപര്യങ്ങൾ പ്രവർത്തിച്ചില്ലെങ്കിൽ, വിപണി പരാജയം മൂലമുണ്ടാകുന്ന, നമ്മുടെ പ്രധാനമന്ത്രിയും മറ്റും തിരിച്ചറിയുന്ന തരത്തിലുള്ള പ്രശ്നങ്ങൾക്ക് കാരണമാകില്ല – അത് മറ്റ് പ്രശ്നങ്ങൾക്ക്

കാരണമാകുമെങ്കിലും.

എന്നാൽ രാഷ്ട്രീയക്കാർ പരിഹരിക്കാൻ ശ്രമിക്കേണ്ട പ്രശ്നങ്ങളുണ്ടാക്കുമെന്നു ചിലർ വിശ്വസിക്കുന്ന സ്വാർത്ഥതാൽപര്യങ്ങൾ വിപണിയിൽ ചില ഫലങ്ങൾ സൃഷ്ടിക്കുന്നുവെങ്കിൽ, വിപണി പരാജയം 'തിരുത്താൻ' ശ്രമിക്കുന്ന രാഷ്ട്രീയ വ്യവസ്ഥിതിയിലും ഇതേ സ്വാർത്ഥതാൽപര്യങ്ങൾ നിലനിൽക്കുന്നുണ്ടെന്ന് നാം അനുമാനിക്കണ്ടേ? ഈ വാദം അംഗീകരിക്കുകയാണെങ്കിൽ, തീർച്ചയായും അത് വിപണിയിൽ സർക്കാർ ഇടപെടലിന്റെ അനുയോജ്യതയെക്കുറിച്ചുള്ള ചർച്ചയിലെ ഒരു 'ഗെയിം ചേഞ്ചർ' ആകും – ഉദാര പ്രകൃതിയും സർവ്വജ്ഞനുമായ ഒരു സർക്കാരിന് വിപണി ഫലം മെച്ചപ്പെടുത്താൻ കഴിയുമെന്ന് നമുക്ക് ഇനി അനുമാനിക്കാനാവില്ല. രാഷ്ട്രീയക്കാർ, വോട്ടർമാർ, ഉദ്യോഗസ്ഥർ, റെഗുലേറ്റർമാർ തുടങ്ങിയവരുടെ സ്വാർത്ഥതാൽപ്പര്യങ്ങൾ സർക്കാർ തീരുമാനങ്ങളെത്തന്നെ ബാധിക്കും. മറ്റ് നിയോജകമണ്ഡലങ്ങളിലെ ആരോഗ്യ സേവനങ്ങൾ മെച്ചപ്പെടുത്താൻ ഒരു നിയോജകമണ്ഡലത്തിലെ വോട്ടർമാർ അവരുടെ ആശുപത്രി അടച്ചുപൂട്ടുന്നതിനെ പിന്തുണയ്ക്കുന്നതിനായി പ്രകടനം നടത്തുന്നത് നിങ്ങൾ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ?

രാഷ്ട്രീയ വ്യവസ്ഥിതിയിൽ പ്രവർത്തിക്കുന്ന ഈ സ്വാർത്ഥതാൽപ്പര്യം 'സർക്കാർ പരാജയ'ത്തിലേക്ക് നയിക്കും. അത് 'വിപണി പരാജയ'ത്തേക്കാൾ ഗുരുതരമായേക്കാം. സർക്കാർ പ്രയോഗിക്കുന്ന നിർബന്ധിത ബുദ്ധിയും, സർക്കാർ സംവിധാനം നേരിട്ടുള്ള യാതൊരുവിധ മത്സര പ്രക്രിയയ്ക്കും വിധേയമാകുന്നില്ല എന്നതാണ് ഇതിന് കാരണം. പ്രതിനിധി ജനാധിപത്യത്തിൽ ഒരു ചെറിയ കൂട്ടം ആളുകളുടെ സ്വാർത്ഥതാൽപ്പര്യം ഭൂരിപക്ഷത്തിന് ദോഷകരമായേക്കാവുന്ന തീരുമാനങ്ങൾ എടുക്കുന്നതിലേക്ക് നയിച്ചേക്കാം. ഉദാഹരണത്തിന്, യു.കെ. പാർലിമെന്റിലെ സ്കോട്ടിഷ് അംഗങ്ങളും, ഹീത്രൂ വിമാനത്താവളത്തിന് ചുറ്റുമുള്ള പാർലിമെന്റ് അംഗങ്ങളും പാർലിമെന്ററി ഭൂരിപക്ഷം നിർണ്ണയിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചതിനാൽ, സമീപ വർഷങ്ങളിൽ വൻതോതിലുള്ള അധികാരം പ്രയോഗിച്ചിട്ടുണ്ടെന്ന് തീർച്ചയായും വാദിക്കാം.

എന്റെ മുൻഗാമിയായ ആർതർ സെൽഡൺ അന്ന് 'രാഷ്ട്രീയത്തിന്റെ സാമ്പത്തികശാസ്ത്രം' എന്ന് വിളിക്കപ്പെട്ടിരുന്ന ആശയം യു.കെ.യിൽ അവതരിപ്പിച്ചതു മുതൽ 'പബ്ലിക് ചോയ്സ് ഇക്കണോമിക്സ്' ഒരുപാട് മുന്നോട്ട് പോയി. ഈ വിഷയമേഖലയിൽ വൈദഗ്ദ്ധ്യം നേടിയ നിരവധി സർവകലാശാലാ വകുപ്പുകളും ജേണലുകളും ഉണ്ട്. ടള്ളക്ക്, ബുക്കാനൻ തുടങ്ങിയവരുടെ പ്രസിദ്ധീകരണങ്ങൾ അഭിപ്രായാന്തരീക്ഷം മാറ്റുന്നതിൽ വിപ്ലവകരമായ പങ്ക് വഹിച്ചിരുന്നു (ഉദാഹരണത്തിന്, 'യെസ്, മിനിസ്റ്റർ', 'യെസ്, പ്രൈം മിനിസ്റ്റർ' എന്നീ ടെലിവിഷൻ പരമ്പരകളുടെ സ്രഷ്ടാക്കളിൽ ചെലുത്തിയ സ്വാധീനം). അതിനാൽ, കൂടുതല് ആളുകള്ക്ക് പ്രാപ്യമാകുന്ന തരത്തിൽ ഈ വിഷയത്തിന്റെ കാലികമായ ഒരു സംഗ്രഹം പ്രസിദ്ധീകരിക്കേണ്ടത് ഐ.ഇ.എ.യുടെ ആവശ്യമാണ്.

ഈമൺ ബട്‌ലറുടെ ഈ മികച്ച പ്രൈമർ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അഭിപ്രായ രൂപീകരണക്കാർക്കും അനുയോജ്യമാണ്. സർക്കാർ നടപടികളുടെ പരിധികൾ മനസ്സിലാക്കണമെന്ന് ആഗ്രഹിക്കുന്ന, അതിനു മാത്രം വിനയമുള്ള രാഷ്ട്രീയക്കാർക്കും റെഗുലേറ്റർമാർക്കും ഇത് ഉപയോഗപ്രദമാണ്. രാഷ്ട്രീയ വ്യവസ്ഥയ്ക്കുള്ളിൽ സ്വാർത്ഥതാൽപ്പര്യം കടന്നുകയറുമ്പോൾ, അത് സർക്കാർ നയത്തിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ ഈ പുസ്തകം പരിശോധിക്കുന്നു; സർക്കാർ പ്രവർത്തനത്തിലും നിയന്ത്രണത്തിലും ശരിയായ സന്തുലിതാവസ്ഥ കൊണ്ടുവരുന്നതിനായി രാഷ്ട്രീയ സംവിധാനങ്ങൾ എങ്ങനെ രൂപപ്പെടുത്താമെന്ന് ഇത് ചർച്ച ചെയ്യുന്നു; കൂട്ടായ പ്രവർത്തനം അഭികാമ്യമായ മേഖലകളിൽ മാത്രമായി സർക്കാർ തീരുമാനങ്ങൾ എങ്ങനെ പരിമിതപ്പെടുത്താമെന്ന് ഇത് പരിശോധിക്കുന്നു.

മികച്ച രീതിയിൽ രൂപകല്പന ചെയ്തിട്ടുള്ള സർക്കാരിലും രാഷ്ട്രീയ സംവിധാനങ്ങളിലും കൂടുതൽ വിനയം ആർജിക്കാൻ ഈ വിഷയങ്ങൾ നന്നായി മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. ഉദാഹരണത്തിന്, സ്കോട്ടിഷ് അധികാര കൈമാറ്റത്തെക്കുറിച്ചുള്ള ചർച്ചയിലും നിലവിലെ ഉടമ്പടിയിൽ സ്കോട്ട്‌ലൻഡിലേക്കുള്ള നികുതി കൈമാറ്റത്തെ ചുറ്റിപ്പറ്റിയുള്ള ചർച്ചയിലും ഈ വാദങ്ങൾ പ്രസക്തമാണ്. യൂറോപ്യൻ യൂണിയന്റെ ഭരണനിർവഹണത്തെക്കുറിച്ചുള്ള സംവാദങ്ങളിലും ഇവ വളരെ പ്രസക്തമാണ്. സർക്കാർ പ്രക്രിയകളുടെ സ്വഭാവത്തെക്കുറിച്ച് വിശാലമായ ധാരണ സൃഷ്ടിക്കാൻ ഈ പ്രൈമർ ഉതകുമെന്ന് പ്രതീക്ഷിക്കാം. കൂടാതെ, എല്ലായിടത്തും വിപണി പരാജയം കാണുന്നതും, അത് തിരുത്താനുള്ള സർക്കാറിന്റെ കഴിവിനെക്കുറിച്ച് അനുപാതബോധം ഇല്ലാത്തതുമായ സർക്കാറുകൾ ഉണ്ടാകാനുള്ള സാധ്യത കുറയ്ക്കുമെന്നും നമുക്ക് പ്രതീക്ഷിക്കാം.

പബ്ലിക് ചോയ്സ് അഥവാ പൊതുതാല്പ്പര്യം എന്ന സങ്കീർണ്ണമായ വിഷയം കൂടുതൽ പേർക്ക് പ്രാപ്യമാകുന്ന രീതിയില് സമഗ്രമായി വിശദീകരിക്കുന്ന ഒരു മികച്ച പുസ്തകമാണ് ഈമൺ ബട്‌ലറുടെ ഈ പ്രൈമർ. ഇത് പ്രസിദ്ധീകരിക്കുന്നതിൽ ഐ.ഇ.എ. സന്തുഷ്ടരാണ്.

ഫിലിപ്പ് ബൂത്ത്
എഡിറ്റോറിയൽ ആൻഡ് പ്രോഗ്രാം ഡയറക്ടർ
ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കണോമിക് അഫയേഴ്സ്
പ്രൊഫസർ ഓഫ് ഇൻഷുറൻസ് ആൻഡ് റിസ്ക് മാനേജ്മെന്റ്
കാസ് ബിസിനസ് സ്കൂൾ
ജനുവരി 2012

## സംഗ്രഹം

- രാഷ്ട്രീയത്തിന്റെയും സർക്കാരിന്റെയും സിദ്ധാന്തവും പ്രയോഗവും വിശദീകരിക്കാൻ സാമ്പത്തികശാസ്ത്രത്തിന്റെ രീതികൾ പബ്ലിക് ചോയ്സ് പ്രയോജനപ്പെടുത്തുന്നു. ജനാധിപത്യപരമായ തീരുമാനങ്ങൾ എടുക്കുന്നതിന്റെ രീതിയെക്കുറിച്ചുള്ള പ്രധാനപ്പെട്ട ഉൾക്കാഴ്ചകൾ ഈ സമീപനം നമുക്ക് നൽകിയിട്ടുണ്ട്.
- സ്വാർത്ഥതാൽപ്പര്യം ആളുകളുടെ സ്വകാര്യ വാണിജ്യ തിരഞ്ഞെടുപ്പുകളെ സ്വാധീനിക്കുന്നതുപോലെ, അവരുടെ പൊതുതീരുമാനങ്ങളെയും സ്വാധീനിക്കുന്നു. ആളുകൾ തങ്ങൾ വ്യക്തിപരമായി ആഗ്രഹിക്കുന്ന ഫലം നേടാനായി വോട്ടർമാരായും ലോബി ഗ്രൂപ്പുകളായും രാഷ്ട്രീയക്കാരായും ഉദ്യോഗസ്ഥരായും സാമ്പത്തിക നേട്ടം ലക്ഷ്യമിടുന്നു. അതിനാൽ, സാമ്പത്തികശാസ്ത്രത്തിന്റെ വികസിത ഉപകരണങ്ങൾ–ലാഭവും നഷ്ടവും, വിലയും കാര്യക്ഷമതയും പോലുള്ളവ – രാഷ്ട്രീയത്തെ വിശകലനം ചെയ്യാൻ ഉപയോഗിക്കാം.
- ചില മേഖലകളിൽ കൂട്ടായ തീരുമാനങ്ങൾ എടുക്കേണ്ടത് ആവശ്യമാണ്. എന്നിരുന്നാലും, അത്തരം മേഖലകളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിൽ വിപണി പരാജയപ്പെട്ടേക്കാം എന്ന വസ്തുത സർക്കാരിന് കാര്യങ്ങൾ മികച്ച രീതിയിൽ ചെയ്യാൻ കഴിയുമെന്ന് അർത്ഥമാക്കുന്നില്ല. സർക്കാർ പരാജയവും സംഭവിച്ചേക്കാം. രാഷ്ട്രീയ തീരുമാനങ്ങൾ പൊതുതാൽപ്പര്യ സംരക്ഷണത്തിനുള്ള ഒരു നിസ്സംഗ പരിശ്രമമല്ല, മറിച്ച് വ്യത്യസ്ത വ്യക്തിപരവും വിഭാഗീയവുമായ താൽപ്പര്യങ്ങൾ തമ്മിലുള്ള പോരാട്ടവും അതിൽ ഉൾപ്പെട്ടേക്കാം.
- 'പൊതുതാൽപ്പര്യം' എപ്പോഴും ഒന്നാകണമെന്നില്ല. 'മൂല്യ ബഹുസ്വരതയുടെ' ലോകത്താണ് നാം ജീവിക്കുന്നത്: ഓരോ വ്യക്തിയുടെയും മൂല്യങ്ങളും താൽപ്പര്യങ്ങളും വ്യത്യസ്തമാണ്. അതിനാൽ താൽപ്പര്യ വൈരുധ്യം തമ്മിലുള്ള മത്സരം അനിവാര്യമാണ്. ഇത്തരം താൽപ്പര്യ വൈരുധ്യങ്ങളും ആവശ്യങ്ങളും രാഷ്ട്രീയ പ്രക്രിയയിലൂടെ എങ്ങനെ പരിഹരിക്കപ്പെടുന്നുവെന്ന് പഠിക്കേണ്ടത് അത്യാവശ്യമാണ്.
- അധികാരവും സ്ഥാനവും നേടാനാവശ്യമായ വോട്ട് നേടുന്നതിലാണ് രാഷ്ട്രീയ പാർട്ടികളുടെ സ്വാർത്ഥതാൽപ്പര്യം. 'മീഡിയൻ (ശരാശരി)

വോട്ടർ' – മീഡിയൻ വോട്ടർ തിയറി അനുസരിച്ച് വോട്ടർമാർ കൂട്ടംകൂടുന്ന മധ്യസ്ഥാനം – പിടിച്ചെടുക്കാനുള്ള നെട്ടോട്ടത്തിലാണ് അവർ. സർക്കാർ ഉദ്യോഗസ്ഥർക്ക് അവരുടെ ബജറ്റുവിഹിതം പരമാവധിയാക്കുന്നത് ഉൾപ്പെടെ അവരുടേതായ താൽപ്പര്യങ്ങൾ ഉണ്ടായേക്കാം.

- താൽപ്പര്യ വൈരുധ്യം സൃഷ്ടിക്കുന്ന ഈ പോരാട്ടത്തിൽ, ഉപഭോക്താക്കളെയും നികുതിദായകരെയും പോലുള്ള കൂടുതൽ വ്യാപൃതമായ ആശങ്കകളുള്ള വലിയ ഗ്രൂപ്പുകളേക്കാൾ, നിശിത താൽപ്പര്യങ്ങളുള്ള ചെറിയ ഗ്രൂപ്പുകൾക്ക് രാഷ്ട്രീയ തീരുമാനമെടുക്കലിൽ കൂടുതൽ സ്വാധീനമുണ്ട്. തങ്ങളുടെ ഒറ്റ വോട്ട് കൊണ്ട് മാറ്റം സാധ്യമല്ലെന്നും, ഏതെങ്കിലും നയത്തിന്റെ ഭാവി പ്രത്യാഘാതങ്ങൾ പ്രവചനാതീതമാണെന്നും അറിയാവുന്നതിനാൽ, രാഷ്ട്രീയ സംവാദത്തെക്കുറിച്ച് 'യുക്തിബോധത്തോടെയുള്ള അജ്ഞത' പ്രകടിപ്പിക്കുന്ന വോട്ടർമാർ മൂലം, താൽപ്പര്യ ഗ്രൂപ്പുകളുടെ സ്വാധീനം കൂടുതൽ വർദ്ധിച്ചേക്കാം.
- രാഷ്ട്രീയ പ്രക്രിയയിൽ നിന്ന് നേടാൻ കഴിയുന്ന വമ്പിച്ച നേട്ടങ്ങൾ കാരണം പ്രത്യേകാവകാശങ്ങൾ നേടിയെടുക്കാൻ ലോബിയിംഗിനായി വലിയ തുക ചെലവഴിക്കുന്നത് താൽപ്പര്യ ഗ്രൂപ്പുകളെ സംബന്ധിച്ചിടത്തോളം യുക്തിപരമാണ് – ഈ പ്രവർത്തനം 'വാടക തേടൽ' എന്നറിയപ്പെടുന്നു.
- വോട്ടുകൾ കൈമാറ്റം ചെയ്യുകയും ഇഷ്ടപ്പെടുന്ന സംരംഭങ്ങളെ പരസ്പരം പിന്തുണക്കുകയും ചെയ്യുന്ന 'ലോഗ്റോളിംഗ്' എന്ന പ്രക്രിയയിലൂടെ താൽപ്പര്യ ഗ്രൂപ്പുകൾക്ക് അവരുടെ സ്വാധീനം കൂടുതൽ വർദ്ധിപ്പിക്കാൻ കഴിയും. ഈ ഘടകങ്ങൾ നിയമനിർമ്മാണ സഭകൾ പോലെയുള്ള പ്രതിനിധി ജനാധിപത്യ സംവിധാനങ്ങളിൽ ന്യൂനപക്ഷ താൽപ്പര്യ ഗ്രൂപ്പുകളെ ശക്തരാക്കുന്നു.
- “രണ്ട് ചെന്നായ്ക്കളും ഒരാടും ആര് ആരെ അത്താഴത്തിന് കഴിക്കണമെന്ന് തീരുമാനിക്കുന്നു” എന്ന പഴയ തമാശ പോലെ, ജനപ്രതിനിധികളുടെ അധികാരം നേരിട്ട് വിനിയോഗിക്കുന്ന 'ഡയറക്റ്റ് ഡെമോക്രസിയില്' റഫറണ്ട പോലുള്ള സംവിധാനങ്ങളിൽ സാധാരണയായി പിന്തുടരുന്ന ഭൂരിപക്ഷ വോട്ടിംഗ് നിയമം ജനസംഖ്യയുടെ 51 ശതമാനം പേർക്ക് ബാക്കിവരുന്ന 49 ശതമാനത്തെ ചൂഷണം ചെയ്യാൻ അവസരമൊരുക്കുന്നു. പ്രതിനിധി ജനാധിപത്യ രാജ്യങ്ങളിൽ വോട്ടർമാരുടെ വളരെ ചെറിയ അനുപാതങ്ങൾക്ക് അനുചിതമായ സ്വാധീനം ചെലുത്താൻ കഴിയും.
- ന്യൂനപക്ഷങ്ങൾ ചൂഷണം ചെയ്യപ്പെടുന്നതോ ന്യൂനപക്ഷങ്ങൾ ഭൂരിപക്ഷത്തെ ചൂഷണം ചെയ്യുന്നതോ ആയ പ്രശ്നം കാരണം, രാഷ്ട്രീയ തീരുമാനമെടുക്കൽ ഭരണഘടനാ നിയമങ്ങളാൽ നിയന്ത്രിക്കേണ്ടതുണ്ടെന്ന് പല പബ്ലിക് ചോയ്സ് സൈദ്ധാന്തികരും വാദിക്കുന്നു.

## 1. എന്താണ് പബ്ലിക് ചോയ്സ് അഥവാ പൊതുതാല്പ്പര്യം?

പൊതുതാല്പ്പര്യം സാമ്പത്തികശാസ്ത്രത്തിന്റെ ഒരു ചിന്താധാരയായാണ് അറിയപ്പെടുന്നത്. വാസ്തവത്തിൽ, ഇതൊരു രാഷ്ട്രതന്ത്ര സമീപനമാണ്. സമ്പദ്വ്യവസ്ഥ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് വിശദീകരിക്കാനല്ല ഇത് ശ്രമിക്കുന്നത്. മറിച്ച്, രാഷ്ട്രീയവും സർക്കാരും എങ്ങനെ പ്രവർത്തിക്കുന്നു വെന്ന് മനസ്സിലാക്കാൻ സാമ്പത്തികശാസ്ത്രത്തിന്റെ രീതികളും ഉപകരണങ്ങളും പബ്ലിക് ചോയ്സ് ഉപയോഗിക്കുന്നു. രാഷ്ട്രീയ പ്രക്രിയ യഥാർത്ഥത്തിൽ എത്രത്തോളം കാര്യക്ഷമവും ഫലപ്രദവും നിയമാനു സൃതവുമാണ് എന്നതുപോലുള്ള ചില ആശ്ചര്യകരമായ ഉൾക്കാഴ്ചകൾ സൃഷ്ടിക്കുകയും, വെല്ലുവിളി നിറഞ്ഞ ചോദ്യങ്ങൾ ഉയർത്തുകയും ചെയ്യുന്ന ഒരു സമീപനമാണിത്.

**സാമ്പത്തികശാസ്ത്രം എന്തിന്?**

രാഷ്ട്രീയത്തെയും സർക്കാരിനെയും വിശകലനം ചെയ്യാൻ സാമ്പത്തിക ശാസ്ത്രം ഉപയോഗിക്കുന്നത് വിചിത്രമായി തോന്നാം. മിക്ക ആളുകൾക്കും സാമ്പത്തികശാസ്ത്രം എന്നാല് പണം, വിപണി, വാണിജ്യ സമ്പദ്വ്യവസ്ഥ, സ്വകാര്യ ലാഭം എന്നിവയാണ്. അതുപോലെ, സർക്കാർ എന്നാല് സാമ്പത്തി കേതര മാർഗങ്ങളിലൂടെയും ലാഭേച്ഛയില്ലാതെയും പൊതുജനങ്ങൾക്ക് പ്രയോജനം ചെയ്യുന്ന സംവിധാനമാണ്.

എന്നാൽ സാമ്പത്തികശാസ്ത്രം പണം മാത്രം സംബന്ധിച്ചതല്ല. ഈ വാക്ക് തന്നെ ഗ്രീക്ക് 'ഒയ്കണോമിയ'യിൽ നിന്നാണ് വന്നത്, അതായത് ഒരു കുടുംബത്തിന്റെ മാനേജ്മെന്റ് – ഇവിടെ ലക്ഷ്യം സാമ്പത്തിക ലാഭത്തേ ക്കാൾ കുടുംബത്തിന്റെ സംതൃപ്തിയാണ്. കൂടാതെ, മാനുഷികവും സാമ്പത്തികവുമായ നിരവധി ഘടകങ്ങൾ സന്തുലിതമാക്കേണ്ടതുണ്ട്. എല്ലാ ദിവസവും, നമ്മൾ സമാനമായ തീരുമാനങ്ങൾ എടുക്കുന്നു. അടുത്ത കുന്നിൽ നിന്നുള്ള കാഴ്ച അതിൽ കയറാനുള്ള പരിശ്രമത്തോളം വിലമതിക്കുമോ? ഒരു സുഹൃത്തിന് മികച്ച ജന്മദിന കാർഡ് കണ്ടെത്താന് എത്ര സമയം ചെലവഴിക്കണം? നമ്മുടെ ലക്ഷ്യങ്ങൾ നേടുന്നതിന് എത്ര സമയം അല്ലെങ്കിൽ പരിശ്രമം ചെലവഴിക്കേണ്ടതാണെന്ന് നാം കരുതുന്നുവോ അത് അളന്ന് തിട്ടപ്പെടുത്തുന്നതും വ്യത്യസ്ത സാധ്യതകൾക്കിടയിൽ നിന്നും ഒന്ന് തിരഞ്ഞെടുക്കുന്നതും അവയിൽ ഉൾപ്പെടുന്നു. സാമ്പത്തിക

ശാസ്ത്രം എന്നാൽ യഥാർത്ഥത്തിൽ നാം കൂടുതൽ വിലമതിക്കുന്ന മറ്റ് കാര്യങ്ങൾ നേടിയെടുക്കാൻ നമുക്ക് ലഭ്യമായ ഏതെങ്കിലും വിഭവങ്ങൾ (നമ്മുടെ സമയമോ പ്രയത്നമോ പോലുള്ളവ) എങ്ങനെ ചെലവഴിക്കാൻ തീരുമാനിക്കുന്നു എന്നതിനെക്കുറിച്ചാണ് - ഇത് സാമ്പത്തിക തീരുമാന ങ്ങളെ സംബന്ധിച്ചുള്ളതല്ല.

ഈ ദൗത്യത്തിനായി സാമ്പത്തിക വിദഗ്ധർ ലളിതവും എന്നാൽ വളരെ ഉപയോഗപ്രദവുമായ ചില ഉപകരണങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. അവസരച്ചെലവ് – ഒരു കാര്യം നേടാന് നിങ്ങൾ ത്യജിക്കേണ്ടിവരുന്ന മറ്റൊരു കാര്യം (ഉദാ. സമയം അല്ലെങ്കിൽ പരിശ്രമം), അതിനു നിങ്ങൾ നൽകുന്ന മൂല്യം; ആനുകൂല്യം - നിങ്ങൾ നേടുന്ന വസ്തുവിന്റെ അല്ലെങ്കിൽ അനുഭവത്തിന്റെ മൂല്യം (ഉദാ. നല്ലൊരു ജന്മദിന കാർഡ് അല്ലെങ്കിൽ മികച്ച കാഴ്ച) തുടങ്ങിയ ആശയങ്ങൾ അവയിൽ ഉൾപ്പെടുന്നു. അതുപോലെ നിങ്ങൾ ഉപേക്ഷിക്കുന്നതിന്റെയും നേടുന്നതിന്റെയും മൂല്യം തമ്മിലുള്ള വ്യത്യാസം നിങ്ങളുടെ ലാഭമാണ്. നിങ്ങൾക്ക് ഒരു നല്ല കാർഡ് കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ അല്ലെങ്കിൽ കാഴ്ച നിരാശാജനകമാണെങ്കിൽ, അത് നിങ്ങളുടെ നഷ്ടമാകാം. സാമ്പത്തിക വിദഗ്ധർ പറയുന്നത് ആളുകൾ തിരഞ്ഞെടുപ്പുകൾ നടത്തുമ്പോൾ, അവർ കൂടുതൽ വിലമതിക്കുന്ന കാര്യങ്ങൾക്കായി ബോധപൂർവ്വം വിലകുറഞ്ഞ കാര്യങ്ങൾ കൈമാറാൻ ശ്രമിക്കുന്നു എന്നാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അവർ യുക്തി ബോധവും സ്വാർത്ഥതാൽപ്പര്യമുള്ളവരുമാണ്.

## രാഷ്ട്രീയത്തിൽ സാമ്പത്തികശാസ്ത്രത്തിന്റെ പ്രയോഗം

ഒരു കൂട്ടം ആളുകൾ എങ്ങനെ തീരുമാനങ്ങളെടുക്കുന്നു എന്ന പഠനത്തിന് മേല്പ്പറഞ്ഞ ലളിതമായ സാമ്പത്തികാശയങ്ങൾ പ്രയോഗിക്കുന്നതാണ് പബ്ലിക് ചോയ്സ് - ഭരണഘടനകളുടെ രൂപകൽപ്പനയും പ്രവർത്തനവും, തിരഞ്ഞെടുപ്പ് സംവിധാനങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, താൽപ്പര്യ ഗ്രൂപ്പുകൾ, ലോബിയിംഗ്, ബ്യൂറോക്രസി, പാർലമെന്റുകൾ, കമ്മിറ്റികൾ, മറ്റ് സർക്കാർ സംവിധാനങ്ങൾ എന്നിവയിൽ അവ പ്രയോഗിക്കുന്നു. ഒരു പുതിയ റോഡ് നിർമ്മിക്കുന്നതിന് വസ്തുനികുതി ഉയർത്തണോ വേണ്ടയോ എന്നത് പോലുള്ള കൂട്ടായ രാഷ്ട്രീയ തീരുമാനങ്ങൾ മറ്റേതൊരു കാര്യവും പോലെ തന്നെ സാമ്പത്തികമാണ്: അവയിലും ചെലവുകൾക്കും ആനുകൂല്യങ്ങൾക്കും ഇടയിൽ ഒരു തിരഞ്ഞെടുപ്പ് ഉൾപ്പെടുന്നു. സാമ്പത്തിക ചെലവുകളും ആനുകൂല്യങ്ങളും തമ്മിൽ മാത്രമല്ല, കൂടുതൽ വിശാലമായി, ത്യജിക്കുന്നതും അതിന്റെ ഫലമായി ലഭിക്കുന്നതും തമ്മിലുള്ള ഒരു തിരഞ്ഞെടുപ്പ്.

എന്നിരുന്നാലും ഇതിലൊരു 'ടിസ്റ്റ്' ഉണ്ട്. ഒരാള് ഒരു സാമ്പത്തിക തിരഞ്ഞെടുപ്പ് നടത്തുമ്പോൾ, ചെലവുകളും (ഉദാ. സമയമോ പ്രയത്നമോ) ആനുകൂല്യ ങ്ങളും (ഉദാ. കാഴ്ച അല്ലെങ്കിൽ ജന്മദിന കാർഡ്) അയാൾ വ്യക്തിപരമായി അനുഭവിക്കുന്നു. ഇതിന് വിപരീതമായി, പബ്ലിക് ചോയ്സിൽ പ്രയോജനം ലഭിക്കുന്ന ആളുകൾ (ഉദാ. റോഡിന്റെ ഉപയോക്താക്കൾ) എല്ലായ്പ്പോഴും ചെലവ് വഹിക്കുന്ന ആളുകളല്ല (ഉദാ. വീട്ടുടമസ്ഥർ). കൂടാതെ വിപണിയിൽ ഒരിടപാട് നടക്കുമ്പോൾ ഇരുകക്ഷികളും അത് അംഗീകരിക്കേണ്ടതുണ്ട്.

വാങ്ങുന്നയാളോ വിൽക്കുന്നയാളോ സംതൃപ്തരല്ലെങ്കിൽ, അവർക്ക് കരാറിൽ നിന്ന് പിന്മാറാം. നേരെമറിച്ച് രാഷ്ട്രീയത്തിൽ ന്യൂനപക്ഷത്തിന് പിന്മാറാൻ കഴിയില്ല. ഭൂരിപക്ഷത്തിന്റെ തീരുമാനം അംഗീകരിക്കാനും കൂട്ടായ തീരുമാനങ്ങൾക്ക് ആവശ്യമായ എല്ലാ ത്യാഗങ്ങളും സഹിക്കാനും അവർ നിർബന്ധിതരാകുന്നു.

ദുഃഖകരമെന്നു പറയട്ടെ, അത് സ്വാർത്ഥതാൽപ്പര്യമുള്ള ഭൂരിപക്ഷത്തിന് മറ്റുള്ളവരുടെ മേൽ സാമ്പത്തികമോ മറ്റ് ഭാരങ്ങളോ അടിച്ചേൽപ്പിക്കാനും പൊതു ആനുകൂല്യങ്ങൾക്കായി വോട്ട് ചെയ്യുന്നതിലൂടെ ന്യൂനപക്ഷത്തെ ചൂഷണം ചെയ്യാനും സാധ്യമാക്കുന്നു. ഉദാഹരണത്തിന്, റോഡ് ഉപയോക്താക്കൾ ഒരു പുതിയ ഹൈവേ ആഗ്രഹിച്ചേക്കാം. അതിനുവേണ്ടി ആ റോഡ് ഒരിക്കലും ഉപയോഗിക്കാത്തതോ അതിൽ നിന്ന് പ്രയോജനം നേടാത്തതോ ആയ മറ്റ് ആളുകളുടെ ഉദ്യാനങ്ങൾ മുറിച്ചുമാറ്റുകയോ നികുതി വർദ്ധിപ്പിക്കുകയോ ചെയ്തേക്കാം. ഭൂരിപക്ഷ തീരുമാനത്തിനൊപ്പം പോകാൻ ന്യൂനപക്ഷങ്ങളെ നിർബന്ധിക്കാൻ സർക്കാരിന് ബലപ്രയോഗം നടത്താൻ കഴിയും. അതിനാൽ അത്തരം സർക്കാർ തീരുമാനങ്ങൾ എങ്ങനെയെടുക്കുന്നു എന്ന് പഠിക്കുന്നത് അനിവാര്യമാണ്. ഭൂരിപക്ഷത്തിന് ലഭിക്കുന്ന ഈ അധികാരം ഉത്തരവാദിത്തത്തോടെ കൈകാര്യം ചെയ്യാവുന്നതാണ്. എന്നാൽ അതവർ വോട്ടിലൂടെ സ്വന്തം നേട്ടങ്ങൾക്കും ചെലവുകൾ മറ്റുള്ളവരിലേക്ക് അടിച്ചേല്പ്പിക്കാനും ഉപയോഗിച്ചേക്കാം.

സാമ്പത്തിക സിദ്ധാന്തം ഉപയോഗിച്ച് സർക്കാർ തീരുമാനങ്ങൾ എടുക്കുന്നത് എങ്ങനെയെന്ന് പഠിക്കുന്നതിലൂടെ, ഈ പ്രക്രിയ മനസ്സിലാക്കാനും പ്രത്യേക ഗ്രൂപ്പുകളുടെ സ്വാർത്ഥതാൽപ്പര്യം, ന്യൂനപക്ഷങ്ങളുടെ ചൂഷണസാധ്യത തുടങ്ങിയ പ്രശ്നങ്ങൾ തിരിച്ചറിയാനും ഈ പോരായ്മകൾ പരിമിതപ്പെടുത്തുന്നതിനുള്ള വഴികൾ നിർദ്ദേശിക്കാനും പബ്ലിക് ചോയ്സ് സിദ്ധാന്തം നമ്മെ സഹായിക്കും. തിരഞ്ഞെടുപ്പ് സമ്പ്രദായങ്ങളിലെ ചൂഷണത്തിന്റെ സ്വഭാവം, രാഷ്ട്രീയക്കാരുടെയും ഉദ്യോഗസ്ഥരുടെയും സ്വാർത്ഥതാൽപ്പര്യങ്ങൾ, താൽപ്പര്യ ഗ്രൂപ്പുകളുടെ അധികാരം, പൊതുതീരുമാനങ്ങൾ എടുക്കുന്നതിൽ ഭരണഘടനാ നിയന്ത്രണങ്ങൾ ചെലുത്തുന്ന ആപത്കരമായ സ്വാധീനം തുടങ്ങിയ പ്രശ്നങ്ങൾ പരിമിതപ്പെടുത്തുന്നതിൽ അവയ്ക്കുള്ള സാധ്യത എന്നിവ വിശദീകരിക്കുന്നതിലെ സുപ്രധാന പങ്കിനുള്ള അംഗീകാരമായി, അമേരിക്കൻ സാമ്പത്തികശാസ്ത്രജ്ഞനായ ജെയിംസ് എം. ബുക്കാനന് 1986-ലെ സാമ്പത്തികശാസ്ത്രത്തിനുള്ള നോബൽ സമ്മാനം ലഭിച്ചു.

## യാഥാസ്ഥിതിക ചിന്താഗതിക്കെതിരായ പബ്ലിക് ചോയ്സ് വെല്ലുവിളി

പുതിയ റോഡുകളോ വിമാനത്താവളങ്ങളോ പോലുള്ള നയ നിർദേശങ്ങളുടെ ചെലവും നേട്ടങ്ങളും അളക്കാനും, ശരിയായ തിരഞ്ഞെടുപ്പുകളിലൂടെ 'സാമൂഹികക്ഷേമം' എങ്ങനെ വർദ്ധിപ്പിക്കാനും പരമാവധിയാക്കാനും കഴിയുമെന്ന് തിരിച്ചറിയാനും യുദ്ധാനന്തര 'ക്ഷേമ' സാമ്പത്തിക വിദഗ്ധർ കഠിനമായി പരിശ്രമിച്ചു. ഇത് പൊതുകാര്യങ്ങളിൽ തീരുമാനമെടുക്കുന്ന പ്രക്രിയയെ കാര്യവിവരമുള്ളതാക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുമെന്ന്

അവർ വിശ്വസിച്ചു.

എന്നാൽ ഈ സമീപനത്തിന്റെ ഒരു പ്രധാന അനുമാനം, പൊതുതാൽപ്പര്യം കാംക്ഷിക്കുന്ന പ്രബുദ്ധരും നിഷ്പക്ഷരുമായ ഉദ്യോഗസ്ഥർ യുക്തിബോധത്തോടെ അത്തരം നയതീരുമാനങ്ങൾ എടുക്കുമെന്നായിരുന്നു. അത് അവയെ സ്വാർത്ഥതാൽപ്പര്യവും സ്വകാര്യലാഭവും നയിക്കുന്ന മാർക്കറ്റ് തിരഞ്ഞെടുപ്പുകളേക്കാൾ ശ്രേഷ്ഠമാക്കുമെന്നും.

പബ്ലിക് ചോയ്സ് ഈ അനുമാനത്തെ തകർത്തു. അനിവാര്യമായും സാമുദായിക പ്രവർത്തനം ആവശ്യമുള്ള ചില പ്രവർത്തികൾക്ക് കൂട്ടായ തീരുമാനങ്ങൾ ആവശ്യമാണെന്ന് അത് അംഗീകരിച്ചു. എന്നാൽ ആ തീരുമാനമെടുക്കൽ പ്രക്രിയ ക്ഷേമ സാമ്പത്തിക വിദഗ്ധർ കരുതുന്ന ആദർശത്തിൽ നിന്ന് വളരെ അകലെയാണെന്ന് അത് കാണിച്ചുതന്നു. പബ്ലിക് ചോയ്സ് വിദഗ്ധർ ചൂണ്ടിക്കാണിച്ചതുപോലെ, പൊതുതീരുമാനങ്ങൾ എടുക്കുന്നവർ വാസ്തവത്തിൽ മറ്റാരെയും പോലെ തന്നെ സ്വാർത്ഥതാൽപ്പര്യമുള്ളവരാണ്. അവരും നമ്മളെ പോലുള്ള ആളുകളാണ്; വ്യക്തികൾ സർക്കാർ ജോലി ലഭിക്കുമ്പോൾ പെട്ടെന്ന് മാലാഖമാരായി മാറുന്നില്ല. സർക്കാർ നയങ്ങളെ സ്വാധീനിക്കുന്ന എല്ലാ പ്രവർത്തനങ്ങളും സ്വാർത്ഥലാഭത്തിൽ ഊന്നിയതാണെന്ന് പബ്ലിക് ചോയ്സ് വാദിക്കുന്നില്ല. മറിച്ച്, സാധനങ്ങളുടെയും സേവനങ്ങളുടെയും വിപണിയിൽ ആളുകൾ എങ്ങനെ പെരുമാറുന്നു എന്നതിൽ നിന്ന് വ്യത്യസ്തമായി സർക്കാർ തീരുമാനങ്ങളെ സ്വാധീനിക്കുമ്പോൾ പെരുമാറുമെന്ന് നാം അനുമാനിക്കരുത് എന്നാണ്. സ്വാർത്ഥതാൽപ്പര്യങ്ങൾ ആളുകളെ സ്വാധീനിക്കുമെന്ന് കരുതുന്നത് സാമാന്യ യുക്തിയാണ്.

സ്വാർത്ഥതാൽപ്പര്യം എന്നതുകൊണ്ട് ആളുകൾ സ്വാർത്ഥരാണെന്നല്ല അർത്ഥമാക്കുന്നത്. അവർ മറ്റുള്ളവരെക്കുറിച്ച് വളരെയധികം കരുതലുള്ളവരായിരിക്കാം. കൂടാതെ നിസ്വാർത്ഥമായി അവരുടെ സുഹൃത്തുക്കളെയും കുടുംബത്തെയും സമൂഹത്തെയും സഹായിക്കാൻ ആഗ്രഹിക്കുന്നവരായിരിക്കാം. എന്നാൽ അവർ നേടിയെടുക്കാൻ ആഗ്രഹിക്കുന്നതെന്തും – വ്യക്തിപരമായ സമ്പത്ത് മുതൽ സാമുദായിക സൗഹാർദ്ദം വരെ – അത് വർദ്ധിപ്പിക്കുന്ന രീതിയിൽ ബോധപൂർവ്വം പ്രവർത്തിക്കാൻ അവർ ശ്രമിക്കുമെന്ന് കരുതുന്നതാണ് യുക്തി. സാമ്പത്തിക വിദഗ്ധർ പറയുന്നതുപോലെ അവർ 'യുക്തിബോധമുള്ള മാക്സിമൈസറുകളാണ്'.

മനുഷ്യരെക്കുറിച്ചുള്ള ഈ 'സാമ്പത്തിക' വീക്ഷണം – നിയമസഭാംഗങ്ങളും ഉദ്യോഗസ്ഥരും വോട്ടർമാരുമെല്ലാം വിപണിയിൽ എന്നതുപോലെ, അവരുടെ സ്വകാര്യ താൽപ്പര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ രാഷ്ട്രീയ പ്രക്രിയയെ ഉപയോഗിക്കുന്നുവെന്ന ആശയം – ബുക്കാനനും സഹ– എഴുത്തുകാരനായ ഗോർഡൻ ടള്ളക്കും ചേർന്ന് സർക്കാർ സ്ഥാപനങ്ങളിലൂടെ വ്യവസ്ഥാപിതമായി പ്രയോഗിച്ചപ്പോൾ, അത് യാഥാസ്ഥിതിക ചിന്തകരെ ഞെട്ടിച്ചു. 'പൊതുതാൽപ്പര്യം' മുന്നിർത്തി കാര്യക്ഷമമായും നിസ്സംഗമായും രാഷ്ട്രീയ തീരുമാനങ്ങൾ എടുക്കുന്നതിനുപകരം, വികലം എന്ന് വിശേഷിക്കപ്പെടുന്ന മാർക്കറ്റ് പ്രക്രിയയേക്കാൾ കാര്യക്ഷമത കുറഞ്ഞതും യുക്തിപരമല്ലാത്തതും നിക്ഷിപ്ത താൽപ്പര്യങ്ങളുടെ കൃത്രിമത്വത്തിന് കൂടുതൽ വഴങ്ങുന്നതു

മായിരിക്കുമെന്ന അവരുടെ നിഗമനം അതിലും ഞെട്ടിക്കുന്നതായിരുന്നു.

### പൊതുതാൽപ്പര്യമോ അതോ സ്വകാര്യതാൽപ്പര്യങ്ങളോ?

വ്യക്തികളുടെ താൽപ്പര്യങ്ങൾ കൂട്ടായ തീരുമാനമെടുക്കലിന്റെ ഫലത്തെ എങ്ങനെ ബാധിക്കുന്നു എന്ന് പബ്ലിക് ചോയ്സ് പരിശോധിക്കുന്നു. 'പൊതുതാൽപ്പര്യം' യഥാർത്ഥത്തിൽ എന്താണെന്ന് ഏതെങ്കിലും വിധേന കണ്ടെത്തുന്ന പ്രക്രിയയാണ് രാഷ്ട്രീയം എന്ന ആശയത്തെ ഇത് നിരാകരിക്കുന്നു.

ഒരു തുടക്കമെന്ന നിലയിൽ ചോദിക്കട്ടെ: 'പൊതുതാൽപ്പര്യം' എന്നാൽ എന്താണ്? ഒരു വലിയ കൂട്ടം ആളുകൾക്ക് പുതിയ റോഡ് വേണമെങ്കിൽ, മറ്റൊരു കൂട്ടർ അതിനെ അക്രമാസക്തമായി എതിർക്കുകയും പകരം നികുതി കുറയ്ക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നുവെങ്കിൽ, മൂന്നാമത്തെ കൂട്ടർ പണം പ്രതിരോധ മേഖലയ്ക്കും നാലാമത്തെ കൂട്ടർ ആശുപത്രികൾക്കും അഞ്ചാമത്തെ കൂട്ടർ പണം ക്ഷേമത്തിനും വിദ്യാഭ്യാസത്തിനും വേണ്ടി മാറ്റിവെക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ, ആ അഭിപ്രായവ്യത്യാസങ്ങളെ യുക്തിപരമായ ഏതെങ്കിലും ഒരു നയത്തിലേക്ക് കൊണ്ടെത്തിക്കുക അസാധ്യമാണ്. മൂല്യ ബഹുസ്വരതയുടെ ലോകത്താണ് നാം ജീവിക്കുന്നത്. സർക്കാർ എടുക്കുന്ന സാമ്പത്തിക തീരുമാനങ്ങളെ സംബന്ധിച്ചിടത്തോളം, സാധനങ്ങൾക്കും സേവനങ്ങൾക്കും ഓരോരുത്തരും കൽപ്പിക്കുന്ന വില വ്യത്യസ്തമായിരിക്കും. വ്യത്യസ്ത ആളുകളുടെ വ്യത്യസ്ത താൽപ്പര്യങ്ങൾ തമ്മിൽ ഏറ്റുമുട്ടുമ്പോൾ, 'പൊതുതാൽപ്പര്യം' എന്താണെന്നതിനെക്കുറിച്ച് ഒരു ധാരണയിലെത്തുന്നത് അസാധ്യമാകും.

'ഒരാടും രണ്ട് ചെന്നായ്ക്കളും' എന്ന പഴയ തമാശയാണ് ഓർമ വരുന്നത്. ജനാധിപത്യം രണ്ട് ചെന്നായ്ക്കളും ഒരാടും ആര് ആരെ അത്താഴത്തിന് കഴിക്കണമെന്ന് തീരുമാനിക്കുന്നത് പോലെയാണ്. തികച്ചും പരസ്പര വിരുദ്ധമായ വീക്ഷണങ്ങളെ 'ആട്-ചെന്നായ സമൂഹത്തിന്റെ' 'സാമൂഹിക ക്ഷേമത്തിന്റെ' അളവുകോലിലേക്ക് ചുരുക്കാൻ കഴിയില്ല. ക്ഷേമ സാമ്പത്തിക വിദഗ്ധർ ആശയക്കുഴപ്പത്തിലായത് വ്യക്തികൾക്ക് മാത്രമേ പ്രചോദനങ്ങൾ ഉള്ളൂ, ഗ്രൂപ്പുകൾക്കില്ല എന്ന കാര്യം അവർ മറന്ന് പോയതു കൊണ്ടാണെന്ന് പബ്ലിക് ചോയ്സ് വിദഗ്ധർ വാദിക്കുന്നു. വ്യക്തികൾക്ക് താൽപ്പര്യങ്ങളും വിശ്വാസങ്ങളും മൂല്യങ്ങളുമുണ്ട്; ഒരു ഗ്രൂപ്പിന് സ്വന്തമായ താൽപ്പര്യങ്ങളോ വിശ്വാസങ്ങളോ മൂല്യങ്ങളോ ഇല്ല – അതിൽ ഉൾപ്പെടുന്ന വ്യക്തികൾക്ക് മാത്രമേ അതുള്ളൂ. അതുപോലെ, വ്യക്തികൾ മാത്രം തിരഞ്ഞെടുക്കുന്നു, ഉദാഹരണത്തിന്, തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നത്. ഗ്രൂപ്പുകൾ തിരഞ്ഞെടുക്കുന്നില്ല; ഒരു ഗ്രൂപ്പ് പോളിംഗ് ബൂത്തിൽ പോകുന്നില്ല.

പബ്ലിക് ചോയ്സ് സിദ്ധാന്തം അനുസരിച്ച് വോട്ടിംഗും നിയമനിർമ്മാണവും വ്യക്തികൾക്ക് അവരുടെ സ്വന്തവും, പലപ്പോഴും പരസ്പരവിരുദ്ധവുമായ, താൽപ്പര്യങ്ങൾ പിന്തുടരാൻ കഴിയുന്ന പ്രക്രിയകളാണ്. വോട്ടിംഗിലൂടെ കണ്ടെത്തുന്ന വസ്തുനിഷ്ഠമായ സാമുദായിക 'പൊതുതാൽപ്പര്യം' എന്നൊന്നില്ല. വ്യത്യസ്ത തിരഞ്ഞെടുപ്പ് സംവിധാനങ്ങൾ വളരെ

വ്യത്യസ്തമായ നയ തീരുമാനങ്ങൾ സൃഷ്ടിക്കും.

ഉദാഹരണത്തിന്, കേവല ഭൂരിപക്ഷ വോട്ടിംഗ് പിന്തുടരുന്ന നേരിട്ടുള്ള ജനാധിപത്യ സമ്പ്രദായത്തിന് കീഴിൽ - ഒരു പുതിയ റോഡ് നിർമ്മാണം സംബന്ധിച്ച ഒരു റഫറണ്ടം പോലെ - ഭൂരിപക്ഷത്തിന് ന്യൂനപക്ഷത്തിൽ ആധിപത്യം സ്ഥാപിക്കാം. വോട്ടർമാരിൽ 51 ശതമാനം പേര് പുതിയ റോഡ് നിർമ്മിക്കുന്നതിന് വോട്ട് ചെയ്താൽ, മറ്റ് 49 ശതമാനം പേർ വിയോജിച്ചാലും, അവർ എത്ര ശക്തമായി എതിർത്താലും, അതാണ് നടക്കുക. പകരം തീരുമാനം ഏകകണ്ഠമായിരിക്കണമെങ്കിൽ, ഏതെങ്കിലും ഒരു എതിർകക്ഷിക്ക് നിർദ്ദേശം വീറ്റോ ചെയ്യാം. മൂന്നിൽ രണ്ട് ഭൂരിപക്ഷ നിയമ വ്യവസ്ഥയില്, എതിർക്കുന്നവരുമായി ഒത്തുതീർപ്പിലെത്താൻ റോഡ് അനുകൂല ലോബിക്ക് അവരുടെ നിർദ്ദേശങ്ങൾ പരിഷ്ക്കരിക്കേണ്ടി വന്നേക്കാം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഓരോ സംവിധാനവും വ്യത്യസ്തമായ ഫലം ഉളവാക്കുന്നു. അവയിൽ ഒന്നുംതന്നെ നിഷ്പക്ഷവും സുനിശ്ചിതവുമായ 'പൊതുതാൽപ്പര്യം' കണ്ടെത്തുന്നതായി പറയാൻ കഴിയില്ല. ഓരോ സംവിധാനവും വ്യത്യസ്ത രീതികളിൽ ആളുകളുടെ ഇഷ്ടാനിഷ്ടങ്ങളുടെ ബഹുസ്വരതയെ പ്രതിഫലിപ്പിക്കുന്നു.

അതിനാൽ പബ്ലിക് ചോയ്സ് വിഭ്രമിപ്പിക്കുന്ന എന്നാൽ നേടാൻ അസാധ്യമായ 'സാമൂഹികക്ഷേമമോ' 'പൊതുതാൽപ്പര്യമോ' നൽകാൻ ലക്ഷ്യമിടുന്നില്ല. വ്യത്യസ്ത രാഷ്ട്രീയ സ്ഥാപനങ്ങൾക്ക് കീഴിൽ ഉയർന്നുവരുന്ന പ്രചോദിത വ്യക്തികൾ തമ്മിലുള്ള വ്യത്യസ്ത ചലനാത്മകത വിശദീകരിച്ചുകൊണ്ടും അതിന്റെ വ്യത്യസ്ത ഫലങ്ങൾ വിവരിച്ചുകൊണ്ടും രാഷ്ട്രീയ സംവാദത്തെ ഉദ്ബോധിപ്പിക്കാൻ മാത്രമേ ഇത് ശ്രമിക്കുന്നുള്ളൂ.

### വോട്ടെടുപ്പിന്റെ കണക്ക്

ഈ വിശകലനത്തിന്റെ ആദ്യകാല നിഗമനം ഏറ്റവും നല്ല സമയങ്ങളിൽ പോലും വോട്ടിംഗ് പ്രക്രിയ വോട്ടർമാരുടെ യഥാർത്ഥ വീക്ഷണങ്ങളെ പ്രതിഫലിപ്പിച്ചേക്കില്ല എന്നതാണ്. പബ്ലിക് ചോയ്സ് വിദഗ്ധർ പറയുന്നത് ആളുകൾ പലപ്പോഴും തിരഞ്ഞെടുപ്പുകളിൽ അവരുടെ യഥാർത്ഥ അഭിപ്രായങ്ങൾക്ക് അനുസൃതമായി വോട്ട് ചെയ്യുന്നതിനുപകരം തന്ത്രപരമായി വോട്ട് ചെയ്യുന്നു എന്നാണ്. ഉദാഹരണത്തിന്, അവർക്ക് ഇഷ്ടപ്പെട്ട ഓപ്ഷനോ സ്ഥാനാർത്ഥിയോ വിജയിക്കാനുള്ള സാധ്യത കുറവാണെന്ന് അവർ കണക്കാക്കുകയും, അവർ വെറുക്കുന്ന മറ്റൊന്നിനെ ഒഴിവാക്കാൻ, അവർ ഇഷ്ടപ്പെടാത്ത ഒരാൾക്ക് വോട്ട് രേഖപ്പെടുത്തുകയും ചെയ്തേക്കാം.

വ്യക്തമായ സ്വകാര്യ താൽപ്പര്യങ്ങൾ പങ്കിടുന്ന ചെറിയ ഗ്രൂപ്പുകളിലെ വോട്ടർമാർക്ക് അവരുടെ എണ്ണത്തിൽ കവിഞ്ഞ വോട്ടിംഗ് ശക്തി ഉണ്ടായിരിക്കാം എന്നതാണ് മറ്റൊരു നിഗമനം. ഉദാഹരണത്തിന്, ഒരു പുതിയ റോഡിൽ നിന്ന് പ്രയോജനം ലഭിക്കുന്ന ആളുകൾക്ക്, ആ പ്രോജക്റ്റിനായി പണം സ്വരൂപിക്കാനും ശക്തമായി പ്രചാരണം നടത്താനും വ്യക്തമായ പ്രചോദനമുണ്ട്. ഇതിനു വിപരീതമായി നികുതിദായകരുടെ

വലിയൊരു വിഭാഗം ആളുകൾ, പദ്ധതിയുടെ ചെലവിന്റെ വളരെ ചെറിയൊരു തുക മാത്രമാണ് നല്കേണ്ടി വരിക എന്ന് കണക്കാക്കി, ഭൂരിപക്ഷമാണെങ്കിലും, പദ്ധതിക്കെതിരെ പ്രചാരണം നടത്താനോ വോട്ട് ചെയ്യാനോ തയ്യാറാകില്ല. അതിനാൽ അവരുടെ വിയോജിപ്പ് ഒരു വലിയ പരിധിവരെ അറിയപ്പെടാതെയും കേൾക്കപ്പെടാതെയും പോകും.

ഭൂരിപക്ഷ സഖ്യങ്ങൾ സൃഷ്ടിക്കാൻ താൽപ്പര്യ ഗ്രൂപ്പുകളും സഖ്യങ്ങൾ രൂപീകരിച്ചേക്കാം. ഉദാഹരണത്തിന്, തങ്ങളുടെ പ്രദേശത്ത് പുതിയ റോഡുകൾ വേണമെന്ന് ആഗ്രഹിക്കുന്ന വ്യത്യസ്ത ഗ്രൂപ്പുകൾ ഒത്തുചേർന്ന് വിശാലമായ ഒരു റോഡ് അനുകൂല പ്രചാരണം നയിച്ചേക്കാം. അത് വിജയകരമാണെങ്കിൽ എല്ലാവർക്കും പ്രയോജനം ചെയ്യും എന്ന് അവർക്കറിയാം. ശക്തമായ, പ്രചോദനാത്മക താൽപ്പര്യങ്ങളുള്ള വ്യത്യസ്ത ഗ്രൂപ്പുകളുടെ പിന്തുണ നേടിക്കൊണ്ട് സ്ഥാനാർത്ഥികളും തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം സൃഷ്ടിക്കാൻ ശ്രമിച്ചേക്കാം. നിയമസഭയിലേക്ക് സ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കുന്നത് പോലുള്ള പ്രതിനിധി ജനാധിപത്യ സംവിധാനങ്ങളിൽ, ഇത് ന്യൂനപക്ഷങ്ങൾക്ക് ശക്തമായ സ്വാധീനം നൽകുന്നു. ഭൂരിപക്ഷം നേരിട്ടുള്ള ജനാധിപത്യത്തിൽ ആധിപത്യം പുലർത്തുമ്പോൾ, ന്യൂനപക്ഷങ്ങൾ പ്രതിനിധി ജനാധിപത്യത്തിൽ ആധിപത്യം പുലർത്തുന്നു.

**വോട്ടിനായി നടത്തുന്ന പരിശ്രമങ്ങൾ**

രാഷ്ട്രീയ പാർട്ടികളുടെയും രാഷ്ട്രീയക്കാരുടെയും ഉദ്യോഗസ്ഥരുടെയും പ്രേരണകളെക്കുറിച്ചും പബ്ലിക് ചോയ്സ് നമ്മോട് ചിലത് പറയുന്നു. ഉദാഹരണത്തിന്, രാഷ്ട്രീയ പാർട്ടികൾക്ക് അവരുടേതായ ലക്ഷ്യമുണ്ട് – ഭരണത്തിലെത്തുക. പബ്ലിക് ചോയ്സ് സൈദ്ധാന്തികരുടെ അഭിപ്രായ പ്രകാരം അതിനായി അവർ വലിയൊരു വിഭാഗം 'ശരാശരി വോട്ടർ'മാരെ ('മീഡിയൻ വോട്ടർ തിയറി') ആകർഷിക്കുന്ന നയങ്ങൾ സ്വീകരിക്കുന്നു. രാഷ്ട്രീയ നയങ്ങളുടെ ഇരുവശത്തുമുള്ള വോട്ടർമാരെ ആകർഷിക്കാമെന്ന പ്രതീക്ഷയും ഇതവർക്ക് നൽകുന്നു. എന്നാൽ ശരാശരി വോട്ടർമാരെ സ്വാധീനിക്കാന് ശ്രമിക്കുന്നത് മൂലം, പാർട്ടികൾ തിരഞ്ഞെടുപ്പുകളിൽ മധ്യനിലപാടിൽ കൂട്ടം കൂടാൻ പ്രവണത കാണിക്കുന്നു. ഇത് കേന്ദ്രീകൃതമല്ലാത്ത വോട്ടർമാർക്ക് വലിയതോതിൽ പ്രാതിനിധ്യം ലഭിക്കാത്ത സ്ഥിതിവിശേഷം സൃഷ്ടിക്കുന്നു.

തിരഞ്ഞെടുക്കപ്പെട്ടുകഴിഞ്ഞാൽ നിയമനിർമ്മാണ സഭയിലൂടെ സ്വന്തം നയങ്ങൾ നേടുന്നതിന് രാഷ്ട്രീയക്കാർ വോട്ട് കച്ചവടം (അഥവാ 'ലോഗ് റോളിംഗ്') നടത്തിയേക്കാം. തങ്ങളുടെ ഇഷ്ടപ്പെട്ട പദ്ധതികൾക്ക് മറ്റ് നിയമസഭാംഗങ്ങളുടെ പിന്തുണ ലഭിക്കുന്നതിന് പകരമായി, ആ നിയമസഭാംഗങ്ങൾ ശക്തമായി അനുകൂലിക്കുന്ന പദ്ധതികളെ പിന്തുണയ്ക്കാൻ അവർ സമ്മതിക്കുന്നു. 'നിങ്ങൾ എന്റെ പദ്ധതികൾക്ക് വോട്ട് ചെയ്താൽ, ഞാൻ നിങ്ങളുടേതിന് വോട്ട് ചെയ്യും' എന്ന ലളിതമായ ഇടപാട്. അതിന്റെ പരിണതഫലം ആവശ്യത്തിലും കൂടുതൽ നിയമങ്ങൾ പാസാക്കപ്പെടുന്നു എന്നതാണ്.

സർക്കാരിന്റെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നത് സർക്കാർ ഉദ്യോഗസ്ഥരുടെ സ്വാർത്ഥതാൽപ്പര്യം കൂടിയാണ്. വലിയ ബജറ്റുള്ള ഒരു വകുപ്പിന്റെ

സുരക്ഷയും പദവിയും അവർ ആഗ്രഹിക്കുന്നുവെന്ന് പല പബ്ലിക് ചോയ്സ് സൈദ്ധാന്തികരും അഭിപ്രായപ്പെടുന്നു. അതിനാലാണ് അവർ പലപ്പോഴും നിയമസഭാംഗങ്ങളോട് അവർ നിയന്ത്രിക്കുന്ന വകുപ്പിന്റെ നിയമങ്ങളും ചട്ടങ്ങളും വിപുലീകരിക്കാൻ ആവശ്യപ്പെടുന്നത്. ഇതുകാരണം നഷ്ടമാകുന്നത് ഈ നടപടികൾക്ക് പണം നൽകേണ്ടി വരുന്നതും അതിന്റെ പ്രത്യാഘാതങ്ങൾ അനുഭവിക്കുന്നതുമായ പൊതുജനങ്ങളുടെ ശബ്ദമാണ്.

## പബ്ലിക് ചോയ്സിന്റെ ശക്തി

പബ്ലിക് ചോയ്സ് ഇക്കണോമിക്സ് രാഷ്ട്രീയശാസ്ത്രത്തിൽ ശക്തമായ സ്വാധീനം ചെലുത്തുന്നുണ്ട്. തിരഞ്ഞെടുപ്പുകൾ, നിയമസഭകൾ, ബ്യൂറോക്രസികൾ എന്നിവയുടെ സ്വഭാവത്തെക്കുറിച്ചും രാഷ്ട്രീയ പ്രക്രിയ വിപണി പ്രക്രിയയെക്കാൾ മികച്ചതാണെന്ന് അവകാശപ്പെടാൻ കഴിയുമോ എന്ന സംവാദത്തെക്കുറിച്ചും ഇത് ചില പ്രധാന പുനരാലോചനകൾക്ക് കാരണമായി. അത് ഉയർത്തുന്ന പ്രശ്നങ്ങൾ, പ്രത്യേകിച്ച് താൽപ്പര്യ ഗ്രൂപ്പുകളുടെ സഖ്യങ്ങൾ ന്യൂനപക്ഷങ്ങളെ ചൂഷണം ചെയ്തേക്കാമെന്ന സാധ്യത, ചില പബ്ലിക് ചോയ്സ് സൈദ്ധാന്തികരെ സർക്കാരിനും രാഷ്ട്രീയ പ്രക്രിയയ്ക്കും മേൽ ശക്തമായ ഭരണഘടനാ നിയന്ത്രണങ്ങൾ വേണമെന്ന് വാദിക്കാൻ പ്രേരിപ്പിക്കുന്നു.

## 2. പബ്ലിക് ചോയ്സിന്റെ ജീവചരിത്രം

പണ്ഡിതരും ചിന്തകരും ഏറെക്കാലമായി സർക്കാരിൽ വലിയ വിശ്വാസം അർപ്പിച്ചിട്ടുണ്ട്. "തത്ത്വചിന്തകരായ രാജാക്കന്മാർ" എന്ന പ്ലേറ്റോയുടെ വീക്ഷണം മുതൽ, ശരിയായ ആളുകളെ എങ്ങനെ അധികാരത്തിലെത്തിക്കാം എന്നും, അവരെക്കൊണ്ട് എങ്ങനെ ശരിയായ കാര്യങ്ങൾ ചെയ്യിക്കാം എന്നുമായിരുന്നു അവരുടെ പ്രധാന ആശങ്ക. ആധുനിക കാലഘട്ടത്തിന്റെ തുടക്കത്തിൽ പൊതുപ്രവർത്തകർ കർമ്മനിരതരും നീതിയുക്തരുമായിരിക്കുമെന്ന് വിശ്വസിച്ച സാമൂഹിക ചിന്തകർ, മുഖ്യമായും അവരുടെ ധാർമ്മിക ഉത്തരവാദിത്തങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. നിക്കോളോ മാക്കിയവെല്ലിയുടെ 1532-ലെ പുസ്തകം 'ദി പ്രിൻസ്' അതിനൊരു അപവാദമായിരുന്നു; എന്നാൽ അത് ഒരു യഥാർത്ഥ ഭരണാധികാരിയുടെ അപകീർത്തികരമായ പരിഹാസം എന്ന നിലയിൽ പരക്കെ വിമർശിക്കപ്പെട്ടു.

ക്രമേണ കൂടുതൽ ചിന്തകർ രാഷ്ട്രീയ വ്യവസ്ഥയുടെ തന്നെ ധാർമികതയും അത് അധികാരത്തിൽ എത്തിച്ചവരുടെ സ്ഥാപിതതാൽപ്പര്യങ്ങളും ചോദ്യം ചെയ്യാൻ തുടങ്ങി. 1742-ൽ പാർലിമെന്റിനെക്കുറിച്ചുള്ള തന്റെ ലേഖനത്തിൽ, സ്കോട്ടിഷ് തത്ത്വചിന്തകനായ ഡേവിഡ് ഹ്യൂം സർക്കാർ സ്ഥാനങ്ങളിലുള്ളവരുടെ സ്വാർത്ഥതാൽപ്പര്യത്തെ അപലപിക്കുകയും നമ്മുടെ സുരക്ഷക്കായി അവരെ "വഞ്ചകരായി" കണക്കാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. 1776-ലെ 'ദി വെൽത്ത് ഓഫ് നേഷൻസ്' എന്ന കൃതിയിലൂടെ ആദം സ്മിത്ത് ബിസിനസും സർക്കാരും തമ്മിലുള്ള ഊഷ്മള ബന്ധത്തെയും, അധികാരത്തിലിരിക്കുന്നവർ തങ്ങളെ അനുകൂലിക്കുന്ന രാജസഭാംഗങ്ങൾക്കും വ്യവസായികൾക്കും കുത്തകാവകാശം നൽകുന്നതിനെയും നിശിതമായി വിമർശിച്ചു.

### ആധുനിക പബ്ലിക് ചോയ്സ് തിയറിയുടെ മുൻഗാമികൾ

രാഷ്ട്രീയ പ്രക്രിയയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഹ്യൂമും സ്മിത്തും ഉന്നയിച്ച ചോദ്യങ്ങൾ ഇന്നും പബ്ലിക് ചോയ്സ് സിദ്ധാന്തത്തിന്റെ അടിസ്ഥാനമായി തുടരുന്നു. എന്നാൽ ആധുനിക പബ്ലിക് ചോയ്സ് സിദ്ധാന്തത്തിന്റെ ഉത്ഭവം പതിനെട്ടാം നൂറ്റാണ്ടിലെ രണ്ട് ഫ്രഞ്ച് ഗണിതശാസ്ത്രജ്ഞരുടെ വോട്ടിംഗി

ന്റെയും തിരഞ്ഞെടുപ്പിന്റെയും പ്രവർത്തനരീതിയെക്കുറിച്ചുള്ള ചിന്തകളിൽ കണ്ടെത്താനാകും.

1785–ൽ മാർക്വി ഡേ കോണ്ടോർസെ 'സൈക്ലിംഗ്' എന്ന ആശയം അവതരിപ്പിച്ചു. ഇത് വ്യക്തമാക്കാൻ ഒരുദാഹരണം പറയാം. മൂന്ന് നയപദ്ധതികൾ അല്ലെങ്കിൽ സ്ഥാനാർത്ഥികൾക്കിടയിൽ നിന്ന് ഒന്ന് തിരഞ്ഞെടുക്കാൻ ഒരു സമൂഹം ഭൂരിപക്ഷ നിയമം ഉപയോഗിക്കുന്നുവെന്ന് കരുതുക: നമുക്കവരെ റോക്ക്, പേപ്പർ, സിസേഴ്സ് എന്ന് വിളിക്കാം. അതേ പേരുള്ള ആധുനിക ഗെയിമിലെന്നപോലെ, ഇരുവരും തമ്മിലുള്ള മൽസരത്തിൽ റോക്ക് പേപ്പറിനോട് തോൽക്കും, പേപ്പർ സിസേഴ്സിനോട് തോൽക്കും, സിസേഴ്സാകട്ടെ റോക്കിനോടും തോൽക്കും. അപ്പോൾ ന്യായമായി ആരാണ് വിജയി? കൂടെയുള്ളതിനെ കവച്ചുവെക്കുന്ന ഒരു യഥാർത്ഥ വിജയയിയെ കണ്ടെത്താനാവില്ല. വ്യത്യസ്ത ജോഡികളായി വോട്ടിംഗിന് വെച്ചതിനാൽ, നമ്മൾ ഒരു വിജയിയിൽ നിന്ന് അടുത്തതിലേക്കും, അതിൽ നിന്നും മൂന്നാമത്തേതിലേക്കും സൈക്കിൾ ചെയ്യും.

1781–ൽ ഴോൺ–ഷാർലെ ഡേ ബോർഡയും തിരഞ്ഞെടുപ്പുകളുടെ സ്വഭാവത്തെക്കുറിച്ച് അനുമാനിച്ചിരുന്നു. ചില വോട്ടർമാർ ഒരു വിഷയത്തിൽ വളരെ ശക്തമായ നിലപാട് എടുത്താലും, ആ വിഷയത്തെപ്പറ്റി പ്രത്യേകിച്ച് നിലപാട് ഇല്ലാത്തവരെപ്പോലെ അവർക്കും ഒരു വോട്ട് മാത്രമേയുള്ളൂ. വോട്ടിന് പകരം ആളുകൾ പദ്ധതികളെയോ സ്ഥാനാർത്ഥികളെയോ റാങ്ക് ചെയ്യുകയും, അതനുസരിച്ച് അവരുടെ വോട്ടുകൾ തിട്ടപ്പെടുത്തുകയും ചെയ്യുന്ന ഒരു സംവിധാനം അദ്ദേഹം നിർദ്ദേശിച്ചു. ഉദാഹരണത്തിന്, ഒരു ത്രീ–വേ തിരഞ്ഞെടുപ്പിൽ റാങ്ക് പട്ടികയിൽ ഒന്നാമതെത്തിയാൽ രണ്ട് പോയിന്റും, രണ്ടാമതെത്തിയാൽ ഒരു പോയിന്റും, മൂന്നാമതെത്തിയാൽ പൂജ്യം പോയിന്റും ആണെങ്കിൽ, ഏറ്റവും കൂടുതൽ പോയിന്റ് നേടിയ ആളായിരിക്കും വിജയി.

ഒരു നൂറ്റാണ്ട് കഴിഞ്ഞാണ് ഓക്സ്ഫോർഡ് ഗണിതശാസ്ത്രജ്ഞൻ ചാൾസ് ഡോഡ്ജ്സൺ ('ആലിസ് ഇൻ വണ്ടർലാൻഡ്' എന്ന കൃതിയുടെ രചയിതാവ് ലൂയിസ് കാരൾ എന്ന പേരിലാണ് പ്രശസ്തനായത്) ഈ ഫ്രഞ്ച് ഗ്രന്ഥങ്ങൾ വീണ്ടെടുക്കുന്നത്. വോട്ടിംഗ് രീതികളെക്കുറിച്ച് അദ്ദേഹം നിരവധി ലേഖനങ്ങൾ എഴുതുകയും, 1876–ൽ കോണ്ടോർസെയുടെ സൈക്ലിംഗ് വിരോധാഭാസം മറികടക്കാൻ ഒരു സങ്കീർണ്ണ സംവിധാനം നിർദ്ദേശിക്കുകയും ചെയ്തു.

1896–ൽ സ്വീഡിഷ് സാമ്പത്തികശാസ്ത്രജ്ഞൻ നട്ട് വിക്സൽ എഴുതിയ നീതിപൂർവമായ നികുതി വിതരണത്തെക്കുറിച്ചുള്ള ഒരു ഉപന്യാസമാണ് മറ്റൊരു പ്രധാന പഠനം. ഒരു സാമ്പത്തികശാസ്ത്ര കൃതിയാണെങ്കിലും, അധികാരത്തിലിരിക്കുന്ന ഭൂരിപക്ഷത്തിന് നികുതിയുടെ ഭാരം ന്യൂനപക്ഷത്തിന് മേൽ അന്യായമായി ചുമത്താൻ സാധിക്കുമെന്ന പബ്ലിക് ചോയ്സ് പ്രശ്നം അതുയർത്തി. ഏകകണ്ഠമായ തീരുമാനങ്ങൾക്ക് മാത്രമേ ന്യൂനപക്ഷങ്ങളെ ചൂഷണം ചെയ്യുന്നത് തടയാൻ കഴിയൂ എന്നായിരുന്നു

വിക്സസലിന്റെ നിഗമനം. ഇന്നും പബ്ലിക് ചോയ്സ് ചിന്താഗതിക്ക് അടിവരയിടുന്ന ഒരു ആശയമാണിത്.

**ആധുനിക പബ്ലിക് ചോയ്സ് ചിന്തകർ**

വീണ്ടും അരനൂറ്റാണ്ട് കഴിഞ്ഞാണ് സ്കോട്ടിഷ് സാമ്പത്തികശാസ്ത്രജ്ഞനായ ഡങ്കൻ ബ്ലാക്ക് ബോർഡയുടെയും കോണ്ടോർസെയുടെയും ആശയങ്ങൾ വീണ്ടെടുക്കുന്നതും ആംഗലേയ സമൂഹത്തിന് അവ വ്യാപകമായി ലഭ്യമാക്കുന്നതും. ബോർഡയും കോണ്ടോർസെയും ഉന്നയിച്ച തിരഞ്ഞെടുപ്പ് രീതിയിലെ അപകാതകളെക്കുറിച്ച് 1948-ൽ ബ്ലാക്ക് എഴുതിയ ലേഖനങ്ങൾ അദ്ദേഹത്തെ ആധുനിക പബ്ലിക് ചോയ്സിന്റെ സ്ഥാപകൻ എന്ന വിശേഷണത്തിന് അർഹനാക്കി.

പബ്ലിക് ചോയ്സ് സിദ്ധാന്തത്തിൽ ബ്ലാക്കിന്റെ ഏറ്റവും പ്രധാനപ്പെട്ട സംഭാവന അദ്ദേഹത്തിന്റെ പ്രശസ്തമായ മീഡിയൻ വോട്ടർ സിദ്ധാന്തമാണ്. റോഡ് നിർമ്മാണത്തിന് എത്ര തുക ചെലവഴിക്കണം എന്നതുപോലുള്ള വിഷയങ്ങളിൽ അഭിപ്രായഭിന്നതയുണ്ടെങ്കിൽ, രാഷ്ട്രീയ പാർട്ടികൾ ഏറ്റവും കൂടുതൽ വോട്ട് ലഭിക്കുന്ന മധ്യത്തിലേക്ക് ആകർഷിക്കപ്പെടുമെന്ന് ഇത് സൂചിപ്പിക്കുന്നു. ഈ മധ്യനിലപാടിൽ നിന്ന് അകന്നുപോകുന്ന ഏതൊരു പാർട്ടിക്കും വോട്ടുകൾ നഷ്ടപ്പെടും. രാഷ്ട്രീയ പാർട്ടികളുടെ ലക്ഷ്യം വോട്ട് നേടുന്നതായതിനാൽ, പാർട്ടികൾ മധ്യസ്ഥാനത്ത് കൂട്ടംകൂടുകയും വോട്ടർമാർക്ക് യഥാർത്ഥ ചോയ്സ് നൽകാതിരിക്കുകയും ചെയ്യുന്നു.

1951-ൽ അമേരിക്കൻ സാമ്പത്തികശാസ്ത്രജ്ഞനായ (പിന്നീട് നോബൽ സമ്മാനജേതാവായ) കെന്നത്ത് ആരോ തന്റെ അസാധ്യതാ സിദ്ധാന്തത്തിലൂടെ (ഇംപോസിബിലിറ്റി തിയറം) മറ്റൊരു പ്രധാന സംഭാവന നൽകി. ഏതൊരു തിരഞ്ഞെടുപ്പ് സമ്പ്രദായത്തിന്റെയും മുഖ്യ ചോദ്യവിഷയം അതിൽ നിന്ന് ഉരുത്തിരിയുന്ന കൂട്ടായ തീരുമാനങ്ങൾ വോട്ട് ചെയ്യുന്ന പൊതുജനങ്ങൾക്കിടയിലെ മുൻഗണനകളുടെ സ്വഭാവം, വ്യാപനം, ശക്തി എന്നിവയെ എത്രത്തോളം കൃത്യമായി പ്രതിഫലിപ്പിക്കുന്നു എന്നതാണ്.

എല്ലാവരെയും ഒരുപോലെ സന്തുഷ്ടരാക്കാൻ കഴിയുന്ന ഒരു പ്രായോഗിക ജനാധിപത്യ സംവിധാനം യഥാർത്ഥത്തിൽ ഇല്ലെന്ന് ആരോ കാണിച്ചുതന്നു. പിൽക്കാലത്തെ ചില സൈദ്ധാന്തികരും ഈ നിഗമനം പങ്കുവെച്ചിട്ടുണ്ട്. ഉദാഹരണത്തിന്, തന്ത്രപരമായി വോട്ട് ചെയ്യുന്ന ആളുകൾക്കോ തീരുമാനങ്ങൾ എടുക്കുന്ന ക്രമത്തിന്റെ അജണ്ട നിശ്ചയിക്കുന്നവർക്കോ (കമ്മിറ്റികളിലെ ഒരു പ്രധാന പ്രശ്നമാണിത്) ഏതൊരു തിരഞ്ഞെടുപ്പ് സംവിധാനത്തിലും സ്വാധീനം ചെലുത്താൻ കഴിയുമെന്ന് അവർ വാദിക്കുന്നു.

ആരോയുടെ വിദ്യാർത്ഥികളിലൊരാളായ ആന്റണി ഡൗൺസും ശരാശരി വോട്ടർ വിഷയത്തിൽ പഠനം നടത്തിയിരുന്നു. എന്നാൽ 1957-ൽ രാഷ്ട്രീയ വിപണിയുടെ പ്രവർത്തനത്തിൽ യുക്തിപരമായ തിരഞ്ഞെടുപ്പ് സിദ്ധാന്തത്തിന്റെ (റാഷനൽ ചോയ്സ് തിയറി) പ്രയോഗത്തിലൂടെയാണ്

അദ്ദേഹം പ്രസിദ്ധനായത്. യുക്തിപരമായ തിരഞ്ഞെടുപ്പ് എന്നാൽ ഒരു വ്യക്തി അയാളുടെ ലക്ഷ്യങ്ങൾ നേടാൻ നടത്തുന്ന ബോധപൂർവവും കാര്യക്ഷമവുമായ പ്രവർത്തനമാണ്. രാഷ്ട്രീയ പാർട്ടികളെ സംബന്ധിച്ചിടത്തോളം ആ ലക്ഷ്യങ്ങൾ ഏതെങ്കിലും പ്രത്യേക നയങ്ങളല്ല, മറിച്ച് തിരഞ്ഞെടുക്കപ്പെടുന്നതിലൂടെ അവർ നേടുന്ന വരുമാനം, അന്തസ്സ്, അധികാരം എന്നിവയാണ്. അവരെ അധികാരത്തിലെത്തിക്കുന്ന വോട്ടുകൾ നേടാനായി അവർ തങ്ങളുടെ നയങ്ങൾ തീർച്ചയായും മാറ്റും. വോട്ടർമാരാണെങ്കിലോ, തങ്ങൾക്ക് ഏറ്റവും കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്ന പാർട്ടിയെ തിരഞ്ഞെടുക്കും.

ഡൗൺസിന്റെ ഏറ്റവും പ്രശസ്തമായ ആശയം വോട്ടർമാരുടെ യുക്തിപരമായ അജ്ഞതയാണ്. ഓരോ സ്ഥാനാർത്ഥിയുടെയും രാഷ്ട്രീയ നയങ്ങൾ മനസ്സിലാക്കാൻ വോട്ടർമാർക്ക് സമയവും പരിശ്രമവും ആവശ്യമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. എന്നാൽ ഏതെങ്കിലും ഒരു വ്യക്തിയുടെ വോട്ട് തിരഞ്ഞെടുപ്പ് ഫലത്തെ സ്വാധീനിക്കാനുള്ള സാധ്യത വളരെ ചെറുതാണ്. അതിനാൽ കാര്യങ്ങൾ വ്യക്തമായി അറിയാൻ സമയവും അധ്വാനവും ചെലവാക്കാൻ വോട്ടർമാർക്ക് പ്രചോദനമുണ്ടാകില്ല. തൽഫലമായി പലരും പാർട്ടി ലേബലുകളുടെ അടിസ്ഥാനത്തിൽ വോട്ട് ചെയ്യുന്നു അല്ലെങ്കിൽ വോട്ട് ചെയ്യുന്നേയില്ല. ഭൂരിഭാഗം വോട്ടർമാരും നിസ്സംഗരായതിനാൽ, കാര്യവിവരമുള്ള താൽപ്പര്യ ഗ്രൂപ്പുകൾക്ക് രാഷ്ട്രീയ പാർട്ടികളിൽ ക്രമാതീതമായ സ്വാധീനം ചെലുത്താനാകും എന്നതാണ് ദുഃഖകരമായ സത്യം.

**ബുക്കാനനും ടള്ളക്കും**

1962-ൽ പുറത്തിറങ്ങിയ 'ദ കാൽക്കുലസ് ഓഫ് കൺസന്റ്' എന്ന പുസ്തകം അമേരിക്കൻ എഴുത്തുകാരായ ജെയിംസ് ബുക്കാനനെയും ഗോർഡൻ ടള്ളക്കിനെയും പബ്ലിക് ചോയ്സ് തിയറിയുടെ പ്രമുഖ വക്താക്കളാക്കി. ഈ പുസ്തകത്തിൽ കേവല ഭൂരിപക്ഷ വോട്ടിംഗ് സംവിധാനം ഉയർത്തുന്ന പ്രശ്നങ്ങളും ലോഗ്റോളിംഗ് എന്ന പ്രതിഭാസവും അവർ ആഴത്തിൽ പരിശോധിച്ചിട്ടുണ്ട്. ഒരു ഭരണഘടനയ്ക്ക് ഏകകണ്ഠമായ ധാരണ ആവശ്യമാണെന്ന് അവർ വാദിച്ചു. അല്ലാത്തപക്ഷം ഭാവിയിൽ വോട്ടെടുപ്പ് നടക്കുമ്പോൾ ന്യൂനപക്ഷത്തെ ചൂഷണം ചെയ്യാൻ കഴിയുന്ന ഒരു സംവിധാനം ഭൂരിപക്ഷത്തിന് രൂപകൽപ്പന ചെയ്യാനാകും.

'പൊതുതാൽപ്പര്യം' എന്ന ലക്ഷ്യം കൈവരിക്കാൻ എല്ലാവരും ഒരുമിച്ച് പ്രയത്നിക്കുന്ന ഒന്നായല്ല, മറിച്ച് വ്യക്തികൾ സ്വന്തം താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുന്ന ഒരു പ്രക്രിയയായിട്ടാണ് രാഷ്ട്രീയ വ്യവസ്ഥയെയും ഭരണഘടനകളുടെ പരിണാമത്തെയും ബുക്കാനനും ടള്ളക്കും കണ്ടത്. 'വിപണി പരാജയം' തിരുത്തി സാമൂഹികക്ഷേമം മെച്ചപ്പെടുത്താൻ വ്യാപകമായ സർക്കാർ ഇടപെടൽ ആവശ്യമാണെന്ന കാഴ്ചപ്പാടിനെ അവരുടെ സമീപനം വെല്ലുവിളിച്ചു. യഥാർത്ഥ പ്രശ്നം സർക്കാരിന്റെ പരാജയമാണെന്ന് അവർ തറപ്പിച്ചുപറഞ്ഞു. കുത്തകകൾ, ബാഹ്യഘടക

ങ്ങൾ (മറ്റുള്ളവരുടെ പ്രവൃത്തികളുടെ ദോഷകരമായ പാർശ്വഫലങ്ങൾ), പരിമിതമായതോ ഏകപക്ഷീയമായതോ ആയ വിവരങ്ങൾ തുടങ്ങിയ പ്രശ്ന ങ്ങൾ വിപണികളെ അപേക്ഷിച്ച് സർക്കാരിൽ വളരെയധികം പ്രകടമാണ്. പൊതുതീരുമാനങ്ങളുടെ 'വിജയിക്കുന്നവർ എല്ലാം സ്വന്തമാക്കുന്ന' സ്വഭാവം കാരണം, അവയിൽ നിന്ന് രക്ഷപ്പെടാനുള്ള സാധ്യതയും വളരെ കുറവാണ്.

## വീക്ഷണഗതിയും സമ്മാനങ്ങളും

ഭരണഘടനാ സിദ്ധാന്തത്തിലും രാഷ്ട്രീയ സ്ഥാപനങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന 'വിർജീനിയ സ്കൂൾ ഓഫ് പബ്ലിക് ചോയ്സ്' എന്നറിയ പ്പെടുന്ന 'സ്കൂൾ ഓഫ് തോട്ട്' ബുക്കാനനും ടള്ളക്കും സ്ഥാപിച്ചു. ഈ വിഷയത്തിൽ സ്ഥിതിവിവരക്കണക്കുകളും ഗണിതശാസ്ത്ര സാങ്കേതിക വിദ്യകളും പ്രയോഗിക്കുന്ന 'റോച്ചസ്റ്റർ സ്കൂൾ', കൂട്ടായ തീരുമാനമെടുക്ക ലിന്റെ കേവല സാമ്പത്തിക സിദ്ധാന്തത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന 'ഷിക്കാഗോ സ്കൂൾ' എന്നിവയും നിലവിൽ വന്നു.

പബ്ലിക് ചോയ്സ് സിദ്ധാന്തത്തിന് താൻ നൽകിയ സംഭാവനകൾക്ക് 1986-ലെ സാമ്പത്തികശാസ്ത്രത്തിനുള്ള നോബൽ സമ്മാനം ബുക്കാനന് ലഭിച്ചപ്പോൾ, എന്തുകൊണ്ട് ടള്ളക്ക് അത് പങ്കിട്ടില്ല എന്ന ചോദ്യം പലരും ഉന്നയിച്ചു. അതിനുള്ള കാരണം എന്തുതന്നെയായാലും, ഈ വിഷയത്തിൽ ടള്ളക്ക് നൽകിയ സംഭാവനകൾ ശ്രദ്ധേയമാണ്. ഉദാഹരണത്തിന്, 'വാടക തേടൽ' (താൽപ്പര്യ ഗ്രൂപ്പുകൾ കുത്തകാവകാശങ്ങൾ നേടിയെടുക്കാൻ രാഷ്ട്രീയ പ്രക്രിയ ഉപയോഗിക്കുന്ന വ്യാപകവും വിനാശകരവുമായ പ്രവർത്തനം) എന്ന വിഷയത്തിൽ അദ്ദേഹം ചില പ്രധാനപ്പെട്ട സംഭാവനകൾ നൽകി.

## താൽപ്പര്യ ഗ്രൂപ്പുകളുടെ ശക്തി

1965-ൽ പുറത്തിറങ്ങിയ 'ദി ലോജിക് ഓഫ് കളക്ടീവ് ആക്ഷൻ' എന്ന പുസ്തകത്തിൽ അമേരിക്കൻ സാമ്പത്തികശാസ്ത്രജ്ഞനായ മാൻകർ ഓൾസൺ രാഷ്ട്രീയ പ്രക്രിയയിൽ പ്രത്യേക താൽപ്പര്യ ഗ്രൂപ്പുകളുടെ സ്വാധീനം പരിശോധിച്ചു. ലോബി ഗ്രൂപ്പുകൾ നിലവിലുണ്ടെന്ന വസ്തുത പകൽവെളിച്ചം പോലെ വ്യക്തമാണ്. എന്നാൽ ഫലപ്രദമായ ലോബിയിംഗ് ക്യാംപെയ്നുകൾ സംഘടിപ്പിക്കാൻ ബുദ്ധിമുട്ടുന്ന നിരവധി വലിയ താൽപ്പര്യ ഗ്രൂപ്പുകൾ ഉണ്ടെന്ന് ഓൾസൺ കാണിച്ചുതന്നു. ഉപഭോക്താക്കളും നികുതിദായകരും പോലുള്ള പ്രധാനപ്പെട്ട ഗ്രൂപ്പുകളും ഇതിൽ ഉൾപ്പെടുന്നു.

അതിന്റെ ഒരു കാരണം ഫ്രീറൈഡർ പ്രശ്നമാണ്: ഒരു ഉപഭോക്തൃ ലോബി രാഷ്ട്രീയക്കാരിൽ നിന്ന് ഇളവുകൾ നേടുന്നതിൽ വിജയിച്ചാൽ, എല്ലാ ഉപഭോക്താക്കൾക്കും, അവർ സജീവമായി ക്യാംപെയ്നിൽ ചേർന്നാലും ഇല്ലെങ്കിലും, അതിന്റെ പ്രയോജനം ലഭിക്കും. സ്വന്തമായി ചെലവോ അധ്വാനമോ ഇല്ലാതെ മറ്റൊരാളുടെ ചെലവിൽ ആനുകൂല്യം ലഭിക്കുമ്പോൾ,

എന്തിനാണ് അതിനുവേണ്ടി പരിശ്രമിക്കേണ്ടത്? ഇതിന്റെ പരിണതഫലം അവർ നേടിയെടുക്കുന്ന ഏതൊരു നേട്ടവും സ്വന്തം അംഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്താൻ കഴിയുന്ന പ്രൊഫഷണൽ ബോഡികളും ട്രേഡ് യൂണിയനുകളും പോലെയുള്ള സംഘടനകൾക്ക് പൊതുചർച്ചയിൽ അമിത പ്രാതിനിധ്യം ലഭിക്കുന്നു എന്നതാണ്. എന്നാൽ ഉപഭോക്താക്കളും നികുതിദായകരും പോലെയുള്ള, എണ്ണത്തിൽ കൂടുതലും സംഘടിക്കാൻ പ്രയാസമുള്ളതുമായവയ്ക്ക് വേണ്ടത്ര പ്രാതിനിധ്യമില്ലതാനും.

1962-ൽ റോച്ചസ്റ്റർ സ്കൂളിലെ പ്രമുഖനായ അമേരിക്കൻ രാഷ്ട്രീയശാസ്ത്ര ജ്ഞൻ വില്യം എച്ച്. റൈക്കർ രാഷ്ട്രീയത്തിൽ സ്വാർത്ഥ ലാഭങ്ങൾ നേടാനായി പരസ്പരപിന്തുണ വാഗ്ദാനം ചെയ്തുകൊണ്ട് താൽപ്പര്യ ഗ്രൂപ്പുകൾക്ക് എങ്ങനെ സഖ്യങ്ങൾ രൂപീകരിക്കാമെന്ന് പരിശോധിച്ചു. സഖ്യങ്ങൾ സ്ഥാപി ക്കുന്നതും അത് നിലനിർത്തുന്നതും കഠിനമായതിനാൽ, 'മഹാസഖ്യങ്ങ ൾക്ക്' അല്പായുസ്സാണെന്ന് റൈക്കർ കണ്ടെത്തി. താൽപ്പര്യ ഗ്രൂപ്പുകൾക്ക് പിന്തുടരാവുന്ന ഏറ്റവും നല്ല തന്ത്രം വിജയസാധ്യതയുള്ള ഒരു സഖ്യമുണ്ടാ ക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ നിഗമനം. അതായത് വിജയിക്കാൻ മാത്രം വലുപ്പവും എന്നാൽ നിലനിർത്താൻ ബുദ്ധിമുട്ടില്ലാത്തതുമായ ഒരു സഖ്യം.

തിരഞ്ഞെടുപ്പുകളിലെന്നപോലെ ഒരു വ്യക്തിയുടെ തീരുമാനങ്ങൾ മറ്റുള്ളവർ എടുക്കുന്ന തീരുമാനങ്ങളെ ഭാഗികമായി ആശ്രയിക്കുന്ന സാഹചര്യങ്ങളുടെ ഗണിതശാസ്ത്ര മോഡലായ ഗെയിം തിയറിയും റൈക്കർ പബ്ലിക് ചോയ്സിൽ പ്രയോഗിച്ചു.

**ബ്യൂറോക്രസിയും നിയന്ത്രണവും**

സർക്കാർ സംവിധാനത്തിന്റെ മറ്റൊരു പ്രശ്നം സർക്കാർ ഉദ്യോഗസ്ഥർക്കും അവരുടേതായ താൽപ്പര്യങ്ങളുണ്ട് എന്നതാണ്. 1971-ൽ പുറത്തിറങ്ങിയ 'ബ്യൂറോക്രസി ആൻഡ് റെപ്രസന്റേറ്റീവ് ഗവൺമെന്റ്' എന്ന പുസ്തക ത്തിൽ അമേരിക്കൻ സാമ്പത്തികശാസ്ത്രജ്ഞനായ വില്യം എ. നിസ്കാനൻ ബ്യൂറോക്രാറ്റുകളുടെ താൽപ്പര്യങ്ങളും ലക്ഷ്യങ്ങളും തിരിച്ചറിയാൻ ശ്രമിച്ചു. പൊതുമേഖലയില് ജോലി ചെയ്യുന്നവര് അവരുടെ ബജറ്റുവിഹിതം പരമാവധിയാക്കാൻ ശ്രമിക്കുമെന്ന് അദ്ദേഹം വാദിച്ചു. അതിലൂടെ അധികാരം, പദവി, സുരക്ഷ എന്നിവയോടൊപ്പം മറ്റ് സുഖസൌകര്യങ്ങളും ആനുകൂല്യങ്ങളും അവർക്ക് ലഭിക്കും. ബജറ്റ് ചർച്ചകളിൽ നിയമസഭാം ഗങ്ങളേക്കാൾ മുൻതൂക്കം അവർക്കുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കാരണം അവർ ജോലി ചെയ്യുന്ന വകുപ്പുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിവിധ മേഖലകൾ കൈകാര്യം ചെയ്യുന്ന നിയമസഭാംഗങ്ങളെക്കാൾ നന്നായി അവർക്ക് അറിയാം. രാഷ്ട്രീയക്കാർ ഒരു നയത്തോട് പ്രതിജ്ഞാബദ്ധരായി ക്കഴിഞ്ഞാൽ, പദ്ധതി ഉപേക്ഷിക്കുന്നതിന്റെ പരസ്യമായ അപമാനം അവർ ആഗ്രഹിക്കുന്നില്ലെന്ന് അറിയാവുന്ന ബ്യൂറോക്രാറ്റുകൾക്ക് അതിന്റെ ബജറ്റു വിഹിതം ഉയർത്താൻ കഴിയും. വോട്ടർമാർ യഥാർത്ഥത്തിൽ ആഗ്രഹിക്കു ന്നതിലും വലുതും കാര്യക്ഷമത കുറഞ്ഞതുമായ ബ്യൂറോക്രസിയാണ് ഫലം.

1971-ൽ ജോർജ് ജെ. സ്റ്റൈഗ്ലർ എഴുതിയ ഒരു ലേഖനം ഷിക്കാഗോ സ്കൂളിന്റെ വരവിനെ അടയാളപ്പെടുത്തുകയും മറ്റൊരു വീക്ഷണകോണിൽ നിന്ന് ബ്യൂറോക്രസിയെ വിമർശിക്കുകയും ചെയ്തു. മാൻകർ ഓൾസൺന്റെ താൽപ്പര്യ ഗ്രൂപ്പ് സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കി പൊതുസേവനത്തിന് പകരം പ്രത്യേക താൽപ്പര്യങ്ങൾ നിറവേറ്റുന്നതിനാണ് സർക്കാർ നിയന്ത്രണം ഉതകുക എന്ന നിഗമനം സ്റ്റൈഗ്ലർ നടത്തി. ഡോക്ടർമാരോ ഫാർമസ്യൂട്ടിക്കൽ കമ്പനികളോ പോലുള്ള പ്രൊഫഷണൽ ഗ്രൂപ്പുകളുടെ കേന്ദ്രീകൃത താൽപ്പര്യങ്ങൾ, അവർക്ക് സംഘടിക്കാനും രാഷ്ട്രീയക്കാരെ ലോബി ചെയ്യാനും ശക്തമായ പ്രോത്സാഹനം നൽകുന്നു. രാഷ്ട്രീയക്കാർ അവരെ വിലയ്ക്ക് വാങ്ങാൻ നിയന്ത്രണ ഏജൻസികൾ സ്ഥാപിക്കുന്നു. ഏജൻസികൾ പ്രത്യേക താൽപ്പര്യങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്നു എന്നതിലും വലിയ പ്രശ്നം, ആ താൽപ്പര്യങ്ങൾ നേടുന്നതിനോ സംരക്ഷിക്കുന്നതിനോ വേണ്ടിയാണ് ഏജൻസികൾ സ്ഥാപിക്കപ്പെടുന്നത് എന്നതാണ്. സ്റ്റൈഗ്ലർ തന്റെ ലേഖനം ഇങ്ങനെയാണ് പറഞ്ഞുനിർത്തുന്നത്: “പതിവുപോലെ നിയന്ത്രണം വ്യവസായം ഏറ്റെടുക്കുകയും, സ്വന്തം പ്രയോജനത്തിനായി അതിനെ ക്രമീകരിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു.”

**സമീപകാല പുനഃപരിശോധനകൾ**

മേൽപ്പറഞ്ഞതരം ആശയങ്ങൾ പബ്ലിക് ചോയ്സ് ചിന്തകരിൽ പൊതുനയങ്ങൾ തീരുമാനിക്കുന്ന പ്രക്രിയയെക്കുറിച്ച് അശുഭ പ്രതീക്ഷ നൽകി. വ്യക്തികളുടെ മുൻഗണനകളുടെ വ്യാപ്തിയെ യഥാർത്ഥമായും സുസ്ഥിരമായും പ്രതിഫലിപ്പിക്കുന്ന കൂട്ടായ തീരുമാനം സൃഷ്ടിക്കുന്ന ഒരു സംവിധാനം കണ്ടെത്തുക അസാധ്യമാണെന്ന് അവർക്ക് തോന്നി. ആളുകൾ തങ്ങളുടെ യഥാർത്ഥ മുൻഗണനകൾ മാറ്റിവെച്ച് തന്ത്രപരമായി വോട്ട് ചെയ്യും; താൽപ്പര്യ ഗ്രൂപ്പുകൾക്ക് അനുചിതമായ സ്വാധീനം ഉണ്ടാകും; പൊതുജനങ്ങൾക്ക് പ്രശ്നങ്ങൾ മനസ്സിലാക്കാനോ വോട്ട് ചെയ്യാനോ പോലും താൽപ്പര്യം ഉണ്ടാകില്ല; അജണ്ട നിശ്ചയിക്കുന്നവർ അവരുടെ മുൻഗണനകൾ നടപ്പിലാകുമെന്ന് ഉറപ്പാക്കും; പാർട്ടികൾ യഥാർത്ഥ ചോയ്സ് നൽകുന്നതിന് പകരം മധ്യസ്ഥാനത്ത് കൂട്ടംകൂടും; ലോബിയിസ്റ്റുകൾ രാഷ്ട്രീയക്കാരിൽ നിന്ന് ആനുകൂല്യങ്ങൾ നേടുന്നതിന് വലിയ തുക ചെലവഴിക്കും; ബ്യൂറോക്രാറ്റുകൾ സ്വയം പുഷ്ടിപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തും.

എന്നാൽ മറ്റുചില പബ്ലിക് ചോയ്സ് സൈദ്ധാന്തികർ ശുഭാപ്തിവിശ്വാസമുള്ളവരായിരുന്നു. 1940-കളിൽ ജോസഫ് എ. ഷംപെയ്റ്റർ അവകാശപ്പെട്ടത്, വോട്ടുകൾക്കായുള്ള മത്സരം യഥാർത്ഥത്തിൽ വിപണിയിലെ മത്സരത്തിന്റെ

“അദൃശ്യമായ കൈ” പോലെ ഗുണകരമായ ഫലം ഉളവാക്കുന്നു എന്നാണ്. അടുത്തകാലത്ത് പീറ്റർ കോക്ലിൻ, ഷ്മൂവെൽ നിറ്റ്സാൻ എന്നിവർ ചൂണ്ടിക്കാണിച്ചത് പാർട്ടികൾക്ക് സ്വന്തമായി തീർപ്പാക്കാൻ നിരവധി പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ, ‘സൈക്ലിംഗ്’ എന്ന അഴിയാക്കുരുക്കിനുള്ള സാധ്യത വളരെ

കുറവാണെന്നാണ്. എഡ്വേർഡ് എച്ച്. ക്ലാർക്ക്, തിയഡോർ ഗ്രോവ്സ് തുടങ്ങിയവർ വോട്ടർമാർ സ്വാർത്ഥമായും തന്ത്രപരമായും വോട്ട് ചെയ്യുന്നതിനുപകരം അവരുടെ യഥാർത്ഥ മുൻഗണനകൾ പ്രകടിപ്പിക്കാനും അവരുടെ ആവശ്യങ്ങൾ മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കുന്ന ചെലവ് കണക്കിലെടുക്കാനും അവരെ പ്രേരിപ്പിക്കുന്ന വ്യത്യസ്ത വഴികൾ ഏതൊക്കെയാണെന്ന് പഠിച്ചിട്ടുണ്ട്.

പ്രായോഗിക പരീക്ഷണങ്ങൾ ശുഭാപ്തിവിശ്വാസം കൂടാൻ കാരണമായിട്ടുണ്ട്. ഉദാഹരണത്തിന്, ചില സൈദ്ധാന്തികർ ഇപ്പോൾ വാദിക്കുന്നത് നിസ്കാനൻ ഭയപ്പെട്ടതിന് വിപരീതമായി വളരെ മികച്ച രീതിയിൽ ബ്യൂറോക്രാറ്റുകളും അവരുടെ ബജറ്റുകളും നിയന്ത്രിക്കപ്പെടുന്നു എന്നാണ്. കൂടാതെ ശരാശരി വോട്ടർമാരെ പ്രീതിപ്പെടുത്താൻ മധ്യനിലപാട് എടുക്കുന്നതിനുപകരം, പണപ്പെരുപ്പവും തൊഴിലില്ലായ്മയും പോലുള്ള സുപ്രധാന വിഷയങ്ങളിൽ രാഷ്ട്രീയ പാർട്ടികൾ യഥാർത്ഥത്തിൽ ഗണ്യമായും ദീർഘകാലാടിസ്ഥാനത്തിലും വ്യതിചലിക്കുന്നുണ്ട്.

### പുതിയ സമീപനങ്ങൾ

ആധുനിക പബ്ലിക് ചോയ്സ് സിദ്ധാന്തത്തിന്റെ ഉപജ്ഞാതാക്കൾ എല്ലാവരും ബ്രിട്ടീഷുകാരോ അമേരിക്കക്കാരോ ആയിരുന്നു. അവർ ഇരുകക്ഷി, കേവല ഭൂരിപക്ഷ സംവിധാനങ്ങളുടെ പ്രവർത്തനങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചു. എന്നാൽ പബ്ലിക് ചോയ്സ് അന്താരാഷ്ട്ര തലത്തിൽ വളരുകയും, മറ്റ് പല സ്ഥലങ്ങളിലും നിലനിൽക്കുന്ന മൾട്ടി-പാർട്ടി സംവിധാനങ്ങളിലേക്കും വിഭിന്നമായ വോട്ടിംഗ് നിയമങ്ങളിലേക്കും ശ്രദ്ധ തിരിക്കുകയും ചെയ്തു. ഇപ്പോഴത്തെ പ്രധാന വിഷയങ്ങളിൽ ചിലത് ബഹുകക്ഷി സഖ്യങ്ങൾ എങ്ങനെ രൂപീകരിക്കപ്പെടുന്നു, അവ എത്രത്തോളം സുസ്ഥിരമാണ്, എന്തുകൊണ്ട് പല പാർട്ടികളും സഖ്യങ്ങളിൽ പ്രവേശിക്കുന്നതിനുപകരം ന്യൂനപക്ഷ സർക്കാരുകൾ രൂപീകരിക്കുന്നത് എന്നിവയാണ്.

യഥാർത്ഥ രാഷ്ട്രീയ സംവിധാനങ്ങളിൽ നിന്നുള്ള തെളിവുകൾ കൂടാതെ, 2002-ലെ നോബൽ സമ്മാനജേതാവായ വേർണൻ സ്മിത്തിനെ പോലെയുള്ള സാമ്പത്തിക വിദഗ്ധർ, ആളുകൾ - മിക്കവാറും അവരുടെ വിദ്യാർത്ഥികൾ - യഥാർത്ഥത്തിൽ എങ്ങനെ തങ്ങളുടെ ചോയ്സ് തീരുമാനിക്കുന്നു എന്നതിനെക്കുറിച്ച് പ്രായോഗിക പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. ഇതിലൂടെ ഉരുത്തിരിഞ്ഞുവന്ന വസ്തുതകളിൽ ഒന്ന്, വോട്ടർമാരുടെ വ്യത്യസ്ത വീക്ഷണങ്ങളുടെ ശക്തി വെളിപ്പെടുത്തുകയും തന്ത്രപരമായ വോട്ടിംഗിനെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്ന തിരഞ്ഞെടുപ്പ് സംവിധാനങ്ങൾ രൂപകൽപ്പന ചെയ്യാൻ കഴിയുമെന്നും, ബുക്കാനന്റെയും ടള്ളക്കിന്റെയും ഭരണഘടനയെക്കുറിച്ചുള്ള 'ഏകകണ്ഠമായ ധാരണ' എന്ന ആദർശം വാസ്തവത്തിൽ പ്രായോഗികമാണ് എന്നുമാണ്. ഓൾസൺ വിശ്വസിച്ചതുപോലെ ആളുകൾ 'ഫ്രീ-റൈഡ്' ചെയ്യുന്നുണ്ടെങ്കിലും, ഇത് പൊതുവേ കരുതുന്നതിനേക്കാൾ വളരെ കുറച്ച് മാത്രമേ സംഭവിക്കുന്നുള്ളൂ എന്ന് മറ്റ് പല പരീക്ഷണങ്ങളും സൂചിപ്പിക്കുന്നു. പലരും തങ്ങളുടെ

'യുക്തിപരമായ' സ്വാർത്ഥതാൽപര്യം മാറ്റിവെച്ച് കൂടുതൽ ഊർജ്ജം രാഷ്ട്രീയത്തിനായി വിനിയോഗിക്കുന്നുണ്ട്.

പബ്ലിക് ചോയ്സ് എന്ന ശാസ്ത്രം പക്വത പ്രാപിച്ചതോടെ, മൗലികമായ ഉൾക്കാഴ്ചകൾ കൂടുതൽ വിശദാംശങ്ങൾ ഉൾക്കൊള്ളുന്നതിനും ഫലങ്ങളുടെ പരിശോധനയ്ക്കും വഴിയൊരുക്കി. ഇനി വരാനിരിക്കുന്ന അധ്യായത്തിൽ വ്യക്തമാക്കുന്നത് പോലെ, സമീപകാലത്തെ ചില സിദ്ധാന്തങ്ങളും പരീക്ഷണങ്ങളും പബ്ലിക് ചോയ്സ് സൈദ്ധാന്തികരുടെ ചില ആദ്യകാല അനുമാനങ്ങളെ ചോദ്യം ചെയ്യുകയോ അവ ഗണ്യമായി പരിഷ്കരിക്കണമെന്ന് ആവശ്യപ്പെടുകയോ ചെയ്തിട്ടുണ്ട്.

ഗണിതശാസ്ത്രത്തിന്റെ ഉപയോഗം വർധിച്ചുവരുന്നു എന്നതാണ് മറ്റൊരു പ്രവണത. എന്നാൽ ദുർഗ്രഹമായ മാതൃകകൾ പരിഷ്കരിക്കുന്നതിലല്ല, യഥാർത്ഥ ലോക രാഷ്ട്രീയത്തെയും സർക്കാരിനെയും വിശദീകരിക്കുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതെന്ന് ചില സൈദ്ധാന്തികർ ഇപ്പോഴും വാദിക്കുന്നു. പബ്ലിക് ചോയ്സ് രാഷ്ട്രീയശാസ്ത്രത്തിൽ ആഴത്തിലുള്ള സ്വാധീനം ചെലുത്തുന്നതിനാൽ, അതിന്റെ പ്രവർത്തകർ 'റാഷണൽ ആക്ടർ' സമീപനം ഉപയോഗിക്കാൻ കൂടുതൽ താൽപ്പര്യം കാണിക്കുന്നു.

1965-ൽ ബുക്കാനനും ടള്ളക്കും ചേർന്ന് ഈ പുതിയ മേഖലയിൽ പ്രവർത്തിക്കുന്നവർക്കിടയിൽ ആശയങ്ങൾ കൈമാറുന്നതിനായി പബ്ലിക് ചോയ്സ് സൊസൈറ്റി സ്ഥാപിച്ചു. സൊസൈറ്റിയുടെ വാർഷിക യോഗങ്ങൾ ഇപ്പോൾ നൂറുകണക്കിന് ആളുകളെ ആകർഷിക്കുന്നതും, യൂറോപ്പിലും ഫാർ ഈസ്റ്റിലും സമാനമായ സൊസൈറ്റികൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളതും പബ്ലിക് ചോയ്സിന്റെ വളർച്ചയുടെ ഒരു അളവുകോലാണ്. അടിപതറിയിരുന്ന ആദ്യകാല ആശയങ്ങളിൽ നിന്ന് പബ്ലിക് ചോയ്സ് ഇപ്പോൾ സജീവമായ സംവാദത്തിന് വഴിയൊരുക്കുന്ന ഒരു മേഖലയായി മാറിയിരിക്കുന്നു.

## 3. ആർക്കുവേണ്ടിയാണ് സർക്കാർ?

ചില പ്രോജക്ടുകൾ നമുക്ക് ഒറ്റയ്ക്ക് ചെയ്യാൻ കഴിയില്ല. അതിനായി മറ്റുള്ളവരെ റിക്രൂട്ട് ചെയ്ത്, അധ്വാനവും ചെലവും ഒപ്പം ആനുകൂല്യങ്ങളും തുല്യമായി പങ്കിടുമ്പോൾ അത് ലാഭകരമാണെന്ന് എല്ലാവർക്കും തോന്നും. ഉദാഹരണത്തിന്, നഗരത്തിൽ ജീവിക്കുന്ന ഒരു കുടുംബത്തിന് തീരദേശത്ത് ഒരു അവധിക്കാല വീട് വാങ്ങാനോ നിലനിർത്താനോ കഴിഞ്ഞേക്കില്ല. എന്നാൽ അവർ മറ്റുള്ളവരുമായി ചേർന്ന് ചെലവ് പങ്കിടാൻ തയ്യാറായാലോ? ഒരു കുടുംബം വീട് അലങ്കരിക്കാനും, മറ്റൊരു കുടുംബം വീട്ടുപകരണങ്ങൾ വാങ്ങി സജ്ജീകരിക്കാനും, മറ്റൊന്ന് പുൽത്തകിടിയും പൂന്തോട്ടവും പരിപാലിക്കാനും, വേറൊരു കുടുംബം ആവശ്യവസ്തുക്കൾ സ്റ്റോക്ക് ചെയ്യാനും സന്നദ്ധത പ്രകടിപ്പിച്ചാൽ, അത് എല്ലാവർക്കും ആസ്വദിക്കാൻ കഴിയുന്ന ഒരു പ്രായോഗിക പദ്ധതിയായി മാറുന്നു.

എന്നാൽ 'പൊതുസ്വത്തിന്റെ' കാര്യത്തിൽ ഇത് പ്രായോഗികമല്ല. കാരണം മറ്റുള്ളവരുടെ അധ്വാനത്തിന്റെ ഫലം സൗജന്യമായി ആസ്വദിക്കാൻ കഴിയുമ്പോൾ, പണമോ സമയമോ അധ്വാനമോ സംഭാവന ചെയ്യാൻ ആർക്കും ഒരു പ്രോത്സാഹനവുമില്ല.

ഡേവിഡ് ഹ്യൂം ഉദ്ധരിച്ച പൊതുസ്വത്തിന്റെ ഉദാഹരണങ്ങൾ തുറമുഖ ഡ്രഡ്ജിംഗ്, സൈനിക റിക്രൂട്ട്മെന്റ് എന്നിവയായിരുന്നു. വാണിജ്യ മേഖല യുടെ ഉത്തേജനത്തിൽ നിന്നും മെച്ചപ്പെട്ട സുരക്ഷാക്രമീകരണങ്ങളിൽ നിന്നും എല്ലാവർക്കും പ്രയോജനം ലഭിക്കും. എന്നാൽ ഒന്നും ചെയ്യാതെ അതേ നേട്ടം ലഭിക്കുമ്പോൾ, ഡ്രഡ്ജിംഗിനായി പണം നൽകാനോ സൈന്യ ത്തിൽ സ്വമേധയാ ചേരാനോ ആരെങ്കിലും സന്നദ്ധത കാണിക്കുമോ? മറ്റൊരു ഉദാഹരണം, ഗോർഡൻ ടള്ളക്ക് ഉദ്ധരിച്ച ലണ്ടനിലെ ഒരുകാലത്ത് കുപ്രസിദ്ധമായ പുകകലർന്ന മഞ്ഞാണ്. പുകയില്ലാത്ത ഇന്ധനത്തിലേക്ക് ആളുകൾ മാറുന്നതിലൂടെ മലിനീകരണം കുറയുമെന്ന് വ്യക്തമായിരുന്നു. എന്നാൽ അത് ചെലവേറിയതായിരുന്നു. മൊത്തത്തിലുള്ള ഫലത്തിൽ സ്വന്തം സംഭാവന വളരെ ചെറുതായിരിക്കുമെന്നും, കാര്യങ്ങൾ മെച്ചപ്പെടുന്ന തരത്തിൽ ആവശ്യത്തിന് ആളുകൾ പുകയില്ലാത്ത ഇന്ധനത്തിലേക്ക്

മാറിയാലും, അത് ചെയ്യാത്തവർക്ക് കൂടി അതിന്റെ ഫലം ലഭിക്കുന്ന രീതിയിൽ 'ഫ്രീ-റൈഡ്' ചെയ്യാമെന്നും അറിഞ്ഞുകൊണ്ട് ആരാണ് അധിക ചെലവ് വഹിക്കാൻ തയ്യാറാവുക?

ഈ 'പൊതുസ്വത്ത്' പ്രശ്നം സൃഷ്ടിക്കുന്ന ഫലം മെച്ചപ്പെട്ട സുരക്ഷ, ശുദ്ധമായ വായു തുടങ്ങിയ എല്ലാവർക്കും പ്രയോജനകരമായ പദ്ധതികൾ ഒരിക്കലും നടപ്പാകുന്നില്ല, അല്ലെങ്കിൽ അപര്യാപ്തമായി നടപ്പാക്കുന്നു എന്നതാണ്. പൊതുസ്വത്തായി കണക്കാക്കപ്പെടുന്ന ചിലത് പലപ്പോഴും അങ്ങനെയല്ലെന്ന് പിന്നീട് കണ്ടെത്താറുണ്ട്. ഉദാഹരണത്തിന്, ഒരു തുറമുഖം ഡ്രഡ്ജ് ചെയ്യാനുള്ള പണം കണ്ടെത്താൻ ആ സൗകര്യം ഉപയോഗിക്കുന്ന ബോട്ടുകളിൽ നിന്ന് ഹാർബർ ഫീസ് ഈടാക്കാം. എന്നാൽ പൊതുസ്വത്തിനെ സംബന്ധിക്കുന്ന സൈദ്ധാന്തികവും പ്രായോഗികവുമായ നിരവധി ചോദ്യങ്ങൾ അവശേഷിക്കുന്നു. നമുക്ക് പ്രധാനപ്പെട്ടതായി തോന്നുന്ന കാര്യങ്ങൾ ചെയ്യാൻ നമ്മൾ സർക്കാരിനെ ചുമതലപ്പെടുത്തിയാലും, വിപണി അതിനനുസരിച്ച് പ്രവർത്തിക്കണമെന്നില്ല. നമ്മൾ വോട്ട് ചെയ്യുന്നു, കൂട്ടായ ഒരു തീരുമാനമെടുക്കുന്നു, തുടർന്ന് എല്ലാവരെയും അതിൽ പങ്കുചേരാൻ നിർബന്ധിക്കുന്നു. ഉദാഹരണത്തിന്, പുക പുറത്തുവിടുന്ന ഇന്ധനങ്ങളുടെ ഉപയോഗം നിരോധിക്കുക. അല്ലെങ്കിൽ പ്രതിരോധത്തിനും പൊതുമരാമത്തിനും ധനസഹായം കണ്ടെത്താൻ നികുതി ചുമത്തുക.

അതുകൊണ്ടാണ് ബുക്കാനനെയും ടള്ളക്കിനെയും പോലുള്ള പബ്ലിക് ചോയ്സ് സൈദ്ധാന്തികർ ഭരണകൂടത്തെ 'ജൈവിക'മായതോ അല്ലെങ്കിൽ വളർച്ചയോ ജീവനോ ലക്ഷ്യമോ ഉള്ള ഒന്നായോ കണക്കാക്കാത്തത്. യുക്തിബോധവും സ്വാർത്ഥതാൽപ്പര്യവുമുള്ള വ്യക്തികൾ കൂട്ടായ പ്രവർത്തനത്തിലൂടെ അവരുടെ വ്യക്തിപരമായ താൽപ്പര്യങ്ങൾ നേടുന്നതിന് ഒത്തുകൂടുന്ന ഒരു ഉപാധിയായിട്ടാണ് അവർ സർക്കാരിനെ കാണുന്നത്.

**തീരുമാനമെടുക്കുന്നതിന് കൊടുക്കേണ്ടിവരുന്ന വില**

ഇനി ഉയർന്നുവരുന്ന ചോദ്യം ഇതാണ്: ഈ കൂട്ടായ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള നിയമങ്ങൾ എന്തായിരിക്കണം? പ്രത്യേകിച്ചും ഒരു കൂട്ടായ പദ്ധതിയിൽ എല്ലാവരെയും നിർബന്ധിച്ച് പങ്കെടുപ്പിക്കുന്നതിനെ ന്യായീകരിക്കാൻ എത്ര ഭൂരിപക്ഷം വേണം?

ഏകകണ്ഠമായ തീരുമാനമാണ് ഉത്തമം എന്ന് തോന്നിയേക്കാം: ആരെയും നിർബന്ധിച്ച് പങ്കെടുപ്പിക്കാതെ, പൊതുനന്മയ്ക്കായി എല്ലാവരും സ്വമേധയാ മുന്നോട്ടുവന്ന് സംഭാവന ചെയ്യുക. എന്നാൽ ഇന്നത്തെ വലിയ സമൂഹങ്ങളിൽ ലക്ഷക്കണക്കിന് ആളുകളെ ഒരു ലക്ഷ്യത്തിലേക്ക് നയിക്കുന്നത് ദുർഘടവും, ഒരുപക്ഷേ അസാധ്യവുമായേക്കാം. കൂടാതെ അഭിപ്രായയൈക്യം ആവശ്യമാണെങ്കിൽ, ഏതൊരു വ്യക്തിക്കും ഒരു നിർദ്ദേശം വീറ്റോ ചെയ്യാൻ കഴിയും. തുടർന്ന് മറ്റുള്ളവർ പൊതുനന്മയ്ക്കായി ആ നിർദ്ദേശവുമായി മുന്നോട്ട് പോവുകയാണെങ്കിൽ, അയാൾക്ക് അതിന്റെ പ്രയോജനം ലഭിക്കുന്ന രീതിയിൽ ഫ്രീ-റൈഡ് ചെയ്യാം.

അഭിപ്രായയൈക്യത്തിൽ കുറഞ്ഞ എന്തിനും അതിന്റേതായ പോരായ്മ കളുണ്ട്. ഭൂരിപക്ഷ വോട്ടിംഗ് സംവിധാനം ഭൂരിപക്ഷത്തെ സ്വന്തം നേട്ടത്തി നായി രൂപകൽപ്പന ചെയ്ത പദ്ധതികൾ നടപ്പിലാക്കാൻ അനുവദിക്കുന്നു. തുടർന്ന് മറ്റെല്ലാവരും അത് സ്വീകരിക്കാനോ അതിനായി പണം നൽകാനോ നിർബന്ധിതരാകുന്നു. വാസ്തവത്തിൽ അത്തരം ചൂഷണം സർവ്വ സാധാ രണമാണ്. ന്യൂനപക്ഷങ്ങൾക്ക് കടുത്ത എതിർപ്പുള്ളതോ അല്ലെങ്കിൽ പണം നൽകുന്നതിൽ നീരസമുള്ളതോ ആയ സർക്കാർ പദ്ധതികൾക്കോ പ്രവർത്തനങ്ങൾക്കോ സബ്സിഡികൾക്കോ ധനസഹായം നൽകുന്നതിന് നിർബന്ധിത നികുതി ചുമത്തപ്പെടുന്നു. ഭൂരിപക്ഷത്തിന്റെ പ്രവർത്തനം പലപ്പോഴും അതിരുകടക്കുന്നു. ന്യൂനപക്ഷത്തിന് മേൽ സ്വന്തം മൂല്യങ്ങൾ അടിച്ചേൽപ്പിക്കുക്കയും, മയക്കുമരുന്ന് ഉപയോഗം പോലുള്ള ഇരകളില്ലാത്ത ജീവിതശൈലി 'കുറ്റകൃത്യങ്ങൾക്ക്' അവരെ ശിക്ഷിക്കുക്കയും, അവർക്ക് അടിസ്ഥാന സ്വാതന്ത്ര്യങ്ങൾ പോലും നിഷേധിക്കുകയും ചെയ്യുന്നു.

ഭൂരിപക്ഷം കൂടുന്തോറും ധാരണയിലെത്തുന്നത് ബുദ്ധിമുട്ടാണ്, പക്ഷേ ന്യൂനപക്ഷങ്ങൾ ചൂഷണം ചെയ്യപ്പെടാനുള്ള സാധ്യത കുറയും. അല്ലെങ്കിൽ ബുക്കാനനും ടള്ളക്കും പറയുന്നതുപോലെ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള ചെലവ് കൂടുകയും ബാഹ്യ ചെലവുകൾ കുറയുകയും ചെയ്യും. അതുപോലെ നമ്മൾ നിശ്ചയിക്കുന്ന ഭൂരിപക്ഷം എത്രത്തോളം ചെറുതാകുന്നുവോ, നിർദ്ദേശങ്ങൾ അംഗീകരിക്കപ്പെടാൻ അത്രയും എളുപ്പമാകും, പക്ഷേ ചൂഷണത്തിനുള്ള സാധ്യതയും വർദ്ധിക്കും.

**സന്തുലിതാവസ്ഥ എങ്ങനെ കണ്ടെത്താം?**

തീരുമാനം എടുക്കുന്നതിനുള്ള ചെലവുകളുടെയും ബാഹ്യ ചെലവുകളു ടെയും ആകെത്തുക കുറയ്ക്കുന്ന മാതൃകാപരമായ ഒരു ഭൂരിപക്ഷ സംവിധാനം നമ്മൾ കണ്ടെത്തണം – പൊതുധാരണയിലെത്തുന്നത് എളുപ്പ മാക്കാൻ കഴിയുന്നത്ര ചെറുതും എന്നാൽ ചൂഷണം ഒഴിവാക്കാൻ കഴിയു ന്നത്ര വലുതുമായ ഒരു ഭൂരിപക്ഷം.

നമ്മൾ സാധാരണയായി ആശ്രയിക്കുന്നതും ലോകത്തിലെ പല രാഷ്ട്രീയ സംവിധാനങ്ങളിലും നിലനിൽക്കുന്നതുമായ തിരഞ്ഞെടുപ്പ് നിയമം കേവല ഭൂരിപക്ഷ സംവിധാനമാണ് – തീരുമാനങ്ങൾ എടുക്കുന്നത് പകുതിയി ലധികം ജനങ്ങൾ വോട്ട് ചെയ്യുന്നതനുസരിച്ചാണ്. എന്നാൽ വോട്ടിംഗ് നിയമത്തിൽ ചോയ്സ് നൽകുന്നത് വളരെ പ്രധാനപ്പെട്ടതാണെന്ന് പബ്ലിക് ചോയ്സ് സൈദ്ധാന്തികർ വിശ്വസിക്കുന്നു. സർക്കാർ തീരുമാനങ്ങൾ ബലപ്രയോഗത്തിൽ അധിഷ്ഠിതമായതിനാൽ, ജനസംഖ്യയുടെ പകുതിയിൽ താഴെവരുന്ന ന്യൂനപക്ഷം ഭൂരിപക്ഷം ആഗ്രഹിക്കുന്ന കാര്യങ്ങൾക്ക് പണം നൽകാനും, ഭൂരിപക്ഷ തീരുമാനത്തെ എത്ര ശക്തമായി എതിർത്താലും അതിന്റെ പ്രത്യാഘാതങ്ങൾ സഹിക്കാനും നിർബന്ധിതരാകും. അതിനാൽ ഇവിടെ വിട്ടുവീഴ്ച ചെയ്യേണ്ടിവരും. കൂട്ടായ തീരുമാനങ്ങൾ എടുക്കുന്നത്

എളുപ്പമാകണമെന്ന് നമ്മൾ ആഗ്രഹിക്കുന്നു. എന്നാൽ ഭൂരിപക്ഷം ആവശ്യപ്പെടുന്ന പദ്ധതിയിൽ നിന്ന് പ്രയോജനം ലഭിക്കാത്ത, അതിനോട് വിയോജിപ്പുള്ളവർക്കെതിരെ ബലപ്രയോഗം കുറയ്ക്കാനും നമ്മൾ ആഗ്രഹിക്കണം.

അങ്ങനെയാണെങ്കിൽ ലോകത്തിലെ പല രാഷ്ട്രീയ വ്യവസ്ഥിതികളിലും നിലനിൽക്കുന്ന കേവല ഭൂരിപക്ഷ നിയമമായിരിക്കില്ല ഏറ്റവും മികച്ച തിരഞ്ഞെടുപ്പ് സംവിധാനം. ബുക്കാനന്റെയും ടള്ളക്കിന്റെയും അഭിപ്രായ ത്തിൽ കേവല ഭൂരിപക്ഷ സംവിധാനത്തിൽ മാന്ത്രികമായി ഒന്നുമില്ല. മൂന്നിൽ രണ്ട് നിയമത്തിലൂടെ അധികാരത്തിലെത്താൻ യോഗ്യതയുള്ള ഭൂരിപക്ഷം ഉൾപ്പെടെ മറ്റ് നിരവധി രാഷ്ട്രീയ ക്രമീകരണങ്ങൾ സാധ്യമാണെന്ന് അവർ ചൂണ്ടിക്കാട്ടുന്നു.

വാസ്തവത്തിൽ സന്ദർഭാനുസരണമായി വ്യത്യസ്ത വോട്ടിംഗ് നിയമങ്ങൾ നമുക്ക് ഉപയോഗിക്കാനാകും. ഉദാഹരണത്തിന്, ചൂഷണം ചെയ്യപ്പെടാനുള്ള സാധ്യത കുറവാണെങ്കിൽ, കേവല ഭൂരിപക്ഷ നിയമത്തിന് വിധേയരാകാൻ ആളുകൾ സമ്മതിച്ചേക്കാം. എന്നാൽ ചൂഷണസാധ്യത കൂടുതലാണെങ്കിൽ, കൂടുതൽ വലിയ ഭൂരിപക്ഷം വേണമെന്ന് അവർ ശഠിച്ചേക്കാം. അതായത് ബാഹ്യ ചെലവുകൾ കൂടുമ്പോൾ, വോട്ടിംഗ് നിയമം കൂടുതൽ 'ഇൻക്ലൂസിവ്' ആയിരിക്കണം.

അതുകൊണ്ടാണ് നികുതിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഏകകണ്ഠമായ തീരുമാനങ്ങളെ വിക്സെൽ അനുകൂലിച്ചതും; ഭാവിയിലെ എല്ലാ വോട്ടിംഗ് നിയമങ്ങളും നിശ്ചയിക്കുന്ന ഭരണഘടനകൾ ഏകകണ്ഠമായി അംഗീകരിക്കപ്പെടണമെന്ന് ബുക്കാനനും ടള്ളക്കും വാദിച്ചതും.

**സർക്കാരിന്റെ പരാജയം**

പബ്ലിക് ചോയ്സിന്റെ ഉത്ഭവത്തിനുമുമ്പ് പൊതുവസ്തുക്കളുടെ ലഭ്യതക്കുറവ് പോലുള്ള 'വിപണി പരാജയ' പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ ഇടപെടണമെന്ന് മിക്ക സാമ്പത്തിക വിദഗ്ധരും വിശ്വസിച്ചിരുന്നു. എന്നാൽ പബ്ലിക് ചോയ്സ് സൈദ്ധാന്തികർ ഈ അനുമാനത്തിന്റെ യുക്തിയെക്കുറിച്ച് ചില ഗൌരവമുള്ള സംശയങ്ങൾ ഉന്നയിച്ചു. ചില സന്ദർഭങ്ങളിൽ വിപണി പരാജയപ്പെടുന്നു എന്നതുകൊണ്ട് മാത്രം സർക്കാർ നടപടി കൂടുതൽ മെച്ചമാകണമെന്നില്ല. 'സർക്കാരിന്റെ പരാജയവും' എന്നൊന്നുണ്ടെന്ന് പബ്ലിക് ചോയ്സ് നമ്മെ ഓർമ്മിപ്പിക്കുന്നു.

ഉദാഹരണത്തിന്, ഒരു വോട്ടിംഗ് സമ്പ്രദായവും എല്ലാ വ്യക്തികളുടെയും വ്യത്യസ്തമായ അഭിപ്രായങ്ങളെ യഥാർത്ഥത്തിൽ പ്രതിഫലിപ്പിക്കുന്നില്ല. സർക്കാരുകൾക്ക് എല്ലാ വോട്ടർമാരുടെയും മുൻഗണനകൾ അറിയാൻ കഴിയില്ല. അതിനാൽ 'പൊതുതാൽപ്പര്യം' എന്താണെന്ന് അറിയാമെന്ന് അവകാശപ്പെടാനുമാകില്ല. വ്യത്യസ്ത വോട്ടിംഗ് സമ്പ്രദായങ്ങൾ വ്യത്യസ്ത ഉത്തരങ്ങൾ നൽകും. അതേസമയം ഭൂരിപക്ഷ സംവിധാനങ്ങൾ

ന്യൂനപക്ഷത്തെ ദോഷകരമായ ചൂഷണത്തിന് വിധേയമാക്കുന്നു. ഒപ്പം പ്രത്യേക താൽപ്പര്യ ഗ്രൂപ്പുകളുടെ 'വാടക തേടൽ' എന്ന് വിളിക്കപ്പെടുന്ന പാഴ്പ്രവർത്തനങ്ങളുടെ ഭാരവും പേറുന്നു.

വിപണിക്ക് എല്ലാ കാര്യങ്ങളും നൽകാനോ നേടിയെടുക്കാനോ കഴിയില്ല. എന്നാൽ മേൽപ്പറഞ്ഞ പ്രശ്നങ്ങളിൽ ഞെരുങ്ങുന്ന സർക്കാർ നടപടികൾ അതിനുള്ള പ്രതിവിധിയല്ല. സർക്കാർ ഇടപെടൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ അത് പരിഹരിക്കാൻ ഉദ്ദേശിക്കുന്ന പ്രശ്നങ്ങളേക്കാൾ കൂടുതൽ ദോഷകരമായിരിക്കും.

സർക്കാർ നടപടി ആവശ്യമായി വന്നേക്കാം എന്ന് പബ്ലിക് ചോയ്സ് സൈദ്ധാന്തികർ അംഗീകരിക്കുന്നു. എന്നാൽ സർക്കാർ എങ്ങനെ പ്രവർത്തിക്കുന്നു എന്നതിനെക്കുറിച്ച് നമ്മൾ യാഥാർത്ഥ്യബോധമുള്ളവരായിരിക്കണമെന്ന് അവർ പറയുന്നു.

വോട്ടിംഗ് നിയമങ്ങൾ പരിശോധിക്കേണ്ടതുണ്ട്. എന്ത് നടപടി സ്വീകരിച്ചാലും അതനുസരിക്കാൻ ആളുകളെ നിർബന്ധിക്കാൻ നമ്മൾ എത്രത്തോളം തയ്യാറാണ് എന്നും നോക്കേണ്ടതുണ്ട്. വിപണിക്ക് ചെയ്യാൻ പറ്റാത്ത ചില പ്രധാന കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്ന സർക്കാർ നടപടി, അതിന്റെ എല്ലാ പിഴവുകളോടും കൂടി, ശരിയായ മാർഗമാണോ എന്ന് വിലയിരുത്തേണ്ടതുണ്ട്. വിപണി പരാജയപ്പെടുന്നിടത്ത് കൂടുതൽ സർക്കാർ നിയന്ത്രണമാണ് പരിഹാരമെന്ന് പറയാനാവില്ല.

**പൊതുവസ്തുക്കളും അവയുടെ അവിഭാജ്യതയും**

പൊതുവസ്തുക്കളുടെ ഒരു പ്രശ്നം എന്തെന്നാൽ, നേരത്തെ തുറമുഖ ഡ്രഡ്ജിംഗിന്റെ കാര്യം സൂചിപ്പിച്ചതുപോലെ, "ഒന്നുകിൽ എല്ലാം അല്ലെങ്കിൽ ശൂന്യം (all or nothing)'. തുറമുഖം ഡ്രഡ്ജ് ചെയ്യണോ? സൈന്യം രൂപീകരിക്കണോ? മലിനീകരണത്തിന് കാരണമാകുന്ന ഇന്ധനം നിരോധിക്കണോ? ഉത്തരം വേണം അല്ലെങ്കിൽ വേണ്ട എന്നായിരിക്കണം, അതിനിടയിൽ മറ്റൊരു ഉത്തരത്തിന് സാധുതയില്ല. ന്യൂനപക്ഷത്തിലുള്ളവർ ആ കൂട്ടായ തീരുമാനം സ്വീകരിക്കാൻ നിർബന്ധിതരാകുന്നു. എന്നാൽ വിപണിയിലെ വസ്തുക്കൾ വൈവിധ്യമാർന്നതാണ്: കറുപ്പ്, നീല, തവിട്ട്, അല്ലെങ്കിൽ ചുവപ്പ് ഷൂസ് ആവശ്യമുള്ളവർക്ക് അവർ ആഗ്രഹിക്കുന്ന ഏത് ഫാഷനിലും അളവിലും ഒരേ സമയം എത്രവേണമെങ്കിലും സ്വന്തമാക്കാം. മറ്റുള്ളവരെ നിർബന്ധിക്കാതെ തന്നെ സ്വന്തം താൽപ്പര്യം നേടിയെടുക്കാം. സ്വമേധയാ ഉള്ള കൂട്ടായ പ്രവർത്തനത്തിലൂടെ ചില പൊതുനന്മകൾ പ്രദാനം ചെയ്യുന്നതിനുള്ള ഒരു മാർഗ്ഗം നമുക്ക് കണ്ടെത്താൻ കഴിഞ്ഞാൽ, സ്വകാര്യ ഉൽപ്പന്നങ്ങൾക്കായുള്ള വിപണിയിൽ നാം കാണുന്ന തരത്തിലുള്ള വൈവിധ്യം പൊതുവസ്തുക്കളുടെ കാര്യത്തിലും കാണാൻ സാധിക്കും.

തിരഞ്ഞെടുപ്പുകൾ – കൂട്ടായ പ്രവർത്തനം എന്തായിരിക്കണം എന്നതിനെക്കുറിച്ചുള്ള നമ്മുടെ മുൻഗണന പ്രകടിപ്പിക്കുന്ന രീതി – ഏതാനും വർഷങ്ങൾ കൂടുമ്പോൾ മാത്രമേ സംഭവിക്കൂ. ഓരോ ദിവസവും ഓരോ

മണിക്കൂറിലും നമ്മുടെ വ്യക്തിഗത മുൻഗണനകൾ പ്രകടിപ്പിക്കുന്ന രീതിയിൽ, നമുക്ക് ആവശ്യമുള്ളത് തിരഞ്ഞെടുക്കുന്ന വിപണിയുമായി അത് വളരെ പ്രതികൂലമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

വിപണിയിൽ വൈവിധ്യമാർന്നതും വിശാലവുമായ ശ്രേണിയിൽ നിന്ന് നമുക്ക് ഏതെങ്കിലും ഉൽപ്പന്നം എടുക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യാം. ബീഫും പോർക്കും വാങ്ങാൻ നിർബന്ധിതരാകാതെ ചീരയും മത്തനും വാങ്ങാം, പ്രത്യേകിച്ചും നിങ്ങൾ ഒരു സസ്യഭുക്കാണെങ്കിൽ. എന്നാൽ തിരഞ്ഞെടുപ്പുകളിൽ വെവ്വേറെ പദ്ധതികൾ തിരഞ്ഞെടുക്കാനാവില്ല. അവിടെ കുടിയേറ്റം, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, ക്ഷേമം, പൊതുചെലവ്, നികുതി, ജയിലുകൾ തുടങ്ങിയ വൈവിധ്യമാർന്ന വിഷയങ്ങൾ ഉൾക്കൊള്ളുന്ന 'നയങ്ങളുടെ ഒരു സൂപ്പർമാർക്കറ്റ് ബാസ്കെറ്റിനാണ്' നമ്മൾ വോട്ട് ചെയ്യുന്നത്. ബാസ്കെറ്റിലെ ചില കാര്യങ്ങൾ നമുക്ക് ഇഷ്ടമുള്ളതാകും, ചിലത് ഇഷ്ടമില്ലാത്തതും. നിർഭാഗ്യവശാൽ അവിടെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമില്ല.

### വിപുലീകരണ സമ്മർദ്ദം

ഈ പോരായ്മകൾ ഉണ്ടെങ്കിലും, സർക്കാർ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ നിരന്തരമായ സമ്മർദ്ദങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു. ഉദാഹരണത്തിന്, പൊതുസംവാദത്തിൽ പ്രതിരോധ മേഖലയിലെ കരാറുകാരോ ട്രേഡ് യൂണിയനിസ്റ്റുകളോ പോലെ നിശിത താൽപ്പര്യങ്ങളുള്ള ഗ്രൂപ്പുകളുടെ ശബ്ദങ്ങൾ വിഭിന്നമായ താൽപ്പര്യങ്ങളുള്ള വോട്ടർമാരുടെ ശബ്ദത്തെ മുക്കിക്കളയുന്നു. കേന്ദ്രീകൃത താൽപ്പര്യങ്ങളുള്ള ഗ്രൂപ്പുകൾക്ക് തങ്ങൾക്ക് പ്രയോജനപ്പെടുന്ന നയങ്ങൾക്കായി സംഘടിക്കാനും പണം സ്വരൂപിക്കാനും പ്രചാരണം നടത്താനും ശക്തമായ പ്രോത്സാഹനമുണ്ട്. നേരെമറിച്ച്, വളരെ വ്യാപിച്ച താൽപ്പര്യങ്ങളുള്ള പൊതുസമൂഹത്തിന് പൊതുസംവാദത്തിൽ പങ്കെടുക്കാനുള്ള പ്രചോദനം കുറവാണ്.

സർക്കാർ പ്രവർത്തനങ്ങൾ വിപുലമാകുന്നതിന്റെ മറ്റൊരു കാരണം ഭൂരിപക്ഷത്തിന് അതിന്റെ തീരുമാനങ്ങളുടെ ചെലവ് ന്യൂനപക്ഷത്തിന് മാത്രമല്ല, ഇനിവരാനിരിക്കുന്ന തലമുറകൾക്കും കൈമാറാൻ കഴിയും എന്നതാണ്. പല പൊതുപ്രവർത്തനങ്ങൾക്കും പണം കണ്ടെത്തുന്നത് അവയിൽ നിന്ന് പ്രയോജനം നേടുന്നവരുടെ നികുതികളിൽ നിന്നല്ല, മറിച്ച് പൊതുകടത്തിൽ നിന്നാണ് – അതിന്റെ ബാധ്യത ഭാവി തലമുറകൾക്കാണ്. അതിനാൽ ആളുകൾക്ക് ഇന്ന് ഉയർന്ന പെൻഷനോ മെച്ചപ്പെട്ട റോഡോ പോലുള്ള ആനുകൂല്യങ്ങൾ നേടാനും, അവയുടെ ചെലവ് നാളത്തെ നികുതിദായകർക്ക് കൈമാറാനും കഴിയും. 'ടൈം ഷിഫ്റ്റിംഗിന്' ഇങ്ങനെയൊരു അവസരം ലഭിക്കുമ്പോൾ, പൊതുസേവനങ്ങൾ വിപുലീകരിക്കാൻ ഇത്രയധികം ആളുകൾക്ക് താൽപ്പര്യമുണ്ടെന്നതിൽ അതിശയിക്കാനില്ല.

ജനാധിപത്യ സംവിധാനങ്ങളുമായി കൈകോർത്ത് പോകുന്ന, 'നിങ്ങൾ എന്റെ പദ്ധതികൾക്ക് വോട്ട് ചെയ്താൽ, ഞാൻ നിങ്ങളുടേതിന് വോട്ട്

ചെയ്യും' എന്ന ലോഗ്റോളിങ്ങ് പ്രതിഭാസം വിപുലീകരണ സമ്മർദ്ദം വർദ്ധിപ്പിക്കുന്നു. ഉദാഹരണത്തിന്, ഞാൻ യു. എസ്. കോൺഗ്രസിൽ ജോലി ചെയ്തിരുന്ന സമയത്ത്, ക്ഷേമ നടപടിയായ ഫുഡ് സ്റ്റാമ്പ് പ്രോഗ്രാം കാർഷിക ബില്ലിന്റെ അവസാനം ഉൾപ്പെടുത്തിയതിൽ ഞാൻ ആശ്ചര്യം പ്രകടിപ്പിച്ചു. കാർഷിക ബില്ല് പ്രധാനമായും കാർഷിക സബ്സിഡിയുടെ ഭാഗമായിരുന്നു. എന്റെ നിഷ്കളങ്കഭാവം കണ്ട സഹപ്രവർത്തകർ കണ്ണുരുട്ടി. അതിന്റെ കാരണം അവർ വിശദീകരിച്ചത് ഇങ്ങനെയാണ്. ഗ്രാമീണ റിപ്പബ്ലിക്കൻ വോട്ടർമാർ കാർഷിക സബ്സിഡികൾക്കായി വോട്ട് ചെയ്യുന്നു. നഗത്തിലെ ഡെമോക്രാറ്റുകൾ ക്ഷേമ നടപടികൾക്കായി വോട്ട് ചെയ്യുന്നു. അതിനാൽ എല്ലാവർക്കും പ്രയോജനം ലഭിക്കും – നികുതിദായകർ ഒഴികെ.

**ചോയ്സും ഫലവും തമ്മിൽ നേരിട്ട് ബന്ധമില്ല**

രാഷ്ട്രീയ വ്യവസ്ഥയുടെ മറ്റൊരു പരാജയത്തിലേക്ക് പബ്ലിക് ചോയ്സ് വിരൽ ചൂണ്ടുന്നു – തന്ത്രപരമായ വോട്ടിംഗ്. വിപണി ഇടപാടുകളിൽ നിങ്ങൾ ഒരു തിരഞ്ഞെടുപ്പ് നടത്തുകയും നിങ്ങൾ ആഗ്രഹിക്കുന്ന സാധനമോ സേവനമോ നിങ്ങൾക്ക് ലഭിക്കുകയും ചെയ്യുന്നു. രാഷ്ട്രീയ ത്തിലും നിങ്ങൾക്ക് നിങ്ങളുടെ ചോയ്സ് പ്രകടിപ്പിക്കാൻ കഴിയും, എന്നാൽ അതിൽ നിന്നും ലഭിക്കുന്നത് നിങ്ങൾക്ക് ഇഷ്ടമില്ലാത്ത എന്തെങ്കിലു മായിരിക്കാം.

ഇക്കാരണത്താൽ പലരും തിരഞ്ഞെടുപ്പുകളിൽ തങ്ങളുടെ യഥാർത്ഥ മുൻഗണനകൾ പ്രകടിപ്പിക്കുന്നില്ല, മറിച്ച് തന്ത്രപരമായി വോട്ട് ചെയ്യുന്നു. അവർ തങ്ങൾക്ക് ഇഷ്ടപ്പെട്ട പാർട്ടിക്കോ ഓപ്ഷനോ വോട്ട് ചെയ്യാതെ വിജയിക്കാൻ കൂടുതൽ സാധ്യതയുള്ള മറ്റാർക്കെങ്കിലും വോട്ട് ചെയ്യും. ഉദാഹരണത്തിന്, ഒരു യു.കെ. പാർലിമെന്റ് മണ്ഡലത്തിൽ ലേബർ പാർട്ടി സ്ഥാനാർത്ഥിക്ക് വിജയിക്കാനുള്ള സാധ്യത കുറവാണെങ്കിൽ, ലേബർ അനുഭാവികൾ തങ്ങളുടെ കൺസർവേറ്റീവ് എതിരാളികളെ അകറ്റി നിർത്താമെന്ന പ്രതീക്ഷയിൽ ലിബറൽ ഡെമോക്രാറ്റ് സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യാം.

ഇത് രാഷ്ട്രീയക്കാർക്കും സർക്കാർ ഉദ്യോഗസ്ഥർക്കും വോട്ടർമാർ യഥാർത്ഥ ത്തിൽ എന്താണ് ആഗ്രഹിക്കുന്നതെന്ന തെറ്റായ സന്ദേശം നൽകുന്നു. ഒരു തിരഞ്ഞെടുപ്പിൽ നിന്നും പൊതുജനവികാരം മനസ്സിലാക്കാൻ എളുപ്പമല്ല. കാരണം ഒരു വിഷയത്തിൽ ശക്തമായ എതിർപ്പുള്ള വ്യക്തിക്കും ഒരു വോട്ട് മാത്രമേയുള്ളൂ. കൂടാതെ വോട്ടർമാരുടെ കാഴ്ചപ്പാടുകളിലും വൈരുദ്ധ്യ മുണ്ട്. പലരും തങ്ങൾ വിശ്വസിക്കുന്ന കാര്യങ്ങൾക്ക് പോലും വോട്ട് ചെയ്യാത്തത് ആ ദൌത്യം കൂടുതൽ കഠിനമാക്കുന്നു. പല വോട്ടർമാരും തികച്ചും യുക്തിപരമായി തങ്ങളുടെ വോട്ടിന് യാതൊരു വിലയുമില്ലാത്ത തിനാൽ വിഷയങ്ങളെക്കുറിച്ച് പഠിക്കുന്നത് സമയം പാഴാക്കലാകും എന്ന് സ്വയം തീരുമാനിക്കുകയോ അല്ലെങ്കിൽ വോട്ട് ചെയ്യാൻ പോലും മെനക്കെടാതിരിക്കുകയോ ചെയ്താൽ, നമ്മുടെ ജനാധിപത്യപരമായ തിരഞ്ഞെടുപ്പ് പ്രക്രിയയുടെ നിയമസാധുതയ്ക്ക് മങ്ങലേൽക്കുന്നു.

താൽപ്പര്യ ഗ്രൂപ്പുകൾ, ലോഗ്റോളിംഗ്, വോട്ടർമാരുടെ അജ്ഞത, തന്ത്രപരമായ വോട്ടിംഗ്, ബണ്ട്‌ലിങ്ങ്, ടൈം ഷിഫ്റ്റിങ്, ബലപ്രയോഗം, കുത്തക, ചൂഷണം... സർക്കാരിന് അതിന്റെതായ പ്രശ്നങ്ങളുണ്ടെന്ന് വ്യക്തമാണ്. ബുക്കാനനും ടള്ളക്കും പറയുന്നതുപോലെ സർക്കാർ എന്ന സംവിധാനത്തിൽ കാല്പനികമായി ഒന്നും തന്നെയില്ല.

## 4. തിരഞ്ഞെടുപ്പിൽ എങ്ങനെ വിജയിക്കാം?

നിങ്ങൾക്ക് നിയമങ്ങളോ സോസേജുകളോ ഇഷ്ടമാണെങ്കിൽ, അവയുണ്ടാക്കുന്നത് നിങ്ങൾ ഒരിക്കലും കാണരുതെന്ന് തമാശയായി പറയാറുണ്ട്. തിരഞ്ഞെടുപ്പുകളെക്കുറിച്ചുള്ള ഒരു പബ്ലിക് ചോയ്സ് സൈദ്ധാന്തികന്റെ കാഴ്ചപ്പാടാണ് ഈ പരിഹാസം. പല വ്യക്തികളുടെയും അഭിപ്രായങ്ങളെ എങ്ങനെയെങ്കിലും ഒരു കൂട്ടായ തീരുമാനത്തിലേക്ക് എത്തിക്കാൻ ശ്രമിക്കുക എന്നതാണ് വോട്ടിംഗിന്റെ ലക്ഷ്യം. എന്നാൽ ആത്യന്തികമായി ഉയർന്നുവരുന്ന തീരുമാനം ഏത് തിരഞ്ഞെടുപ്പ് സംവിധാനം നടപ്പിലാക്കി എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഓരോ സംവിധാനത്തിനും അതിന്റേതായ പ്രത്യേകതകളുണ്ട് - അതിന്റെ പ്രവർത്തനരീതിയുടെ അടിസ്ഥാനത്തിൽ മാത്രമല്ല, വോട്ടർമാരുടെയും സ്ഥാനാർത്ഥികളുടെയും പെരുമാറ്റരീതിയെ അത് എങ്ങനെ ബാധിക്കുന്നു എന്നതിന്റെ കാര്യത്തിലും. രാഷ്ട്രീയ പ്രക്രിയ അത്ര മനോഹരമല്ലെന്ന് വ്യക്തമാണ്; അതിൽ നിന്ന് ഉരുത്തിരിയുന്ന അന്തിമ തീരുമാനം പൊതുജനത്തിന് യഥാർത്ഥത്തിൽ എന്താണ് വേണ്ടത് എന്നതിന്റെ വികലമായ പ്രതിഫലനമായിരിക്കാം.

**ചില വോട്ടിംഗ് വിരോധാഭാസങ്ങൾ**

കോണ്ടോർസെ ചൂണ്ടിക്കാണിച്ചതുപോലെ ചില തിരഞ്ഞെടുപ്പ് സംവിധാനങ്ങൾക്ക് ഏത് രീതിയിലുള്ള ഫലവും സൃഷ്ടിക്കാൻ കഴിയും. റോക്ക് പേപ്പറിനോട് പരാജയപ്പെട്ടേക്കാം, പേപ്പർ സിസേഴ്സിനോട് പരാജയപ്പെട്ടേക്കാം, പക്ഷേ അപ്പോഴും സിസേഴ്സ് റോക്കിനോട് പരാജയപ്പെടും. തിരഞ്ഞെടുപ്പ് എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതിനെ ആശ്രയിച്ചിരിക്കും ഫലം. വോട്ടെടുപ്പ് നടത്തുന്ന ക്രമം നിശ്ചയിക്കുന്ന ഒരാളുണ്ടെങ്കിൽ – ഉദാഹരണത്തിന്, നിരവധി ഓപ്ഷനുകൾക്കിടയിൽ നിന്ന് ഒന്ന് തിരഞ്ഞെടുക്കേണ്ട ഒരു കമ്മിറ്റിയുടെ അധ്യക്ഷൻ – ആ അജണ്ട നിശ്ചയിക്കുന്നയാൾക്ക് മറ്റുള്ളവർ എന്ത് ആഗ്രഹിക്കുന്നുവെങ്കിലും സ്വന്തം മുൻഗണനകൾ നിലനിൽക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ വോട്ടെടുപ്പ് നടക്കുന്ന ക്രമത്തിൽ കൃത്രിമം കാണിക്കാൻ കഴിയും.

ഡങ്കൻ ബ്ലാക്ക് കണക്കാക്കിയതുപോലെ - സമീപകാല വിശകലനവും ഇത് സ്ഥിരീകരിക്കുന്നു - കൂടുതൽ ഓപ്ഷനുകൾ വാഗ്ദാനം ചെയ്യുകയും കൂടുതൽ ആളുകൾ വോട്ട് ചെയ്യുകയും ചെയ്യുമ്പോൾ, ഈ സൈക്ലിംഗ് വിരോധാഭാസം കൂടുതൽ രൂക്ഷമാകും, പ്രത്യേകിച്ച് ഇന്നത്തെ വിപുലവും സങ്കീർണ്ണവുമായ രാഷ്ട്രീയ സംവിധാനങ്ങളിൽ.

ഉദാഹരണത്തിന്, യു.എസ്. രാഷ്ട്രപതി തിരഞ്ഞെടുപ്പിൽ ഇതിന് വളരെയധികം പ്രസക്തിയുണ്ട്. അവിടെ പ്രാഥമിക തിരഞ്ഞെടുപ്പുകളുടെ ഒരു പരമ്പരയിലൂടെ സ്ഥാനാർത്ഥികളുടെ എണ്ണം രണ്ടോ മൂന്നോ ആയി ചുരുങ്ങുന്നു. ഫ്രാൻസിലെ രാഷ്ട്രപതി തിരഞ്ഞെടുപ്പിലും ഇത് കാണാൻ കഴിയും. ആദ്യ റൗണ്ട് വോട്ടെടുപ്പിൽ മുന്നിലെത്തിയ സ്ഥാനാർത്ഥികൾ രണ്ടാം റൗണ്ട് റൺ-ഓഫിലേക്ക് കടക്കുന്നു. അങ്ങനെ 2002-ൽ നാഷണൽ ഫ്രണ്ട് നേതാവ് ജോൺ-മാരി ല പെൻ പതിനാറ് സ്ഥാനാർത്ഥികളുടെ ആദ്യ ബാലറ്റിൽ രണ്ടാം സ്ഥാനത്തെത്തി. എന്നാൽ രണ്ടാം റൗണ്ടിൽ ഷാക്സ് ഷിറാക്കിനോട് വൻ ഭൂരിപക്ഷത്തിൽ പരാജയപ്പെട്ടു. തൊട്ടടുത്ത് മൂന്നാമതെത്തിയ സോഷ്യലിസ്റ്റുകൾ രണ്ടാം റൗണ്ട് ബാലറ്റ് പേപ്പറിൽ ഇടം നേടിയതുമില്ല. മറ്റൊരു വോട്ടിംഗ് സംവിധാനം തികച്ചും വ്യത്യസ്തമായ ഫലം നൽകുമായിരുന്നു. ഇടതുപക്ഷ സ്ഥാനാർത്ഥികൾ കുറവായിരുന്നുവെങ്കിൽ, സോഷ്യലിസ്റ്റുകൾ നാഷണൽ സോഷ്യലിസ്റ്റിനെ രണ്ടാം സ്ഥാനത്തേക്ക് പിന്തള്ളുമായിരുന്നു. നാഷണൽ ഫ്രണ്ട് വോട്ടർമാർ - അവരുടെ സ്ഥാനാർത്ഥി പുറത്തായതിനാൽ - ഷിറാക്കിന് പകരം സോഷ്യലിസ്റ്റിന് വോട്ട് ചെയ്യുകയും ആ പാർട്ടി വിജയിക്കുകയും ചെയ്യുമായിരുന്നു.

മൂന്നാം സ്ഥാനത്തെത്തുന്ന കക്ഷികൾ പലപ്പോഴും വോട്ടിംഗ് വിരോധാഭാസത്തെക്കുറിച്ച് പരാതിപ്പെടുന്നു. ഉദാഹരണത്തിന്, ബ്രിട്ടനിലെ ലിബറൽ ഡെമോക്രാറ്റുകൾ ഏതെങ്കിലും ഇരുകക്ഷി തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടുമായിരുന്നു. കാരണം ലേബർ അനുഭാവികൾ കൺസർവേറ്റീവുകളെ അപേക്ഷിച്ച് അവർക്ക് മുൻഗണന നൽകുകയും, കൺസർവേറ്റീവുകൾ ലേബറിനെ തഴഞ്ഞ് അവരെ തിരഞ്ഞെടുക്കുകയും ചെയ്യും. എന്നാൽ പതിവുപോലെ മൂന്ന് പാർട്ടികളും മത്സരിക്കുമ്പോൾ, ലിബറൽ ഡെമോക്രാറ്റുകൾ പൊതുവെ ഏറ്റവും പിന്നിൽ മൂന്നാം സ്ഥാനത്താകും.

## മറ്റ് വോട്ടിംഗ് സംവിധാനങ്ങൾ

പബ്ലിക് ചോയ്സിലെ ആദ്യകാല പ്രവർത്തനങ്ങൾ ഭൂരിഭാഗവും യു.കെയിലും യു.എസിലും നിലനിന്നിരുന്ന ഫസ്റ്റ്-പാസ്റ്റ്-ദി-പോസ്റ്റ് (മുന്നിലെത്തുന്നയാൾ വിജയിയാവുന്ന) ഏകകക്ഷി സംവിധാനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ഇത്തരം സംവിധാനങ്ങളിൽ രാജ്യം ഭൂമിശാസ്ത്രപരമായ വിവധ മണ്ഡലങ്ങളായി തിരിച്ച്, ഓരോന്നിലും നിരവധി സ്ഥാനാർത്ഥികൾ മത്സരിക്കുന്നു. ഒരു മണ്ഡലത്തിൽ നിന്നും ഏറ്റവും കൂടുതൽ വോട്ടുകൾ നേടിയ സ്ഥാനാർത്ഥി നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നു. രേഖപ്പെടുത്തിയ വോട്ടുകളിൽ ഭൂരിഭാഗവും വിജയിക്കുന്ന സ്ഥാനാർത്ഥികൾ

നേടുമെന്ന് ഇതിനർത്ഥമില്ല. പലപ്പോഴും നിരവധി സ്ഥാനാർത്ഥികൾക്കിട യിൽ വോട്ടുകൾ ഭിന്നിക്കപ്പെട്ടാൽ, വോട്ട് ചെയ്യുന്നവരിൽ ഒരു ചെറിയ ന്യൂനപക്ഷത്തിന്റെ പിന്തുണയിൽ മാത്രമാണ് വിജയിയെ തിരഞ്ഞെടു ക്കുന്നത്.

ഇത്തരം ആശങ്കകൾ യൂറോപ്യൻ രാജ്യങ്ങൾ ഉൾപ്പെടെ മറ്റ് പല രാജ്യങ്ങ ളിലും ആനുപാതിക പ്രതിനിധി സംവിധാനങ്ങൾ സ്വീകരിക്കുന്നതിലേക്ക് നയിച്ചിട്ടുണ്ട്. ഈ സംവിധാനങ്ങളിൽ പലതിലും രാഷ്ട്രീയ പാർട്ടികൾ അവരുടെ ഇഷ്ടപ്പെട്ട സ്ഥാനാർത്ഥികളുടെ പട്ടിക തയ്യാറാക്കുന്നു. വോട്ടർമാർ വ്യക്തിക്ക് പകരം പാർട്ടിക്ക് വോട്ട് ചെയ്യുന്നു. ഓരോ പാർട്ടിയും നേടിയ വോട്ടുകളുടെ അടിസ്ഥാനത്തിലാണ് പാർട്ടികൾക്കിടയിൽ സീറ്റുകൾ വിതരണം ചെയ്യുന്നത്. ന്യൂനപക്ഷ പാർട്ടിയുടെ സ്ഥാനാർത്ഥികൾക്ക് നിയമസഭയിൽ ന്യായമായ പ്രാതിനിധ്യം ലഭിക്കുന്നതിന് ഇത് കാരണമാകും. എന്നാൽ ഈ സംവിധാനം സ്ഥാനാർത്ഥി പട്ടിക തയ്യാറാക്കുന്ന പാർട്ടി മുതലാളിമാർക്ക് ഗണ്യമായ അധികാരം നൽകുകയും, പ്രതിനിധികൾ സ്വന്തം വോട്ടർമാരോട് കൂറ് കാണിക്കുന്ന ഏകകക്ഷി സമ്പ്രദായത്തേക്കാൾ അജണ്ടയിൽ അമിതമായ സ്വാധീനം ചെലുത്താൻ അവസരം നൽകുകയും ചെയ്യുന്നു.

ആനുപാതിക പ്രാതിനിധ്യം പലപ്പോഴും ന്യൂനപക്ഷ അല്ലെങ്കിൽ കൂട്ടുകക്ഷി സർക്കാരുകളെ സൃഷ്ടിക്കുന്നു എന്നതാണ് മറ്റൊരു പ്രശ്നം. ഇതിന് വ്യത്യസ്ത കക്ഷികൾക്കിടയിൽ വിട്ടുവീഴ്ച ആവശ്യമായതിനാൽ, ആരും യഥാർത്ഥത്തിൽ ആഗ്രഹിക്കാത്ത ഒരു ഹൈബ്രിഡ് നയപരിപാടിക്ക് കാരണ മാകുന്നു. ഒരു നിയോജകമണ്ഡലത്തിൽ ഒരു അംഗം മാത്രം തിരഞ്ഞെടുക്ക പ്പെടുന്ന എന്നാൽ വോട്ടർമാർ സ്ഥാനാർത്ഥികളെ മുൻഗണനാക്രമത്തിൽ റാങ്ക് ചെയ്യുന്ന ബദൽ വോട്ട് സംവിധാനത്തെക്കുറിച്ചും ഇതേ വിമർശനം ഉന്നയിക്കപ്പെടുന്നു. ഏറ്റവും താഴ്ന്ന റാങ്കിലുള്ള സ്ഥാനാർത്ഥികളെ ഒഴിവാക്കുകയും, ഒരാൾ ഭൂരിപക്ഷം നേടി വിജയിക്കുന്നതുവരെ വോട്ടർ മാരുടെ രണ്ടാം മുൻഗണന വോട്ടുകൾ ശേഷിക്കുന്ന സ്ഥാനാർത്ഥികൾ ക്കിടയിൽ വിതരണം നടത്തുകയും ചെയ്യുന്നു. വിജയിക്കുന്ന സ്ഥാനാർത്ഥി 50 ശതമാനത്തിൽ താഴെ വോട്ടർമാരുടെ ശക്തമായ പിന്തുണയുള്ള ഒരാളേ ക്കാൾ, 50 ശതമാനത്തിൽ കൂടുതൽ വോട്ടർമാർക്ക് ഏറ്റവും കുറച്ചുമാത്രം നീരസം തോന്നുന്ന ആളായിരിക്കാം. ബദൽ വോട്ട് സംവിധാനവും ഫസ്റ്റ്-പാസ്റ്റ്-ദി-പോസ്റ്റ്, ഏകകക്ഷി സംവിധാനവും വ്യത്യസ്ത ഫലങ്ങൾ ഉളവാക്കുന്നു, എന്നാൽ ഒന്ന് മറ്റൊന്നിനേക്കാൾ മികച്ചതാണെന്ന് പറയാൻ കഴിയില്ല.

**യുക്തിപരമായ അജ്ഞത**

ഒരു രാഷ്ട്രീയ തിരഞ്ഞെടുപ്പ് വോട്ടർമാരിൽ നിന്ന് കുറച്ച് സമയവും പരിശ്രമവും ആവശ്യപ്പെടുന്നു. പോളിംഗ് സ്റ്റേഷനിലെത്തി ബാലറ്റ് ഫോം പൂരിപ്പിക്കാനുള്ള മിതമായ സമയവും പരിശ്രമവും മാത്രമല്ല ഇത്. സ്ഥാനാർത്ഥികളെയും അവരുടെ നയങ്ങളെയും കുറിച്ച് വ്യക്തമായി മനസ്സിലാക്കി, കാര്യവിവരത്തോടെ ശരിയായ തിരഞ്ഞെടുപ്പ് നടത്താനുള്ള

സമയവും പരിശ്രമവും.

ഇതിന്റെ നേട്ടവും നഷ്ടവും കണക്കിലെടുക്കുമ്പോൾ, വോട്ടർമാരെ സംബന്ധിച്ചിടത്തോളം ഇത് വലിയൊരു കടമയാണ്. അടുത്ത നാലോ അഞ്ചോ വർഷത്തേക്ക് രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയുടെ പകുതിയോളം നിയന്ത്രിക്കാൻ കഴിയുന്ന ഒരു സർക്കാരിനെയാണ് അവർ തിരഞ്ഞെടുക്കുന്നത്. പ്രതിരോധം, വിദ്യാഭ്യാസം, ക്ഷേമം, പോലീസിംഗ്, ആരോഗ്യ സംരക്ഷണം, വ്യവസായം, ധനകാര്യം, ഗതാഗതം, പൊതുസുരക്ഷ മുതലായവയുടെ നിയന്ത്രണത്തിന്റെ അഞ്ച് വർഷത്തെ കുത്തക ആർക്കാണ് നൽകേണ്ടത് എന്ന ചോദ്യം അവരെ തിരഞ്ഞെടുക്കുന്ന വോട്ടർമാരുടെ ഗഹനമായ ചിന്തയ്ക്കും പരിശോധനയ്ക്കും തീർച്ചയായും യോഗ്യമാണല്ലോ.

എന്നിരുന്നാലും ഏതെങ്കിലും ഒരു വോട്ടറുടെ ചോയ്സിന് തിരഞ്ഞെടുപ്പ് ഫലത്തിൽ മാറ്റമുണ്ടാക്കാൻ സാധിക്കുകയില്ല. അങ്ങനെ സംഭവിച്ചാലും അത് അവർ ആഗ്രഹിച്ച ഫലം നൽകിയേക്കില്ല. ഉദാഹരണത്തിന്, തോൽക്കാൻ സാധ്യതയുള്ള ഒരു ലേബർ സ്ഥാനാർത്ഥിക്ക് സത്യസന്ധമായി വോട്ട് ചെയ്യുന്നത്, വോട്ടർമാർ വെറുക്കുന്ന കൺസർവേറ്റീവുകളെ തോൽപ്പിക്കാൻ ലിബറൽ ഡെമോക്രാറ്റുകൾക്ക് കിട്ടാവുന്ന ഒരു വോട്ട് നിഷേധിക്കാൻ ഇടയാക്കും.

വോട്ടർമാർ മറ്റൊരു അനിശ്ചിതത്വവും നേരിടുന്നു. ഒരു വിപണിയിൽ എല്ലായ്പ്പോഴും വിലകൾ സുതാര്യമോ, ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം വ്യക്തമോ ആകണമെന്നില്ല. പൊതുവായി പറഞ്ഞാൽ, നിങ്ങൾ ഒരു കാപ്പി വാങ്ങുകയാണെങ്കിൽ അതിന്റെ വില എന്താണെന്നും പകരം നിങ്ങൾക്ക് എന്ത് ലഭിക്കുമെന്നും നിങ്ങൾക്ക് വ്യക്തമായി അറിയാം. നിങ്ങൾ മുഴുവൻ ചെലവും വഹിക്കുകയും നിങ്ങൾക്ക് മുഴുവൻ ആനുകൂല്യം ലഭിക്കുകയും ചെയ്യുന്നു. എന്നാൽ രാഷ്ട്രീയത്തിൽ ചെലവുകളും ആനുകൂല്യങ്ങളും നിരവധി ആളുകൾക്കിടയിൽ വ്യാപിച്ചിരിക്കുന്നു. പൊതുജനാരോഗ്യ സംരക്ഷണം പോലുള്ള ഒരു പദ്ധതിക്ക് നിങ്ങൾ വോട്ട് ചെയ്താൽ, അതിൽ വ്യക്തിപരമായി നിങ്ങൾക്ക് എന്ത് ചെലവാകുമെന്നോ, അതിൽ നിന്ന് എത്ര ആനുകൂല്യം ലഭിക്കുമെന്നോ നിങ്ങൾക്ക് അറിയില്ല. നിങ്ങൾക്ക് ഒരു മികച്ച ജോലി ലഭിക്കുകയും, നിങ്ങൾ ഉയർന്ന നികുതി ബ്രാക്കറ്റിലേക്ക് മാറുകയും, കൂടുതൽ പണം നൽകുകയും ചെയ്തേക്കാം; അല്ലെങ്കിൽ ആ പദ്ധതിയുടെ സേവനം ആവശ്യമായി വരുന്ന വിധം നിങ്ങൾക്ക് ഒരിക്കലും അസുഖം വന്നേക്കില്ല.

ചെലവുകളെയും ആനുകൂല്യങ്ങളെയും സംബന്ധിച്ച ഈ അനിശ്ചിതത്വവും നിങ്ങളുടെ വോട്ട് ഒരു തിരഞ്ഞെടുപ്പിൽ യഥാർത്ഥവും പ്രവചനാതീതവുമായ സ്വാധീനം ചെലുത്താനുള്ള നേരിയ സാധ്യതയും ആന്റണി ഡൗൺസ് വിവരിച്ച യുക്തിപരമായ അജ്ഞതയ്ക്ക് കാരണമാകുന്നു. ഈ ചിന്ത ഡെമോക്രാറ്റുകൾക്ക് അസ്വസ്ഥതയുണ്ടാക്കാം. പക്ഷേ യുക്തിപരമായി വോട്ടർമാർ പറയുന്നത് തികച്ചും ശരിയാണ്: സ്ഥാനാർത്ഥികളെക്കുറിച്ചോ അവരുടെ നയങ്ങളെക്കുറിച്ചോ നന്നായി

മനസ്സിലാക്കാൻ അവരുടെ സമയവും പരിശ്രമവും ചെലവഴിക്കുന്നതിൽ യാതൊരു അർഥവുമില്ല.

### വോട്ട് എന്ന ലക്ഷ്യം

വാസ്തവത്തിൽ യുക്തിബോധമുള്ള ആളുകൾ വോട്ട് ചെയ്യാൻ മെനക്കെടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമല്ല. ഒരുപക്ഷേ അത് തങ്ങളുടെ കടമയാണെന്ന തോന്നൽ കൊണ്ടായിരിക്കാം, അതിന്റെ ഫലം എത്ര നിസ്സാരമാണെങ്കിലും. ഉദാഹരണത്തിന്, നമ്മുടെ പ്രിയപ്പെട്ട ഫുട്ബോൾ ടീമിനെ പ്രോത്സാഹിപ്പിക്കുന്നത് പോലെ. ആളുകൾ വോട്ട് ചെയ്യുന്നു എന്നത് ഒരു വസ്തുതയാണ്. പബ്ലിക് ചോയ്സ് പറയുന്നത് സ്വന്തം താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടുമെന്ന പ്രതീക്ഷയിലാണ് അവർ വോട്ട് ചെയ്യുന്നത് എന്നാണ്.

രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾ സ്വന്തം താൽപ്പര്യങ്ങൾക്കായി പ്രവർത്തിക്കുന്നു. ബ്ലാക്ക്, ഡൗൺസ് തുടങ്ങിയ ആദ്യകാല പബ്ലിക് ചോയ്സ് സൈദ്ധാന്തികരുടെ അഭിപ്രായത്തിൽ അവരുടെ ലക്ഷ്യം വോട്ടുകൾ ശേഖരിക്കുകയും അവരുടെ പാർട്ടിയെ തിരഞ്ഞെടുപ്പിൽ വിജയിപ്പിക്കുകയും ചെയ്യുക എന്നതാണ്. അവർ വിലമതിക്കുന്ന അധികാരത്തിന്റെയും പദവിയുടെയും ഉറവിടം അതാണ്. വോട്ട് എന്ന ലക്ഷ്യമാണ് അവരുടെ രാഷ്ട്രീയ നിലപാടുകളെ രൂപപ്പെടുത്തുന്നത്. അവർ നയങ്ങൾ തീരുമാനിക്കുന്നത് അവ ശരിയാണെന്ന് അവർ കരുതുന്നതുകൊണ്ടാകണം എന്നില്ല, മറിച്ച് അവർ വിജയിക്കുമെന്ന് കരുതുന്നതിനാലാണ്.

ഈ കാഴ്ചപ്പാടിൽ നിസ്സംശയമായും ഒരു വലിയ കാര്യമുണ്ട്. അഭിപ്രായ സർവേകളുടെ മാത്രം ബലത്തിൽ രാഷ്ട്രീയ പാർട്ടികൾ നയങ്ങൾ സ്വീകരിക്കുന്നതും ഉപേക്ഷിക്കുന്നതും നാമെല്ലാവരും കണ്ടിട്ടുണ്ട്. രാഷ്ട്രീയ പാർട്ടികൾ ഒരു നയത്തിൽ നിന്ന് മറ്റൊന്നിലേക്ക് അനായാസേന നീങ്ങുന്നില്ലെന്ന് സമീപകാല പബ്ലിക് ചോയ്സ് സൈദ്ധാന്തികർ വാദിക്കുന്നു. അവർക്ക് ഒരു വിശാലമായ പ്രത്യയശാസ്ത്രമുണ്ട്, ആ ലോകവീക്ഷണവുമായി പൊരുത്തപ്പെടുന്ന നയങ്ങൾ മാത്രമേ അവർ സ്വീകരിക്കുകയുള്ളൂ. തിരഞ്ഞെടുപ്പ് നേട്ടത്തിനായി തങ്ങളുടെ തത്വങ്ങളോ നയങ്ങളോ പെട്ടെന്ന് ഉപേക്ഷിച്ചാൽ അവരുടെ വിശ്വാസ്യത നഷ്ടപ്പെടും. പ്രത്യയശാസ്ത്രപരമായ നിലപാട് സ്വീകരിക്കുന്നത് തന്നെ വോട്ട് നേടാനുള്ള ഒരു ഉപാധിയായിരിക്കാം. വോട്ടർമാർ യുക്തിപരമായി അജ്ഞരാണെങ്കിലും, രാഷ്ട്രീയ പ്രക്രിയയെക്കുറിച്ച് അറിവില്ലാത്ത വോട്ടർമാർ പോലും തിരിച്ചറിയുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന വിശാലമായ ലേബലോ സമീപനമോ ഉപയോഗിച്ച് മാത്രമേ പാർട്ടികൾക്ക് അവരെ ആകർഷിക്കാൻ കഴിയൂ.

### മധ്യസ്ഥാനത്തേക്കുള്ള നീക്കം

ഡങ്കൻ ബ്ലാക്ക് അദ്ദേഹത്തിന്റെ മീഡിയൻ വോട്ടർ സിദ്ധാന്തത്തിലൂടെ പറഞ്ഞ മറ്റൊരു കാര്യം വോട്ട് തേടുന്ന പാർട്ടികൾ മധ്യസ്ഥാനത്തിന് വേണ്ടി

ശ്രമിക്കും എന്നതാണ്.

പ്രതിരോധത്തിനായി എത്ര ചെലവഴിക്കണം എന്നതുപോലുള്ള ലളിതമായ ഒരു വിഷയം എടുക്കുക. പബ്ലിക് ചോയ്സ് സൈദ്ധാന്തികർ ഇവയെ ഏകമാന പ്രശ്നങ്ങൾ എന്ന് വിളിക്കുന്നു. കാരണം ഇതിൽ ആളുകളുടെ തീരുമാനം ഒറ്റ സ്കെയിലിൽ നിൽക്കുന്നു – അത് പൂജ്യത്തിനും വലിയ ഒരു സംഖ്യയ്ക്കും ഇടയിലാണ്.

പ്രതിരോധത്തിനായി നമ്മൾ ഒന്നും ചെലവഴിക്കരുതെന്ന് ചുരുക്കം ചിലർ പറയും. നമ്മൾ നിലവിൽ ചെലവഴിക്കുന്നതിനേക്കാൾ കൂടുതൽ ചെലവഴിക്കണമെന്ന് മറ്റ് ചിലർ പറയും. എന്നാൽ ഒരു മണിയുടെ ആകൃതി പോലെ മിക്ക ആളുകളും മധ്യത്തിൽ ഏതെങ്കിലും ഒരു ബിന്ദുവിന് ചുറ്റും കൂട്ടം കൂടാൻ സാധ്യതയുണ്ട്. വിരസമായ ഒരു പദപ്രയോഗം ഉപയോഗിക്കുകയാണെങ്കിൽ, അവരുടെ മുൻഗണനകൾ ഏകമാനമാണ്. മധ്യത്തിൽ കൂടുതൽ വോട്ടർമാർ ഉണ്ടെന്ന് മാത്രമല്ല, ഒരു പാർട്ടി വോട്ടർമാർ കൂട്ടം കൂടിയ സ്ഥാനത്തോട് അടുത്ത് നിൽക്കുന്ന നയം അവതരിപ്പിക്കുകയാണെങ്കിൽ, ഏതെങ്കിലും ഒരറ്റത്ത് നിൽക്കുന്ന വോട്ടർമാരുടെ പിന്തുണ കൂടി ലഭിക്കാൻ സാധ്യതയുണ്ട്. അതിനാൽ ഒരു തീവ്ര പാർട്ടിയുടെ യുക്തിപരമായ വോട്ട് ശേഖരണ തന്ത്രം മധ്യത്തിലേക്ക് നീങ്ങുകയും, അതേസമയം തങ്ങളുടെ തീവ്ര അനുയായികൾ അതിനൊപ്പം നിൽക്കുമെന്നും മിതവാദി വോട്ടർമാരിൽ വലിയൊരു വിഭാഗത്തെ കൂട്ടിച്ചേർക്കാമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുക എന്നതാണ്. വാസ്തവത്തിൽ ഒരു പാർട്ടി മധ്യത്തോട് അടുക്കുന്തോറും അകലെയുള്ള മറ്റേതൊരു പാർട്ടിയെക്കാളും അതിന് കൂടുതൽ നേട്ടമുണ്ടാകും.

രാഷ്ട്രീയ പാർട്ടികൾ അഭിപ്രായ കേന്ദ്രത്തിൽ കൂട്ടം കൂടുകയും 'മീഡിയൻ വോട്ടറിനോട്' ചേർന്ന് നിൽക്കാൻ ശ്രമിക്കുകയും ചെയ്യുന്നു എന്നതാണ് ഇതിന്റെ ഫലം എന്ന് ബ്ലാക്ക് പറയുന്നു. ഈ വീക്ഷണത്തിൽ വലിയൊരു സത്യമുണ്ട്. യു.കെ., യു.എസ്. തുടങ്ങിയ രാജ്യങ്ങളിലെ വോട്ടർമാർ പലപ്പോഴും പാർട്ടികൾക്കിടയിൽ 'യാതൊരു വ്യത്യാസവുമില്ല' എന്ന് പരാതിപ്പെടുന്നു. എന്നിരുന്നാലും ലളിതമായ ഈ ആശയം സമീപകാലത്ത് വിവിധ കാരണങ്ങളാൽ വെല്ലുവിളിക്കപ്പെടുകയും വലിയതോതിൽ നിരാകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

ഒന്നാമതായി വ്യതിരിക്തവും ഏകമാനവുമായ ഒരു പ്രശ്നത്തിൽ ഇത് ഫലപ്രദമായേക്കാം. എന്നാൽ സങ്കീർണ്ണവും പരസ്പരബന്ധിതവും അഭിപ്രായം പല ശിഖരങ്ങളായി വിഭജിക്കപ്പെടുകയും ചെയ്യുന്ന നിരവധി പ്രശ്നങ്ങൾ ഉണ്ടാകുന്ന സാഹചര്യങ്ങളിൽ ഇത് ഫലപ്രദമാകില്ല. വോട്ടർമാർ എന്താണ് ചിന്തിക്കുന്നതെന്ന് പാർട്ടികൾക്ക് അറിയാമെന്നും വോട്ട് നേടുന്നതിനായി അവർ സന്തോഷത്തോടെ സ്വന്തം നിലപാട് മാറ്റുമെന്നും ഇത് അനുമാനിക്കുന്നു. കൂടാതെ ആ നിലപാട് മാറ്റത്തിന്റെ അടിസ്ഥാനത്തിൽ വോട്ട് ചെയ്യാൻ വോട്ടർമാർക്ക് വേണ്ടത്ര അറിവുണ്ടെന്നും, പാർട്ടികൾ അവരുടെ പുതിയ നയം നടപ്പിലാക്കാൻ യഥാർത്ഥത്തിൽ

പ്രതിജ്ഞാബദ്ധരാണെന്ന് വോട്ടർമാർ വിശ്വസിക്കുകയും ചെയ്യുന്നു.

ഒരു യഥാർത്ഥ ജീവിത ഉദാഹരണം എടുക്കാം. രണ്ട് പ്രധാന പ്രശ്നങ്ങളും മൂന്ന് പാർട്ടികളും ഉണ്ടെന്ന് കരുതുക. അപ്പോൾ സ്ഥാനനിർണ്ണയ ജ്യാമിതി കൂടുതൽ സങ്കീർണ്ണമാകും. മധ്യത്തിൽ നിന്ന് അകന്നുപോകുന്ന പാർട്ടി – വളരെ അകലെയല്ലെങ്കിൽ – മറ്റ് രണ്ട് പാർട്ടികളെ അപേക്ഷിച്ച് വിലപ്പെട്ട പിന്തുണ നേടിയേക്കാം. അതിനാൽ ഒരു ത്രികക്ഷി സംവിധാനത്തിൽ പാർട്ടികൾക്കിടയിൽ വലിയ വ്യത്യാസങ്ങൾ നമുക്ക് പ്രതീക്ഷിക്കാം.

എന്നാൽ ഇത് പോലും അമിതമായി നിസ്സാരവൽക്കരിച്ചിരിക്കുന്നു. വാസ്തവത്തിൽ പാർട്ടികൾ തന്നെ വ്യത്യസ്തവും പരസ്പരവിരുദ്ധവുമായ താൽപ്പര്യങ്ങളുള്ള ആളുകളുടെ കൂട്ടായ്മയാണ്. അവർ അവതരിപ്പിക്കുന്ന നയ പാക്കേജിൽ ജനപ്രിയമല്ലാത്തതും ജനപ്രിയവുമായ നടപടികളും ഉൾപ്പെടാൻ സാധ്യതയുണ്ട്. അത് വോട്ടർമാരെ ആശയക്കുഴപ്പത്തിൽ ആക്കിയേക്കാം. മീഡിയൻ വോട്ടർ സിദ്ധാന്തത്തിൽ ചില സത്യങ്ങൾ ഉണ്ടെങ്കിലും യഥാർത്ഥ രാഷ്ട്രീയം കൂടുതൽ സങ്കീർണ്ണമാണ്.

### യുക്തിബോധമുള്ള വോട്ടർ എന്ന മിഥ്യ

ബ്ലാക്കും മറ്റ് ആദ്യകാല പബ്ലിക് ചോയ്സ് സൈദ്ധാന്തികരും ചിത്രീകരിച്ചതു പോലെ രാഷ്ട്രീയ പാർട്ടികൾ അവസരവാദ വോട്ട് വേട്ടക്കാരല്ലെങ്കിൽ പോലും, രാഷ്ട്രീയ പ്രക്രിയയെക്കുറിച്ച് അമിതമായി ശുഭാപ്തിവിശ്വാസം പുലർത്തുന്നത് ബുദ്ധിശൂന്യമാണ്. 2007-ൽ യു.എസ്. സാമ്പത്തിക ശാസ്ത്രജ്ഞനായ ബ്രയാൻ കാപ്ലൻ തിരഞ്ഞെടുപ്പുകളിൽ ഉത്തരവാദിത്തത്തോടെ വോട്ട് ചെയ്യുമെന്ന് വിശ്വസിക്കാവുന്ന ന്യായബോധമുള്ള ആളുകളാണ് വോട്ടർമാർ എന്ന അടിസ്ഥാന കാഴ്ചപ്പാടിനെ വെല്ലുവിളിച്ചു. നേരെമറിച്ച് അവർ നിരവധി യുക്തിരഹിതമായ മുൻവിധികൾ കൊണ്ട് വലയുന്നവരാണ് എന്നദ്ദേഹം പറഞ്ഞു. ചെലവ് തങ്ങളുടെ മാത്രം ബാധ്യതയാകില്ലെന്നും, അത് മുഴുവൻ ജനങ്ങളിലേക്കും വ്യാപിക്കുമെന്നും അറിയാവുന്നതിനാൽ അത്തരം മുൻവിധികളിൽ ഏർപ്പെടാൻ അവർക്ക് കഴിയും.

ഒന്നാമതായി, വോട്ടർമാർ തൊഴിൽ നഷ്ടം എന്ന യാഥാർത്ഥ്യത്തെ വെറുക്കുന്നു. സാങ്കേതികവും ഉൽപ്പാദനക്ഷമതാപരവുമായ മെച്ചപ്പെടുത്തലുകൾ കാരണം തൊഴിലാളികൾക്ക് മറ്റെവിടെയെങ്കിലും മികച്ച ജോലി ലഭിക്കുമെന്ന് മറന്നുകൊണ്ട് അവർ കൃഷിക്കും മറ്റ് വ്യവസായങ്ങൾക്കും സബ്സിഡികൾക്കായി വോട്ട് ചെയ്യുന്നു. വോട്ടർമാർ സാമ്പത്തിക വിദഗ്ധരായിരിക്കണമെന്നില്ല, അതിനാൽ നല്ലതും ചീത്തയുമായ സാമ്പത്തിക നയങ്ങളുടെ രണ്ടാം ഘട്ട ഫലങ്ങൾ അവർ കാണുന്നില്ല. രണ്ടാമതായി, വോട്ടർമാർ വിദേശികളോട് പക്ഷപാതപരമായി പെരുമാറുന്നു എന്ന് കാപ്ലൻ പറയുന്നു. സ്വതന്ത്ര വ്യാപാരത്തിന്റെ നേട്ടങ്ങളെ സ്വാഗതം ചെയ്യുന്നതിനു പകരം സ്വദേശീയമായ ജോലികൾക്ക് ഒരു ഭീഷണിയായി വോട്ടർമാർ അവരെ കാണുന്നു. മൂന്നാമതായി, ദീർഘകാലാടിസ്ഥാനത്തിൽ കാര്യങ്ങൾ പൊതുവെ മെച്ചപ്പെടുന്നുവെന്ന് തിരിച്ചറിയുന്നതിനുപകരം സമ്പദ് വ്യവസ്ഥയിലെ പ്രശ്നങ്ങളെ അവർ പെരുപ്പിച്ചുകാണുന്നു. നാലാമതായി, അവർ വിപണി സംവിധാനത്തിന്റെ നേട്ടങ്ങളെ കുറച്ചുകാണുകയും രാഷ്ട്രീയ

സംരംഭങ്ങളുടെ ഫലപ്രാപ്തിയെ ഊതിപ്പെരുപ്പിക്കുകയും ചെയ്യുന്നു.

അതുകൊണ്ട് ഒരുപക്ഷേ സർക്കാറിന്റെ പരാജയത്തോടൊപ്പം ജനാധിപത്യത്തിന്റെ പരാജയവും നാം പരിഗണിക്കേണ്ടതുണ്ട്. വോട്ടിംഗ് സംവിധാനം മൂലമോ രാഷ്ട്രീയക്കാരുടെയും ഉദ്യോഗസ്ഥരുടെയും സ്വാർത്ഥതാൽപ്പര്യങ്ങൾ കൊണ്ടോ അല്ലെങ്കിൽ സംഘടിത താൽപ്പര്യ ഗ്രൂപ്പുകൾ പൊതുചർച്ചയിൽ ആധിപത്യം പുലർത്തുന്നതിനാലോ സർക്കാർ തീരുമാനങ്ങൾ വികലമാകുമെന്നത് തികച്ചും ശരിയാണ്. എന്നാൽ വോട്ടിംഗ് സംവിധാനം പൊതുജനാഭിപ്രായത്തെ കാര്യക്ഷമമായി പ്രതിഫലിപ്പിച്ചാലും, രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും പൊതുജനങ്ങളുടെ ആഗ്രഹങ്ങൾ സത്യസന്ധതതയോടെ നടപ്പിലാക്കിയാലും, പൊതുപ്രവർത്തനത്തിന്റെ പരിണതഫലം അപ്പോഴും യുക്തിരഹിതമായിരിക്കാം, കാരണം വോട്ടർമാർ യുക്തിബോധമില്ലാത്തവരാണ്. ഇതുമായി ബന്ധപ്പെട്ട നിരവധി സിദ്ധാന്തങ്ങളുണ്ട് എന്നാൽ അവയെല്ലാം ഒരേ ദിശയിലേക്ക് വിരൽ ചൂണ്ടുന്നു – 'വിപണി പരാജയങ്ങൾ' എന്ന് വിളിക്കപ്പെടുന്നവ കൈകാര്യം ചെയ്യാൻ സർക്കാർ സജ്ജമല്ല. രാഷ്ട്രീയക്കാർക്കും ഉദ്യോഗസ്ഥർക്കും എന്തൊക്കെ നടപ്പാക്കാമെന്നും അതിനുവേണ്ടി എന്ത് ചെയ്യണമെന്നും നന്നായി അറിയാമായിരിക്കും – ഉദാഹരണത്തിന്, നഷ്ടത്തിലായ വ്യവസായങ്ങൾ അടച്ചുപൂട്ടുക – പക്ഷേ വോട്ടർമാരുടെ യുക്തിരഹിതമായ മുൻവിധികൾക്ക് വഴങ്ങുകയും നഷ്ടത്തിലായ വ്യവസായങ്ങൾക്ക് സബ്സിഡി നൽകുന്നത് പോലുള്ള ഫലപ്രദമല്ലാത്തതോ വിപരീതഫലമോ നൽകുമെന്ന് അവർക്കറിയാവുന്ന കാര്യങ്ങൾ ചെയ്യുകയും ചെയ്തേക്കാം. നേരത്തെ സൂചിപ്പിച്ചതുപോലെ സോസേജുകൾ ഉണ്ടാക്കുന്നതും നിയമങ്ങൾ നിർമ്മിക്കുന്നതും ഒരുപോലെയാണ്, രണ്ടും അത്ര സുഖകരമല്ലാത്ത ഏർപ്പാടായി തുടരുന്നു.

## 5. ന്യൂനപക്ഷങ്ങളുടെ സ്വേച്ഛാധിപത്യ പ്രവണത

വിപണി ഇടപാടുകൾ സ്വമേധയാ നടത്തുന്നതാണ്: നിബന്ധനകൾ ഇഷ്ടപ്പെട്ടില്ലെങ്കിൽ ഇരുകക്ഷികൾക്കും ഇടപാടിൽ നിന്ന് പിൻമാറാം. എന്നാൽ രാഷ്ട്രീയം ഒരു നിർബന്ധിത പ്രവർത്തിയാണ്: കൂട്ടായ തീരുമാനമെടുത്താൽ, അതിൽ അതൃപ്തിയുണ്ടെങ്കിലും എല്ലാവരും അത് പാലിക്കണം. അവർ ഈ കൂട്ടുകരാറിൽ നിന്ന് ഒഴിഞ്ഞുമാറാൻ ശ്രമിച്ചാൽ – ഉദാഹരണത്തിന്, നികുതി അടയ്ക്കാതിരിക്കുക – ഭരണകൂടത്തിന് അതിന്റെ അധികാരം ഉപയോഗിച്ച് അവരെ നിർബന്ധിക്കാം.

കാരണം ന്യായമാണെങ്കിൽ പോലും ബലപ്രയോഗവും ബലപ്രയോഗ ഭീഷണിയും ഒരിക്കലും അഭികാമ്യമല്ല. എന്നാൽ ഭൂരിപക്ഷ ഭരണത്തിന്റെ അതിലും അസ്വാസ്ഥ്യകരമായ ഒരു സവിശേഷത ഭൂരിപക്ഷത്തിന് അവരുടെ അധികാരം ഉപയോഗിച്ച് ന്യൂനപക്ഷത്തെ അന്യായമായി നിർബന്ധിക്കാനോ അവരുടെ മേൽ ഉയർന്ന നികുതി ചുമത്താനോ അവരുടെ സ്വാതന്ത്ര്യങ്ങൾ ഇല്ലാതാക്കാനോ കഴിയുമെന്നതാണ്. ഇതെല്ലാം ഭരണകൂടത്തിന്റെ പിൻബലത്തിൽ അവർക്ക് നടത്തിയെടുക്കാം.

കാര്യങ്ങൾ യഥാർത്ഥത്തിൽ 'ഒരാടും രണ്ട് ചെന്നായ്ക്കളും' എന്ന പ്രശ്നത്തേക്കാൾ ഭയാനകമാണ്. ഭൂരിപക്ഷ വോട്ടിംഗിന് കീഴിൽ ഭൂരിപക്ഷത്തിന് ന്യൂനപക്ഷത്തെ ചൂഷണം ചെയ്യാൻ പറ്റുമെന്ന് മാത്രമല്ല, ചെറിയ, സംഘടിത ന്യൂനപക്ഷങ്ങൾക്ക് ഒത്തുചേർന്ന് വിശാലവും അസംഘടിതവുമായ ഭൂരിപക്ഷത്തിൽ അവരുടെ ഇഷ്ടം അടിച്ചേൽപ്പിക്കാനും കഴിയും. നിയമസഭയിലേക്കുള്ള പ്രതിനിധികളുടെ തിരഞ്ഞെടുപ്പിൽ ഇത് തികച്ചും സത്യമാണ്.

### കേന്ദ്രീകൃതവും വ്യാപിച്ചതുമായ താൽപ്പര്യങ്ങൾ

പ്രത്യേക താൽപ്പര്യ ഗ്രൂപ്പുകൾ സ്വന്തം താൽപ്പര്യങ്ങൾക്കായി ശക്തമായി പ്രചാരണം നടത്തുന്നു എന്നത് ഏറെക്കാലമായി വ്യക്തമാണ്. പബ്ലിക് ചോയ്സ് ഇക്കണോമിക്സിന്റെ തത്വങ്ങൾ പ്രയോഗിച്ചുകൊണ്ട് മാൻകർ ഓൾസണും വില്യം എച്ച്. റൈക്കറും ഈ പ്രതിഭാസത്തെ ആഴത്തിൽ പഠിച്ചിട്ടുണ്ട്.

അത്തരം ഗ്രൂപ്പുകളിലെ അംഗങ്ങൾ – തക്കാളി കർഷകരോ അല്ലെങ്കിൽ മ്യൂസിക് കമ്പനികളോ – തങ്ങളുടെ സംയുക്ത താൽപ്പര്യം സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും ശ്രമിക്കുമെന്ന് പബ്ലിക് ചോയ്സ് അനുമാനിക്കുന്നു. ഓൾസൺ സൂചിപ്പിച്ചതുപോലെ രാഷ്ട്രീയമായി സംഘടിക്കാൻ അവർക്ക് ശക്തമായ പ്രചോദനമുണ്ട്. ഒന്നാമതായി, കൂട്ടായ തീരുമാനങ്ങൾ അനുകൂലമാകുമ്പോൾ (അല്ലെങ്കിൽ പ്രതികൂലമാകുമ്പോൾ) അവർക്ക് ധാരാളം നേട്ടങ്ങൾ (അല്ലെങ്കിൽ നഷ്ടങ്ങൾ) ഉണ്ടാകും. ഇത്തരം ഗ്രൂപ്പുകൾ ചെറുതും ഏകമാനവുമായതിനാൽ സംഘടിക്കാൻ താരതമ്യേന എളുപ്പമാണ്.

ഉപഭോക്താക്കളോ നികുതിദായകരോ പോലുള്ള വലിയ ഗ്രൂപ്പുകളുടെ കാര്യം നേരെ തിരിച്ചാണ്. പ്രചാരണത്തിന് ഊർജം പകരാൻ അവർക്ക് യാതൊരു പ്രോത്സാഹനവുമില്ല. ഈ ഗ്രൂപ്പുകളുടെ വലിപ്പം കാരണം കൂട്ടായ തീരുമാനങ്ങൾ ഒരു വ്യക്തിക്കുമേൽ ചെലുത്തുന്ന സ്വാധീനം ദൂരവ്യാപകവും തുച്ഛവുമാണ്. നാനാതരത്തിലുള്ള ആളുകൾ ഉള്ളതിനാൽ സംഘടിക്കാനും പ്രയാസമാണ്. അതിനാൽ ഒരു സംയുക്ത ലോബിയിംഗ് ശ്രമത്തിന് കാര്യമായ മാറ്റം വരുത്താനാകില്ലെന്ന് പലരും കരുതിയേക്കാം.

ഇതിന്റെ ഫലമായി കേന്ദ്രീകൃത താൽപ്പര്യങ്ങളുള്ള ചെറിയ ഗ്രൂപ്പുകൾ വ്യാപിത താൽപ്പര്യങ്ങളുള്ള വലിയ ഗ്രൂപ്പുകളെ അപേക്ഷിച്ച് കൂട്ടായ തീരുമാനമെടുക്കലിൽ കൂടുതൽ സജീവവും സമർത്ഥവും ഫലപ്രദവുമായ പങ്കാളികളാകാം. ഉദാഹരണത്തിന്, ഇറക്കുമതി ചെയ്ത തക്കാളിയുടെ നിരോധനം തക്കാളി കർഷകരെ സംബന്ധിച്ചിടത്തോളം ഒരു വലിയ കാര്യമാണെങ്കിലും, ഉപഭോക്താക്കൾക്ക് ഇത് സ്വതന്ത്രമായി തിരഞ്ഞെടുക്കാനുള്ള ഒരു ചെറിയ നഷ്ടം മാത്രമാണ്. അതുപോലെ ഒരു സംഗീതനിശയ്ക്ക് നൽകുന്ന ഗ്രാന്റ് ആ മ്യൂസിക് കമ്പനിയുടെ വരുമാനം ഇരട്ടിയാക്കിയേക്കാം, എന്നാൽ സാധാരണക്കാരുടെ നികുതി ബില്ലിൽ അത് വളരെ ചെറിയ ഒരു സംഖ്യയായിരിക്കും.

എന്നാൽ പലതുള്ളി പെരുവെള്ളം എന്നതുപോലെ ഈ ചെറിയ സംഖ്യകൾ കൂടിവന്നാൽ അത് വലിയ തുകയാവും. ബഹുഭൂരിപക്ഷത്തിന്റെ ചെലവിൽ പ്രത്യേകാനുകൂല്യങ്ങൾ നേടിയെടുക്കാൻ വൻതോതിൽ ന്യൂനപക്ഷ താൽപ്പര്യ ഗ്രൂപ്പുകൾ ക്യാംപെയ്ൻ നടത്തുന്നതിനാൽ, നമ്മൾ യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നതിലും കൂടുതൽ നിയന്ത്രണങ്ങൾ, കൂടുതൽ സബ്സിഡികൾ, ഉയർന്ന നികുതികൾ, വലിയ സർക്കാർ എന്നിവയിൽ ഇത് പരിണമിച്ചാലും അതിശയിക്കാനില്ല. രാഷ്ട്രീയ പ്രക്രിയയെക്കുറിച്ച് ശുഭാപ്തിവിശ്വാസം പുലർത്താൻ മതിയായ കാരണമില്ലെന്ന് ഇത് ഒരിക്കൽ കൂടി തെളിയിക്കുന്നു.

## താൽപ്പര്യ ഗ്രൂപ്പിന്റെ രാഷ്ട്രീയം

ലോബി ഗ്രൂപ്പുകൾക്ക് തങ്ങളുടെ പ്രത്യേക താൽപ്പര്യങ്ങൾക്ക് വേണ്ടി വോട്ടർമാരിലോ അവരെ പ്രതിനിധീകരിക്കുന്ന രാഷ്ട്രീയക്കാരിലോ കാര്യമായ സ്വാധീനം ചെലുത്താൻ കഴിയില്ലെന്ന് അവർക്ക് അറിയാം.

അതിനാൽ അവർ പലപ്പോഴും തങ്ങളുടെ ആവശ്യങ്ങൾ 'പൊതുതാൽപ്പര്യം' എന്ന വ്യാജേന അവതരിപ്പിക്കുന്നു. ഇറക്കുമതി നിരോധനത്തിലൂടെ വിദേശത്തുനിന്നുള്ള ഗുണനിലവാരം കുറഞ്ഞതോ രോഗബാധയുള്ളതോ ആയ തക്കാളികൾ ഒഴിവാക്കാനാകുമെന്നും കാർഷിക തൊഴിലും ക്ഷേമവും വർദ്ധിക്കുമെന്നും തക്കാളി കർഷകർ വാദിച്ചേക്കാം. മികച്ച സംഗീത സംസ്കാരം വളർത്തുന്നത് നമ്മുടെ സാംസ്കാരിക ഉന്നമനത്തിന് സഹായിക്കുമെന്നോ നമ്മുടെ രാജ്യം വിനോദസഞ്ചാരികൾക്ക് കൂടുതൽ ആകർഷകമായ ഒരു സ്ഥലമാക്കി മാറ്റാമെന്നോ സംഗീത കമ്പനികൾ വാദിച്ചേക്കാം.

1776–ൽ ആദം സ്മിത്ത് അത്തരം വാദങ്ങൾ "ഏറ്റവും സൂക്ഷ്മമായി മാത്രമല്ല, ഏറ്റവും സംശയാസ്പദമായ ശ്രദ്ധയോടെയും ഗഹനമായും പരിശോധിക്കേണ്ടതുണ്ട്" എന്ന് ഉപദേശിച്ചു. പൊതുസംവാദത്തിൽ ചെറിയ ലോബി ഗ്രൂപ്പുകൾ ആനുപാതികമല്ലാത്ത പങ്ക് വഹിക്കുന്നത് – ഒരു പ്രത്യേക വിഷയത്തിൽ മറ്റാരേക്കാളും അറിവുണ്ടാകാനുള്ള സാധ്യത അവരെ ഇതിന് പ്രാപ്തരാക്കുന്നു – രാഷ്ട്രീയക്കാർ അവരുടെ വാദങ്ങൾക്ക് ആനുപാതികമല്ലാത്ത ശ്രദ്ധ നൽകുകയും അവരുടെ ആവശ്യങ്ങൾക്ക്, അത് ഭൂരിപക്ഷത്തിന് ദോഷകരമാണെങ്കിലും, എളുപ്പത്തിൽ വഴങ്ങുകയും ചെയ്യുമെന്ന് അർത്ഥമാക്കുന്നു. താൽപ്പര്യ ഗ്രൂപ്പുകൾക്ക് ലോബിയിംഗ് പണം സ്വരൂപിക്കുന്നതിനുള്ള ശക്തമായ പ്രചോദനം ഉള്ളതിനാൽ, അവരെ പിന്തുണയ്ക്കുന്ന രാഷ്ട്രീയക്കാർക്ക് സംഭാവനകൾ നേടാമെന്ന ആകർഷകമായ പ്രതീക്ഷയുമുണ്ട്. പബ്ലിക് ചോയ്സ് സമീപനം നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ, രാഷ്ട്രീയക്കാർക്കും അവരുടേതായ താൽപ്പര്യങ്ങളുണ്ട്. വളരെ ചെറിയ താൽപ്പര്യ ഗ്രൂപ്പുകളുടെ പ്രസ്ഥാനങ്ങൾ വളരെ എളുപ്പത്തിൽ പ്രതിനിധി സംവിധാനങ്ങളിൽ ആധിപത്യം സ്ഥാപിക്കുന്നതിന്റെ ഒരു കാരണം ഇതാണ്.

പരസ്യമായ പ്രചാരണം എത്ര ഉച്ചത്തിലാണെങ്കിലും യഥാർത്ഥ ലോബിയിംഗ് നടക്കുന്നത് അടഞ്ഞ വാതിലുകൾക്ക് പിന്നിലായിരിക്കാം. ഓൾസൺ സൂചിപ്പിച്ചതുപോലെ ഈ പ്രക്രിയയുടെ സുതാര്യമല്ലാത്ത സ്വഭാവം രഹസ്യമായി പരസ്പര പിന്തുണ വാഗ്ദാനം ചെയ്യുന്ന ലോബിയിസ്റ്റുകൾക്കും രാഷ്ട്രീയക്കാർക്കും പ്രയോജനകരമാണ്. ഇതിൽ നിന്ന് ഏറ്റവും കൂടുതൽ നേട്ടമുണ്ടാക്കുന്നത് സ്ഥാപിത ലോബി ഗ്രൂപ്പുകളും അധികാരത്തിലുള്ള രാഷ്ട്രീയക്കാരുമാണ്. ഈ സ്വകാര്യ ചർച്ചകളിൽ പ്രതിനിധാനം ചെയ്യപ്പെടാത്ത ഉപഭോക്താക്കളുടെയും നികുതിദായകരുടെയും താൽപ്പര്യങ്ങൾക്ക് വിരുദ്ധമായി ഈ പ്രക്രിയ പ്രവർത്തിക്കുന്നു.

### സംഘടനാപരമായ പ്രശ്നങ്ങൾ

സമാനമായ താൽപ്പര്യങ്ങളുള്ള വളരെ ചെറിയ താൽപ്പര്യ ഗ്രൂപ്പുകളാണ് സംഘടിപ്പിക്കാൻ ഏറ്റവും എളുപ്പം. എന്നാൽ വളരെ കുറച്ച് അംഗങ്ങളുള്ളതിനാൽ ഫലപ്രദമായി ലോബി ചെയ്യാനും അവരുടെ ആവശ്യങ്ങൾ ഉയർത്താനും വേണ്ട ഭരണപരമായ പിന്തുണയ്ക്കും പബ്ലിക് റിലേഷൻസ് വൈദഗ്ധ്യത്തിനും ആവശ്യമായ പണം സ്വരൂപിക്കാൻ അവർ പാടുപെട്ടേക്കാം.

വലിയ ഗ്രൂപ്പുകൾക്ക് പണം സ്വരൂപിക്കാനും പ്രവർത്തകരെ ആകർഷിക്കാനും ധാരളം അംഗങ്ങളുണ്ട് എന്നാൽ വലിപ്പത്തിനനുസരിച്ച് ഫ്രീ-റൈഡിംഗിന്റെ പ്രശ്നങ്ങൾ വളരുന്നു. ഗ്രൂപ്പിന്റെ ലോബിയിംഗ് വിജയകരമായാൽ തങ്ങൾ എന്തെങ്കിലും സംഭാവന നൽകിയാലും ഇല്ലെങ്കിലും അതിന്റെ പ്രയോജനം ലഭിക്കുമെന്ന് അറിഞ്ഞുകൊണ്ട്, ഫണ്ട് ശേഖരണവും മറ്റ് ജോലികളും അവർ മറ്റ് അംഗങ്ങളുടെ മാത്രം ബാധ്യതയാക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ വലിയ ഗ്രൂപ്പുകളെ 'ഫ്രീറൈഡർ' പ്രശ്നം അലട്ടുന്നുണ്ട്.

ലോബിയിംഗിന്റെ നേട്ടങ്ങൾ സ്വന്തം അംഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയാൽ താൽപ്പര്യ ഗ്രൂപ്പുകൾക്ക് ഈ ഫ്രീറൈഡർ പ്രശ്നം ഒഴിവാക്കാനാകും. പ്രൊഫഷനൽ സമിതികൾ, ട്രേഡ് യൂണിയനുകൾ, ഉൽപ്പാദകരുടെ സംഘടനകൾ എന്നിവർ രാഷ്ട്രീയക്കാരെ ഉപയോഗിച്ച് തങ്ങൾക്ക് പ്രചാരണ ഫണ്ട് നൽകുന്ന അംഗങ്ങൾക്ക് പ്രത്യേക പദവി നേടിയെടുത്തേക്കാം. രാഷ്ട്രീയ പ്രക്രിയയിൽ നിന്ന് അവർ ഭാവിയിൽ നേടിയേക്കാവുന്ന കുത്തകകൾ അല്ലെങ്കിൽ നികുതി ആനുകൂല്യങ്ങൾ പോലുള്ളവ അംഗീകൃത ഗ്രൂപ്പിന് മാത്രമായി പരിമിതപ്പെടുത്താം. ഉദാഹരണത്തിന്, ഡോക്ടർമാരും അഭിഭാഷകരും അവരുടെ എണ്ണം പരിമിതപ്പെടുത്താനും ചാർജുകൾ ഉയർത്താനും 'യോഗ്യതയില്ലാത്ത' മത്സരാർത്ഥികൾക്ക് ജോലി പോകുന്നത് തടയാനും ആവശ്യപ്പെടുന്ന ലൈസൻസിംഗ് ക്രമീകരണങ്ങളിൽ നിന്ന് അവർക്ക് എല്ലാവർക്കും പ്രയോജനം ലഭിക്കുന്നു.

### സഖ്യരൂപീകരണം

ചെറിയ ഗ്രൂപ്പുകൾ സംഘടിപ്പിക്കാൻ എളുപ്പമാണെങ്കിൽപ്പോലും രാഷ്ട്രീയ ചർച്ചയിൽ ഒരു സംഘടനയുടെ വലിപ്പം നിർണായക ഘടകമാണ്. നേരെമറിച്ച് പ്രതിനിധി ജനാധിപത്യ രാജ്യങ്ങളിൽ വലിപ്പത്തിൽ വലിയ കാര്യമില്ല. ഒരു വലിയ നിയോജകമണ്ഡലത്തിലെ വോട്ടർമാരിൽ നാലിലൊന്ന് പേരെ മാത്രം അണിനിരത്താൻ കഴിയുന്ന ഒരു ഗ്രൂപ്പിന് നിസ്സംഗരും അസംഘടിതരുമായ ഭൂരിപക്ഷത്തിൽ ആധിപത്യം സ്ഥാപിക്കാൻ കഴിയുമെന്ന് ബുക്കാനനും ടള്ളക്കും പറയുന്നു. ഉദാഹരണത്തിന്, 100 മണ്ഡലങ്ങളുള്ള, ഓരോന്നിലും 10,000 വോട്ടർമാരുള്ള ഒരു രാജ്യം സങ്കൽപ്പിക്കുക. നിയമസഭയിൽ അധികാരത്തിലെത്താൻ ഒരു പാർട്ടിക്കോ താൽപ്പര്യ ഗ്രൂപ്പിനോ കേവല ഭൂരിപക്ഷം നേടാൻ 51 സീറ്റുകളിൽ 5,001 വീതം വോട്ടുകളുടെ ഭൂരിപക്ഷം മതിയാകും. അതായത് വോട്ടർമാരുടെ എണ്ണം 1,000,000 ആണെങ്കിലും, വിജയിക്കാൻ വെറും 255,051 വോട്ടുകൾ മതി.

മിക്ക താൽപ്പര്യ ഗ്രൂപ്പുകൾക്കും അത്രയും അംഗങ്ങളില്ല; അവരുടെ താൽപ്പര്യ സംരക്ഷണത്തിന് അനിവാര്യമായ വോട്ടുകളുടെ എണ്ണം അത്ര കൃത്യതയോടെ കണക്കാക്കാനും കഴിയില്ല. എന്നാൽ മിക്ക വോട്ടർമാരും വോട്ട് ചെയ്യാൻ മെനക്കെടുന്നില്ലെങ്കിലോ അവരുടെ വോട്ട് തുല്യമായി വിഭജിക്കുകയോ ചെയ്താൽ, ചെറിയ ന്യൂനപക്ഷങ്ങൾക്ക് പോലും തിരഞ്ഞെടുപ്പ് ഫലം മാറ്റിമറിക്കാൻ കഴിയും.

ന്യൂനപക്ഷങ്ങൾക്ക് അവരുടെ വോട്ടിംഗ് ശക്തി വർദ്ധിപ്പിക്കാനും അതുവഴി പ്രതിനിധി സംവിധാനങ്ങളിൽ ആധിപത്യം പുലർത്താനുമുള്ള ഒരു മാർഗം അവരുടെ വിശാലമായ നിലപാട് പങ്കിടുന്ന അല്ലെങ്കിൽ സ്വന്തം പിന്തുണയ്ക്ക് പകരമായി അവരുടെ ലക്ഷ്യത്തെ പിന്തുണയ്ക്കാൻ തയ്യാറുള്ള മറ്റ് ന്യൂനപക്ഷങ്ങളുമായി സഖ്യമുണ്ടാക്കുക എന്നതാണ്.

ഈ സഖ്യരൂപീകരണം കൃത്യമായി എങ്ങനെ പ്രവർത്തിക്കുന്നു എന്നത് തിരഞ്ഞെടുപ്പ് സംവിധാനത്തിന്റെ സ്വഭാവത്തെ ആശ്രയിച്ചിരിക്കുന്നു. നയനിർമാണ സ്ഥാപനങ്ങൾ സുപ്രധാനമാകുന്ന മറ്റൊരു സന്ദർഭമാണിത്. ഫസ്റ്റ്-പാസ്റ്റ്-ദി-പോസ്റ്റ് സംവിധാനങ്ങൾ സാധാരണയായി തിരഞ്ഞെടുപ്പിന് മുമ്പ് സഖ്യങ്ങൾ കെട്ടിപ്പടുക്കുന്നു. താൽപ്പര്യമുള്ള വ്യക്തികളും ഗ്രൂപ്പുകളും അവരുടെ അഭിപ്രായവ്യത്യാസങ്ങൾ ഉപേക്ഷിച്ച് പ്രബലമായ പാർട്ടികളിൽ ഒന്നിൽ ചേരുകയോ അല്ലെങ്കിൽ ന്യൂനപക്ഷ പാർട്ടികൾ തങ്ങളുടെ ഭിന്നതകൾ മാറ്റിവെച്ച് നിലവിൽ അധികാരത്തിലുള്ളവരെ വെല്ലുവിളിക്കാൻ കഴിയുന്നത്ര വലിയ സഖ്യങ്ങൾ സൃഷ്ടിക്കുകയോ ചെയ്യുന്നു. അതുമല്ലെങ്കിൽ തന്ത്രപരമായ വോട്ടിംഗ് സാഹചര്യം മുതലെടുക്കാൻ അവർ തിരഞ്ഞെടുപ്പ് കരാറുകൾ രൂപീകരിക്കുന്നു. അതിലൂടെ അവരുടെ കൂട്ടുകക്ഷികൾക്ക് വിജയസാധ്യത കൂടുതലുള്ള മണ്ഡലങ്ങളിൽ അവർ സ്വന്തം സ്ഥാനാർത്ഥികളെ നിർത്താൻ വിസമ്മതിക്കുന്നു.

ആനുപാതിക സംവിധാനങ്ങളും ബഹുകക്ഷി രാഷ്ട്രീയവും നിലനിൽക്കുന്ന യൂറോപ്പിലും മറ്റും തിരഞ്ഞെടുപ്പിന് ശേഷം നിയമസഭയിൽ സഖ്യങ്ങൾ രൂപീകരിക്കാനുള്ള സാധ്യത കൂടുതലാണ്. തിരഞ്ഞെടുപ്പ് ഫലങ്ങൾ പുറത്തുവന്ന് വിവിധ പാർട്ടികളുടെ വോട്ടിംഗ് ശക്തി വ്യക്തമാകുമ്പോൾ, ഭൂരിപക്ഷം നേടുന്നതിന് എത്ര സംഖ്യകൾ കൂട്ടിച്ചേർക്കണമെന്ന് പാർട്ടി മാനേജർമാർക്ക് കൃത്യമായി അറിയാൻ സാധിക്കും. ഒപ്പം ഏതൊക്കെ സഖ്യകക്ഷികൾക്ക് മികച്ച രീതിയിൽ ഒരുമിച്ച് മുന്നോട്ട് പോകാൻ കഴിയും എന്നതിനെക്കുറിച്ച് കാര്യവിവരത്തോടെ തീരുമാനങ്ങൾ എടുക്കാനും കഴിയും.

നിരവധി വ്യത്യസ്ത പാർട്ടികളെയോ താൽപ്പര്യ ഗ്രൂപ്പുകളെയോ ഉൾക്കൊള്ളുന്ന 'മഹാസഖ്യങ്ങൾ' എന്തുകൊണ്ട് നിലനിൽക്കുന്നില്ല എന്നതുപോലുള്ള സഖ്യങ്ങളുടെ നിരവധി സവിശേഷതകൾ വില്യം എച്ച്. റൈക്കർ വിശദീകരിച്ചിട്ടുണ്ട്. തുടർന്ന് സാമ്പത്തിക വിദഗ്ധർ അത്തരം ചോദ്യങ്ങൾക്ക് കൂടുതൽ സങ്കീർണ്ണമായ ഗെയിം തിയറി പ്രയോഗിച്ച് രസകരമായ നിഗമനങ്ങളിൽ എത്തിയിട്ടുണ്ട്.

### സഖ്യങ്ങളുടെ സ്വഭാവം

ഏതൊക്കെ പാർട്ടികളാണ് സഖ്യം രൂപീകരിക്കാൻ സാധ്യതയുള്ളത്, ഒരു സഖ്യം എത്ര കാലം നിലനിൽക്കും എന്നതാണ് പ്രധാന ചോദ്യങ്ങൾ. വ്യത്യസ്ത താൽപ്പര്യ ഗ്രൂപ്പുകൾ അനവസരത്തിൽ പിരിഞ്ഞുപോകാൻ സാധ്യതയുള്ള വിശാലമായ സഖ്യങ്ങൾ ഉണ്ടാക്കുന്നതിനുപകരം അജണ്ടയിൽ ആധിപത്യം സ്ഥാപിക്കാൻ കഴിയുന്നത്ര വലിപ്പവും എന്നാൽ

അസ്ഥിരമാകാൻ സാധ്യതയുള്ളത്ര വലിപ്പമില്ലാത്തതുമായ ഒരു മിനിമം വിജയ സഖ്യം കെട്ടിപ്പടുക്കുക എന്നതാണ് ഏറ്റവും മികച്ച തന്ത്രം എന്ന് റൈക്കർ പറയുന്നു.

ഈ സിദ്ധാന്തം മറ്റേതൊരു സിദ്ധാന്തത്തെയും പോലെ വിശ്വസനീയമായി തോന്നുമെങ്കിലും ബഹുകക്ഷി യൂറോപ്യൻ രാജ്യങ്ങളിലെ യുദ്ധാനന്തര സർക്കാരുകളുടെ പകുതിയിൽ താഴെ മാത്രമേ ഇത് വരുന്നുള്ളൂ എന്നതാണ് യാഥാർത്ഥ്യം. യൂറോപ്പിലും മറ്റിടങ്ങളിലും പലപ്പോഴും സംഭവിക്കുന്ന ന്യൂനപക്ഷ സർക്കാരുകളെ കുറിച്ചും ഇത് വിശദീകരിക്കുന്നില്ല. ഡച്ച് സാമൂഹിക ശാസ്ത്രജ്ഞനും രാഷ്ട്രീയ സഖ്യങ്ങളിൽ വിദഗ്ദ്ധനുമായ പീറ്റർ വാൻ റൂസെൻഡാൾ ഇതിന് മികച്ച വിശദീകരണം നൽകുന്നുണ്ട്.

അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ചെറിയ പാർട്ടികൾക്ക് രാഷ്ട്രീയ സ്പെക്ട്രത്തിന്റെ മറ്റേയറ്റത്തുള്ള മറ്റ് ചെറിയ പാർട്ടികളുമായി സഖ്യത്തിലേർപ്പെടുന്നതിനുപകരം കേന്ദ്ര പാർട്ടികളുമായി സഖ്യത്തിലേർപ്പെടാൻ എളുപ്പമാണ്. അങ്ങനെവന്നാൽ ഏത് സഖ്യത്തിലും ഒരു വലിയ കേന്ദ്ര പാർട്ടിക്ക് നിർണായക സ്ഥാനമുണ്ടാകും. ആ ആധിപത്യം കണക്കിലെടുത്ത് ഒറ്റയ്ക്ക് ഒരു ന്യൂനപക്ഷ സർക്കാർ രൂപീകരിക്കാൻ അവർ താൽപ്പര്യപ്പെടുകയും പിന്തുണ ആവശ്യമുള്ളപ്പോൾ മറ്റ് പാർട്ടികളെ അവസരോചിതമായി സഖ്യമുണ്ടാക്കാൻ ആശ്രയിക്കുകയും ചെയ്തേക്കാം.

എന്നിരുന്നാലും ന്യൂനപക്ഷ സർക്കാരുകൾക്ക് സാധാരണയായി ആയുസ്സ് കുറവായിരിക്കും. കാരണം, വാസ്തവത്തിൽ രാഷ്ട്രീയം എന്നത് പൊതുജനാഭിപ്രായം ചില ഘട്ടങ്ങളിൽ ഒരൊറ്റ സ്കെയിലിൽ ഒത്തുചേരുന്ന ലളിതവും വ്യതിരിക്തവും ഏകമാനവുമായ വിഷയങ്ങളല്ല. രാഷ്ട്രീയ പ്രശ്നങ്ങൾ പലപ്പോഴും ബഹുമുഖവും വ്യത്യസ്ത മാനങ്ങളും ഉള്ളതാണ് - പൊതുജനാഭിപ്രായം പല തരത്തിൽ വിഭജിക്കപ്പെട്ടിരിക്കുന്ന, സങ്കീർണ്ണവും പരസ്പരബന്ധിതവും മാറിക്കൊണ്ടിരിക്കുന്നതുമായ അനേകം ചോദ്യങ്ങൾ ഉൾപ്പെട്ടതാണ്. അവിടെ സുസ്ഥിരമായ ഒരു സഖ്യം നിലനിർത്തുക പ്രയാസമാണ്.

### സഖ്യരൂപീകരണം മുതൽ വോട്ട് കച്ചവടം വരെ

പബ്ലിക് ചോയ്സും ഗെയിം തിയറിയും സഖ്യങ്ങളുടെ വിഷയത്തിൽ രസകരമായ ചില ഉൾക്കാഴ്ചകൾ അവതരിപ്പിച്ചിട്ടുണ്ട്: സാമൂഹിക ചലനാത്മകത കൂടുമ്പോൾ അവ ശാശ്വതമാകില്ല എന്ന നിർദ്ദേശം പോലുള്ളവ. സ്ഥിരമായ സാമൂഹിക വിവേചനം ഉണ്ടെങ്കിൽ അതിന്റെ ശക്തിയിൽ സഖ്യങ്ങൾ കെട്ടിപ്പടുക്കാനും നിലനിർത്താനും കഴിയും; എന്നാൽ സാമൂഹിക സാഹചര്യങ്ങളിൽ മാറ്റം വരികയാണെങ്കിൽ അടിത്തറ ദുർബലമാകും.

വോട്ടർമാരുടെ എണ്ണം കൂടുന്നതിനനുസരിച്ച് സഖ്യങ്ങൾ രൂപീകരിക്കുന്നതും നിലനിർത്തുന്നതും ബുദ്ധിമുട്ടാകുമെന്ന് സൂചിപ്പിക്കുന്ന സിദ്ധാന്തവുമുണ്ട്. കൂടുതൽ ഏകീകൃതമായ ജനസംഖ്യയുള്ളിടത്ത് സുസ്ഥിരമായ

സഖ്യങ്ങൾ രൂപീകരിക്കുന്നത് എളുപ്പമാണെന്ന് സിദ്ധാന്തവും നിരീക്ഷണവും സൂചിപ്പിക്കുന്നു. സ്കാൻഡിനേവിയൻ രാജ്യങ്ങൾ പോലെ ചെറുതും സാമൂഹികമായി യാഥാസ്ഥിതികവും ഏകജാതീയവുമായ രാജ്യങ്ങളിൽ പൊതുവെ വലുതും ചലനാത്മകവും വംശീയ വൈവിധ്യമുള്ളതുമായ രാജ്യങ്ങളെ അപേക്ഷിച്ച് കൂടുതൽ സ്ഥിരതയുള്ള രാഷ്ട്രീയമുള്ളത് എന്തുകൊണ്ടാണെന്ന് ഇത് വിശദീകരിക്കുന്നു.

എന്നാൽ പ്രതിനിധി സംവിധാനങ്ങളിൽ ന്യൂനപക്ഷങ്ങളുടെ സ്വേച്ഛാധിപത്യം നേരിടുന്ന നിശബ്ദ ഭൂരിപക്ഷം എത്ര കാലം നിശബ്ദത പാലിക്കും? പ്രത്യേകിച്ചും സംഘടിത സഖ്യങ്ങൾ അവരുടെ മേൽ അടിച്ചേൽപ്പിക്കുന്ന നിയന്ത്രണങ്ങളുടെയും ഉയർന്ന നികുതികളുടെയും രൂപത്തിലുള്ള വലിയ ഭാരം ചുമക്കാൻ അവർ വിധേയരാകുമ്പോൾ? ലോബിയിംഗ് കാരണം മൊത്തത്തിൽ സമ്പദ്വ്യവസ്ഥയ്ക്ക് ഉണ്ടാകുന്ന നഷ്ടങ്ങൾ വേറെയും. സർക്കാർ പദ്ധതികളുടെ വളർച്ച, രാഷ്ട്രീയത്തിൽ സജീവമായ സമ്മർദ്ദ ഗ്രൂപ്പുകളുടെ വ്യാപനം, ലോബിയിംഗ് വ്യവസായത്തിന്റെ വികാസം എന്നിവയ്ക്കൊപ്പം ഫലപ്രദമായ രാഷ്ട്രീയ ശക്തിയായി ഉപഭോക്താക്കളും നികുതിദായകരും അപൂർവമായി മാത്രമേ സംഘടിപ്പിക്കപ്പെട്ടിട്ടുള്ളൂ എന്ന ദുഃഖകരമായ വസ്തുത സൂചിപ്പിക്കുന്നത് ഭൂരിപക്ഷത്തിന്റെ നിശബ്ദത വളരെക്കാലം നീണ്ടുനിൽക്കും എന്നാണ്.

## 6. വോട്ടുകളുടെ വിപണി: ലോഗ്റോളിംഗ്

ഒരു വിഷയത്തിൽ ഭൂരിപക്ഷം നേടുന്നതിനായി ഒറ്റത്തവണ സഖ്യങ്ങൾ രൂപീകരിക്കുക എന്നതിലുപരി താൽപ്പര്യ ഗ്രൂപ്പ് രാഷ്ട്രീയത്തിന് പ്രസക്തിയുണ്ട്. രാഷ്ട്രീയം എന്നത് തുടർച്ചയായ ഒരു പ്രക്രിയയാണ്. കാലക്രമേണ വൈവിധ്യമാർന്ന വിഷയങ്ങൾ അതിൽ ഉയർന്നുവരുന്നു – വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും പരസ്പരം പിന്തുണ കൈമാറുന്നതിലൂടെ നേട്ടങ്ങൾ കൊയ്യാൻ വിപുലമായ സാധ്യതകൾ ഒരുക്കുന്ന ഒരു പ്രത്യേക പരിതസ്ഥിതി.

ഏതെങ്കിലും വിഷയത്തിൽ തീവ്രമായ ആശയമോ നിലപാടോ ഉള്ള ഒരു ഗ്രൂപ്പിൽ നിന്നാണ് ഈ പ്രക്രിയ ആരംഭിക്കുന്നത്. ഉദാഹരണത്തിന്, സ്വന്തം പ്രദേശത്ത് മെച്ചപ്പെട്ട റോഡുകൾ ആവശ്യപ്പെടുന്ന ഒരു ഗ്രൂപ്പ്. അത്തരത്തിലുള്ള മറ്റ് ഗ്രൂപ്പുകളുമായി ഇവർ ലളിതമായ വിലപേശൽ നടത്തുന്നു: ഇന്ന് ഞങ്ങളുടെ റോഡുകൾ മെച്ചപ്പെടുത്താൻ നിങ്ങൾ വോട്ട് ചെയ്യുന്നു, താമസിയാതെ നിങ്ങളുടേത് മെച്ചപ്പെടുത്താൻ ഞങ്ങൾ വോട്ട് ചെയ്യും.

യു.എസ്സിൽ ഈ വോട്ട് വ്യാപാരം ലോഗ്റോളിംഗ് എന്നറിയപ്പെടുന്നു. വെട്ടിമാറ്റിയ തടി നീക്കാൻ അയൽക്കാർ പരസ്പരം സഹായിക്കുന്ന പഴയ രീതിയിൽ നിന്നാണ് ഈ പ്രയോഗം ഉണ്ടായത്.

### പ്രത്യക്ഷവും പരോക്ഷവുമായ ലോഗ്റോളിംഗ്

റോഡുകളുടെ ഉദാഹരണത്തിലെന്നപോലെ പ്രത്യേക നിയമനിർമ്മാണ നടപടികളിൽ വോട്ട് കൈമാറ്റം ചെയ്യുന്നതിനുള്ള ഒരു കരാറിനെ എക ്സ്പ്ലിസിറ്റ് അഥവാ പ്രത്യക്ഷമായ ലോഗ്റോളിംഗ് എന്ന് വിളിക്കുന്നു. വോട്ടുകൾ എളുപ്പത്തിൽ കൈമാറ്റം ചെയ്യപ്പെടുകയും (രണ്ട് കൂട്ടരും കരാർ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതിനാൽ) എളുപ്പത്തിൽ നിരീക്ഷിക്കപ്പെടുകയും ചെയ്യുന്ന കമ്മിറ്റികളും നിയമസഭകളും പോലെയുള്ള ജനാധിപത്യ സ്ഥാപനങ്ങളിൽ ഇത് സാധാരണമാണ്. രഹസ്യ ബാലറ്റുകളിലോ അല്ലെങ്കിൽ അംഗങ്ങളെ അച്ചടക്ക നടപടിക്ക് വിധേയരാക്കാൻ പ്രയാസമുള്ള

വലിയ ഗ്രൂപ്പുകൾക്കിടയിലോ ഈ സംവിധാനം നടപ്പാക്കാനാകില്ല.

ഇംപ്ലിസിറ്റ് അഥവാ പരോക്ഷമായ ലോഗ്റോളിംഗ് എന്ന സംവിധാനത്തിൽ വ്യത്യസ്ത ഗ്രൂപ്പുകൾ വോട്ട് ചെയ്യുന്നതിന് മുമ്പ് അവരുടെ വിവിധ നിർദ്ദേശങ്ങൾ ഒരു പാക്കേജായി അവതരിപ്പിക്കുന്നു. അതിനാൽ ഒരു വിഷയത്തിൽ ശക്തമായ നിലപാടെടുക്കുന്ന വോട്ടർമാരോ നിയമസഭാംഗങ്ങളോ മറ്റുള്ളവരുടെ നിലപാടിനും വോട്ട് ചെയ്യുന്നു. തിരഞ്ഞെടുപ്പ് പ്രകടനപത്രികയോ നിയമനിർമ്മാണ നിർദ്ദേശങ്ങളോ പോലുള്ളവ തയ്യാറാക്കുമ്പോൾ ഇത്തരത്തിലുള്ള വോട്ട് കച്ചവടം സാധാരണമാണ്. ഉദാഹരണത്തിന്, ഭൂരിപക്ഷം സംസ്ഥാനങ്ങൾക്കും പ്രയോജനം ചെയ്യുന്ന വിധത്തിൽ യു.എസ്. പ്രസിഡന്റ് ഡ്വൈറ്റ് ഐസൻഹൌ തന്റെ അന്തർസംസ്ഥാന ഹൈവേ പദ്ധതി ഒരു പാക്കേജായി അവതരിപ്പിച്ചു. തങ്ങൾ പ്രതിനിധീകരിക്കുന്ന സംസ്ഥാനത്തിൽ മികച്ച റോഡുകൾക്കായി വോട്ട് ചെയ്ത കോൺഗ്രസ് അംഗങ്ങൾ പരോക്ഷമായി മുഴുവൻ ഹൈവേ നെറ്റ്‌വർക്കിനും വോട്ട് ചെയ്തു.

പരോക്ഷമായ ലോഗ്റോളിംഗ് നിയമസഭാംഗങ്ങൾക്ക് ഗുണപ്രദമാണ്. അവർക്ക് പ്രത്യേക താൽപ്പര്യമുള്ള ചില പദ്ധതികൾ മറ്റുള്ളവരുടേതുമായി പാക്കേജ് ചെയ്യുന്നതിലൂടെ, മുഴുവൻ പാക്കേജിന്റെയും ഉത്തരവാദിത്തം ഏറ്റെടുക്കാതെ തന്നെ അവർക്ക് അതിന് കൂടുതൽ പിന്തുണ നേടാനാകും. സ്വന്തം പ്രദേശത്തെ റോഡുകൾ മെച്ചപ്പെടുത്തുന്നതിന് മറ്റ് നടപടികളുമായി മുന്നോട്ട് പോകാൻ അവർ നിർബന്ധിതരായി എന്നത് ഒരു വിട്ടുവീഴ്ചയായി അവർക്ക് ചിത്രീകരിക്കാൻ കഴിയും. ഭക്ഷ്യ സ്റ്റാമ്പും കാർഷിക ബില്ലും ഇതിന് ഒരു മികച്ച ഉദാഹരണമാണ്.

അതിനാൽ ലോഗ്റോളിംഗ് ജനാധിപത്യ പ്രക്രിയയുടെ ഒരു അവിഭാജ്യ ഘടകമാണ് എന്നതിൽ അതിശയിക്കാനില്ല. എന്നാൽ വോട്ട് ചെയ്യേണ്ട പാക്കേജ് അടഞ്ഞ വാതിലുകൾക്ക് പിന്നിൽ നടക്കുന്ന ഇടപാടുകളിൽ തീരുമാനിക്കുന്ന പരോക്ഷമായ ലോഗ്റോളിംഗിൽ നിന്ന് വ്യത്യസ്തമായി പ്രത്യക്ഷമായ ലോഗ്റോളിംഗിൽ വോട്ട് വ്യാപാരം സുതാര്യമാണ്: വോട്ടുകൾ എങ്ങനെ ട്രേഡ് ചെയ്യപ്പെടുന്നുവെന്ന് എല്ലാവർക്കും കാണാൻ കഴിയും.

അങ്ങനെയാണെങ്കിലും ചില പ്രത്യക്ഷമായ വോട്ട് കച്ചവടം യഥാർത്ഥത്തിൽ അത്ര സുതാര്യമല്ല. നിയമസഭകളിൽ എല്ലായ്പ്പോഴും നടക്കുന്നതുപോലെ നിരവധി പ്രശ്നങ്ങൾ ഉയർന്നുവരുന്നിടത്ത് പരസ്പര പിന്തുണയെക്കുറിച്ച് ഒരു അനുമാനം മാത്രമേയുണ്ടാകൂ. സഹപ്രവർത്തകരുടെ പദ്ധതികൾക്ക് നിയമസഭാംഗങ്ങൾ വോട്ട് ചെയ്യുന്നത്, അവർ ആ ഉപകാരം ഓർത്തുവെച്ച് പിന്നീട് തങ്ങൾ അനുകൂലിക്കുന്ന പദ്ധതിക്ക് വോട്ട് ചെയ്തുകൊണ്ട് അതിന് പ്രത്യുപകാരം ചെയ്യും എന്ന പ്രതീക്ഷയിലാണ്. വാസ്തവത്തിൽ വോട്ട് ചെയ്യുന്ന പ്രതിനിധികൾ പോലും തങ്ങൾ അത് ചെയ്യുന്നുണ്ടെന്ന് തിരിച്ചറിയാത്തത്രയും സൂക്ഷ്മമായ ഒരു പ്രക്രിയയാണിത്. വോട്ട് കച്ചവടം നടക്കുന്നുണ്ടെന്ന വാർത്ത കേട്ട് ഞെട്ടുകയും അത് നിഷേധിക്കുകയും

ചെയ്ത ഒരു ബ്രിട്ടീഷ് പാർലിമെന്റ് അംഗത്തെക്കുറിച്ച് ഗോർഡൻ ടള്ളക്ക് പറഞ്ഞിട്ടുണ്ട്. തന്റെ പദ്ധതികളെ പിന്തുണയ്ക്കാൻ മറ്റ് എം.പിമാരെ എങ്ങനെ തന്ത്രപരമായി സ്വാധീനിച്ചുവെന്നും ഇനി അവരുടെ ഊഴം വരുമ്പോൾ അവരും ഇതുതന്നെ ചെയ്യുമെന്നും അദ്ദേഹം തുടർന്ന് വിശദീകരിച്ചു.

**ലോഗ്റോളിംഗിന്റെ വ്യാപനം**

പ്രതിനിധി രാഷ്ട്രീയത്തിൽ പ്രത്യക്ഷമായ ലോഗ്റോളിംഗ് സർവ്വസാധാരണമാണ്, പ്രത്യേകിച്ചും കോൺഗ്രസ് അംഗങ്ങൾ സ്വന്തം സംസ്ഥാനത്തിനോ ജില്ലയ്ക്കോ വേണ്ടി തർക്കിക്കുമെന്ന് പ്രതീക്ഷിക്കുന്ന ഫെഡറൽ സംവിധാനം പിന്തുടരുന്ന യു.എസ്സിൽ. അവിടെ ദേശീയ പാർട്ടി നയം രണ്ടാം സ്ഥാനത്താണ്. ദേശീയ പാർട്ടി അച്ചടക്കം കൂടുതൽ ശക്തമായ യൂറോപ്യൻ രാജ്യങ്ങളിൽ ഈ പ്രവണത അത്ര വ്യക്തമല്ല. എന്നാൽ യൂറോപ്യൻ യൂണിയൻ രാജ്യങ്ങൾ തമ്മിൽ വിലപേശലുകൾ നടത്തേണ്ടി വരുന്ന യൂറോപ്യൻ യൂണിയൻ തലത്തിൽ ഇത് വ്യാപകമായി കണ്ടുവരുന്നു.

ഉദാഹരണത്തിന്, പുതിയ യൂറോപ്യൻ യൂണിയൻ സ്ഥാപനങ്ങൾ ഒന്നിൽ നിന്നും മറ്റൊരു രാജ്യത്തേക്കും (ലക്സംബർഗിലെ നിക്ഷേപ ബാങ്ക്, ഫ്രാങ്ക്ഫർട്ടിലെ സെൻട്രൽ ബാങ്ക്, ബ്രസ്സൽസിലെയും സ്ട്രാസ്ബർഗിലെയും പാർലിമെന്റ്) ഉയർന്ന പദവികൾ അംഗരാജ്യങ്ങൾക്കിടയിലും കൈമാറി പോരുന്നു.

ദൈനംദിന യൂറോപ്യൻ യൂണിയൻ തീരുമാനങ്ങളിൽ ചില നയപരമായ വിഷയങ്ങളിൽ ഏകാഭിപ്രായം വേണമെന്ന നിബന്ധന, ഒരുകാലത്ത് വ്യക്തിഗത രാജ്യങ്ങൾക്ക് കരാർ തടയുമെന്ന ഭീഷണി മുഴക്കാൻ അവസരമൊരുക്കി. ഏകാഭിപ്രായ നിയമത്തിന് കീഴിൽ തീരുമാനങ്ങൾ എടുക്കുന്നതിലെ ബുദ്ധിമുട്ട്, ഇത് വലിയ തോതിൽ ഉപേക്ഷിക്കുന്നതിലേക്കും യോഗ്യമായ ഭൂരിപക്ഷ വോട്ടിംഗിന് അനുകൂലമായ നിലപാട് (ഇത് ഒരുപരിധിവരെ ലോഗ്റോളിംഗിന് കാരണമാകുമെങ്കിലും) സ്വീകരിക്കുന്നതിലേക്കും യൂറോപ്യൻ യൂണിയനെ നയിച്ചു.

ഏകാഭിപ്രായ നിയമത്തിന് കീഴിൽ ഏതൊരു യൂറോപ്യൻ യൂണിയൻ അംഗരാജ്യത്തിനും ഏത് നിർദ്ദേശവും വീറ്റോ ചെയ്യാനുള്ള അധികാരം ആ രാജ്യത്തിന്റെ സുപ്രധാന താൽപ്പര്യങ്ങൾ മറ്റുള്ളവർ അസാധുവാക്കുന്നതിനെതിരെ ഉപയോഗപ്രദമായ ഒരു ഇടവേള നൽകിയിരുന്നു. എന്നാൽ വീറ്റോ ഭീഷണി ഓരോ അംഗരാജ്യത്തിനും ഭൂരിപക്ഷത്തിൽ നിന്ന് വിലയേറിയ ഇളവുകൾ നേടിയെടുക്കാൻ ഉപയോഗിക്കാവുന്ന വോട്ട് കച്ചവടത്തിനുള്ള അവസരങ്ങളും നൽകി. അത്തരം ഇളവുകൾ നേടിയെടുക്കാനുള്ള മിക്കവാറും എല്ലാ അംഗരാജ്യങ്ങളുടെയും സന്നദ്ധത വികലമായ ചില നയങ്ങളിലേക്ക് നയിക്കുകയും ബജറ്റിൽ നിരന്തരമായ സമ്മർദ്ദം ചെലുത്തുകയും ചെയ്തു. വാസ്തവത്തിൽ യൂറോപ്യൻ യൂണിയൻ രാഷ്ട്രീയ പ്രക്രിയകൾ ആധുനിക പബ്ലിക് ചോയ്സ് സൈദ്ധാന്തികർക്ക് സമ്പന്നമായ ഒരു വിവരശേഖര ഉറവിടം നൽകിയിട്ടുണ്ട്.

പാർട്ടി രാഷ്ട്രീയത്തിന്റെ പല തലങ്ങളിലും, പ്രത്യേകിച്ച് പാർട്ടി രൂപീകരണ ത്തിലും തിരഞ്ഞെടുപ്പ് പരിപാടികളിലും, പരോക്ഷമായ ലോഗ്റോളിംഗ് ശക്തമാണ്. വിശ്വാസയോഗ്യമായ വലിപ്പവും ശക്തിയുമുള്ള ഒരു ആക്ടിവിസ്റ്റ് ഗ്രൂപ്പ് കെട്ടിപ്പടുക്കുന്നതിന് പരസ്പരം പിന്തുണയ്ക്കാൻ സമ്മതിക്കുന്ന വ്യത്യസ്ത താൽപ്പര്യങ്ങളുടെ കൂട്ടായ്മയാണ് പാർട്ടികൾ. പാർട്ടിക്കുള്ളിൽ പലപ്പോഴും ഭിന്നിപ്പുകളും പിളർപ്പുകളും ഉണ്ടാവുന്നത് ഈ വ്യാപാര പങ്കാളിത്തത്തിന്റെ തെളിവാണ്. കൂടാതെ തിരഞ്ഞെടുപ്പ് പരിപാടികൾ തയ്യാറാക്കുമ്പോൾ പാർട്ടികൾ വോട്ടർമാരുമായി വോട്ട് വ്യാപാരത്തിൽ ഏർപ്പെടുന്നു. തിരഞ്ഞെടുപ്പിൽ ശക്തമായ ഗ്രൂപ്പുകളെ ആകർഷിക്കുന്ന തരത്തിൽ പാർട്ടികൾ തങ്ങളുടെ നയ പാക്കേജുകൾ രൂപപ്പെടുത്തും. പാർട്ടി പിന്തുടരുന്ന ചില പ്രധാനപ്പെട്ട നയങ്ങൾ ജനപ്രിയമല്ലെങ്കിൽ, പാർട്ടി അംഗങ്ങൾക്ക് താല്പര്യമില്ലെങ്കിൽ പോലും വോട്ടർമാർ അനുകൂലിക്കുന്ന ജനപ്രിയ നയങ്ങളുമായി കൂട്ടിച്ചേർത്ത് അവർ സ്വന്തം പാക്കേജ് സന്തുലിത മാക്കും. അപ്പോൾ വോട്ടർമാർക്ക് ജനപ്രിയ നയങ്ങൾ വേണമെങ്കിൽ ആ പാക്കേജിന്റെ ഭാഗമായി ജനപ്രിയമല്ലാത്തവയും അവർ സ്വീകരിക്കേണ്ടി വരും.

ബാലറ്റ് സംരംഭങ്ങളിലും ഇതുതന്നെ സംഭവിക്കുന്നു. ഒരു പുതിയ റോഡോ സ്കൂളോ നിർമ്മിക്കുന്നതിന് വായ്പയോ നികുതിയോ സ്വരൂപിക്കുന്നത് പോലുള്ള നയപരമായ സംരംഭങ്ങൾ യു.എസ്. വോട്ടർ ഗ്രൂപ്പുകൾക്ക് നിർദേശിക്കാവുന്ന ഒരു പ്രാദേശിക അഭിപ്രായവോട്ടെടുപ്പാണിത്. പലപ്പോഴും ഒരേ സംരംഭത്തിൽ നിരവധി വ്യത്യസ്ത നയങ്ങൾ അടങ്ങിയിരിക്കും. മറ്റ് പല ഘടകങ്ങളിലും പ്രത്യേകിച്ച് അഭിപ്രായമില്ലെങ്കിലും അവർക്ക് പ്രിയപ്പെട്ട നിർദ്ദിഷ്ട ഇനങ്ങൾ ലഭിക്കുന്നതിന് മുഴുവൻ പാക്കേജിനും വോട്ടുചെയ്യാൻ ന്യൂനപക്ഷങ്ങളെ പ്രേരിപ്പിക്കുക എന്നതാണ് ലക്ഷ്യം.

**ലോഗ്റോളിംഗ് നിയമസഭയിൽ**

അധികാരത്തിലെത്തിയാൽ നിയമസഭയിൽ അവതരപ്പിക്കേണ്ട നയപരമായ പദ്ധതികൾ തീരുമാനിക്കുമ്പോൾ രാഷ്ട്രീയ നേതാക്കളും ലോഗ്റോളിംഗിൽ ഏർപ്പെടുന്നു. കാബിനറ്റ് മന്ത്രിമാർ ഒരു സഹപ്രവർത്തകന് പ്രയോജനം ചെയ്യുന്ന നിയമനിർമ്മാണ നിർദ്ദേശങ്ങളെ പിന്തുണയ്ക്കാൻ സമ്മതിക്കു ന്നത് (അവർക്ക് ഈ നിർദ്ദേശങ്ങൾ ഇഷ്ടമല്ലെങ്കിൽ കൂടി) തിരിച്ച് തങ്ങളുടെ ഊഴം വരുമ്പോൾ അവർ ക്യാബിനറ്റിൽ തങ്ങളെയും പിന്തുണയ്ക്കുമെന്ന അനുമാനത്തിലാണ്. നിയമസഭയിൽ എത്തുന്ന മിക്കവാറും എല്ലാ നടപടി കളും പരോക്ഷമായ ലോഗ്റോളിംഗിന് വിധേയമാകാൻ സാധ്യതയുണ്ട്. കാരണം അതിനെ അനുകൂലിക്കുന്നവർ ന്യൂനപക്ഷങ്ങളുടെ പിന്തുണ നേടാനായി ഇളവുകൾ നൽകുകയും വിശദാംശങ്ങൾ കൂട്ടിച്ചേർക്കുകയും അങ്ങനെ അത് സുഗമമായി പാസാകുമെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു.

ചിലപ്പോഴെങ്കിലും ഈ പ്രക്രിയ അവിശ്വസനീയമായ അനുപാതങ്ങളിൽ എത്താം. കടക്കെണിയിലായ യു.എസ്. ബാങ്കുകളെ രക്ഷിക്കാനുള്ള 2008-ലെ

അടിയന്തര നടപടി ഒരുദാഹരണമാണ്. യു.എസ്. കോൺഗ്രസിൽ ആദ്യമായി അവതരിപ്പിച്ചപ്പോൾ, അത് ഏതാനും പേജുകൾ മാത്രമായിരുന്നു. ബിൽ പാസാക്കൽ നിർണായകമായതിനാൽ തങ്ങളുടെ പിന്തുണയ്ക്ക് പകരമായി എന്ത് ആവശ്യവും ഉന്നയിക്കാമെന്ന് നിയമസഭാംഗങ്ങൾക്ക് അറിയാമായിരുന്നു. നിരവധി റൗണ്ട് വോട്ടെടുപ്പുകൾക്ക് ശേഷം ഒടുവിൽ 451 പേജുകളുള്ള ബിൽ പുറത്തുവന്നു. അതിന്റെ യഥാർത്ഥ ഉദ്ദേശ്യവുമായി യാതൊരു ബന്ധവുമില്ലാത്ത എന്നാൽ നിരവധി താൽപ്പര്യ ഗ്രൂപ്പുകളെ വിലയ്ക്ക് വാങ്ങാവുന്ന നിരവധി ഇളവുകൾ ഇതിൽ അടങ്ങിയിരുന്നു. മോട്ടോർ സ്പോർട്സ് കോംപ്ലക്സുകൾക്കും ഇരുപത് വർഷം മുമ്പ് എക്സോൺ വാൽഡെസ് എണ്ണച്ചോർച്ച മൂലം നാശനഷ്ടങ്ങൾ സംഭവിച്ച മത്സ്യബന്ധന മേഖലയ്ക്കും നികുതി ഇളവുകൾ, ജോലിക്ക് സൈക്കിളിൽ യാത്ര ചെയ്യുന്ന ആളുകൾക്ക് സബ്സിഡികൾ, കമ്പിളി തുണി ഉൽപ്പാദകർക്ക് 148 മില്യൺ ഡോളർ നികുതി ഇളവ്, റം വ്യവസായത്തിന് 192 മില്യൺ ഡോളർ എക്സൈസ് നികുതി റിബേറ്റ്, കുട്ടികൾക്കുള്ള മര അമ്പുകൾ നിർമ്മിക്കുന്നവർക്ക് 2 മില്യൺ ഡോളർ നികുതി ആനുകൂല്യം എന്നിവ ഈ ഇളവുകളിൽ ഉൾപ്പെടുന്നു.

ഇതിൽ നിന്ന് വ്യത്യസ്തമായി യു.കെയിൽ ബാങ്കുകളെ രക്ഷിക്കാനുള്ള അടിയന്തര നടപടികൾ മൂന്ന് ദിവസത്തിനുള്ളിൽ പാർലിമെന്റ് പാസാക്കി. വിപ്പിംഗ് സംവിധാനവും ശക്തമായ പാർലിമെന്ററി അച്ചടക്കവും ഒപ്പം യു.കെ. പാർലിമെന്റിൽ നിന്നാണ് മുഖ്യമായും സർക്കാർ രൂപീകരിക്കുന്നത് എന്ന വസ്തുതയുമാണ് ഇതിന് കാരണം. എം.പിമാർ നിർദ്ദേശപ്രകാരം വോട്ട് ചെയ്യുമെന്നും ഒരു നിയമനിർമ്മാണത്തിന്റെ എല്ലാ തലങ്ങളിലും പാർട്ടിയെ പിന്തുണയ്ക്കുമെന്നും പാർട്ടി പ്രതീക്ഷിക്കുന്നു. അതിനാൽ യു.കെയിൽ ലോഗ്റോളിംഗ് അസാധ്യമല്ലെങ്കിലും പ്രയാസകരമാണ്.

## ലോഗ്റോളിംഗിന്റെ ഫലങ്ങൾ

ലോഗ്റോളിംഗ് അരോചകമായ പ്രവൃത്തിയായി തോന്നുമെങ്കിലും അത് ചിലപ്പോൾ പ്രയോജനകരവും കാര്യക്ഷമവുമാകുമെന്ന് പബ്ലിക് ചോയ്സ് സൈദ്ധാന്തികർ പറയുന്നു. ഒരു വിഷയത്തെക്കുറിച്ച് നിരവധി ആളുകളുടെ വികാരവിചാരങ്ങളുടെ തീവ്രത തുറന്നുകാട്ടുന്നതിൽ ഇത് ഫലപ്രദമാണ്. ഒരു വ്യക്തി-ഒരു വോട്ട് എന്ന കേവല അഭിപ്രായവോട്ടെടുപ്പ് സംവിധാനത്തിന് ഇത് ചെയ്യാനാകില്ല. ഒരു വിഷയത്തിൽ വികാരതീവ്രമായ നിലപാടുകളുള്ള ന്യൂനപക്ഷ ഗ്രൂപ്പുകൾക്ക് വോട്ട് കച്ചവടത്തിലൂടെ - അല്ലെങ്കിൽ പ്രത്യക്ഷമായി പണം കൊടുത്ത് വോട്ടുകൾ വാങ്ങുന്നതിലൂടെ - അവരുടെ നിലപാടിന് ശരിയായ അംഗീകാരം ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ കഴിയും.

ഒരു സാധാരണ ഉദാഹരണമെടുക്കുകയാണെങ്കിൽ, മൂന്ന് വിദ്യാർത്ഥി റൂംമേറ്റ്സ് കൂടി ആർക്കും സ്വന്തമായി വാങ്ങാൻ കഴിയാത്ത ഒരു ടെലിവിഷൻ വാങ്ങണോ എന്ന് വോട്ട് ചെയ്യുന്നത് സങ്കൽപ്പിക്കുക. ഒരാൾക്ക് ടെലിവിഷൻ വാങ്ങാൻ അതിയായ ആഗ്രഹമുണ്ട് എന്നാൽ മറ്റ് രണ്ടുപേരും ഇതിനെ

നേരിയ തോതിൽ എതിർക്കുന്നു. വോട്ട് എടുത്താൽ ഈ ആവശ്യം നിരസിക്കപ്പെടും. എന്നാൽ ഇത് ഗ്രൂപ്പിനുള്ളിലെ വികാരങ്ങളുടെ തീവ്രതയെ പ്രതിഫലിപ്പിക്കുന്നില്ല. ടെലിവിഷൻ വാങ്ങാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥി കൂട്ടുകാരിൽ ഒരാൾക്ക് 'അതെ' എന്ന് വോട്ട് ചെയ്യാൻ പണം നൽകിയാൽ അല്ലെങ്കിൽ ഭാവിയിലെ ഏതെങ്കിലും കാര്യത്തിൽ അയാൾക്ക് അനുകൂലമായി വോട്ട് ചെയ്യാമെന്ന് വാഗ്ദാനം ചെയ്താൽ, വികാരങ്ങളുടെ തീവ്രത പ്രതിഫലിക്കുകയും ആ ഗ്രൂപ്പ് ടെലിവിഷൻ വാങ്ങുകയും ചെയ്യും.

ഒരു പ്രദേശത്തിന് ഒരു പദ്ധതിയിൽ നിന്നും (ഉദാഹരണത്തിന് ഒരു പുതിയ റോഡ്) ചെലവിൽക്കവിഞ്ഞ ആനുകൂല്യങ്ങൾ ലഭിക്കുന്ന സന്ദർഭങ്ങളിലും വോട്ട് കച്ചവടം പോസിറ്റീവാകാം. അതായത് പദ്ധതി മുന്നോട്ട് പോകണം എന്നാൽ വോട്ടർമാരിൽ ചിലർ തങ്ങൾ ഒരിക്കലും ഉപയോഗിക്കാൻ സാധ്യതയില്ലാത്ത ഒന്നിന് ഉയർന്ന നികുതി നൽകാൻ വിമുഖത കാണിക്കുന്നതിനാൽ അത് മുടങ്ങിയിരിക്കുകയാണ്. ഇത്തരം പദ്ധതികൾ പ്രയോജനകരമാണെങ്കിലും, ഒരു ജനാധിപത്യ സംവിധാനത്തിൽ ഇത് നടപ്പിലാക്കാൻ വോട്ട് കച്ചവടം നടത്തേണ്ടി വരും.

ഗോർഡൻ ടള്ളക്ക് ഒരു പദ്ധതിക്ക് വോട്ട് ചെയ്യുന്ന ഒമ്പത് വോട്ടർമാരുടെ ഉദാഹരണം നൽകുന്നു. അതിൽ അവർക്ക് ഓരോരുത്തർക്കും നികുതിയായി ഒരു രൂപ ചെലവാകും, എന്നാൽ അവരിൽ ഒരാൾക്ക് മാത്രം 15 രൂപയുടെ ആനുകൂല്യം ലഭിക്കും. പതിനഞ്ച് രൂപയുടെ മൊത്തം ആനുകൂല്യം ഒൻപത് രൂപയുടെ മൊത്തം ചെലവിനേക്കാൾ കൂടുതലാണെങ്കിലും, എട്ട് പേർ എതിർത്തും ഒരാൾ മാത്ര അനുകൂലിച്ചും വോട്ട് ചെയ്തതിനാൽ പദ്ധതി പരാജയപ്പെടും. എന്നാൽ എട്ട് പേരിൽ ഓരോരുത്തർക്കും സമാനമായ സംരംഭങ്ങളിൽ നിന്ന് പ്രയോജനം ലഭിക്കുകയാണെങ്കിൽ, അവർ പരസ്പരം പദ്ധതികളെ പിന്തുണയ്ക്കുന്നതിൽ അർത്ഥമുണ്ട് കാരണം എല്ലാവർക്കും അതിന്റെ പ്രയോജനം ലഭിക്കും.

എന്നാൽ ലോഗ്റോളിംഗ് നെഗറ്റീവ് ഫലങ്ങളും സൃഷ്ടിക്കും. നികുതി ഒരു രൂപയും ആനുകൂല്യം ഏഴു രൂപയാണെന്നും കരുതുക. ഇവിടെ ഓരോ വോട്ടർക്കും വേറെ നാല് പദ്ധതികളിലെ വോട്ടുകൾ കൈമാറ്റം ചെയ്തുകൊണ്ട് ഭൂരിപക്ഷം നേടാനാകും. ഒരു വോട്ടർക്ക് ആകെ അഞ്ച് രൂപ മാത്രം ചെലവഴിച്ച് ഏഴ് രൂപയുടെ വ്യക്തിഗത നേട്ടമുണ്ടാക്കാം. അപ്പോൾ ഓരോ

പദ്ധതിയുടെയും മൊത്തം ചെലവ് ഒൻപത് രൂപ ആയിരുന്നിട്ടും മൊത്തം ആനുകൂല്യം ഏഴ് രൂപ മാത്രമായിരുന്നിട്ടും എല്ലാ പദ്ധതികളും മുന്നോട്ട് പോകും.

## ലോഗ്റോളിംഗ് കാരണമുണ്ടാകുന്ന മറ്റ് പ്രശ്നങ്ങൾ

പ്രായോഗിക തലത്തിൽ ഈ നെഗറ്റീവ് ഫലം വളരെ സാധാരണമാണ്. ഒരു വലിയ ജനാധിപത്യത്തിലെ നികുതിദായകരെ രാഷ്ട്രീയ പിന്തുണ നേടാനായി മാത്രം വലിയ സാമ്പത്തിക ബാധ്യതകൾ ഉണ്ടാക്കുന്ന വളരെ

വലിയ സംഖ്യയുടെ ലോഗ്റോളിംഗ് കച്ചവടത്തിന് വിധേയമാക്കുന്നു. അമേരിക്കയിൽ ഇതിന് ഒരു പേരുണ്ട് - പോർക്ക് ബാരൽ രാഷ്ട്രീയം - വൻതോതിൽ നഷ്ടം വരുത്തിവെക്കുന്ന പദ്ധതികൾ ഈ രീതിയിൽ അംഗീകരിക്കപ്പെടുന്നു. കർക്കശമായ അല്ലെങ്കിൽ തടസ്സമാകുന്ന ന്യൂനപക്ഷങ്ങളെ വിലയ്ക്ക് വാങ്ങാൻ പ്രതിനിധികൾ താൽപ്പര്യപ്പെടുന്നു എന്നത് പാഴ്ചെലവുകൾ വർദ്ധിപ്പിക്കുന്നു. ഒരു വശത്ത് ലോഗ്റോളിംഗ് ഒരു വിഷയത്തിൽ ന്യൂനപക്ഷവികാരത്തിന്റെ തീവ്രത കേവലം ഒരു ബാലറ്റിന് സാധ്യമല്ലാത്ത രീതിയിൽ പ്രതിഫലിപ്പിക്കുന്നു. മറുവശത്ത് ന്യൂനപക്ഷ ങ്ങൾക്ക് പ്രയോജനകരമായേക്കാവുന്നതും എന്നാൽ സമൂഹത്തിനുമേൽ വ്യാപകമായ ചെലവുകൾ അടിച്ചേൽപ്പിക്കുന്നതുമായ പദ്ധതികൾക്ക് വേണ്ടി സംഘടിക്കാനും അവ പ്രാവർത്തികമാക്കാനും ന്യൂനപക്ഷങ്ങൾക്ക് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നു.

നിരവധി ന്യൂനപക്ഷങ്ങളെ വിലയ്ക്ക് വാങ്ങേണ്ടി വരുമ്പോൾ നിയമനിർമ്മാണ നിർദ്ദേശങ്ങൾ പലവക നടപടികൾ ഉൾപ്പെടുന്ന ഒരു മഹായജ്ഞമായി വളരുന്നു - 2008-ലെ ബെയിൽ-ഔട്ട് ബിൽ പോലെ. ചില സന്ദർഭങ്ങളിലെങ്കിലും അവ വളർന്ന് നിയമസഭാംഗങ്ങൾക്ക് മനസ്സിലാക്കാൻ പോയിട്ട് വായിക്കാൻ പോലും പറ്റാത്ത രീതിയിലേക്ക് മാറും. ഓരോ തവണയും അത്തരമൊരു നടപടിയുണ്ടാകുമ്പോൾ അത് നിരവധി പുതിയ പദ്ധതികൾ സൃഷ്ടിക്കുകയും സർക്കാറിന്റെ വിപുലീകരണത്തിലേക്കും - ഒരുപക്ഷേ അമിത വിപുലീകരണത്തിലേക്കും - നയിക്കുകയും ചെയ്യുന്നു.

ഏറ്റവും മികച്ച തലത്തിൽ ന്യൂനപക്ഷങ്ങൾക്ക് അവരുടെ ജനാധിപത്യത്തിൽ അഭിപ്രായം നൽകുന്ന ജനാധിപത്യപരവും പങ്കാളിത്തപരവും കൂടിയാലോചനപരവുമായ പ്രക്രിയയുടെ ഭാഗമാണ് ലോഗ്റോളിംഗ്. എന്നാൽ ഇത് പലപ്പോഴും അതാര്യവും രാഷ്ട്രീയ താൽപ്പര്യങ്ങൾ ആധിപത്യം പുലർത്തുന്നതും പൊതുജനങ്ങളുടെ മേൽ പാഴ്ചെലവ് അടിച്ചേൽപ്പിക്കുന്നതുമായി മാറുന്നു. അതിന്റെ ഏറ്റവും മോശമായ അവസ്ഥയിൽ വോട്ടുകൾ പണത്തിനോ ആനുകൂല്യത്തിനോ വേണ്ടി വിൽക്കുന്ന സമ്പൂർണ്ണ അഴിമതിയിലേക്ക് അത് അധഃപതിക്കും. ചിലപ്പോൾ എവിടെയാണ് പരിധി നിശ്ചയിക്കേണ്ടതെന്ന് മനസ്സിലാക്കാൻ പ്രയാസമാണ്.

**ലോഗ്റോളിംഗ് എങ്ങനെ തടയാം**

ലോഗ്റോളിംഗ് വ്യാപകമായി പ്രചാരത്തിലുണ്ടെങ്കിലും അത് നിയന്ത്രിക്കാൻ സാധിക്കും. ഒരു രാഷ്ട്രീയ വിഷയത്തിൽ അഭിപ്രായവോട്ടെടുപ്പ് നടത്തുമ്പോൾ, സീരിയൽ വോട്ടുകൾക്ക് പകരം ഒറ്റ വോട്ടായതിനാൽ, അത് ലോഗ്റോളിംഗ് താരതമ്യേന പ്രയാസമേറിയതാക്കുന്നു. രണ്ട് സഭകളുള്ള നിയമനിർമ്മാണ സംവിധാനം, പ്രത്യേകിച്ച് ഓരോ സഭയും വ്യത്യസ്ത തിരഞ്ഞെടുപ്പ് പ്രക്രിയ പിന്തുടരുകയാണെങ്കിൽ, വോട്ട് കച്ചവടത്തിന്റെ ബുദ്ധിമുട്ട് വർദ്ധിപ്പിക്കുന്നതിനാൽ ലോഗ്റോളിംഗിനെ നേരിയ തോതിൽ നിരുത്സാഹപ്പെടുത്തുന്നു. പ്രസിഡൻഷ്യൽ വീറ്റോ സംവിധാനവും ലോഗ്റോളിംഗിന്റെ ബുദ്ധിമുട്ടും അനിശ്ചിതത്വവും വർദ്ധിപ്പിക്കുന്നു.

യു.എസ്. ഭരണഘടനയിൽ ഈ ഘടകങ്ങളെല്ലാം ഉണ്ടെങ്കിലും, ലോഗ്റോളിംഗ് അമേരിക്കൻ രാഷ്ട്രീയത്തിന്റെ ഒരു നിർണായക ഭാഗമായി തുടരുന്നു. രണ്ട് വർഷത്തിലൊരിക്കൽ അംഗങ്ങൾ തിരഞ്ഞെടുപ്പ് നേരിടുകയും താരതമ്യേന ചെറിയ ജില്ലകളെ പ്രതിനിധീകരിക്കുകയും ചെയ്യുന്ന ജനപ്രതിനിധി സഭയിൽ ഇത് പ്രത്യേകിച്ച് ശക്തമായി കാണപ്പെടുന്നു. ഇത് അവരെ നിരന്തര സമ്മർദ്ദത്തിലാഴ്ത്തുന്നതിനാൽ, നിരന്തരമായ വോട്ട് വ്യാപാരവും സഖ്യനിർമ്മാണവും അവരുടെ പുനർ തിരഞ്ഞെടുപ്പിന് നിർണായക പങ്ക് വഹിക്കുന്നു. നാല് വർഷത്തിലൊരിക്കൽ തിരഞ്ഞെടുപ്പ് നേരിടുന്ന രാഷ്ട്രപതിമാരും മികച്ച ലോഗ്റോളർമാരായിരി ക്കണം. എന്നാൽ ആറ് വർഷം കൂടുമ്പോൾ അംഗങ്ങളെ തിരഞ്ഞെടുക്കുന്ന സെനറ്റിൽ തിരഞ്ഞെടുപ്പ് സമ്മർദ്ദം കുറവാണ്, അതിനാൽ ലോഗ്റോളിംഗും താരതമ്യേന കുറവാണ്.

## 7. രാഷ്ട്രീയ ലാഭം: വാടക തേടൽ

പബ്ലിക് ചോയ്സ് സിദ്ധാന്തത്തിലെ പല നിർണായക ആശയങ്ങളും പോലെ 'വാടക തേടൽ' എന്ന ആശയവും ആദ്യമായി രൂപപ്പെടുത്തിയത് (1967ൽ) ഗോർഡൻ ടള്ളക്ക് ആണ്. എന്നാൽ ഈ പദപ്രയോഗം കുറച്ച് വർഷങ്ങൾക്ക് ശേഷം ആൻ ക്രൂഗറാണ് ആദ്യമായി ഉപയോഗിച്ചത്.

ഭൂരിഭാഗം ആളുകളും വാടകയെ ഭൂമിയുടെയോ മറ്റ് വിഭവങ്ങളുടെയോ ഉപയോഗത്തിന് ഉടമയ്ക്ക് നൽകുന്ന പണമായിട്ടാണ് കണക്കാക്കുന്നത് – ഉടമയ്ക്ക് അതിൽ കാര്യമായ അധ്വാനമില്ല. സാമ്പത്തിക വിദഗ്ധർ നൽകുന്ന സാങ്കേതിക നിർവചന പ്രകാരം വാടകയിനത്തിൽ ലഭിക്കുന്ന പണം സാധാരണ മത്സരതലത്തിന് ഉപരിയായി ലഭിക്കുന്ന വരുമാനമാണ്. എന്നാൽ സാധാരണ നിർവചനം വാടക തേടലിന്റെ സത്തയെ നന്നായി സംഗ്രഹിക്കുന്നു.

വിപണി സാഹചര്യങ്ങളിൽ മത്സരം നേരിടാത്ത ഒരു വിതരണക്കാരന് – ഉദാഹരണത്തിന്, ഒരു ഗ്രാമത്തിലെ ഏക പലചരക്ക് വ്യാപാരി – (അയാളുടെ സേവനം മോശമാണെങ്കിലും) ഉയർന്ന വില ഈടാക്കാൻ കഴിയും. എന്നാൽ ഈ ഉയർന്ന ലാഭം മറ്റ് പലചരക്ക് വ്യാപാരികളുടെ ശ്രദ്ധ ആകർഷിക്കുന്നു. അവർക്ക് അവിടെ ഒരു കട തുറന്ന് ഒന്നാമത്തെ വ്യാപാരിയുമായി മത്സരിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. അത്തരം മത്സരത്തിന്റെ ഫലം ആ കുത്തക വ്യാപരി വിപണിയിൽ തുടരാനായി വില കുറയ്ക്കുകയും സേവനം മെച്ചപ്പെടുത്തുകയും ചെയ്യും എന്നതാണ്.

രാഷ്ട്രീയ സാഹചര്യങ്ങളിൽ കാര്യങ്ങൾ വളരെ വ്യത്യസ്തമാണ്. അധിക ലാഭം ഉണ്ടാക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നത് രാഷ്ട്രീയ അധികാരികൾ ആയതിനാൽ തുടക്കാർക്ക് വിപണിയിൽ പ്രവേശിക്കുന്നതും മത്സരിക്കുന്നതും പ്രയാസകരമോ അസാധ്യമോ ആയിമാറുന്നു. ന്യൂയോർക്ക് ടാക്സികളുടെ എണ്ണം 13,000 ആയി പരിമിതപ്പെടുത്തുന്ന നിയന്ത്രണം ഒരു നല്ല ഉദാഹരണമാണ്. ഗ്രേറ്റ് ഡിപ്രഷന്റെ വർഷങ്ങളിൽ പ്രവർത്തിച്ചിരുന്നതിന്റെ പകുതിയിൽ താഴെയാണ് ഇത്. ഈ മേഖലയിലെ മൽസരത്തിന് തടയിടാൻ നിയന്ത്രണം ഏർപ്പെടുത്തിയതിനാൽ, ടാക്സി

ഡ്രൈവർമാർ കൂടുതൽ പണം സമ്പാദിക്കുകയും ന്യൂയോർക്കുകാർ ടാക്സികൾക്കായി കൂടുതൽ പണം നൽകുകയും കൂടുതൽ സമയം കാത്തിരിക്കുകയും ചെയ്യുന്നു. ഒരു ന്യൂ യോർക്ക് ടാക്സി ലൈസൻസ് അടുത്തിടെ ഒരു മില്യൺ ഡോളറിന് കൈമാറ്റം ചെയ്യപ്പെട്ടു. ഇത് ഇപ്പോൾ നിയമപരിരക്ഷയുള്ള വാടകകളുടെ വ്യാപ്തി വ്യക്തമാക്കുന്നു.

വിദ്യാഭ്യാസം അല്ലെങ്കിൽ തപാൽ സംവിധാനം പോലുള്ള സേവനങ്ങളുടെ കാര്യത്തിൽ സർക്കാരുകൾ സാധാരണയായി സ്വയം കുത്തകാവകാശം നൽകുന്നു. പഴയകാലത്ത് രാജാക്കന്മാർ അവരുടെ സുഹൃത്തുക്കൾക്കും രാജസേവകർക്കും ഉപ്പ് മുതൽ സോപ്പ്, മെഴുകുതിരികൾ, ധാന്യം, കടലാസ്, മധുര വീഞ്ഞ് തുടങ്ങിയ സാധനങ്ങളുടെ മേൽ വ്യക്തമായ കുത്തകാവകാശം അനുവദിച്ചിരുന്നു. ഇന്ന് അത്ര പ്രത്യക്ഷമല്ലെങ്കിലും ചില തൊഴിൽ മേഖലകളിലുള്ള സർക്കാർ ലൈസൻസിംഗും (അക്കൌണ്ടന്റുമാരും ദന്തഡോക്ടർമാരും മുതൽ ഹെയർഡ്രെസ്സർമാരും മാനിക്യൂറിസ്റ്റുകളും വരെ), ഇറക്കുമതി ചെയ്ത സാധനങ്ങളുടെ മേൽ ചുമത്തുന്ന ക്വാട്ടകളും താരിഫുകളും, ഭൂമിയുടെ ഉപയോഗത്തിനുള്ള ആസൂത്രണ നിയമങ്ങളും മത്സരം കുറയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനും കുത്തക ലാഭം (വാടക) വിവിധ താൽപ്പര്യ ഗ്രൂപ്പുകൾക്ക് നൽകുന്നതിനും സഹായിക്കുന്നു.

**വാടക തേടൽ എന്ന പ്രലോഭനം**

ഇത്തരം വിലയേറിയ കുത്തകാവകാശങ്ങളോ നിയമപരമായ പ്രത്യേകാനുകൂല്യങ്ങളോ നൽകാൻ സർക്കാരുകളെ പ്രേരിപ്പിക്കുന്നതിനുള്ള ചില വിഭാഗങ്ങളുടെ ശ്രമമാണ് വാടക തേടൽ. അവരുടെ ശ്രമം വിജയകരമാണെങ്കിൽ, അത്തരം ആനുകൂല്യങ്ങൾ പൊതുജനങ്ങളിൽ നിന്ന് ഈ പ്രത്യേക വിഭാഗങ്ങൾക്ക് ഗണ്യമായ സമ്പത്ത് കൈമാറ്റം ചെയ്യുന്നതിലേക്ക് നയിച്ചേക്കാം. കുത്തക വിലകളുടെ ഫലമായി ഉപഭോക്താക്കളും നികുതിദായകരും സാമ്പത്തികമായ നഷ്ടം മാത്രമല്ല കുറഞ്ഞ ചോയ്സും താഴ്ന്ന നിലവാരവും കൂടി സഹിക്കേണ്ടിവരുന്നു.

വിജയകരമായ വാടക തേടലിൽ നിന്നുള്ള സാധ്യമായ നേട്ടങ്ങൾ വാസ്തവത്തിൽ വളരെ വലുതാണെന്നും അവ പിടിച്ചെടുക്കാൻ ഗ്രൂപ്പുകൾ ധാരാളം സമയവും പരിശ്രമവും പണവും ചെലവഴിക്കുന്നത് തികച്ചും അർത്ഥവത്താണെന്നും ടള്ളക്ക് ചൂണ്ടിക്കാട്ടുന്നു. ഉദാഹരണത്തിന്, വിദേശ കാർ ഇറക്കുമതിക്ക് ക്വാട്ടകളോ താരിഫുകളോ ചുമത്താൻ നിയമസഭാംഗങ്ങളെ പ്രേരിപ്പിക്കാൻ കഴിഞ്ഞാൽ, ആഭ്യന്തര കാർ നിർമ്മാതാക്കൾക്ക് കോടിക്കണക്കിന് രൂപയുടെ ലാഭമുണ്ടാകും. അതിനാൽ അത് നേടിയെടുക്കാൻ ലക്ഷക്കണക്കിന് രൂപ ലോബിയിംഗിനായി ചെലവഴിക്കാൻ അവർ തയ്യാറാകുന്നതിൽ അതിശയിക്കാനില്ല.

എന്നാൽ ടള്ളക്ക് സൂചിപ്പിച്ചതുപോലെ ഈ ചെലവേറിയ ലോബിയിംഗ് പ്രവർത്തനങ്ങൾ ഫലപ്രദമല്ല; അവ സമ്പദ്വ്യവസ്ഥയ്ക്ക് തികഞ്ഞ നഷ്ടമാണ്. കഴിവുള്ള പലരുടെയും സമയവും പ്രയത്നവും പണവും വൈദഗ്ധ്യവും സംരംഭകത്വ പ്രവർത്തനവും ഇതിനായി പാഴാക്കപ്പെടുന്നു. വാടക തേടൽ

എന്ന പ്രവർത്തി സമൂഹത്തിന് മൂല്യവത്തായ ഒന്നും നൽകുന്നില്ല. എന്തൊക്കെ കുത്തകാവകാശങ്ങൾ ഏതൊക്കെ താൽപ്പര്യ ഗ്രൂപ്പുകൾക്ക് നൽകണമെന്ന് നിർണ്ണയിക്കുക മാത്രമാണ് അത് ചെയ്യുന്നത്.

വാടക തേടലിൽ ഏർപ്പെടുന്ന ഗ്രൂപ്പുകൾ നിയമനിർമ്മാണം തങ്ങൾക്കനുകൂലമാക്കാൻ വൻതോതിൽ വിഭവങ്ങൾ ചെലവഴിക്കുമെന്ന – സമൂഹത്തിന്റെ കാര്യമെടുത്താൽ, പാഴാക്കുമെന്ന – ടള്ളക്കിന്റെ നിരീക്ഷണം മുഖ്യധാരാ സാമ്പത്തികശാസ്ത്രത്തിന്റെ 'ക്ഷേമ സാമ്പത്തിക' ആശയങ്ങൾക്ക് ഒരു യഥാർത്ഥ തിരിച്ചടിയായി. കൂട്ടായ തീരുമാനങ്ങൾക്ക് 'വിപണി പരാജയം' തിരുത്താനും പൊതുക്ഷേമം പ്രോത്സാഹിപ്പിക്കാനും കഴിയുമെന്ന് അവർ വിശ്വസിച്ചു. എന്നാൽ കൂട്ടായ തീരുമാനമെടുക്കുന്ന പ്രക്രിയയെകുറിച്ച് അവർ യാഥാർഥ്യബോധത്തോടെ ചിന്തിച്ചില്ല. പ്രബുദ്ധരായ സർക്കാർ ഉദ്യോഗസ്ഥർ പൊതുനന്മയ്ക്കായി യുക്തിപരമായി നയം രൂപീകരിക്കുമെന്ന് അവർ കരുതി. പൊതുനയ രൂപീകരണ പ്രക്രിയ വിപണിയെക്കാൾ മികച്ചതാകുന്നതിനുപകരം, വാടക തേടൽ പൊതുതീരുമാനങ്ങളെ വൻതോതിൽ സ്വാധീനിക്കുകയും, ചില ഗ്രൂപ്പുകൾക്ക് മാത്രം പ്രയോജനകരവും എന്നാൽ പൊതുസമൂഹത്തിന് സാരമായി ദോഷം ചെയ്യുന്നതുമായ രീതിയിൽ വിപണികളെ നിയന്ത്രിക്കുകയും മത്സരം കുറയ്ക്കുകയും ചെയ്യുന്നുവെന്ന് ടള്ളക്കിന്റെ പഠനം വ്യക്തമാക്കുന്നു.

## ചെലവുകളും വ്യതിയാനങ്ങളും

വാടക തേടുന്നതിന്റെ പ്രത്യാഘാതങ്ങൾ മറ്റുള്ളവരിൽ ചെലവ് അടിച്ചേൽപ്പിക്കുന്ന വഴികൾ പലതാണ്. ഉദാഹരണത്തിന്, ഗവേഷണത്തിനും വികസനത്തിനും നികുതിയിളവുകൾക്കായി ഒരു ഹൈടെക് വ്യവസായ ഗ്രൂപ്പ് വിജയകരമായി ലോബി ചെയ്യുന്നുവെന്ന് കരുതുക. പുത്തൻ സാങ്കേതികവിദ്യയുടെ നേതൃനിരയിൽ രാജ്യത്തെ കൊണ്ടുവരുന്നതിനും മറ്റ് രാജ്യക്കാർ വാങ്ങാൻ ആഗ്രഹിക്കുന്ന പുതിയ ഹൈടെക് ഉൽപ്പന്നങ്ങളുടെ വികസനം ഉത്തേജിപ്പിക്കുന്നതിനുമുള്ള ഒരു മാർഗമായി ഈ ആശയം അവതരിപ്പിക്കപ്പെടാം. അത് തീർച്ചയായും അത്തരം ചില ഫലങ്ങളുണ്ടാക്കാം.

എന്നാൽ ഇതേ ഗവേഷണവും വികസനവും സ്ഥാപനങ്ങൾ സ്വന്തം ചെലവിൽ നടത്തിയിരുന്നെങ്കിൽ സാമ്പത്തിക ബാധ്യത അത്രയും കുറയ്ക്കാമായിരുന്നു. നികുതിയിളവ് നികുതി വ്യവസ്ഥയെ താറുമാറാക്കുകയും, ഗവേഷണത്തിലേക്കും വികസനത്തിലേക്കും സുപ്രധാന വിഭവങ്ങളെ ആകർഷിച്ച് മറ്റ് മേഖലകളിൽ നിന്ന് – ആ വിഭവങ്ങൾ കൂടുതൽ ഉൽപ്പാദനപക്ഷമമായി ഉപയോഗിക്കാമായിരുന്ന മേഖലകൾ – അവയെ അകറ്റുകയും ചെയ്യുന്നു. കുറഞ്ഞ നികുതികളുടെ പ്രലോഭനം മൂലം സ്ഥാപനങ്ങൾ ആനുകൂല്യം ലഭിക്കുന്നതിന് വേണ്ടി മാത്രം അവരുടെ പ്രവർത്തനങ്ങളെ 'ഗവേഷണവും വികസനവും' ആയി തരംതിരിക്കാനും സാധ്യതയുണ്ട്.

അതേസമയം ട്രഷറി ഈ പ്രവർത്തനങ്ങളിൽ നിന്ന് വരുമാനം

ശേഖരിക്കുന്നില്ല എന്ന വസ്തുത അർത്ഥമാക്കുന്നത് അതിനായി സർക്കാർ മറ്റിടങ്ങളിൽ നിന്ന് കൂടുതൽ പണം കണ്ടെത്തേണ്ടതുണ്ട് എന്നാണ്. അതിനാൽ മറ്റുള്ളവരുടെ നികുതി വർധിപ്പിക്കേണ്ടിവരും. ഇത് അവർക്ക് ദോഷകരമാണെന്ന് മാത്രമല്ല, ഉയർന്ന നികുതി നിരക്കുകൾ കൂടുതൽ ആളുകളെ നിയമപരമായോ നിയമവിരുദ്ധമായോ നികുതിയിൽ നിന്നും ഒഴിഞ്ഞുമാറാൻ പ്രേരിപ്പിക്കുന്നു. നികുതി നിരക്കുകൾ കൂടുന്തോറും കൂടുതൽ ആളുകൾ അവരുടെ നികുതിഭാരം കുറയ്ക്കുന്നതിനായി പഴുതുകൾ കണ്ടെത്തുകയോ പ്രത്യേക ഇളവുകൾക്കായി ആവശ്യം ഉന്നയി ക്കുകയോ ചെയ്യും. അവർ വിജയിച്ചാൽ, അത് സാമ്പത്തിക പ്രവർത്തന ങ്ങളെ കൂടുതൽ വികലമാക്കുകയും ഉപഭോക്തൃ സേവനത്തിൽ നിന്ന് വിഭവങ്ങൾ അകറ്റിനിർത്തി നികുതി ഒഴിവാക്കലിലേക്ക് നയിക്കുകയും ചെയ്യും. അങ്ങനെ ആ സൈക്കിൾ തുടർന്നുകൊണ്ടേയിരിക്കും.

ഗ്രൂപ്പുകൾ സബ്സിഡിക്ക് വേണ്ടി പ്രചാരണം നടത്തി വിജയിക്കുമ്പോൾ സമാനമായ പ്രശ്നങ്ങൾ ഉണ്ടാകുന്നു. ഉദാഹരണത്തിന്, ജൈവ ഇന്ധന ഉൽപാദകർക്കുള്ള സർക്കാർ ഗ്രാന്റുകൾ. അത് കൂടുതൽ സാമ്പത്തിക പ്രവർത്തനങ്ങളെ ജൈവ ഇന്ധന ഉൽപാദനത്തിലേക്ക് ആകർഷിക്കുന്നു. ഇന്ധനമാക്കി മാറ്റാൻ കഴിയുന്ന വിളകളുടെ ആവശ്യം കൂടുമ്പോൾ അവയുടെ വില വർദ്ധിക്കും. അങ്ങനെ ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധിക്കുകയും ജീവിതച്ചെലവ് ഉയരുകയും ചെയ്യും. ഇത് ദരിദ്രരായ ജനവിഭാഗത്തെയാണ് ഏറ്റവും കൂടുതൽ ബാധിക്കുന്നത്. ഇതിന്റെ ചെലവു കൾ ചിതറിക്കിടക്കുന്നതും അതാര്യവുമാണ്, ഒപ്പം ആനുകൂല്യങ്ങൾ കൃത്യമായി നിർവചിക്കപ്പെട്ട താൽപ്പര്യങ്ങളുള്ള പ്രത്യേക ഗ്രൂപ്പുകളിൽ മാത്രം ഒതുങ്ങുന്നു.

സർക്കാർ ക്ഷേമ സംവിധാനം ഉപയോഗിച്ച് നേട്ടമുണ്ടാക്കാൻ ചില താൽപ്പര്യ ഗ്രൂപ്പുകൾ ശ്രമിച്ചേക്കാം. ഉദാഹരണത്തിന്, ഒരു വരുമാന പരിധിക്ക് താഴെ യുള്ള കുടുംബങ്ങൾക്ക് സാമ്പത്തികാനുകൂല്യങ്ങൾ നൽകുന്നുണ്ടെങ്കിൽ, ആ വരുമാന പരിധിക്ക് തൊട്ടുമുകളിലുള്ളവർക്ക് അത് ഉയർത്താൻ പ്രചാരണം നടത്തി അതിൽനിന്നും നേട്ടമുണ്ടാക്കാം. മറ്റു ചിലർ സ്വയം വരുമാന പരിധിക്ക് താഴെയാകാൻ ശ്രമിച്ചേക്കാം അല്ലെങ്കിൽ യഥാർത്ഥ വരുമാനം മറച്ചുവെച്ച് ആനുകൂല്യം നേടാൻ ശ്രമിച്ചേക്കാം.

## ചെലവ് നിർണ്ണയിക്കൽ

നോബൽ സമ്മാനജേതാവായ സാമ്പത്തികശാസ്ത്രജ്ഞൻ മിൽട്ടൺ ഫ്രീഡ്മാൻ സൂചിപ്പിച്ചതുപോലെ ഒരു ഫാക്ടറി പണിയുന്നത് പൊതു സമ്പത്ത് വർദ്ധിപ്പിക്കും; എന്നാൽ ന്യൂയോർക്കിൽ ഒരു ടാക്സി പെർമിറ്റ് വാങ്ങുന്നത് അങ്ങനെയല്ല. പൊതുമേഖലയുടെ വലിപ്പം കൂടുമ്പോൾ, നികുതി അല്ലെങ്കിൽ നിയന്ത്രണ സംവിധാനം കൂടുതൽ സങ്കീർണ്ണമാകു മ്പോൾ, വാടക തേടലിനുള്ള അവസരങ്ങളും വർദ്ധിക്കും. അതിനാൽ ഭാവിയിൽ നേരിടാൻ സാധ്യതയുള്ള നഷ്ടവും വർദ്ധിക്കും.

കമ്പനികളും വ്യക്തികളും ഗ്രൂപ്പുകളും അവർ വിജയിച്ചാൽ ലഭിക്കുന്ന

'വാടക'യുടെ അത്രയും തന്നെ വാടക തേടലിൽ നിക്ഷേപിക്കാൻ തയ്യാറാകാൻ സാധ്യതയുണ്ട്. വാടക തേടലിന് സമ്പദ്വ്യവസ്ഥയുടെ മറ്റ് മേഖലകളിൽ നിന്ന് വിഭവങ്ങൾ എടുക്കുന്നത് മൂലമുണ്ടാകുന്ന ഒരു ചെലവുണ്ട് - പലപ്പോഴും നല്ല വാക്ചാതുര്യമുള്ള, വിദ്യാസമ്പന്നരും ഉൽപ്പാദനക്ഷമതയുള്ളവരുമായ ആളുകൾ ഇതിൽ ഉൾപ്പെടുന്നു. ഈ ചെലവിന്റെയും വിജയകരമായ വാടക തേടലിൽ നിന്നുള്ള സാമ്പത്തിക ക്ഷേമ നഷ്ടത്തിന്റെയും ഫലമായി ഈ പ്രക്രിയയുടെ മൊത്തം ചെലവ് കുതിച്ചുയരും. രണ്ടായിരമാണ്ടിന്റെ തുടക്കത്തിൽ നടത്തിയ ഒരു പഠനം, യു.എസ്സിൽ വാടക തേടലിന് താൽപ്പര്യ ഗ്രൂപ്പുകൾ ചെലവഴിക്കുന്ന പണം നൂറുകണക്കിന് ദശലക്ഷം ഡോളറായി കണക്കാക്കി. ചെലവ് വർദ്ധിപ്പിക്കുന്ന മറ്റൊരു കാര്യമുണ്ട്. വാടക തേടൽ ഒരു തരം ചൂതാട്ടമാണ്, അതിൽ വിജയിക്കുമെന്ന് യാതൊരു ഉറപ്പുമില്ല. പല ചൂതാട്ടക്കാരെയും പോലെ വാടക തേടുന്നവർ യഥാർത്ഥത്തിൽ അവർക്ക് തിരികെ ലഭിക്കുന്നതിനേക്കാൾ (അവർ വിജയിച്ചാലും) കൂടുതൽ പണം ആ പ്രക്രിയയ്ക്കായി ചെലവഴിക്കുന്നു.

വാടക തേടൽ പൊതുജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്ന സാമ്പത്തിക ചെലവുകൾക്ക് മറ്റൊരു വിനാശകരമായ ഫലവുമുണ്ട്. സ്വന്തം കഠിനാധ്വാനത്തിലൂടെ സമ്പാദിക്കുന്ന വരുമാനം, സമ്പാദ്യം, മൂലധനം എന്നിവ വാടക തേടുന്നവർ (നികുതിയായോ കുത്തക വിലയായോ) തങ്ങളിൽ നിന്ന് കൈക്കലാക്കുമെന്ന് ആളുകൾ കണക്കുകൂട്ടിയാൽ, കഠിനാധ്വാനം ചെയ്യാനും സമ്പാദിക്കാനും അവർ തയ്യാറാകില്ല. ധനനിക്ഷേപങ്ങൾ കുറയും, സ്ഥാപനങ്ങളിലേക്ക് പണമൊഴുക്ക് നിലയ്ക്കും, ഉൽപ്പാദനം കുറയും, അങ്ങനെ പൊതുജനങ്ങളുടെ അവസ്ഥ കൂടുതൽ വഷളാകും.

### രാഷ്ട്രീയമായ ചെലവുകൾ

വാടക തേടൽ രാഷ്ട്രീയ പ്രക്രിയയെയും ദുഷിപ്പിക്കുന്നു. വാടക തേടലിലൂടെ വലിയ ആനുകൂല്യങ്ങൾ നേടിയെടുക്കാമെന്ന പ്രതീക്ഷ, അത് സാധ്യമാക്കുന്നതിന് ഗ്രൂപ്പുകളെ വോട്ടും പിന്തുണയും വ്യാപാരം ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്നു.

വാടക തേടുന്നവർക്ക് തങ്ങൾക്ക് പ്രയോജനപ്പെടുന്ന ആനുകൂല്യങ്ങളിലുള്ള താൽപ്പര്യവും അവ പിടിച്ചെടുക്കാൻ അവർ വിനിയോഗിക്കുന്ന സമയവും ഊർജ്ജവും, ലോബിയിംഗ് എന്തുകൊണ്ടാണ് ഇത്ര വലിയൊരു വ്യവസായ മായിരിക്കുന്നതെന്നും രാഷ്ട്രീയക്കാർ എന്തുകൊണ്ടാണ് ഇത്രയധികം കുത്തകകളും നിയന്ത്രണങ്ങളും ഇളവുകളും അനുവദിക്കുന്നതെന്നും വിശദീകരിക്കാൻ സഹായിക്കുന്നു. അത്തരം ആനുകൂല്യങ്ങൾ അനുചിതവും കാര്യക്ഷമമല്ലാത്തതുമാണെന്നും പരിഷ്കരണം ആവശ്യ മാണെന്നും വ്യക്തമായതിനുശേഷവും ഈ പ്രവണത നിലനിൽക്കുന്നത് എന്തുകൊണ്ടാണെന്നും ഇത് വിശദീകരിക്കുന്നു. സർക്കാറിന്റെ നിയന്ത്രണാധികാരം കൂടുന്തോറും വാടക തേടലിനുള്ള അവസരങ്ങൾ

കൂടുകയും, താൽപ്പര്യ ഗ്രൂപ്പുകൾ ആനുകൂല്യങ്ങൾക്കായി ലോബി ചെയ്യുന്നതിനാൽ രാഷ്ട്രീയക്കാർക്ക് കൂടുതൽ അധികാരം ലഭിക്കുകയും ചെയ്യും. വാടക തേടുന്നവർക്ക് പ്രത്യേകാവകാശങ്ങൾ നൽകാൻ സാധിക്കുന്ന പദവിയിൽ നിന്ന് മാത്രമല്ല, മറ്റുള്ളവരുടെ മേൽ പ്രതികൂല നടപടികളുടെ ഭീഷണി ഉയർത്താനുള്ള തങ്ങളുടെ കഴിവിൽ നിന്നും രാഷ്ട്രീയക്കാർ നേട്ടം കൊയ്യുന്നു. ചില അവസരങ്ങളിൽ രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും പണത്തിനോ വ്യക്തിപരമായ ആനുകൂല്യങ്ങൾക്കോ വേണ്ടി ചില ഗ്രൂപ്പുകൾക്ക് പ്രത്യേകാനുകൂല്യങ്ങൾ അനുവദിക്കുകയും, തങ്ങളെ പിന്തുണയ്ക്കാത്തവരെ നിയമപരമായ തടസ്സങ്ങളിലൂടെ ബുദ്ധിമുട്ടിക്കുകയും ചെയ്യുന്നതിലൂടെ ഈ അധികാരം തികഞ്ഞ അഴിമതിയിലേക്ക് നയിച്ചേക്കാം.

വാടക തേടുന്നതിലൂടെ രാഷ്ട്രീയക്കാർക്കും വാടക തേടുന്നവർക്കും ലഭിക്കുന്ന വലിയ നേട്ടങ്ങൾ, ന്യൂനപക്ഷ ഗ്രൂപ്പുകളുടെ കേന്ദ്രീകൃത താൽപ്പര്യവും ഭൂരിപക്ഷ പൊതുജനങ്ങളുടെ അധികാരമില്ലായ്മയും തമ്മിലുള്ള അസന്തുലിതാവസ്ഥ - ഈ വസ്തുതകൾ മനസ്സിലാക്കുന്ന ഒരാൾ ജനാധിപത്യ സംവിധാനങ്ങളിൽ വാടക തേടൽ എന്തുകൊണ്ട് ഒരു സ്ഥിരം പ്രതിഭാസമായി മാറിയിട്ടില്ല എന്ന് ആശ്ചര്യപ്പെട്ടേക്കാം. നിർഭാഗ്യവശാൽ അത് അങ്ങനെയായിക്കാണുമെന്ന് തെളിവുകൾ സൂചിപ്പിക്കുന്നു.

## 8. രാഷ്ട്രീയക്കാരുടെ പ്രതാപകാലം

നമുക്ക് എന്തിനാണ് നിയമസഭാംഗങ്ങൾ? നമ്മൾ വെറുക്കാൻ ഇഷ്ടപ്പെടുന്ന പ്രതിനിധികളും പാർലിമെന്റ് അംഗങ്ങളും? കാരണം ലളിതമാണ് - പ്രായോഗികത. വികസിത രാജ്യങ്ങൾ ദിവസവും നേരിടുന്ന പൊതുതീരുമാനങ്ങളുടെ ബാഹുല്യം, എല്ലാ വിഷയങ്ങളിലും എല്ലാവരും പങ്കെടുത്ത് വോട്ട് ചെയ്യണമെന്ന് പ്രതീക്ഷിക്കുന്നത് പ്രയാസകരമാക്കുന്നു. മാത്രമല്ല പൊതുജനങ്ങൾക്ക് ഈ വിഷയങ്ങളെല്ലാം മനസ്സിലാക്കാനും അഭിപ്രായങ്ങൾ രൂപീകരിക്കാനും സമയവും താൽപ്പര്യവും ഉണ്ടാകില്ല.

അതനുസരിച്ച് പ്രശ്നങ്ങൾ മനസ്സിലാക്കാനും വിധിന്യായങ്ങൾ രൂപീകരിക്കാനും തീരുമാനങ്ങളെടുക്കാനും ചെറുതും കൂടുതൽ കാര്യക്ഷമവുമായ ഒരു ഗ്രൂപ്പിനെ - നമ്മുടെ നിയമസഭാംഗങ്ങളെ - നമ്മൾ ചുമതലപ്പെടുത്തുന്നു. നമ്മുടെ വീക്ഷണങ്ങളെ പ്രതിനിധീകരിക്കാനും നമുക്കുവേണ്ടി തീരുമാനങ്ങളെടുക്കാനും നമ്മൾ അവരുടെ ജാഗ്രതയിലും കാര്യവിവരശേഷിയിലും വിശ്വസിക്കുന്നു. അതായത് നമ്മുടെ സമയവും അധ്വാനവും പണവും ചെലവഴിക്കാതെ നമുക്ക് വേണ്ടി തീരുമാനങ്ങൾ എടുക്കാൻ അവർക്ക് കഴിയും.

### പൊതുജനവും നിയമസഭാംഗങ്ങളും

എന്നാൽ നിയമനിർമ്മാതാക്കൾ നമ്മുടെ അഭിപ്രായങ്ങളെ കൃത്യമായി പ്രതിനിധീകരിക്കുന്നുണ്ടോ? അക്കാദമിക് സാമ്പത്തിക വിദഗ്ധർ അങ്ങനെ കരുതുന്നുണ്ടാകണം, പക്ഷേ മിക്ക സാധാരണക്കാരും (ഒപ്പം രാഷ്ട്രീയക്കാരും) അത്ര നിഷ്കളങ്കരല്ല. പബ്ലിക് ചോയ്സ് സൈദ്ധാന്തികർ പറയുന്നത് ഇതാണ്: നിയമസഭാംഗങ്ങൾ നമ്മളിൽ നിന്ന് വ്യത്യസ്തരല്ല; അവർക്ക് അവരുടേതായ താൽപ്പര്യങ്ങളും അഭിപ്രായങ്ങളുമുണ്ട്. അത് അവരുടെ തീരുമാനങ്ങളെ അനിവാര്യമായും ബാധിക്കുന്നു.

പബ്ലിക് ചോയ്സിന്റെ തത്വങ്ങൾ തിരഞ്ഞെടുപ്പുകളിൽ എന്നതുപോലെ തന്നെ നിയമസഭകളിലും ബാധകമാണ്. ബഹുകക്ഷി സംവിധാനങ്ങളിൽ വിവിധ പാർട്ടികൾ ചേർന്ന് നിയമസഭയിൽ സഖ്യങ്ങൾ രൂപീകരിക്കാൻ വിലപേശൽ നടത്തേണ്ടി വന്നേക്കാം. താൽപ്പര്യ ഗ്രൂപ്പുകൾ നിയമസഭാംഗങ്ങളുടെ മേൽ ലോബിയിംഗ് സമ്മർദ്ദം ചെലുത്തുന്നു. അതിൽ

സാമ്പത്തിക സഹായവും ഉൾപ്പെട്ടേക്കാം. മിക്കവാറും എല്ലാ നിയമസഭകളിലും ലോഗ്റോളിംഗ് ഒരു മുഖ്യ ഘടകമാണ്.

അതിനാൽ നിയമസഭാംഗങ്ങളുടെ താൽപ്പര്യങ്ങൾ അവരുടെ വോട്ടർമാരുടെ താൽപ്പര്യങ്ങളുമായി പൂർണ്ണമായും പൊരുത്തപ്പെടുമെന്ന് നാം പ്രതീക്ഷിക്കരുത്. സത്യത്തിൽ അധികാരത്തിലെത്താൻ ഏറ്റവുമധികം താൽപ്പര്യം പ്രകടിപ്പിക്കുന്ന ആളുകൾ പലപ്പോഴും പൊതുജന താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുപകരം സ്വന്തം നേട്ടത്തിനായി അല്ലെങ്കിൽ അവരുടെ സുഹൃത്തുക്കളുടെയോ വിഭാഗത്തിന്റെയോ നേട്ടത്തിനായി അധികാരം ചൂഷണം ചെയ്യാൻ ആഗ്രഹിക്കുന്നവരാണ്. തിരഞ്ഞെടുപ്പുകളിൽ വോട്ട് ചെയ്യുന്നതിലൂടെ പൊതുജനങ്ങൾക്ക് രാഷ്ട്രീയക്കാരെ നിയന്ത്രിക്കാൻ കഴിയും, എന്നാൽ ഈ നിയന്ത്രണം വളരെ ദുർബലമാണ്. തിരഞ്ഞെടുപ്പുകൾ ഒരു നിത്യസംഭവമല്ല. അത് നടക്കുമ്പോൾ വ്യത്യസ്തമായ നയങ്ങളുടെ ഒരു ബണ്ടിൽ വാഗ്ദാനം ചെയ്യുന്നവർക്ക് ആളുകൾ വോട്ട് ചെയ്യും. പ്രധാന തിരഞ്ഞെടുപ്പ് പ്രശ്നങ്ങൾ ഉന്നയിക്കാനോ അല്ലെങ്കിൽ തിരഞ്ഞെടുപ്പ് തീയതി നിശ്ചയിക്കാനോ കഴിയുന്നവർ ഫലത്തെ ശക്തമായി സ്വാധീനിക്കുന്നു. അതേസമയം സ്വന്തം വോട്ടിന് വലിയ പ്രാധാന്യമില്ലെന്ന് വോട്ടർമാർക്ക് അറിയാം. കൂടാതെ സർക്കാർ പ്രവർത്തനങ്ങളുടെ ചെലവുകളെ അവർ വിലകുറച്ച് കാണുന്നുവെന്നും അതിനാൽ അവയുടെ പ്രാധാന്യത്തെ വിലകുറച്ച് കാണുന്നുവെന്നും സർവ്വേകൾ വ്യക്തമാക്കുന്നു. ഇത് പലപ്പോഴും തിരഞ്ഞെടുപ്പുകളിൽ പോളിംഗ് ശതമാനം കുത്തനെ കുറയാനിടയാക്കുന്നു. ഭരണഘടനാപരവും വ്യവസ്ഥാപിതപരവുമായ പരിഷ്കാരങ്ങൾ വഴി സർക്കാരുകളെ എങ്ങനെ നിയന്ത്രിക്കാം എന്ന ചോദ്യത്തിൽ പല പബ്ലിക് ചോയ്സ് സൈദ്ധാന്തികരും, പ്രത്യേകിച്ച് വിർജീനിയ സ്കൂളിലുള്ളവർ, മുഴുകിയിരിക്കുന്നതിന്റെ ഒരു കാരണം ഇതാണ്.

**രാഷ്ട്രീയക്കാരുടെ രാഷ്ട്രീയ വരുമാനം**

നേരത്തെ സൂചിപ്പിച്ചതുപോലെ ബ്ലാക്കിന്റെയും ഡൗൺസിന്റെയും കാലഘട്ടം മുതൽ പബ്ലിക് ചോയ്സിന്റെ പ്രധാന നിരീക്ഷണങ്ങളിലൊന്ന് രാഷ്ട്രീയക്കാരും രാഷ്ട്രീയ പാർട്ടികളും നയപരമായ വിഷയങ്ങളിൽ സ്വീകരിക്കുന്ന നിലപാടുകളിൽ 'വോട്ട് ലക്ഷ്യം' നിർണായക സ്വാധീനം ചെലുത്തുന്നു എന്നതാണ്. പ്രതിപക്ഷത്തിന് ഭരണകാര്യങ്ങളിൽ ചെറിയ സ്വാധീനം ഉണ്ടായേക്കാം, എന്നാൽ യഥാർത്ഥ സ്വാധീനം ചെലുത്താൻ അവർ അധികാരത്തിലെത്തണം. അധികാരത്തിലെത്താൻ അവർ തിരഞ്ഞെടുക്കപ്പെടണം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, വോട്ട് നേടുന്നതിൽ അവർക്കും ശക്തമായ പ്രചോദനമുണ്ട്. ഏതെങ്കിലും ദുഷിച്ച കാരണത്തേക്കാൾ മനുഷ്യരാശിക്ക് പ്രയോജനം ചെയ്യാനായിരിക്കാം അവർ അധികാരം നേടാൻ ആഗ്രഹിക്കുന്നത്. പക്ഷേ അങ്ങനെയാണെങ്കിൽ പോലും അവരുടെ പ്രധാന ലക്ഷ്യം വോട്ട് നേടുക എന്നതായിരിക്കും.

ഷിക്കാഗോ സ്കൂൾ വിശേഷിപ്പിക്കുന്നതുപോലെ വോട്ട് നേടാൻ

രാഷ്ട്രീയക്കാർ വിപരീത താൽപ്പര്യങ്ങൾക്കിടയിൽ 'ബ്രോക്കർമാരായി' മാറണം. ഉദാഹരണത്തിന്, പ്രത്യേക നിയമനിർമ്മാണം ആവശ്യപ്പെടുന്ന ലോബി ഗ്രൂപ്പുകൾക്കും ആത്യന്തികമായി അതിന് പണം മുടക്കുന്ന നികുതിദായകർക്കും ഉപഭോക്താക്കൾക്കും ഇടയിൽ. അവരുടെ 'ബ്രോക്കറേജ് ഫീസ്' അവർക്ക് ലഭിക്കുന്ന വോട്ടുകളാണ്. എന്നാൽ അതിൽ വിജയിച്ചാൽ, അവർക്ക് മറ്റ് പല തരത്തിലുള്ള 'രാഷ്ട്രീയ വരുമാനവും' ആസ്വദിക്കാം – ഉദാരമായ പ്രചാരണ സംഭാവനകൾ, ഔദ്യോഗിക പദവിയും പ്രൌഢിയും, സിവിൽ സർവീസുകാരുടെയും പൊതുജനങ്ങളുടെയും ബഹുമാനം, ജനകീയ ലക്ഷ്യങ്ങളെ പിന്തുണയ്ക്കുന്നതിൽ നിന്ന് ലഭിക്കുന്ന ജനപ്രീതി, സ്വന്തം മണ്ഡലത്തിലേക്ക് പണവും തൊഴിലും തിരിച്ചുവിടാനുള്ള അധികാരം.

സാമ്പത്തികമായ ആനുകൂല്യങ്ങളുമുണ്ടാകാം. പദവി ലഭിക്കുന്നതോടെ രാഷ്ട്രീയത്തിനപ്പുറം ലാഭകരമായ കരിയറിനുള്ള സാധ്യത ഉയർന്നുവരുന്നു. ലോബിയിസ്റ്റുകളും സർക്കാർ കരാറുകാരും പണമായോ മറ്റ് ആനുകൂല്യങ്ങളായോ കൈക്കൂലി വെച്ചുനീട്ടാം. എന്നാൽ ഒരു അഴിമതി ഇടപാടിൽ പണത്തിനായി ഒരു രാഷ്ട്രീയനയം വിൽക്കുന്നത്, ഒരു ലോഗ്റോളിംഗ് സാഹചര്യത്തിൽ പണത്തിനായി വോട്ട് വിൽക്കുന്നതിൽ നിന്ന് വ്യത്യസ്തമാണോ അതോ അതിലും മോശമാണോ എന്നത് ഒരു തർക്കവിഷയമാണ്.

### വോട്ട് ലക്ഷ്യത്തിന്റെ അപകടങ്ങൾ

രാഷ്ട്രീയക്കാരുടെ വോട്ട് ലക്ഷ്യം വിപണിയിൽ സംരംഭകരുടെ ലാഭോദ്ദേശ്യത്തിൽ നിന്ന് വ്യത്യസ്തമല്ലെന്ന് ചിലർ കരുതിയേക്കാം. ഒന്ന് പൊതുജനങ്ങൾക്ക് അവർ ആഗ്രഹിക്കുന്നത് നൽകി പണം നേടാൻ ലക്ഷ്യമിടുന്നു, മറ്റൊന്ന് വോട്ട് നേടാൻ ലക്ഷ്യമിടുന്നു. വിപണി തിരഞ്ഞെടുപ്പുകൾ സ്വമേധയാ നടത്തുന്നതാണ്, എന്നാൽ രാഷ്ട്രീയ തിരഞ്ഞെടുപ്പുകളിൽ ബലപ്രയോഗം ഒരു ഘടകമാണെന്ന് നാം ഓർക്കണം. രാഷ്ട്രീയക്കാർ നേടാൻ ശ്രമിക്കുന്ന വോട്ടുകൾ പൊതുജനങ്ങളുടെ അഭിപ്രായങ്ങളും മുൻഗണനകളും പ്രതിഫലിപ്പിക്കുന്നില്ല.

ഉദാഹരണത്തിന്, രാഷ്ട്രീയക്കാർക്ക് നൽകുന്ന 'വേതന'ത്തിന്റെ സ്കെയിൽ ഒരുപരിധിവരെ അവരുടെ 'ഉപഭോക്താക്കൾ' അവരുടെ തീരുമാനങ്ങളും ഔദ്യോഗിക കാലാവധിയും എത്രത്തോളം നീണ്ടുനിൽക്കുമെന്ന് കരുതുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. എന്നാൽ രാഷ്ട്രീയക്കാർക്ക് ഏറ്റവും മികച്ച പ്രതിഫലം നൽകുന്ന ഉപഭോക്താക്കൾ, രാഷ്ട്രീയ പ്രക്രിയയെക്കുറിച്ച് അറിവില്ലാത്തതും വ്യാപിച്ചുകിടക്കുന്നതുമായ പൊതുജനങ്ങളെക്കാൾ, കേന്ദ്രീകൃത താൽപ്പര്യങ്ങളുള്ള ചെറിയ ഗ്രൂപ്പുകളായിരിക്കും. അതുകൊണ്ടാണ് രാഷ്ട്രീയക്കാർ സംഘടിതവും അവകാശങ്ങൾ വ്യക്തമായി ഉന്നയിക്കുന്നതുമായ താൽപ്പര്യ ഗ്രൂപ്പുകളുടെ ആവശ്യങ്ങൾക്ക് ചെവികൊടുക്കുന്നതും പലപ്പോഴും അതിന് വഴങ്ങുന്നതും. ഒരുപക്ഷേ നിസ്സംഗരും കാര്യവിവരമില്ലാത്തവരുമായ പൊതുജനങ്ങളെ തങ്ങളുടെ

തീരുമാനങ്ങൾ അംഗീകരിപ്പിക്കാൻ പ്രേരിപ്പിക്കാൻ കഴിയുമെന്ന് അവർ കണക്കുകൂട്ടുന്നുണ്ടാകാം.

വോട്ട് ലക്ഷ്യം മറ്റ് പ്രശ്നങ്ങളും സൃഷ്ടിക്കുന്നു. ഉദാഹരണത്തിന്, സ്വന്തം മണ്ഡലത്തിൽ സർക്കാർ ചെലവുകൾ വഴിതിരിച്ചുവിടുന്നതിന് രാഷ്ട്രീയക്കാർക്ക് ശക്തമായ പ്രോത്സാഹനമുണ്ട്. അത് പൊതുവേ എല്ലാവർക്കും ദോഷം ചെയ്യുമെന്ന് അവർക്കറിയാമെങ്കിലും, അവർ അതിൽ നിന്നും പിന്മാറാൻ സാധ്യതയില്ല. അതുപോലെ സഹപ്രവർത്തകരുടെ മണ്ഡലങ്ങളിലെ മോശം പദ്ധതികളെ പിന്തുണയ്ക്കുന്ന ലോഗ്റോളിംഗ് പ്രക്രിയ, ഈ പ്രവണത വ്യാപകമായി പ്രചരിപ്പിച്ചേക്കാം. വിവിധ ഗ്രൂപ്പുകളിൽ നിന്നുള്ള വോട്ടുകൾ നേടുന്നതിനായി രൂപകൽപ്പന ചെയ്യുന്ന പലവക നയങ്ങൾ ഉൾക്കൊള്ളുന്ന നിയമനിർമ്മാണവും സമാനമായ പാഴ്ഫലം സൃഷ്ടിക്കാം.

തിരഞ്ഞെടുപ്പിന് മുന്നോടിയായി നടക്കുന്ന തിരഞ്ഞെടുപ്പ് കോഴയാണ് മറ്റൊരു പ്രശ്നം. രാഷ്ട്രീയക്കാർ വിവിധ ജനകീയ ലക്ഷ്യങ്ങളെ പിന്തുണച്ച് വോട്ട് തേടുന്നു, എന്നാൽ അവയ്ക്ക് വേണ്ട പണം എവിടെ നിന്ന് വരുമെന്നതിന് വിശദീകരണം നൽകില്ല. തിരഞ്ഞെടുപ്പിന് ശേഷം മാത്രമേ നികുതി കൂട്ടേണ്ടതുണ്ടെന്ന് വെളിപ്പെടുത്തുകയുള്ളൂ. മീഡിയനിൽ ചുറ്റിത്തിരിയുന്ന വോട്ടർമാരെ ആകർഷിക്കാൻ രാഷ്ട്രീയ പാർട്ടികൾ തിരഞ്ഞെടുപ്പുകളിൽ കൂടുതൽ ജനകീയ നയങ്ങളെ അനുകൂലിക്കുന്നതായി കാണപ്പെടുന്നു. ഇത് പൊതുജനങ്ങൾക്ക് യഥാർത്ഥത്തിൽ ചോയ്സ് കുറയ്ക്കുന്നു.

പൊതുചെലവുകൾ ചില പ്രത്യേക ഗ്രൂപ്പുകളിൽ മാത്രം പരിമിതപ്പെടുത്താൻ എളുപ്പമാണ്. ഇത് അവരുടെ വോട്ട് നേടുന്നതും എളുപ്പമാക്കുന്നു. സർക്കാർ വലുതായിരിക്കുകയും കൂടുതൽ അധികാരവും പണവും കൈവശം വയ്ക്കുകയും ചെയ്യുമ്പോൾ, അത്തരം ഗ്രൂപ്പുകളെ അനുകൂലിക്കുന്നത് കൂടുതൽ എളുപ്പമാകും. എന്നാൽ ഈ ആനുകൂല്യങ്ങളുടെ ശൃംഖല വലുതാകുന്തോറും പൊതുജനങ്ങളുടെ താൽപ്പര്യങ്ങൾ പ്രതിഫലിപ്പിക്കുന്നതിനുള്ള സാധ്യത കുറയും. സർക്കാറിന്റെ വലിപ്പവും സങ്കീർണ്ണതയും അധികാരവും കൂടുമ്പോൾ കൈക്കൂലിയുടെയും കോഴയുടെയും സാധ്യതയും വർദ്ധിക്കുന്നു.

### രാഷ്ട്രീയനേതാക്കളെ നിയന്ത്രിക്കൽ

തിരഞ്ഞെടുപ്പുകളിലൂടെ പൊതുജനങ്ങൾക്ക് അവരുടെ രാഷ്ട്രീയ നേതാക്കളെ നേരിയ തോതിലെങ്കിലും നിയന്ത്രിക്കാനാകും. തികഞ്ഞ അഴിമതി തുറന്നുകാട്ടാൻ മാധ്യമങ്ങൾക്കും സാധിക്കും. കൂടാതെ അധികാരം നഷ്ടപ്പെടുമോ എന്ന ഭയം സർക്കാരുകൾ അധികാരവും പണവും പരിധിവിട്ട് ദുരുപയോഗം ചെയ്യുന്നത് തടയാൻ പര്യാപ്തമായേക്കാം. എല്ലാത്തിനു മുപരി, പ്രതിപക്ഷം തിരഞ്ഞെടുക്കപ്പെട്ടാൽ അതേ അധികാരവും പണവും അവർക്കെതിരെയും ഉപയോഗിക്കാം എന്ന ബോധ്യവും സർക്കാരിന് കാണും.

എന്നാൽ ഈ നിയന്ത്രണങ്ങൾ ദുർബലമായതിനാൽ പല പബ്ലിക് ചോയ്സ് സൈദ്ധാന്തികരും, പ്രത്യേകിച്ച് വിർജീനിയ സ്കൂളിലുള്ളവർ, നമ്മുടെ നിയമസഭാംഗങ്ങളെ നിയന്ത്രിക്കാനുള്ള ഏറ്റവും നല്ല മാർഗമായി ഭരണ ഘടനാപരമായ നിയന്ത്രണങ്ങളെ കാണുന്നു. ഉദാഹരണത്തിന്, സ്ഥാപിത നിയമങ്ങൾ ഭരണാധികാരികൾക്ക് അനുകൂലമാണെങ്കിൽ, രാഷ്ട്രീയക്കാർ അവരുടെ അധികാരം ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ട്. നിയമസഭ യിലേക്കുള്ള സ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനുള്ള സമയ പരിധികളും എല്ലാവർക്കും വോട്ട് ചെയ്യാവുന്ന പ്രാഥമിക വോട്ടെടുപ്പും രാഷ്ട്രീയ പാർട്ടികളുടെ അധികാരവും ആശ്രയത്വവും കുറച്ചേക്കാം. യു.എസ്. സമ്പ്രദായമായ അധികാര വിഭജനം ലോഗ്റോളിംഗും പ്രത്യേക താൽപ്പര്യ ഗ്രൂപ്പുകളുമായുള്ള ഇടപാടുകളും പ്രയാസകരമാക്കുന്നു, കാരണം അവ സർക്കാരിന്റെ മറ്റൊരു വിഭാഗം റദ്ദാക്കാൻ സാധ്യതയുണ്ട്. എന്നാൽ യു.എസ്സിൽ ലോഗ്റോളിംഗ് ഇല്ലാതാക്കാൻ കഴിവുള്ള നിയമനിർമ്മാണ സമിതികൾ വിപരീത ദിശയിലാണ് പ്രവർത്തിക്കുന്നത്.

യു.എസ്സിൽ രാഷ്ട്രപതിക്ക് കോൺഗ്രസ് നിർദ്ദേശങ്ങൾ വീറ്റോ ചെയ്യുന്നത് ഉൾപ്പെടെ ഗണ്യമായ അധികാരമുണ്ട്. ഇത് ലോഗ്റോളിംഗ് വ്യാപാരങ്ങളുടെയും പ്രത്യേക താൽപ്പര്യ നടപടികളുടെയും സാധ്യത കുറയ്ക്കുന്നു. നിർദ്ദേശം കോൺഗ്രസിന് തിരിച്ചയക്കുമ്പോൾ ഉയർന്ന ഭൂരിപക്ഷം ആവശ്യമാണ്; ഇത് ചെറിയ ന്യൂനപക്ഷങ്ങൾക്ക് അവരുടെ വിഭാഗീയ താൽപ്പര്യങ്ങൾ നടപ്പിലാക്കുന്നത് പ്രയാസകരമാക്കുന്നു. അത് ലോബിയിംഗിൽ പങ്കെടുക്കുന്നതിന്റെ അപകടസാധ്യത കൂട്ടുകയും വിജയസാധ്യത കുറയ്ക്കുകയും ചെയ്യുന്നു. ഉപഭോക്താക്കൾ, നികുതി ദായകർ എന്നിവരെ അപേക്ഷിച്ച് ഒരു പ്രത്യേക ഭൂമിശാസ്ത്രപരമായ പ്രദേശത്തെ ആളുകൾ പോലുള്ള ചെറിയ ന്യൂനപക്ഷങ്ങൾക്ക് അനുകൂലമായേക്കാവുന്ന നിയമനിർമ്മാണത്തിന്മേൽ വിശാലമായ ദേശീയ താൽപ്പര്യം സ്ഥാപിക്കാനും ഇത് രാഷ്ട്രപതിയെ അനുവദിക്കുന്നു. എന്നിരുന്നാലും ശക്തരും ആക്ടിവിസ്റ്റുകളുമായ രാഷ്ട്രപതിമാർക്ക് ഭരണഘടനാ നിയന്ത്രണങ്ങൾ ഭേദിക്കാനും സ്വന്തമായി ലോഗ്റോളിംഗ് സംരംഭങ്ങൾ സ്ഥാപിക്കാനും അവരുടെ കഴിവും ശക്തിയും ഉപയോഗിക്കാം.

അതുപോലെ ജുഡീഷ്യറിക്ക് രാഷ്ട്രീയക്കാരെ നിയന്ത്രിക്കാനും നിയമവിരുദ്ധമായി – അല്ലെങ്കിൽ പൊതുവേ അംഗീകരിക്കപ്പെടുന്ന നീതി ന്യായ നിയമങ്ങൾക്ക് വിരുദ്ധമായി, നിയമസഭയിൽ പാസാക്കിയ നിയമം ആ ആശയങ്ങൾക്ക് വിരുദ്ധമാണെങ്കിൽ പോലും – പ്രവർത്തിക്കുന്നതിൽ നിന്നും അവരെ തടയാനും കഴിയും. ആജീവനാന്ത നിയമനങ്ങളും ന്യായാധിപരെ തിരഞ്ഞെടുക്കുന്നതിനുള്ള രാഷ്ട്രീയേതര രീതികളും, ജുഡീഷ്യറിക്ക് നിയമ നിർമ്മാതാക്കളിൽ നിന്ന് കൂടുതൽ സ്വാതന്ത്ര്യം നേടിക്കൊടുക്കുകയും നിയമനിർമ്മാണ സഭയെ എതിർക്കാൻ ന്യായാധിപർക്ക് അവസരം നൽകു കയും ചെയ്യും. ഇത് സർക്കാറിന്റെ ദല്ലാൾ അധികാരം കുറയ്ക്കുന്നു. എന്നാൽ ഒരു രാഷ്ട്രീയ പ്രക്രിയയ്ക്കുള്ളിൽ ജുഡീഷ്യൽ നിയമനങ്ങൾ നടക്കുന്നി ടത്ത്, ന്യായാധിപർ രാഷ്ട്രീയ ചായ്‌വുള്ളവരാകാൻ സാധ്യത കൂടുതലാണ്.

അല്ലെങ്കിൽ 'സ്റ്റെൽത്ത്' സ്ഥാനാർത്ഥികൾ (സ്വതന്ത്രരായി കാണപ്പെടുന്നെങ്കിലും അതല്ലാത്തവർ) നിയമിക്കപ്പെടും. അതുമല്ലെങ്കിൽ പക്ഷഭേദമില്ലാത്ത യഥാർത്ഥ സ്വതന്ത്രരെ പിന്തള്ളി, ഇരുപക്ഷത്തിന്റെയും പിന്തുണയുള്ള മധ്യപക്ഷ സ്ഥാനാർത്ഥികളെ നിയമിക്കും.

ഏതായാലും ന്യായാധിപർക്ക് രാജ്യത്തെ നിയമം നീക്കം ചെയ്യാൻ പരിമിതികളുണ്ട്. അത് പരിപാലിക്കുക എന്നതാണ് അവരുടെ പ്രാഥമിക ധർമ്മം. അങ്ങനെ ചെയ്യുന്നതിലൂടെ പൊതുജനങ്ങളുടെ താൽപ്പര്യങ്ങൾ പ്രതിഫലിപ്പിക്കാത്ത, രാഷ്ട്രീയക്കാർ ഇടനിലക്കാരായി നടത്തിയ നിയമ നിർമ്മാണ ഇടപാടുകൾ നടപ്പിലാക്കുന്നതായി അവർക്ക് തോന്നിയേക്കാം.

## 9. ഉദ്യോഗസ്ഥവൃന്ദത്തിന്റെ പ്രചോദനം

രാഷ്ട്രീയ പ്രക്രിയയുടെ മറ്റൊരു പ്രധാന ഘടകം ഉദ്യോഗസ്ഥവൃന്ദമാണ് – മന്ത്രാലയങ്ങൾ, ഏജൻസികൾ, പൊതുസ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ വകുപ്പുകൾ എന്നിവയിൽ പ്രവർത്തിക്കുന്ന സിവിൽ സർവീസുകാരും മറ്റ് ഉദ്യോഗസ്ഥരും. നിയമസഭാംഗങ്ങളുടെ തീരുമാനങ്ങൾ പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിനും വിവിധ സാഹചര്യങ്ങളിൽ വിപുലമായ നയങ്ങൾ ഉചിതമായി പ്രയോഗിക്കുന്നതിനും അവരുടെ പങ്ക് അനിവാര്യമാണ്. എന്നാൽ അവരുടെ വ്യക്തിപരമായ താൽപ്പര്യങ്ങൾ മാറ്റിവെച്ച് പക്ഷപാതരഹിതമായി അവർ പ്രവർത്തിക്കുമെന്ന് നമുക്ക് വിശ്വസിക്കാനാകുമോ?

"ഇല്ല" എന്നാണ് പല പബ്ലിക് ചോയ്സ് സൈദ്ധാന്തികരുടെയും അഭിപ്രായം. മുൻ വിദേശകാര്യ സിവിൽ സർവീസ് ഉദ്യോഗസ്ഥനായ ഗോർഡൻ ടള്ളക്ക് തന്റെ ബ്യൂറോക്രാറ്റിക് അനുഭവങ്ങളെക്കുറിച്ച് ഒരു ആദ്യകാല പ്രബന്ധം എഴുതി. സർക്കാർ മേഖലയുടെ അധികാരവും വ്യാപ്തിയും വികസിപ്പി ക്കുന്നതിൽ സർക്കാർ ഉദ്യോഗസ്ഥർക്ക് ശക്തമായ താൽപ്പര്യമുണ്ടെന്ന സിദ്ധാന്തം രൂപപ്പെടുത്തിയ ജെയിംസ് ബുക്കാനനെ ഇത് വളരെയധികം സ്വാധീനിച്ചു. ഈ വിഷയം ആഴത്തിൽ പഠിച്ച മറ്റൊരു വിർജീനിയ സ്കൂൾ എഴുത്തുകാരനായ വില്യം എ. നിസ്കാനന്റെ അഭിപ്രായത്തിൽ പൊതുജനസേവകർക്ക് തങ്ങളുടെ വകുപ്പിന്റെ ബജറ്റുകളുടെ വലിപ്പം നിർണായകമാണ്, കാരണം അത് മറ്റ് നിരവധി വ്യക്തിഗത നേട്ടങ്ങൾ കൊണ്ടുവരുന്നു.

ഉദ്യോഗസ്ഥർ വസ്തുനിഷ്ഠരും പൊതുബോധമുള്ളവരാണെന്നും, അവരെ ചുമതലപ്പെടുത്തുന്ന നിയമനിർമ്മാണ നിർവ്വഹണത്തിന്റെ ഉദ്ദേശ്യം നിഷ്പക്ഷമായി പിന്തുടരുന്നവരാണെന്നും അനുമാനിക്കുന്ന പരമ്പരാഗത ക്ഷേമ സാമ്പത്തിക വിദഗ്ധരുടെ സമീപനത്തിൽ നിന്നും തികച്ചും വ്യത്യസ്തമാണിത്. പബ്ലിക് ചോയ്സിന്റെ വീക്ഷണത്തിൽ യുക്തിബോധ മുള്ള തിരഞ്ഞെടുപ്പ് മറ്റാരെയും പോലെ ബ്യൂറോക്രാറ്റുകൾക്കും ബാധക മാണ്. അവരുടെ അധികാരങ്ങളുടെയും സ്ഥാപന ഘടനയുടെയും പരിധി

ക്കുള്ളിൽ നിന്നുകൊണ്ട് അവർ തങ്ങളുടെ വ്യക്തിപരമായ അഭിലാഷങ്ങൾ നേടിയെടുക്കാൻ ശ്രമിക്കുന്നു. നന്നായി ജോലി ചെയ്യാനും പൊതുജനങ്ങളെ ഉത്സാഹത്തോടെ സേവിക്കാനും അവർ ശ്രമിച്ചേക്കാം. എന്നാൽ മറ്റുള്ളവരെപ്പോലെ അവരും വരുമാനം, സമ്പത്ത്, ഉയർന്ന പദവി, സീനിയോറിറ്റി, ഒഴിവുസമയം, സുഖസൗകര്യങ്ങൾ എന്നിവയെല്ലാം തേടുന്നു; അവരുടെ കാര്യത്തിൽ ഒരുപക്ഷേ വിവേചനാധികാരവും ആദരവും കൂടി ഉൾപ്പെടുന്നു.

ബ്യൂറോക്രസിയിൽ അത്തരം സ്വാർഥോദ്ദേശ്യത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾക്ക് വിപുലമായ സാധ്യതയുണ്ട്, കാരണം സർക്കാർ ഉദ്യോഗസ്ഥരുടെ ഉൽപ്പാദനക്ഷമത നിർവചിക്കാൻ പ്രയാസമാണ്. സാമ്പത്തിക ലാഭത്തിലോ നഷ്ടത്തിലോ വിജയം അളക്കുന്ന വിപണി ഉൽപ്പാദനത്തിൽ നിന്ന് വ്യത്യസ്തമായി ഉദ്യോഗസ്ഥരുടെ പ്രകടനം നിരീക്ഷിക്കാൻ പ്രയാസമാണ്. കാരണം അത് പലപ്പോഴും അവ്യക്തമായ ലക്ഷ്യങ്ങളെ – ഉദാഹരണത്തിന്, കൃത്യമായ നിർവചനമില്ലാത്ത 'പൊതു താൽപ്പര്യം' – അടിസ്ഥാനമാക്കിയുള്ളതാണ്. അതിനാൽ ബ്യൂറോക്രാറ്റുകൾ സ്വന്തം ലക്ഷ്യങ്ങൾ പിന്തുടരാൻ ശ്രമിക്കുന്നതിൽ അതിശയിക്കാനില്ല. സ്വകാര്യ ഇടപാടുകളിൽ ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു പ്രിൻസിപ്പൽ – ഏജന്റ് പ്രശ്നം തീർച്ചയായുമുണ്ട്. ആത്യന്തികമായി പ്രിൻസിപ്പൽമാർക്ക് (ഷെയർഹോൾഡർമാർ) ഏജൻറുമാരെ (മാനേജ്മെൻറുകളെ) നിയന്ത്രിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ട് – ഓഹരികൾ വിൽക്കൽ, ബിസിനസ്സ് ഏറ്റെടുക്കൽ, പുതിയ മാനേജിംഗ് ബോർഡ് നിയമിക്കൽ, കോർപ്പറേറ്റ് ഭരണത്തിന്റെ പുതിയ മാനങ്ങൾ വികസിപ്പിക്കൽ തുടങ്ങി മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള വിപണി മത്സരം വരെ. ഈ സംവിധാനങ്ങളൊന്നും കുറ്റമറ്റതല്ല. പക്ഷേ അഞ്ച് വർഷത്തിൽ ഒരിക്കൽ നടക്കുന്ന തിരഞ്ഞെടുപ്പിലൂടെയും രാഷ്ട്രീയ പ്രതിനിധികളുടെ പ്രവർത്തനങ്ങളിലൂടെയും പ്രിൻസിപ്പൽമാർക്ക് (വോട്ടർമാർ) ഏജൻറുമാരെ (ബ്യൂറോക്രാറ്റുകളെ) നിയന്ത്രിക്കാൻ കഴിയുന്ന സംവിധാനങ്ങളേക്കാൾ ഫലപ്രദമാണ് ഇവ.

### ഉദ്യോഗസ്ഥരും ബജറ്റുകളും

ബ്യൂറോക്രാറ്റുകൾ യഥാർത്ഥത്തിൽ പിന്തുടരുന്ന ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റുവിഹിതം പരമാവധിയാക്കുന്നത് ഒരു ന്യായമായ മാനദണ്ഡമാണെന്ന് നിസ്കാനൻ നിർദ്ദേശിച്ചു. വിപണി പശ്ചാത്തലത്തിൽ ലാഭം എന്ന ലക്ഷ്യത്തിന് സമാനമാണിത്. തൊഴിൽ സുരക്ഷ, സ്ഥാനക്കയറ്റ സാധ്യതകൾ, ശമ്പള വർദ്ധനവ് തുടങ്ങി വലിയ ബജറ്റുമായി ബന്ധപ്പെട്ട മറ്റെല്ലാ കാര്യങ്ങൾക്കും ഇതൊരു ലളിതമായ പകർപ്പാണ്.

ഈ ആനുകൂല്യങ്ങൾ തേടുമ്പോൾ ബ്യൂറോക്രാറ്റുകളും രാഷ്ട്രീയ പ്രക്രിയയിൽ മറ്റേതൊരു താൽപ്പര്യ ഗ്രൂപ്പിനെപ്പോലെ തന്നെ പെരുമാറുന്നു. അവർക്ക് ഫ്രീറൈഡർ പ്രശ്നമില്ല, കാരണം അവരുടെ ഗ്രൂപ്പ് വളരെ നന്നായി

നിർവചിക്കപ്പെട്ടതിനാൽ അവരുടെ ലോബിയിംഗിന്റെ നേട്ടങ്ങൾ അവർക്കിടയിൽ തന്നെ നിലനിർത്താനാകും.

ബജറ്റുകൾക്കായി അവർ രാഷ്ട്രീയക്കാരുടെ പിന്തുണയെ ആശ്രയിക്കുന്നുണ്ട്. എന്നാൽ ബജറ്റ് എങ്ങനെ തീർപ്പാക്കിയാലും, ആ പരിധിക്കുള്ളിൽ നിന്ന് സ്വന്തം നേട്ടം പരമാവധിയാക്കാൻ അവർക്ക് കഴിയുമെന്ന് നിസ്കാനൻ പറയുന്നു. ബജറ്റ് വ്യവസ്ഥകൾ ലളിതമാണെങ്കിൽ, പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും അതിലൂടെ വർദ്ധിക്കുന്ന ഉൽപാദനം കൈകാര്യം ചെയ്യാൻ കൂടുതൽ പണം ആവശ്യപ്പെടാനും അവർക്ക് കഴിയും. അയവില്ലാത്ത സാഹചര്യങ്ങളിൽ, ഉൽപ്പാദനം പരിമിതപ്പെടുത്താനും പണം പദ്ധതികൾക്കായി ചെലവഴിക്കുന്നതിനുപകരം അവരുടെ വകുപ്പിൽ തന്നെ നിലനിർത്താനും അവർക്ക് കഴിയും.

ഏതുവിധേനയും ഒരു ശരാശരി വോട്ടറോ രാഷ്ട്രീയക്കാരനോ ആഗ്രഹിക്കുന്നതിനും അപ്പുറത്തേക്ക് അവർ സ്വയം വളരുന്നുവെന്ന് നിസ്കാനൻ അഭിപ്രായപ്പെടുന്നു. ബ്യൂറോക്രാറ്റുകൾക്ക് പണം ലാഭിക്കുന്നതിൽ വ്യക്തിപരമായ താൽപ്പര്യമില്ല, മറിച്ച് പുതിയ തൊഴിൽമേഖലകളും സാമൂഹിക പരിപാടികളും സൃഷ്ടിക്കാനാണ് ഉൽസാഹം. ഔദ്യോഗിക ചെലവ് യഥാർത്ഥ പ്രതീക്ഷകൾക്കപ്പുറം വർധിച്ചാലും, രാഷ്ട്രീയക്കാർക്ക് തങ്ങൾ പ്രതിജ്ഞാബദ്ധമായ ഒരു നയത്തിൽ നിന്ന് പിന്നോട്ട് പോകാൻ പ്രയാസമാണെന്ന് ഉദ്യോഗസ്ഥർക്കറിയാം. ഇത് ഉദ്യോഗസ്ഥവൃന്ദത്തിന് നിയമനിർമ്മാതാക്കളുടെ മേൽ ഗണ്യമായ വിലപേശൽ അധികാരം നൽകുന്നു.

പ്രധാനപ്പെട്ട മുൻനിര സേവനങ്ങൾ തടസ്സപ്പെടുത്തുമെന്ന് ഭീഷണിപ്പെടുത്തി ബജറ്റ് വെട്ടിക്കുറയ്ക്കൽ ചെറുക്കാനും ബ്യൂറോക്രാറ്റുകൾക്ക് കഴിയും. മറ്റെല്ലാ ജീവനക്കാരെയും നിലനിർത്തി യു.എസ്സിലെ മുഴുവൻ മുൻനിര കസ്റ്റംസ് ഇൻസ്പെക്ടർമാരെയും പിരിച്ചുവിട്ടുകൊണ്ട് ബജറ്റ് വെട്ടിക്കുറയ്ക്കലിന് മറുപടി നൽകിയ ഫെഡറൽ കസ്റ്റംസ് സർവീസിനെ ഗോർഡൻ ടള്ളക്ക് ഉദ്ധരിച്ചു.

**ഉദ്യോഗസ്ഥ അധികാരത്തിന്റെ ഉറവിടങ്ങൾ**

നിയമനിർമ്മാണ പ്രക്രിയ പൊതുവെ അവ്യക്തമാണെന്ന വസ്തുത ബ്യൂറോക്രസിക്ക് വലിയതോതിൽ വിവേചനാധികാരം നൽകുന്നു. രാഷ്ട്രീയക്കാർ അത് ഇഷ്ടപ്പെടുന്നതായി ചില പബ്ലിക് ചോയ്സ് സൈദ്ധാന്തികർ അഭിപ്രായപ്പെടുന്നു: രാഷ്ട്രീയ എതിരാളികൾ അധികാരത്തിൽ വന്നാൽ അവർക്ക് എളുപ്പത്തിൽ അട്ടിമറിക്കാൻ കഴിയുന്ന വിശദമായ നിയമങ്ങൾ പാസാക്കുന്നതിനുപകരം, അവ്യക്തമായ നിയമങ്ങൾ പാസാക്കാനും അവ നിയന്ത്രിക്കാൻ സ്വയം സംരക്ഷിത ഏജൻസികൾ സ്ഥാപിക്കാനുമാണ് അവർക്ക് താൽപ്പര്യം. കാരണം എന്തുതന്നെയായാലും, നിയമത്തിലെ ഈ വലിയ അനിശ്ചിതത്വം ഉദ്യോഗസ്ഥർക്ക് സ്വന്തം ഔട്ട്പുട്ട് നിർവചിക്കാനും തുടർന്ന് അതിന് ചേരുന്ന ബജറ്റുകൾ ആവശ്യപ്പെടാനും അവസരം നൽകുന്നു.

നിസ്കാനന്റെ അഭിപ്രായത്തിൽ ബിസിനസുകാർ കാര്യവിവരമുള്ള ഉപഭോക്താക്കളുടെയും വിശകലന വിദഗ്ധരുടെയും സൂക്ഷ്മപരിശോധനയ്ക്ക് വിധേയരാകുന്നു, എന്നാൽ ഉദ്യോഗസ്ഥരുടെ കാര്യം അങ്ങനെയല്ല. ഒരു ശരാശരി രാഷ്ട്രീയക്കാരനേക്കാൾ ബ്യൂറോക്രാറ്റുകൾക്ക് സ്വന്തം മേഖലയെക്കുറിച്ച് കൂടുതൽ അറിവുണ്ടെന്നതിന്റെ അർത്ഥം രാഷ്ട്രീയക്കാർക്ക് ബ്യൂറോക്രസിയെ ഫലപ്രദമായി നിയന്ത്രിക്കാൻ കഴിയില്ല എന്നാണ്. സ്വന്തം പ്രവർത്തനമേഖലയെക്കുറിച്ചുള്ള അറിവിന്റെ ഈ കുത്തക അവരുടെ സാമ്രാജ്യം സംരക്ഷിക്കുന്നതിന് 'ബണ്ട്ലിംഗ്' തന്ത്രം ഉപയോഗിക്കാൻ അവരെ പ്രാപ്തരാക്കുന്നു. അവരുടെ പ്രവർത്തനത്തിന്റെ ഏതൊക്കെ ഭാഗങ്ങൾ വെട്ടിക്കുറയ്ക്കാം അല്ലെങ്കിൽ വേർപെടുത്താം എന്നതിനെക്കുറിച്ച് അവ്യക്തത പുലർത്തുന്നതിലൂടെ, സ്വീകരിക്കാവുന്നതോ നിരസിക്കാവുന്നതോ ആയ ഒരൊറ്റ പാക്കേജ് അവർ രാഷ്ട്രീയക്കാർക്ക് മുന്നിൽ വെച്ചുനീട്ടുന്നു.

ബ്യൂറോക്രാറ്റുകൾ തങ്ങളുടെ വിവേചനാധികാരത്തിനുള്ള സാധ്യത വർദ്ധിപ്പിക്കുകയും ബജറ്റുവിഹിതം എങ്ങനെ ചെലവഴിക്കുന്നുവെന്ന് മറച്ചുവെക്കാൻ സഹായിക്കുകയും ചെയ്യുന്ന സങ്കീർണ്ണമായ നയ സംരംഭങ്ങൾ രൂപകൽപ്പന ചെയ്യാനും പ്രോത്സാഹിപ്പിക്കാനും പിന്തുണയ്ക്കാനും സാധ്യതയുണ്ട്. അത് അവരെ നിയന്ത്രിക്കേണ്ട രാഷ്ട്രീയക്കാരെ കൂടുതൽ ആശയക്കുഴപ്പത്തിലാക്കുന്നു.

രാഷ്ട്രീയക്കാരുമായി വളരെ അടുത്ത് പ്രവർത്തിക്കുന്നതിനാൽ ബ്യൂറോക്രാറ്റുകൾക്ക് തങ്ങളുടെ രാഷ്ട്രീയ യജമാനന്മാരെക്കുറിച്ച് ദോഷകരമായ വിവരങ്ങൾ ചോർത്തിക്കൊടുത്ത് അവരെ പരസ്യമായി അപമാനിക്കാൻ കഴിയുമെന്ന അപ്രഖ്യാപിത ഭീഷണിയുമുണ്ട്. ഇത് ബജറ്റ് വെട്ടികുറയ്ക്കാനുള്ള ശ്രമങ്ങളെ ചെറുക്കാൻ ബ്യൂറോക്രാറ്റുകളെ സഹായിച്ചേക്കാം. സർക്കാറിന്റെ വലിപ്പം കൂടുകയും രാഷ്ട്രീയക്കാർ കൂടുതൽ തീരുമാനങ്ങൾ എടുക്കേണ്ടിവരുകയും ചെയ്യുമ്പോൾ, പിന്നീട് അവരെ അവഹേളിക്കാൻ ഉപയോഗിക്കാവുന്ന മോശം തീരുമാനങ്ങൾ എടുക്കാനുള്ള സാധ്യത കൂടുതലാണ്.

ബ്യൂറോക്രാറ്റുകൾക്ക് അവർ നിയന്ത്രിക്കുന്ന ഗ്രാന്റുകളെയും പരിപാടികളെയും ആശ്രയിക്കുന്ന, ആ ബജറ്റുകൾ വർദ്ധിക്കുന്നത് കാണാൻ ആഗ്രഹിക്കുന്ന താൽപ്പര്യ ഗ്രൂപ്പുകളുടെ രാഷ്ട്രീയ പിന്തുണയുമുണ്ടാകും. കൂടാതെ ഏജൻസികൾ നടത്തുന്ന പരിപാടികൾക്ക് സാധനങ്ങളും സേവനങ്ങളും വിതരണം ചെയ്യുന്ന വാണിജ്യ സ്ഥാപനങ്ങളുടെ പിന്തുണയിലും അവർക്ക് ആശ്രയിക്കാം. ബ്യൂറോക്രാറ്റിക് അധികാരത്തിന്റെ മറ്റൊരു ഉറവിടം ബ്യൂറോക്രാറ്റുകളുടെ തന്നെ വോട്ടിംഗ് ശക്തിയാണ്. പല രാജ്യങ്ങളിലും നിലവിലുള്ളതുപോലെ ജോലി ചെയ്യുന്നവരിൽ നാലിലൊന്ന് അല്ലെങ്കിൽ മൂന്നിലൊന്ന് പേർ സർക്കാർ ജീവനക്കാരാണെങ്കിൽ, അവരും അവരുടെ ആശ്രിതരും ഒരു വലിയ വോട്ട് ബാങ്കായി മാറുന്നു. ഇവർ പൊതുവേ ബ്യൂറോക്രസിയെയും വലിയ ബജറ്റുകളെയും അനുകൂലിക്കാൻ സാധ്യതയുണ്ട്.

## ഉദ്യോഗസ്ഥവൃന്ദത്തെ നിയന്ത്രിക്കൽ

പൊതുജനങ്ങളുടെയോ രാഷ്ട്രീയക്കാരുടെയോ താൽപ്പര്യങ്ങളുമായി ഉദ്യോഗസ്ഥ താൽപ്പര്യങ്ങളെ എങ്ങനെ ഒരുമിച്ച് കൊണ്ടുവരാൻ സാധിക്കും? വ്യത്യസ്ത ഏജൻസികൾക്കിടയിൽ ഒരുപരിധിവരെ മത്സരം അനുവദിക്കുക എന്നതാണ് ഒരു ആശയം. അവരുടെ സേവനങ്ങളുടെ വിതരണത്തിന് സ്വകാര്യമേഖലയോടൊപ്പം മൽസരിക്കാൻ അവരെ നിർബന്ധിതരാക്കുക. റോഡ് പരിപാലനം, മാലിന്യശേഖരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ ഈ രീതി നടപ്പിലാക്കിയിട്ടുണ്ട്. അല്ലെങ്കിൽ ഒരു വലിയ ഏജൻസിയെ വിവിധ പ്രാദേശിക ഏജൻസികളായി വിഭജിക്കാം. ഇത് അവരുടെ പ്രകടനം താരതമ്യം ചെയ്യാൻ അനുവദിക്കുന്നു – ഉദാഹരണത്തിന്, പോലീസിംഗിൽ പലപ്പോഴും സംഭവിക്കുന്നത് പോലെ.

ഏജൻസികൾക്ക് അവരുടെ വിവേചനാധികാരം പ്രയോഗിക്കാവുന്ന ബ്ലോക്ക് ഗ്രാന്റുകൾ നൽകുന്നതിനുപകരം, അവരുടെ പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ മാത്രം പണം അനുവദിക്കുക. അളക്കാനോ നിർവചിക്കാനോ പ്രയാസമായ ഫലങ്ങളുടെ മേൽ ഒരു തുക നിശ്ചയിക്കുക എന്നതാവും ഇതിനർത്ഥം. സ്വകാര്യ സ്ഥാപനങ്ങളുമായി ഏജൻസികൾ മൽസരിക്കുക എന്ന ആശയം പോലും പ്രശ്നകരമാണ്. കാരണം മറ്റൊരു സർക്കാർ ഏജൻസി ഇത് പരിശോധിക്കുകയും കരാർ നൽകുകയും ചെയ്യേണ്ടിവരും. അനുഭവത്തിന്റെ വെളിച്ചത്തിൽ പറയട്ടെ, സർക്കാർ സ്ഥാപനങ്ങൾ ഇത്തരം പ്രവർത്തനങ്ങൾക്ക് അനുയോജ്യമല്ല.

## അടുത്തിടെ ഉയർന്നുവന്ന ചില ചോദ്യങ്ങൾ

നിസ്കാനന്റെ ഉദ്യോഗസ്ഥവൃന്ദത്തെക്കുറിച്ചുള്ള പ്രതികൂല വീക്ഷണം സമീപകാലത്ത് ഗെയിം തിയറി പോലുള്ള പുതിയ സാങ്കേതികതകൾക്കും ചോദ്യംചെയ്യലുകൾക്കും വിധേയമാക്കിയിട്ടുണ്ട്.

ചില ആധുനിക പബ്ലിക് ചോയ്സ് സൈദ്ധാന്തികർ വാദിക്കുന്നത് രാഷ്ട്രീയക്കാർക്ക് ബ്യൂറോക്രാറ്റുകളുടെ മേൽ ഗണ്യമായ അധികാരമുണ്ടെന്നാണ്. ബജറ്റ് വെട്ടിച്ചുരുക്കലിലൂടെയും ഔപചാരികമായ ശിക്ഷാനടപടികളിലൂടെയും രാഷ്ട്രീയക്കാർക്ക് അവരെ ശിക്ഷിക്കാൻ കഴിയും. ഔദ്യോഗികാന്വേഷണങ്ങൾ നടത്തിക്കൊണ്ട് അവരെ ബുദ്ധിമുട്ടിക്കാനും കഴിയും. ഉദ്യോഗസ്ഥരുടെ കഴിവില്ലായ്മയോ അയോഗ്യതയോ വെളിച്ചത്തുവന്നാൽ, പൊതുജനങ്ങളുടെ മുന്നിൽ തുറന്നുകാട്ടി അപമാനിക്കുമെന്ന് ഭീഷണിപ്പെടുത്താനും കഴിയും. മറ്റുള്ളവരെ വരുതിയിൽ നിർത്താൻ കുറച്ചുപേരെ ശിക്ഷിച്ചാൽ മാത്രം മതിയാകും. നിയമം അനുശാസിക്കുന്ന പരിധിക്ക് പുറത്തുപോകുന്ന ഏജൻസികൾക്ക് കടിഞ്ഞാണിടാൻ, രാഷ്ട്രീയക്കാർക്ക് നിയമനിർമ്മാണ ഭീഷണിയുയർത്താൻ സാധിക്കും. നിലവാരവും പ്രകടനവും ഉയർത്താനും ബ്യൂറോക്രാറ്റിക് അതിക്രമങ്ങൾ തടയാനും ലക്ഷ്യമിട്ട് പുതിയ നിയമനിർമ്മാണത്തിൽ അതിനുള്ള പ്രോത്സാഹനങ്ങൾ ഉൾപ്പെടുത്താം.

അതിനാൽ ബ്യൂറോക്രസിയെ നിയന്ത്രിക്കാൻ സമഗ്രമായ മേൽനോട്ടം വേണ്ടിവരില്ല. എന്നിരുന്നാലും നിസ്കാനനും മറ്റുള്ളവരും ആദ്യം കരുതിയ തിലും ബ്യൂറോക്രസിയെ സമഗ്രമായി നിയന്ത്രിക്കുന്നതിൽ രാഷ്ട്രീയക്കാർ മികവ് പുലർത്തുന്നുണ്ട്. ഏജൻസികളെ നിയന്ത്രിക്കുന്നത് നിയമസഭയല്ല, സ്പെഷ്യലിസ്റ്റ് കമ്മിറ്റികളാണ്. ആ കമ്മിറ്റികളിൽ ഇരിക്കുന്ന നിയമസഭാം ഗങ്ങൾ അവർ മേൽനോട്ടം വഹിക്കുന്ന ബ്യൂറോക്രാറ്റുകളെപ്പോലെ തന്നെ അവർ കൈകാര്യം ചെയ്യുന്ന സർക്കാർ പ്രവർത്തനങ്ങളിൽ വിദഗ്ദ്ധരായിരിക്കാൻ സാധ്യതയുണ്ട്. മതിയായ നിയന്ത്രണം ചെലുത്താൻ അത് പര്യാപ്തമായേക്കാം.

എന്നിട്ടും തഴച്ചുവളരുന്ന ഉദ്യോഗസ്ഥവൃന്ദത്തെ നിയന്ത്രിക്കാനുള്ള പ്രായോഗിക ശ്രമങ്ങൾ പല രാജ്യങ്ങളിലും പരാജയമായിരുന്നു. രാഷ്ട്രീയ ക്കാർക്ക് പുതിയ ഏജൻസികൾ സൃഷ്ടിക്കുന്നത് പഴയവ നിർത്തലാക്കുകയോ നിയന്ത്രിക്കു കയോ ചെയ്യുന്നതിലും എളുപ്പമാണ്. വെട്ടിക്കുറയ്ക്കുന്നതിനേക്കാൾ വികസിപ്പിക്കുന്നതിലാണ് കൂടുതൽ രാഷ്ട്രീയ നേട്ടം. നിയന്ത്രണശക്തി കൂടിവരുന്ന ബ്യൂറോക്രസി നമ്മുടെ ജനാധിപത്യ വ്യവസ്ഥിതിയുടെ പ്രവർത്തനരീതിയിലുള്ള അടിസ്ഥാനപരമായ പ്രശ്നങ്ങളുടെ ഒരു ലക്ഷണം മാത്രമാണെന്ന് ചിലർ വാദിച്ചേക്കാം. ഇതിനെല്ലാമുള്ള പ്രതിവിധി മെച്ചപ്പെട്ട ഭരണഘടനാ നിയന്ത്രണങ്ങളാണെന്ന് പല പബ്ലിക് ചോയ്സ് സൈദ്ധാന്തികരും വാദിക്കുന്നു.

## 10. ഭരണഘടനകളുടെ പങ്ക്

പബ്ലിക് ചോയ്സ് എന്ന ആശയത്തിന്റെ യുക്തി അർത്ഥമാക്കുന്നത് താൽപ്പര്യ ഗ്രൂപ്പുകളോ നിയമസഭാംഗങ്ങളോ ഉദ്യോഗസ്ഥരോ നമ്മെ ചൂഷണം ചെയ്യുന്നത് അനിവാര്യമാണ് എന്നല്ല. പബ്ലിക് ചോയ്സിന്റെ വിർജീനിയ സ്കൂൾ വിഭാഗം അത്തരം ദുരുപയോഗത്തിൽ നിന്ന് ആളുകൾക്ക് സ്വയം പരിരക്ഷ നേടാൻ കഴിയുന്ന ഒരു മാർഗമെന്ന നിലയിൽ ഭരണഘടനകളുടെ പങ്കിന് പ്രത്യേക ഊന്നൽ നൽകുന്നു. അതിനായി യുക്തിബോധവും സ്വാർത്ഥ താൽപ്പര്യവുമുള്ള വ്യക്തികൾ സൃഷ്ടിക്കുന്ന തരത്തിലുള്ള ഭരണഘടനയെ അത് അവലോകനം ചെയ്യുന്നു.

'ദി കാൽക്കുലസ് ഓഫ് കൺസെന്റ്' എന്ന പുസ്തകം സർക്കാറിന്റെ ആവശ്യകത വിശദീകരിച്ചുകൊണ്ടാണ് ബുക്കാനനും ടള്ളക്കും തുടങ്ങുന്നത്. അരാജകത്വം അഭികാമ്യമല്ലാത്ത ഒരവസ്ഥയാണെന്ന് അവർ പറയുന്നു. ദുർബലരായ വ്യക്തികൾ ശക്തരാൽ ദുരുപയോഗം ചെയ്യപ്പെടുന്നു. അതേ സമയം ശക്തർ മറ്റുള്ളവരിൽ നിന്നുള്ള നിരന്തരമായ ശത്രുതാ ഭീഷണിയേക്കാൾ ഉൽപ്പാദനപരമായ സമാധാനം കാംക്ഷിക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ അരാജകത്വത്തിൽ നിന്ന് രക്ഷപ്പെടാനുള്ള ശ്രമത്തിൽ ആളുകൾ ഒന്നിടവിട്ട കരാറുകളുടെ ഒരു പരമ്പര തീർക്കുമ്പോഴാണ് ഒരു ഭരണ സംവിധാനം വികസിക്കുന്നത്.

പരസ്പരമുള്ള ആത്മനിയന്ത്രണം അംഗീകരിക്കുന്നതിലൂടെ വ്യക്തികൾക്ക് വേട്ടയാടപ്പെടാനുള്ള സാധ്യത കുറയ്ക്കാൻ കഴിയും. പരസ്പര സംരക്ഷണത്തിന് സഹകരിക്കാൻ സമ്മതിക്കുന്നതിലൂടെ അവർക്ക് സ്വയം സംരക്ഷണത്തിന്റെ ഉയർന്ന ചെലവിൽ നിന്ന് രക്ഷപ്പെടാൻ കഴിയും. കൂട്ടായ പ്രവർത്തനങ്ങൾക്ക് സംഭാവന ചെയ്യുന്നതിലൂടെ ഒറ്റയ്ക്ക് ചെയ്യാൻ കഴിയാത്ത വലിയ ക്രിയാത്മക പദ്ധതികൾ ഏറ്റെടുക്കാനും അവർക്ക് കഴിയും.

എന്നാൽ ഈ കരാർ വ്യവസ്ഥ നടപ്പിലാക്കാൻ എല്ലാവരുടെയും ഭൗതിക സാന്നിധ്യം ആവശ്യമില്ല. വ്യക്തികൾ തമ്മിലുള്ള എണ്ണമറ്റ കരാറുകളുടെ അനന്തരഫലമായാണ് ബുക്കാനനും ടള്ളക്കും ഇതിനെ കാണുന്നത്.

എണ്ണമറ്റ സിവിൽ കോടതി വിധികൾ പൊതുനിയമത്തിന്റെ വ്യവസ്ഥിതി രൂപീകരിക്കുന്നതോ അല്ലെങ്കിൽ എണ്ണമറ്റ ഉഭയകക്ഷി വ്യാപാരങ്ങൾ ഒരു വിപണി രൂപീകരിക്കുന്നതോ പോലെ, ഈ കരാറുകളുടെ ശൃംഖല ആസൂത്രിതമല്ലാത്ത ഒരു സംവിധാനമായി വികസിക്കുന്നു. ഇത് ബോധപൂർവമായ ഒരു നിർമ്മിതിയിൽ നിന്ന് രൂപപ്പെട്ടതാണെന്ന് തോന്നാം. എന്നാൽ വാസ്തവത്തിൽ ഈ സാമൂഹികക്രമം യുക്തിബോധവും സ്വാർത്ഥതാൽപ്പര്യമുള്ളതുമായ വ്യക്തികളുടെ പ്രവർത്തനങ്ങളിൽ നിന്ന് സ്വാഭാവികമായി ഉയർന്നുവരുന്നതാണ്.

### തീരുമാനങ്ങൾ എടുക്കുന്നതിന്റെ വില

ഈ കരാറുകളുടെ ശൃംഖലയിൽ ചേരാൻ ആരും ആരെയും നിർബന്ധിക്കുന്നില്ല. ആളുകൾ ഇത് സ്വീകരിക്കുന്നത് തികച്ചും സ്വമേധയാ ആണെന്ന് ബുക്കാനനും ടള്ളക്കും നിരീക്ഷിക്കുന്നു. പൊതുവായ സാമൂഹിക കരാറിന്റെ ഭാഗമാകുന്നതിനും അതിന്റെ നേട്ടങ്ങൾ പങ്കിടുന്നതിനും വ്യക്തികൾ സ്വന്തം പെരുമാറ്റത്തിൽ ചില നിയന്ത്രണങ്ങൾ വരുത്തേണ്ടി വന്നേക്കാം. എന്നാലത് അരാജകത്വത്തേക്കാൾ അഭികാമ്യമാണെന്ന് അവർ മനസ്സിലാക്കും. അതിനാൽ കരാർ പൂർണ്ണമായും ഏകകണ്ഠമായിരിക്കും. ഒരു സ്വതന്ത്ര വിപണിയിൽ ഹിതകരമല്ലാത്ത ഇടപാട് സ്വീകരിക്കാൻ ആരെയും നിർബന്ധിക്കാത്തതുപോലെ, തങ്ങൾക്ക് ദോഷകരമെന്ന് അവർ കരുതുന്ന ഒരു കരാറിലേക്ക് ആരെയും നിർബന്ധിച്ച് കൊണ്ടുവരാൻ കഴിയില്ല.

എന്നാൽ പ്രശ്നങ്ങൾ ആരംഭിക്കുന്നത് ഏതൊക്കെ കൂട്ടായ പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്ന് തീരുമാനിക്കുന്ന ഘട്ടത്തിലാണ്. ഇത്തരം പ്രവർത്തനങ്ങൾ പരസ്പര സംരക്ഷണം പ്രോത്സാഹിപ്പിക്കുമെങ്കിലും ന്യൂനപക്ഷങ്ങളെ ചൂഷണം ചെയ്യാനും ഉപയോഗിക്കാനാകും. കൂട്ടായ തീരുമാനങ്ങൾ ഏകകണ്ഠമായിരിക്കണമെങ്കിൽ അത്തരം ചൂഷണത്തിന് സാധ്യതയില്ല, കാരണം ഏതെങ്കിലും നയം തങ്ങളുടെ സുരക്ഷയ്ക്ക് ഭീഷണിയാകുമെന്ന് തോന്നിയാൽ അതവർക്ക് വീറ്റോ ചെയ്യാം. എന്നാൽ തീരുമാനങ്ങൾ ഏകകണ്ഠമായിരിക്കണമെങ്കിൽ ആ പ്രക്രിയയ്ക്ക് വലിയ വില നൽകേണ്ടി വരും. ഏതൊരു വ്യക്തിക്കും ഏതൊരു നിർദ്ദേശവും തടസ്സപ്പെടുത്താമെങ്കിൽ, മിക്കവാറും എല്ലാ കാര്യങ്ങളിലും അഭിപ്രായ സമന്വയം ശ്രമകരമായേക്കാം. ചൂഷണ സാധ്യതയുടെ ബാഹ്യ ചെലവുകൾ ഒഴിവാക്കാനായേക്കാം. എന്നാൽ ഏകാഭിപ്രായ നിയമം പിന്തുടരുന്നുണ്ടെങ്കിൽ, ഒരുകാര്യത്തിലും ഒരിക്കലും യോജിക്കാൻ കഴിയാത്തതിനാൽ കൂട്ടായ പ്രവർത്തനത്തിൽ നിന്നും ലഭിക്കാവുന്ന നിരവധി നേട്ടങ്ങൾ നഷ്ടപ്പെടാൻ സാധ്യതയുണ്ട്. നേരെമറിച്ച് ഏകാഭിപ്രായം ആവശ്യമില്ലാത്ത ഒരു നിയമം തീരുമാനങ്ങൾ എടുക്കുന്നത് എളുപ്പമാക്കിയേക്കാം, എന്നാലത് വ്യക്തികളെ ചൂഷണം ചെയ്യാനുള്ള അപകടസാധ്യത അവശേഷിപ്പിക്കുന്നു.

ഈ പ്രതിസന്ധിയിൽ നിന്ന് രക്ഷപ്പെടാനുള്ള വഴി രണ്ട് ഘട്ടങ്ങളുള്ള പ്രക്രിയയാണെന്ന് ബുക്കാനനും ടള്ളക്കും പറയുന്നു. ആദ്യത്തേത് ഭരണ

ഘടനാ ഘട്ടമാണ്. അതിൽ കൂട്ടായ തീരുമാനങ്ങൾ എടുക്കേണ്ട മേഖല കളിൽ ആളുകൾ യോജിക്കുകയും ഭാവി തീരുമാനങ്ങൾ എടുക്കേണ്ട നിയമ ങ്ങൾ സജ്ജമാക്കുകയും ചെയ്യുന്നു. അജണ്ടയും നിയമങ്ങളും തീരുമാനിക്ക പ്പെട്ടാൽ മാത്രമേ യഥാർത്ഥത്തിൽ എന്താണ് ചെയ്യേണ്ടത് എന്ന കാര്യത്തിൽ കൂട്ടായ തീരുമാനങ്ങൾ എടുക്കുന്ന രണ്ടാം ഘട്ടത്തിലേക്ക് കടക്കുകയുള്ളൂ. ഭരണഘടനാ ഘട്ടം എന്തെല്ലാം, എങ്ങനെ തീരുമാനിക്കണം എന്നതിനെ കുറിച്ചാണ്. അതിനുശേഷമാണ് യഥാർത്ഥത്തിൽ തീരുമാനങ്ങളെടുക്കുന്ന തിലേക്ക് ശ്രദ്ധ തിരിക്കുന്നത്. ബുക്കാനനും ടള്ളക്കും ഇതിന് ഒരുദാഹരണം നൽകുന്നുണ്ട്. എണ്ണഖനന തൊഴിലാളികൾ ഒരു എണ്ണപ്പാടത്തിന് കൂട്ടായ മാനേജ്മെന്റ് വേണമെന്നും എണ്ണയുൽപ്പാദന അവകാശങ്ങളെക്കുറിച്ചുള്ള തീരുമാനങ്ങൾ എങ്ങനെയെടുക്കാമെന്നുമുള്ള കാര്യത്തിൽ യോജിപ്പിൽ എത്തിയേക്കാം. എന്നാൽ രണ്ടാം ഘട്ടത്തിൽ ആ തീരുമാനങ്ങൾ യഥാർത്ഥത്തിൽ എടുക്കുമ്പോൾ, നീക്കിവെച്ച നിർദ്ദിഷ്ട ക്വാട്ടകളിൽ അവർ വിയോജിച്ചേക്കാം.

ബുക്കാനന്റെയും ടള്ളക്കിന്റെയും അഭിപ്രായത്തിൽ ഭരണഘടനാ കരാർ അനിവാര്യമായും ഏകകണ്ഠമായിരിക്കണം. യുക്തിബോധവും സ്വാർത്ഥ താൽപ്പര്യവുമുള്ള ഒരു വ്യക്തിയും ഭാവിയിൽ അവർ ചൂഷിതരവാൻ സാധ്യതയുള്ള തീരുമാനങ്ങൾക്ക് കാരണമാകുമെന്ന് അവർ കരുതുന്ന ഒരു കൂട്ടം നിയമങ്ങൾ സ്വീകരിക്കാൻ സമ്മതിക്കില്ല. ഇത്തരം ഏകാഭിപ്രായ നിയമം യുകതിരഹിതമായി തോന്നാമെങ്കിലും, പൊതുവേ ആളുകൾ സമൂഹത്തിന്റെ സംരക്ഷണം ആസ്വദിക്കുന്നതിനും അരാജകത്വത്തിൽ നിന്ന് രക്ഷപ്പെടുന്നതിനും സമവായത്തിലെത്താൻ താൽപ്പര്യപ്പെടുന്നു. ഭാവിയിലെ തീരുമാനങ്ങൾ ആരെ, എങ്ങനെ ബാധിക്കുമെന്ന് ആർക്കും കൃത്യമായി അറിയാത്തതിനാൽ, എല്ലാവരും ഒരേ തരത്തിലുള്ള പരിശോധനകൾക്കും പരിരക്ഷകൾക്കും നിർബന്ധം പിടിക്കാൻ സാധ്യതയുണ്ട്.

**ഒരു ഭരണഘടനയുടെ ഉള്ളടക്കം**

ഏതൊരു ഭരണഘടനയും തീർപ്പാക്കേണ്ട ഒരു കാര്യം ഭാവിയിൽ കൂട്ടായ തീരുമാനങ്ങൾ എടുക്കാൻ വേണ്ട ഭൂരിപക്ഷമാണ്.

കൂട്ടായ തീരുമാനങ്ങളെടുക്കാൻ കേവല ഭൂരിപക്ഷമാണ് ശരിയായ രീതി യെന്ന് കരുതുന്ന സ്വാഭാവിക പ്രവണത ജനങ്ങൾക്കിടയിലുണ്ട്. സുഹൃത്തു ക്കളുടെയും സഹപ്രവർത്തകരുടെയും ഒപ്പം എടുക്കുന്ന മിക്ക ദൈനംദിന തീരുമാനങ്ങളിലും ഭൂരിപക്ഷത്തിനൊപ്പം നിൽക്കുക എന്ന രീതിയാണ് നമ്മൾ പിന്തുടരുന്നത്. എന്നാൽ സാധ്യമായ നിരവധി വോട്ടിംഗ് നിയമ ങ്ങളുണ്ടെന്ന് മാത്രമല്ല, കേവല ഭൂരിപക്ഷ വോട്ടിംഗിൽ പ്രത്യേകത യൊന്നുമില്ല താനും. ഒരു കമ്പനി അതിന്റെ ഭരണഘടന രൂപീകരിക്കുമ്പോൾ, വ്യത്യസ്ത തരത്തിലുള്ള തീരുമാനങ്ങൾക്കായി വ്യത്യസ്ത വോട്ടിംഗ് നിയമങ്ങൾ നടപ്പിലാക്കും. ക്ലബ് അംഗത്വങ്ങൾക്ക് സമാനമായ നടപടി ക്രമമുണ്ട്. ജനസംഖ്യയുടെ 51 ശതമാനം വരുന്ന ഒരു കൂട്ടത്തിന് ബാക്കി യുള്ള 49 ശതമാനത്തേക്കാൾ നിയമാനുസൃത അധികാരമുണ്ടെന്ന്

തോന്നുന്നില്ല. എങ്കിലും ഭൂരിപക്ഷ വോട്ടിംഗ് സംവിധാനത്തിൽ ആദ്യത്തെ ഗ്രൂപ്പിന് രണ്ടാമത്തേതിനുമേൽ ആധിപത്യം ലഭിക്കും.

ചില വോട്ടിംഗുകൾക്കായി, പ്രത്യേകിച്ച് ന്യൂനപക്ഷ വിഭാഗങ്ങൾ ചൂഷണം ചെയ്യപ്പെടാനുള്ള സാധ്യതയോ ആ ചൂഷണത്തിന്റെ തീവ്രതയോ കൂടുതലുള്ളയിടത്ത്, വലിയതോ 'യോഗ്യതയുള്ളതോ' ആയ ഭൂരിപക്ഷം വേണമെന്ന് നിർബന്ധം പിടിക്കുന്നതിൽ അർത്ഥമുണ്ടെന്ന് ബുക്കാനനും ടള്ളക്കും അഭിപ്രായപ്പെടുന്നു. യുക്തിബോധമുള്ള വ്യക്തികൾ ഇത്തരം ഭരണഘടനാപരമായ സംരക്ഷണങ്ങൾ വേണമെന്ന് നിർബന്ധം പിടിക്കുമെന്ന് അവർ വിശ്വസിക്കുന്നു. ഭരണഘടനാ ഘട്ടത്തിൽ വ്യക്തികൾ ഭാവി അനിശ്ചിതത്വം നേരിടുന്നു. ഭാവിയിൽ എന്തൊക്കെ നയനിർദ്ദേശങ്ങൾ ഉയർന്നുവരുമെന്നും അവർ എത് പക്ഷത്തായിരിക്കുമെന്നും – ജയിക്കുന്നതോ അതോ തോൽക്കുന്നതോ – അവർക്കറിയില്ല. അതിനാൽ ഭൂരിപക്ഷത്തിൽ നിന്ന് വലിയ നഷ്ടങ്ങൾ നേരിടാവുന്ന സാധ്യതയിൽ നിന്ന് സ്വയം പരിരക്ഷിക്കാൻ വ്യക്തികൾ ആഗ്രഹിക്കും. ഓരോ വോട്ടിലും ഏകാഭിപ്രായം വേണമെന്ന നിബന്ധന ബുദ്ധിമുട്ടുള്ളതാണെന്നും, എന്നാൽ ഭാവിയിൽ ദോഷകരമായേക്കാവുന്ന ചില തീരുമാനങ്ങൾക്ക് മൂന്നിൽ രണ്ട് ഭൂരിപക്ഷം പോലെ യോഗ്യതയുള്ള ഭൂരിപക്ഷം അർത്ഥവത്തായിരിക്കുമെന്നും അവർ അംഗീകരിച്ചേക്കാം.

സ്വാർത്ഥതാൽപ്പര്യമുള്ള വ്യക്തികൾ രൂപപ്പെടുത്തുന്ന ഭരണഘടന നിയമസഭാംഗങ്ങൾക്ക് നൽകുന്ന അധികാരങ്ങൾക്കും പരിധി നിശ്ചയിക്കും. എല്ലാ നയനിർദ്ദേശങ്ങളുടെയും വിശദാംശങ്ങൾ പഠിക്കാൻ പൊതുജനങ്ങൾ ബുദ്ധിമുട്ടുന്നതിനുപകരം, തീരുമാനങ്ങൾ എടുക്കാൻ പ്രതിനിധികളെ നിയോഗിക്കുന്നത് യുക്തിപരമാണ്. എന്നാൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്ക് തീരുമാനമെടുക്കാനുള്ള സമ്പൂർണ്ണാധികാരം നൽകുന്നത് അത്യന്തം അപകടകരമാണ്. നിയമനിർമ്മാണ സഭയുടെ തീരുമാനങ്ങളുടെ ഫലമായി വ്യക്തികൾക്കും ന്യൂനപക്ഷങ്ങൾക്കും ഗുരുതരമായ നാശ നഷ്ടങ്ങൾ നേരിടേണ്ടിവരുമെന്ന് മാത്രമല്ല, അധികാരം ഒരാളെ ദുഷിപ്പിക്കു മെന്നും അമിതമായ അധികാരം നൽകാൻ മാത്രം പ്രതിനിധികൾ വിശ്വാസ്യ യോഗ്യരല്ലെന്നും അനുഭവത്തിൽ നിന്ന് നമുക്കറിയാം. അതിനാൽ നിയമനിർമ്മാതാക്കൾക്കും ബ്യൂറോക്രാറ്റുകൾക്കും എടുക്കാൻ സാധിക്കുന്ന തീരുമാനങ്ങൾ പരിമിതപ്പെടുത്തേണ്ടത് ഭരണഘടനയാണ്.

**ബുക്കാനന്റെ സാമ്പത്തിക ഭരണഘടന**

ബുക്കാനന്റെ അഭിപ്രായത്തിൽ നികുതി നയത്തിൽ ശ്രദ്ധാപൂർവമായ നിയന്ത്രണങ്ങൾ ആവശ്യമാണ്, കാരണം ഭൂരിപക്ഷ തീരുമാനങ്ങൾ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഗുരുതര നാശനഷ്ടമുണ്ടാക്കുന്ന ഒരു മേഖലയാണിത്. അതിനാൽ നികുതി നിയമങ്ങൾ തുടക്കത്തിൽ തന്നെ നിർവചിക്കുകയും പ്രസ്താവിക്കുകയും വേണം. യുക്തിബോധമുള്ള വ്യക്തികൾ അത് ഉറപ്പാക്കണം. ഉദാഹരണത്തിന്, ദരിദ്രരായ ആളുകൾ സമ്പന്നരുടെ മേൽ കനത്ത നികുതിഭാരം ചുമത്തുന്ന ഒരു നിയമത്തിന് വോട്ട്

ചെയ്യുമെന്ന് സങ്കൽപ്പിക്കാം. എന്നാൽ ഭരണഘടനകൾ നീണ്ട നാൾ നിലനിൽക്കാൻ ഉദ്ദേശിച്ച് രൂപീകരിക്കുന്നതാണ്, അത് തുടരെത്തുടരെ പുനക്രമീകരിക്കുന്നത് ശ്രമകരമാവും. കൂടാതെ സാമൂഹിക ചലനത്തിന്റെ ന്യായമായ അളവുകോൽ കണക്കിലെടുക്കുമ്പോൾ, കുറച്ച് വർഷങ്ങൾക്കുള്ളിൽ ഒരാളുടെ സാമ്പത്തിക സ്ഥിതി എന്തായിരിക്കുമെന്ന് പ്രവചിക്കാനാവില്ല. നിങ്ങൾ ഇപ്പോൾ ഭൂരിപക്ഷമായിരിക്കാം പക്ഷേ അത് നിലനിൽക്കണമെന്നില്ല. എല്ലാ വിഭാഗങ്ങളെയും തുല്യമായി പരിഗണിക്കുന്ന ഒരു നികുതി സമ്പ്രദായത്തെ പിന്തുണയ്ക്കുക എന്നതാണ് സമ്പന്നർക്കും ദരിദ്രർക്കും എടുക്കാവുന്ന യുക്തിപൂർവ്വമായ തീരുമാനം.

ചെലവിന്റെ കാര്യവും ഇതുപോലെയാണ്. ഭരണഘടനാ ഘട്ടത്തിൽ പൊതു ആനുകൂല്യങ്ങൾക്കായി ചെലവഴിക്കുന്നത് മാത്രമേ ഏകകണ്ഠമായി അംഗീകരിക്കപ്പെടുകയുള്ളൂ എന്ന് ബുക്കാനൻ വിശ്വസിക്കുന്നു. ഏതാനും വർഷങ്ങൾക്കുള്ളിൽ നിങ്ങൾ ആ ഗ്രൂപ്പിൽ ഇല്ലെങ്കിൽ, അതിന് അനുകൂലമായി നിയമങ്ങൾ വളച്ചൊടിക്കാൻ ശ്രമിക്കുന്നത് അർത്ഥശൂന്യമാകും. പ്രത്യേക താൽപ്പര്യ ഗ്രൂപ്പുകൾ സ്വന്തം നേട്ടത്തിനായി ധാരാളം സർക്കാർ ചെലവുകൾ പിടിച്ചെടുത്തതിനാൽ, നമ്മളിപ്പോഴും അതിൽനിന്നും വളരെ അകലെയാണെന്ന് ബുക്കാനൻ സമ്മതിക്കുന്നു. യുക്തിബോധമുള്ള വ്യക്തികൾ അനുകൂലിക്കുമെന്ന് അദ്ദേഹം വിശ്വസിക്കുന്ന വിവേചനരഹിതമായ ഭരണഘടനയിലേക്ക് ഇവിടെ നിന്ന് എത്തിച്ചേരുക പ്രയാസമാണ്. വിവേചനരഹിതമായ ഭരണഘടനാ നിയമങ്ങൾ സ്ഥാപിക്കുന്നതിന് മുമ്പ്, ക്ഷേമ ഗുണഭോക്താക്കൾ പോലുള്ള ചില ഗ്രൂപ്പുകളെ വശത്താക്കേണ്ടി വന്നേക്കാം.

ശക്തമായ ഭരണഘടനാ നികുതി നിയമങ്ങൾ നികുതിഭാരം കുറയ്ക്കുമെന്നും നികുതി ചുമത്തേണ്ട അടിസ്ഥാന വരുമാനം നിശ്ചയിക്കുന്നതിൽ താൽപ്പര്യ ഗ്രൂപ്പുകളുടെ പ്രയോജനത്തിനായി കൃത്രിമം കാണിക്കാൻ കഴിയില്ലെന്ന് ഉറപ്പാക്കുമെന്നും ബുക്കാനൻ വിശ്വസിക്കുന്നു. നികുതിഭാരവും പൊതുചെലവിന്റെ നേട്ടങ്ങളും വിവിധ ഗ്രൂപ്പുകൾക്കിടയിൽ എത്രത്തോളം മാറ്റാം എന്നതിനെക്കുറിച്ച് നിയമങ്ങൾ ഉണ്ടായിരിക്കണം. ഭൂരിപക്ഷത്തിന് ആനുകൂല്യങ്ങൾ നേടാൻ സ്വയം വോട്ടുചെയ്യുകയും അതിന്റെ ചെലവ് ഭാവി തലമുറകൾക്ക് കൈമാറുകയും ചെയ്യുന്ന 'ടൈം ഷിഫ്റ്റിംഗ്' നടത്താൻ കഴിയാത്ത ഒരു സന്തുലിത ബജറ്റ് ആവശ്യമാണ്. നികുതികൾ അവ ചുമത്തിയ ഉദ്ദേശ്യത്തിനായി നീക്കിവയ്ക്കണം. സ്വത്തിന്റെ ഉടമസ്ഥാവകാശത്തെക്കുറിച്ചും സർക്കാറിന് സ്വകാര്യ സ്വത്ത് എത്രത്തോളം പിടിച്ചെടുക്കാമെന്നതിനെക്കുറിച്ചും കർശനമായ നിയമങ്ങൾ ഉണ്ടായിരിക്കണം. കൂടാതെ കറൻസി മൂല്യത്തകർച്ച ഒഴിവാക്കാൻ സർക്കാരിന്റെ പണമുൽപ്പാദന പ്രക്രിയയെക്കുറിച്ചും നിയമങ്ങൾ ആവശ്യമാണ് - ചില ഗ്രൂപ്പുകളെ (പണം മുടക്കുന്നവർ പോലെയുള്ളവർ) മറ്റുള്ളവരെക്കാൾ (കടക്കാർ പോലെയുള്ളവർ) ദോഷകരമായി ബാധിക്കുന്ന, പൊതുജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്ന ഒരുതരം രഹസ്യ നികുതി.

ഇത്തരത്തിലുള്ള ഏകകണ്ഠമായ നിയമങ്ങളില്ലെങ്കിൽ സർക്കാർ നിയന്ത്രണം അമിതമായി വികസിക്കാനും, ചില ഗ്രൂപ്പുകൾക്ക് അനുകൂലവും മറ്റുള്ളവർക്ക് പ്രതികൂലവുമായ തീരുമാനങ്ങൾ നടപ്പാക്കാനും, പൊതുവെ പ്രോത്സാഹനങ്ങൾ ദുർബലപ്പെടുത്താനും സാധ്യതയുണ്ടെന്ന് ബുക്കാനൻ വാദിക്കുന്നു.

**ഫെഡറലിസം**

അധികാരം പരിമിതപ്പെടുത്താനുള്ള മറ്റൊരു മാർഗം അതിനെ വിഭജിക്കുക എന്നതാണ്. വിർജീനിയ സ്കൂൾ അത്തരം പ്രാദേശികതയിലും ഫെഡറലിസത്തിലും ഊന്നൽ നൽകുന്നു. കേന്ദ്രീകൃതമായും പ്രാദേശികമായും തീരുമാനങ്ങൾ എടുക്കുന്നതിന്റെ ചെലവുകളും നേട്ടങ്ങളും തമ്മിൽ ഒരു കൊടുക്കൽ-വാങ്ങൽ പ്രക്രിയ നടക്കുന്നുണ്ട്. വലിയ ഗ്രൂപ്പുകളെ അപേക്ഷിച്ച് ചെറിയ ഗ്രൂപ്പുകൾക്ക് തീരുമാനങ്ങളെടുക്കാൻ എളുപ്പമാണ്, അതിനാൽ കഴിയുന്നത്ര പ്രാദേശികമായി തീരുമാനങ്ങളെടുക്കുന്നതാണ് അഭികാമ്യം. ദേശീയ സർക്കാറുകൾ ആകർഷണീയമായി തോന്നാം, എന്നാൽ അവയുടെ വോട്ടർമാരുടെ വലിപ്പം തന്നെ യോജിപ്പിലെത്തുന്നത് ബുദ്ധിമുട്ടാക്കുന്നു.

മറ്റൊരു ഘടകവുമുണ്ട്: ജനസംഖ്യയുടെ ഏകത. വൈവിധ്യമാർന്ന കാഴ്ചപ്പാടുകളും അഭിപ്രായങ്ങളുമുള്ള ഒരു ജനസംഖ്യയെ അപേക്ഷിച്ച് വോട്ടർമാർ പൊതുവായ ലക്ഷ്യങ്ങളും മൂല്യങ്ങളും സമീപനങ്ങളും പങ്കിടുകയാണെങ്കിൽ, ഒരു ധാരണയിലെത്തുന്നത് കൂടുതൽ എളുപ്പമാകും.

ഒരു ജനസംഖ്യ അങ്ങേയറ്റം വലുതും വൈവിധ്യപൂർണ്ണവുമാണെങ്കിൽ, പല കാര്യങ്ങളിലും കൂട്ടായ തീരുമാനങ്ങളിൽ എത്താൻ കഴിഞ്ഞേക്കില്ല. ഈ സാഹചര്യത്തിൽ തീരുമാനങ്ങൾ പൊതുജനങ്ങൾക്ക് വിടുന്നതിനേക്കാൾ സ്വകാര്യ പ്രവർത്തനങ്ങൾക്ക് വിടുന്നതാണ് നല്ലത് - ഒരുപക്ഷേ അങ്ങനെതന്നെ സംഭവിക്കാം. യു.എസ്. ഇത്തരമൊരു സമൂഹത്തിന്റെ നല്ലൊരു ഉദാഹരണമാണ്. എന്നാൽ ഒരു ജനസംഖ്യ ചെറുതും ഏകീകൃതവുമാണെങ്കിൽ, കൂടുതൽ തീരുമാനങ്ങൾ കൂട്ടായി എടുക്കുമെന്ന് പ്രതീക്ഷിക്കാം. ഉദാഹരണത്തിന്, സ്കാൻഡിനേവിയയിലെ ചെറുതും ഏകീകൃതവുമായ സമൂഹങ്ങൾ.

ദേശീയ തലത്തിൽ മാത്രം എടുക്കാൻ കഴിയുന്ന ചില തീരുമാനങ്ങളുണ്ട്. ഉദാഹരണത്തിന്, ദേശീയ സാമ്പത്തിക നയം അല്ലെങ്കിൽ ദേശീയ പ്രതിരോധ ശൃംഖലയുടെ നടപടികൾ. ഒരു ഭൂമിശാസ്ത്രപരമായ പ്രദേശത്തിന് ഗുണകരമാണെങ്കിലും മറ്റൊന്നിന് പ്രശ്നങ്ങൾ ഉണ്ടാക്കുന്ന നയങ്ങളുമുണ്ട്. ഉദാഹരണത്തിന്, ഒരു പുതിയ വ്യാവസായിക വികസനം മറ്റ് നഗരങ്ങളിലൂടെ ഒഴുകുന്ന നദിയുടെ ജലത്തെ മലിനമാക്കുമ്പോൾ.

പൊതുവേ രാഷ്ട്രീയ തീരുമാനങ്ങൾ കഴിയുന്നത്ര പ്രാദേശികമായി എടുക്കുന്നതാണ് നല്ലത്. ചില തീരുമാനങ്ങൾ - ഒരു പുതിയ നിശാക്ലബ്ബിന് ലൈസൻസ് നൽകുന്നതുപോലെ - തികച്ചും പ്രാദേശികമായ

ഫലമുണ്ടാക്കുന്നതാണ്. അതിനാൽ ദേശീയ തലത്തിൽ അവയെക്കുറിച്ച് പൊതുവായ സമ്മതം തേടുന്നത് അർത്ഥശൂന്യമാണ്. ഫെഡറൽ സംവിധാനങ്ങൾ സർക്കാറിന്റെ ഘടന, സേവനങ്ങൾ, നിയമങ്ങൾ, ചട്ടങ്ങൾ എന്നിവ പ്രദേശത്തിന്റെ പ്രത്യേക ആവശ്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ക്രമീകരിക്കാനും അനുവദിക്കുന്നു.

തീരുമാനങ്ങൾ ഇഷ്ടപ്പെട്ടില്ലെങ്കിൽ രക്ഷപ്പെടാൻ സാധിക്കും എന്നതാണ് പ്രാദേശികതയുടെ മറ്റൊരു നേട്ടം. പ്രാദേശിക ഭൂരിപക്ഷം നിങ്ങളെ ചൂഷണം ചെയ്യുമെന്ന ഭീഷണിയുണ്ടെങ്കിൽ, നിങ്ങൾക്ക് മറ്റൊരിടത്തേക്ക് പോകാം. അത് സുഖകരമോ എളുപ്പമോ ആയിരിക്കില്ല, പ്രത്യേകിച്ചും നിങ്ങൾക്ക് ആ നാട്ടിൽ ആഴത്തിൽ വേരുകളുണ്ടെങ്കിൽ. പക്ഷേ അത് സാധ്യമാണെന്ന വസ്തുത ന്യൂനപക്ഷങ്ങളെ ചൂഷണം ചെയ്യാനുള്ള പ്രാദേശിക ഭരണകൂടത്തിന്റെ അധികാരത്തിന് കടിഞ്ഞാണിടുന്നു.

**പ്രശ്നങ്ങളും തത്വങ്ങളും**

വിർജീനിയ സ്കൂളിന്റെ ഭരണഘടനാ വീക്ഷണം എല്ലാവർക്കും ബോധിച്ചിട്ടില്ല. ബുക്കാനനും ടള്ളക്കും അഭിപ്രായപ്പെടുന്നതുപോലെ ആളുകൾ അപകടസാധ്യതകളോട് വിമുഖരല്ലെന്നും, കൂട്ടായ തീരുമാനങ്ങളിലൂടെ സാധ്യമായ നേട്ടങ്ങൾ ഉയർന്ന നികുതി അടയ്ക്കേണ്ടിവരുന്നതിന്റെ റിസകിന് തക്ക മൂല്യമുള്ളതായി അവർ കണക്കാക്കുമെന്നും പല വിമർശകരും വാദിക്കുന്നു.

നമ്മുടെ ഭരണഘടനകളും വ്യവസ്ഥകളും അഭിപ്രായ സമന്വയത്തിലൂടെ രൂപീകരിച്ചതല്ല എന്നതാണ് വസ്തുത. ഇന്ന് ആളുകൾ അവരുടെ പൂർവ്വികർ രൂപപ്പെടുത്തിയ നിർമ്മിതിയിൽ, അവർക്ക് യാതൊരു പങ്കുമില്ലാത്ത പഴയ ഭരണഘടനാ നിയമങ്ങളാൽ ബന്ധിതരാണ്. ലോകത്തിലെ പല ഭരണഘടനകളും നേരിയ ഭൂരിപക്ഷത്താൽ രൂപപ്പെടുത്തിയവയാണ്. അല്ലെങ്കിൽ താൽപ്പര്യ ഗ്രൂപ്പുകളാൽ ഹൈജാക്ക് ചെയ്യപ്പെട്ടവയാണ്. അതുമല്ലെങ്കിൽ നിയമനിർമ്മാണ സഭയിലെ കേവല ഭൂരിപക്ഷത്താൽ ഭേദഗതി ചെയ്യാവുന്നതാണ്. ഉദാഹരണത്തിന്, ബ്രിട്ടീഷ് പാർലിമെന്റിലെ ഭൂരിപക്ഷ തീരുമാനങ്ങൾ പ്രഭുസഭയുടെ അധികാരങ്ങളും അംഗത്വവും മാറ്റിമറിക്കുകയും, ബ്രിട്ടീഷ് ജനങ്ങളിൽ നിന്ന് യാതൊരു അനുമതിയും തേടാതെ നിരവധി പ്രവർത്തനങ്ങൾ യൂറോപ്യൻ യൂണിയൻ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുക്കുകയും ചെയ്തിട്ടുണ്ട്. പാർലിമെന്റിന് പരമാധികാരമുണ്ട്: നികുതി ചുമത്തുന്നതിനോ സ്വത്ത് കണ്ടുകെട്ടുന്നതിനോ ഉള്ള അധികാരത്തിന് ഭരണഘടനാപരമായ നിയന്ത്രണങ്ങളൊന്നുമില്ല. എന്നിട്ടും ഭൂരിഭാഗം ആളുകളും കുടിയേറേണ്ട എന്ന് തീരുമാനിക്കുന്നത് അവർ ഈ 'ഭരണഘടന'യോട് മൗനമായി യോജിക്കുന്നു എന്നതിന്റെ തെളിവായി കണക്കാക്കാനാവില്ല.

എന്നിരുന്നാലും വിർജീനിയ സ്കൂളിന്റെ ഭരണഘടനാ സിദ്ധാന്തം സാമ്പത്തികവും രാഷ്ട്രീയവുമായ സിദ്ധാന്തത്തിൽ നിർണായക മാറ്റം കൊണ്ടുവന്നു. സമൂഹത്തിന്റെ ക്ഷേമം ഉയർത്തുന്ന ധീരമായ നയ

സംരംഭങ്ങൾ എങ്ങനെ രൂപപ്പെടുത്തണമെന്ന് തങ്ങൾക്കറിയാമെന്ന് സാമ്പത്തിക വിദഗ്ധർ ഒരിക്കൽ കരുതിയിരുന്നു. എന്നാൽ സാമ്പത്തിക വിദഗ്ധർക്ക് വ്യക്തികളുടെ ഹൃദയങ്ങളിലേക്കും മനസ്സുകളിലേക്കും നോക്കാനും നയപരമായ മാറ്റങ്ങളെ അവർ വിലമതിക്കുന്നുണ്ടോ എന്നറിയാനും കഴിയില്ലെന്ന് വിർജീനിയ സ്കൂൾ ചൂണ്ടിക്കാട്ടി. ഇതേക്കുറിച്ച് അവരോട് ചോദിക്കുക എന്നതാണ് ഏക പോംവഴി. എന്നാൽ അപ്പോഴും ഒരാളുടെ നഷ്ടത്തെ മറ്റൊരാളുടെ നേട്ടവുമായി താരതമ്യം ചെയ്യാൻ കഴിയില്ല. പൂർണ്ണമായ യോജിപ്പുണ്ടെങ്കിൽ മാത്രമേ പുതിയ ക്രമീകരണം പ്രയോജനകരമാണെന്ന് ഉറപ്പിച്ച് പറയാൻ കഴിയൂ. ഭാവി നയങ്ങൾ എങ്ങനെ തീരുമാനിക്കണമെന്ന് തീരുമാനിക്കുന്ന ഒരു സുസ്ഥിര ഭരണഘടന നിർമ്മിക്കുമ്പോൾ, ഈ കാര്യത്തിൽ ശരിയായ തീരുമാനമെടുക്കേണ്ടത് അത്യധികം പ്രധാനമാണ്.

## 11. നേട്ടങ്ങളും പ്രശ്നങ്ങളും

സാമ്പത്തിക വിദഗ്ധരും രാഷ്ട്രീയ ശാസ്ത്രജ്ഞരും ഒരുപക്ഷേ പൊതുജനങ്ങളും രാഷ്ട്രീയ പ്രക്രിയയുടെ പ്രവർത്തനങ്ങളെ എങ്ങനെ കാണുന്നു എന്നതിൽ പബ്ലിക് ചോയ്സ് വലിയ മാറ്റം വരുത്തിയിട്ടുണ്ട്. നമ്മുടെ രാഷ്ട്രീയ സ്ഥാപനങ്ങളുടെ പ്രവർത്തനരീതികളും അതിൽ ഉൾപ്പെട്ടവരുടെ വ്യക്തിപരമായ താൽപ്പര്യങ്ങളും പൊതുജനങ്ങളുടെ പേരിൽ എടുക്കുന്ന തീരുമാനങ്ങളെ എങ്ങനെ രൂപപ്പെടുത്തുന്നുവെന്ന് ഇത് വിശദീകരിക്കുന്നു. പബ്ലിക് ചോയ്സ് സമീപനത്തിന്റെ ചില ഘടകങ്ങൾ യഥാർത്ഥ ലോകവുമായി എത്രത്തോളം യോജിച്ചുനിൽക്കുന്നു എന്നതിനെക്കുറിച്ചുള്ള ചോദ്യങ്ങൾ അവശേഷിക്കുന്നുണ്ട്, പ്രത്യേകിച്ചും നിരവധി വ്യത്യസ്ത രാഷ്ട്രീയ വ്യവസ്ഥകൾ നിലവിലുള്ളപ്പോൾ. എന്നാൽ പബ്ലിക് ചോയ്സ് ഒരു നൂതന വിജ്ഞാനശാഖയാണെന്നും അതിന് വലിയ സാധ്യതകളുണ്ടെന്നും ഇത് കാണിക്കുന്നു.

### ചില നേട്ടങ്ങൾ

സർക്കാർ ഇടപെടൽ 'വിപണി പരാജയ'ത്തിന് ഒരു ഉത്തമ പരിഹാര മാണെന്ന സാമ്പത്തിക വിദഗ്ധരുടെ ചിന്താശൂന്യമായ അനുമാനത്തെ വെല്ലുവിളിക്കുന്നതിൽ പബ്ലിക് ചോയ്സ് തീർച്ചയായും വിജയിച്ചിട്ടുണ്ട്. 'സർക്കാർ പരാജയം' സാധ്യമാണെന്നും; കുത്തകകൾ, അപൂർണ്ണമായ വിവരങ്ങൾ, ചില പ്രവർത്തനങ്ങൾ അതിൽ പങ്കെടുക്കാതെ കാഴ്ചക്കാരായി നിൽക്കുന്നവരിലും പ്രതികൂല ഫലങ്ങൾ ഉണ്ടാക്കുന്നുവെന്ന വസ്തുത, തുടങ്ങിയ പോരായ്മകൾ വിപണികളേക്കാൾ രാഷ്ട്രീയത്തിൽ ശക്തമാണെന്നും ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു. തിരഞ്ഞെടുപ്പ് സംവിധാനങ്ങളുടെ വൈചിത്രം, തന്ത്രപരമായ വോട്ടിംഗ്, താൽപ്പര്യ ഗ്രൂപ്പ് സഖ്യങ്ങളുടെ അധികാരബലം, നിയമസഭാംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും വ്യക്തിപരമായ താൽപ്പര്യങ്ങൾ എന്നിവയാൽ വികലമാക്കപ്പെടുന്ന ഒരു പ്രക്രിയയിലൂടെയാണ് സർക്കാർ തീരുമാനങ്ങൾ എടുക്കുന്നത്. പല സന്ദർഭങ്ങളിലും വിപണി യാഥാർത്ഥ്യം അംഗീകരിക്കുകയും അതിൽ ഇടപെടാൻ സർക്കാർ സംവിധാനം ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്നതാണ് നല്ലത്.

വിദഗ്ധർക്ക് തിരിച്ചറിയാനും പ്രബുദ്ധമായ നയത്തിലൂടെ നേടിയെടുക്കാനും കഴിയുന്ന ഒന്നാണ് 'പബ്ലിക് ചോയ്സ്' എന്ന സാമ്പത്തിക വിദഗ്ധരുടെ ധാരണയെയും പബ്ലിക് ചോയ്സ് തിരുത്തിയിട്ടുണ്ട്. നേരെമറിച്ച് പബ്ലിക് ചോയ്സിനെക്കുറിച്ച് വ്യക്തികളുള്ളത്രയും അഭിപ്രായങ്ങളുമുണ്ട്, ആ വ്യക്തികളുടെ കാഴ്ചപ്പാടുകളും മൂല്യങ്ങളും വ്യക്തിഗതമാണ്, ചില ഗണിത സൂത്രവാക്യങ്ങളിലൂടെ കൂട്ടിച്ചേർക്കാനോ കുറയ്ക്കാനോ ശരാശരി കണക്കാക്കാനോ കഴിയില്ല.

സർക്കാരിന്റെ യഥാർത്ഥ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും, നിലവിലെ രാഷ്ട്രീയ സ്ഥാപനങ്ങൾ എത്രത്തോളം നന്നായി സേവനങ്ങൾ പ്രദാനം ചെയ്യുന്നു എന്ന് ചോദ്യം ചെയ്യാൻ നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്നു എന്നതാണ് പബ്ലിക് ചോയ്സിന്റെ മറ്റൊരു നേട്ടം. താൽപ്പര്യ ഗ്രൂപ്പുകൾ, സഖ്യങ്ങൾ, ലോഗ്റോളിംഗ്, വാടക തേടൽ, സർക്കാരിന്റെ വികാസം, തന്ത്രപരമായ വോട്ടിംഗ്, വോട്ടർമാരുടെ യുക്തിപരമായ അജ്ഞത തുടങ്ങിയ പ്രതിഭാസങ്ങളുടെ സ്വഭാവവും ഉത്ഭവവും വിശാലമായ രാഷ്ട്രീയ പ്രത്യാഘാതങ്ങളും ഇത് വ്യക്തമാക്കുന്നു. വോട്ടർമാരുടെയും നിയമസഭാംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും വ്യക്തിപരമായ താൽപ്പര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്, എന്തുകൊണ്ടാണ് പൊതുജനങ്ങൾ രാഷ്ട്രീയത്തെക്കുറിച്ച് ഇത്രയധികം ആശങ്കപ്പെടുന്നതെന്ന് വിശദീകരിക്കാൻ സഹായിക്കുന്നു. നിലവിലുള്ള രാഷ്ട്രീയ സ്ഥാപനങ്ങളുടെ സ്വഭാവം കൂട്ടായ തീരുമാനങ്ങൾ എടുക്കുന്നതിൽ നിർണായക വ്യത്യാസം വരുത്തുന്നത് എങ്ങനെയെന്ന് ഇത് കാണിച്ചുതരുന്നു. രാഷ്ട്രീയ സ്ഥാപനങ്ങൾ എങ്ങനെയാണ് പലപ്പോഴും പരാജയപ്പെടുന്നതെന്നും ഇത് തെളിയിക്കുന്നു. യോഗ്യതയുള്ള ഭൂരിപക്ഷ വോട്ടിംഗ്, ഇതര വോട്ട് അല്ലെങ്കിൽ കൈമാറ്റം ചെയ്യാവുന്ന വോട്ട് സംവിധാനം, ഭരണഘടനാ പരിഷ്കാരങ്ങൾ തുടങ്ങിയ സർക്കാർ പരാജയം കുറയ്ക്കാൻ സഹായിക്കുന്ന ബദലുകളുണ്ടെന്ന് ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു.

### സ്വാർത്ഥതാൽപ്പര്യത്തെക്കുറിച്ച് ഒരു ചോദ്യം

എന്നിരുന്നാലും പബ്ലിക് ചോയ്സ് സമീപനത്തിന്റെ മറ്റ് ഘടകങ്ങൾ വിവാദമായി തുടരുന്നു. ഉദാഹരണത്തിന്, പബ്ലിക് ചോയ്സ് സിദ്ധാന്തത്തിന്റെ അടിസ്ഥാനമായ യുക്തിപരമായ വ്യക്തിവാദം യഥാർത്ഥത്തിൽ മനുഷ്യ വ്യക്തിത്വത്തിന്റെ ഒരു നല്ല വിവരണമാണോ എന്ന് ചിലർ സംശയം ഉന്നയിക്കുന്നു. മനുഷ്യർ സാമൂഹിക ജീവികളാണ്, നമ്മിലെ മൃഗ തൃഷ്ണകളും നമ്മുടെ സാമൂഹിക പശ്ചാത്തലങ്ങളും നമ്മൾ ചെയ്യുന്നതിനെയും ചിന്തിക്കുന്നതിനെയും രൂപപ്പെടുത്തുന്നു. നമ്മുടെ വ്യക്തിത്വത്തിന് ഒരു ജനിതക ഘടകമുണ്ട്, അതിന്മേൽ നമുക്ക് പരിമിതമായ, യുക്തിപരമായ നിയന്ത്രണം ഉണ്ടായിരിക്കാം. നമ്മൾ ഗ്രൂപ്പുകളായി പ്രവർത്തിക്കുന്നു - നിക്ഷേപ പ്രവണതകൾ പിന്തുടരുന്നതിലെ 'ഹേർഡ് മെന്റാലിറ്റിയുടെ' പേരിൽ പലരും സാമ്പത്തിക മേഖലയെ വിമർശിക്കാറുണ്ട്. നമ്മൾ എടുക്കുന്ന തീരുമാനങ്ങളിൽ പലതും, ഒരുപക്ഷേ മിക്കതും, ബോധത്തോടെയുള്ള കണക്കുകൂട്ടലിന്റെ ഫലമല്ല, മറിച്ച് സഹജമായതോ അല്ലെങ്കിൽ വർഷങ്ങളുടെ സാമൂഹിക സമ്മർദ്ദത്തിന്റെയോ സ്വാഭാവിക

ഫലമാണ്. പബ്ലിക് ചോയ്സ് സൈദ്ധാന്തികർ സങ്കൽപ്പിക്കുന്നതുപോലെ നമ്മൾ യഥാർത്ഥത്തിൽ യുക്തിബോധമുള്ള വ്യക്തിവാദികളാണോ?

വാസ്തവത്തിൽ രാഷ്ട്രീയം എന്നത് യുക്തിബോധമുള്ള വ്യക്തികൾ തങ്ങൾക്കു നേട്ടമുണ്ടാക്കാൻ ലക്ഷ്യമിട്ടുള്ള വിനിമയങ്ങൾ നടത്തുന്നതാണോ? അതോ വ്യക്തികളും ഗ്രൂപ്പുകളും തങ്ങളുടെ ആഗ്രഹങ്ങൾ നിറവേറ്റാൻ മറ്റുള്ളവരെ നിർബന്ധിക്കാൻ ശ്രമിക്കുന്ന അധികാരത്തെക്കുറിച്ചാണോ അത്? പബ്ലിക് ചോയ്സ് സൈദ്ധാന്തികരുടെ അഭിപ്രായത്തിൽ ആദ്യത്തേതാണ് ശരി. അല്ലെങ്കിൽ കുറഞ്ഞത് രണ്ടാമത്തേത് ആദ്യത്തേതിന്റെ അനന്തരഫലമാണ്. എന്നാൽ ഭൂരിപക്ഷത്തിന്റെയും കേന്ദ്രീകൃത താൽപ്പര്യ ഗ്രൂപ്പുകളുടെയും അധികാര വിനിയോഗത്തിലാണ് അവർ തങ്ങളുടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

എന്തിനാണ് യുക്തിബോധമുള്ള വ്യക്തികൾ വോട്ട് ചെയ്യാൻ മെനക്കെടുന്നത് എന്ന ചോദ്യം ഇവിടെ പ്രസക്തമായ ഒന്നായി അവശേഷിക്കുന്നു. കാരണം ഏതെങ്കിലുമൊരു വോട്ട് തിരഞ്ഞെടുപ്പ് ഫലം നിർണ്ണയിക്കാൻ സാധ്യത തീരെയില്ല. ഇനി അങ്ങനെ സംഭവച്ചാലും അതിന്റെ അനന്തരഫലങ്ങൾ തീർത്തും അനിശ്ചിതമാണ്, പ്രതേകിച്ചും ഒരു വ്യക്തിഗത വോട്ടർക്ക്. സാമ്പത്തിക സമീപനത്തിന് മനുഷ്യ സാമൂഹിക മനഃശാസ്ത്രത്തിൽ അധിഷ്ഠിതമായ എന്തെങ്കിലും നൽകാൻ കഴിയുമെന്നതിനേക്കാൾ ആഴത്തിലുള്ള വിശദീകരണം നമുക്കാവശ്യമുണ്ടോ?

ഇതിന് മറുപടിയായി ആളുകളുടെ ഉദ്ദേശ്യങ്ങൾ എങ്ങനെ, എവിടെ നിന്ന് ഉത്ഭവിക്കുന്നു എന്നത് വിഷയമല്ലെന്ന് പബ്ലിക് ചോയ്സ് സൈദ്ധാന്തികർ വാദിക്കും. നമുക്ക് മൂല്യങ്ങളും ഉദ്ദേശ്യങ്ങളും ആഗ്രഹങ്ങളും ഉണ്ട്; അവ എന്തുതന്നെയായാലും അവയെ പരമാവധിയാക്കാൻ നാം ശ്രമിക്കുന്നു എന്നതാണ് പ്രധാനം. ആൾക്കൂട്ടത്തിന്റെ ഭാഗമാകാൻ നാം ആഗ്രഹിച്ചേക്കാം; സഹജീവികളെ സഹായിക്കാനോ മാന്യമായി ജീവിക്കാനോ നാം ആഗ്രഹിച്ചേക്കാം; മറ്റ് മഹത്തായ അഭിലാഷങ്ങൾ നമുക്ക് ഉണ്ടായിരിക്കാം. ആ ലക്ഷ്യങ്ങൾ പിന്തുടരുന്നതിലൂടെ നമ്മൾ വാസ്തവത്തിൽ നമ്മുടെ സ്വന്തം ആഗ്രഹങ്ങളെ - നമ്മുടെ സ്വന്തം താൽപ്പര്യങ്ങളെ - സേവിക്കുകയാണ്. ആവശ്യമുള്ളവർക്ക് ദാനധർമ്മം നൽകുന്നതിലൂടെ നമ്മൾ ഒരുപക്ഷേ സാമ്പത്തിക നഷ്ടങ്ങൾ നേരിടാം; എന്നാൽ അങ്ങനെ ചെയ്തതുകൊണ്ട് മാത്രം നമ്മൾ മികച്ചവരാണെന്ന് സ്വയം കണക്കാക്കുന്നു. സ്വാർത്ഥതാൽപ്പര്യങ്ങൾ രാഷ്ട്രീയ വ്യവസ്ഥയ്ക്കുള്ളിൽ ഒരു പ്രേരക ഘടകമാകുമെന്ന് കരുതുന്നത് വിവേകമാണെന്ന് പറയുമ്പോഴും, എല്ലാ സാഹചര്യങ്ങളിലും എല്ലാ ആളുകളെയും എല്ലായ്പ്പോഴും അവ പ്രചോദിപ്പിക്കണമെന്നില്ല എന്ന് പബ്ലിക് ചോയ്സ് സൈദ്ധാന്തികർ വാദിക്കുന്നു.

**ഭരണഘടനാ വിഷയങ്ങൾ**

മറ്റ് ചോദ്യങ്ങളും അവശേഷിക്കുന്നു. രാഷ്ട്രീയക്കാർ (ഒപ്പം വോട്ടർമാരും) യഥാർത്ഥത്തിൽ സ്വാർത്ഥതാൽപ്പര്യമുള്ളവരാണെങ്കിൽ, ഭരണഘടനാ നിയമങ്ങൾ അവരെ നിയന്ത്രിക്കുകയും അവരുടെ താൽപ്പര്യങ്ങൾ

പൊതുജനങ്ങളുടെ താൽപ്പര്യങ്ങൾക്കനുസൃതമായി കൊണ്ടുവരികയും ചെയ്യുമോ? യു.എസ്. ഭരണഘടനയിൽ വലിയ തോതിൽ ചില ശരികളുണ്ടെന്ന് ബുക്കാനൻ വാദിക്കുന്നു – രണ്ട് നിയമനിർമ്മാണ സഭകൾ തമ്മിലുള്ള അധികാര വിഭജനം, ഒരു രാഷ്ട്രപതിയും ജുഡീഷ്യറിയും, രാഷ്ട്രപതിയുടെ വീറ്റോകൾക്കും ഭരണഘടനാ ഭേദഗതികൾക്കും മേൽ നിയമസഭയുടെ യോഗ്യതയുള്ള ഭൂരിപക്ഷ വോട്ടിംഗ് തുടങ്ങിയവ. എങ്കിലും യു.എസ്. രാഷ്ട്രീയത്തിൽ ലോഗ്റോളിംഗും വാടക തേടലും പ്രധാന പ്രശ്നങ്ങളായി തുടരുന്നു, ഒപ്പം നിയമസഭാംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും പങ്കും അധികാരങ്ങളും വികസിച്ചുകൊണ്ടിരിക്കുന്നു. ബുക്കാനന്റെ വാക്കുകളിൽ ഇത് നിയന്ത്രണാധീനമായ സർക്കാരിനേക്കാൾ 'ഭരണഘടനാപരമായ അരാജകത്വമാണ്' സൃഷ്ടിക്കുന്നത്.

വിർജീനിയ സ്കൂൾ ഭരണഘടനകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനെ ച്ചൊല്ലി ചില വിമർശകർക്ക് പൊതുവായ ആശങ്കകളുണ്ട്. യു.എസ്. ഭരണഘടന പോലും ഏകകണ്ഠമായ ധാരണയിലൂടെ ഉടലെടുത്തതല്ല. അതിൽ വോട്ട് ചെയ്യാത്ത ആളുകൾ അതിന് നിശബ്ദമായി അംഗീകാരം നൽകിയെന്ന് നമുക്ക് നിർദ്ദേശിക്കാനാകുമോ? വളരെക്കാലം ജനങ്ങൾ വിവിധ രാഷ്ട്രീയ അനീതികൾ സഹിക്കുമെന്നതാണ് ദുഃഖകരമായ സത്യം. പൊരുത്തപ്പെടാനുള്ള സാമൂഹിക സമ്മർദ്ദവും ഒരുപക്ഷേ അധികാര ബലവും ശക്തമായി തുടരുന്നു. ഭരണഘടനാപരമായ അരാജകത്വത്തിൽ നിന്ന് രക്ഷപ്പെടാൻ ഒരു വിപ്ലവം ആവശ്യമായി വന്നേക്കാം, പക്ഷേ നിലവിലുള്ള വരേണ്യവർഗത്തിന് തീർച്ചയായും അത് നയിക്കാൻ താൽപ്പര്യമില്ല.പൊതുസമൂഹത്തിന്റെ വ്യാപിച്ച താൽപ്പര്യങ്ങൾ അർത്ഥമാക്കുന്നത് പരിഷ്കരണത്തിന് വേണ്ട പ്രേരണയുടെ തീപ്പൊരി ഉണ്ടാകില്ല എന്നാണ്.

വിർജീനിയ സ്കൂൾ ഭരണഘടനാ സൈദ്ധാന്തികർ നിർദ്ദേശിക്കുന്നതു പോലെ അരാജകത്വത്തിന്റെ അവസ്ഥയിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്ന ആളുകൾ സർക്കാരുകൾക്ക് അധികാരം നൽകുന്നതിൽ ആശങ്കാകുലരാകുമോ? കൂട്ടായ പ്രവർത്തനത്തിന്റെ വലുതും വ്യക്തവുമായ നേട്ടങ്ങൾക്കു വേണ്ടി ഭാവിയിൽ എപ്പോഴെങ്കിലും തങ്ങൾ ചൂഷണം ചെയ്യപ്പെട്ടേക്കാമെന്ന അപകടസാധ്യത ഏറ്റെടുക്കാൻ ആളുകൾ തയ്യാറാകുമോ?

പരീക്ഷണാത്മക സാമ്പത്തികശാസ്ത്രം ഇപ്പോൾ പരിഹരിക്കാൻ ശ്രമിക്കുന്ന ചോദ്യങ്ങളാണിവ. ജോൺ റോൾസിന്റെ പ്രശസ്തമായ ഒരു സിദ്ധാന്തം ഇവിടെ ഉദ്ധരിക്കാം. ആളുകൾക്ക് ഒരു സാമൂഹിക ക്രമീകരണത്തിൽ അവരുടെ സ്ഥാനം എന്താണെന്ന് അറിയാതെ തിരഞ്ഞെടുക്കേണ്ടി വന്നാൽ, കടുത്ത ദാരിദ്ര്യത്തിൽ ജീവിക്കാനുള്ള സാധ്യത ഏറ്റെടുക്കുന്നതിനുപകരം ഉയർന്ന മിനിമം വരുമാനമുള്ള ഒന്ന് അവർ തിരഞ്ഞെടുക്കും. എന്നാൽ 1987-ൽ നോർമൻ ഫ്രോഹ്ലിച്ചും മറ്റുള്ളവരും നടത്തിയ പരീക്ഷണങ്ങൾ കാണിക്കുന്നത് വിദ്യാർത്ഥികൾ ഒരിക്കലും ഈ ക്രമീകരണം തിരഞ്ഞെടുക്കുന്നില്ലെന്നാണ്. ശരാശരി വരുമാനം പരമാവധിയാക്കുന്ന ഒരു സമൂഹത്തെയാണ് അവർ തിരഞ്ഞെടുക്കുക – അതിൽ ചെറിയ വിട്ടുവീഴ്ചകൾക്ക് തയ്യാറാകുമെങ്കിലും. മറ്റൊരു വിധത്തിൽ

പറഞ്ഞാൽ, സ്വന്തം ഭാവിക്കുവേണ്ടി കുറച്ച് റിസ്ക് എടുക്കാൻ അവർ തയ്യാറാണ്. അങ്ങനെയെങ്കിൽ ബുക്കാനനും ടള്ളക്കും പറഞ്ഞതിന് വിപരീതമായി ഭരണഘടനാപരമായ ഒത്തുതീർപ്പുകളിലും ആളുകൾ റിസ്ക് എടുക്കാൻ തയ്യാറാകില്ലേ?

## സ്വാർത്ഥതാൽപ്പര്യമുള്ള പബ്ലിക് ചോയ്സോ?

പബ്ലിക് ചോയ്സ് വക്താക്കൾക്കെതിരെയുള്ള മറ്റൊരു വിമർശനം അവരും സ്വന്തം താൽപ്പര്യങ്ങൾ ഈ വിഷയത്തിൽ കൊണ്ടുവരുന്നു എന്നതാണ്. നിരവധി പബ്ലിക് ചോയ്സ് സൈദ്ധാന്തികർ – വിർജീനിയ സ്കൂളിലെ ജെയിംസ് എം. ബുക്കാനൻ, വില്യം എ. നിസ്കാനൻ, ഗോർഡൻ ടള്ളക്ക്; ഷിക്കാഗോയിലെ ഗാരി എസ്. ബെക്കർ, ജോർജ് ജെ. സ്റ്റൈഗ്ലർ എന്നിവർ – തങ്ങളെ ലിബറലുകളായി കണക്കാക്കും (അമേരിക്കൻ അർത്ഥത്തിൽ അല്ല, യൂറോപ്യൻ അർത്ഥത്തിൽ). സർക്കാറിനുമേൽ അവർ നിർദ്ദേശിക്കുന്ന നിയന്ത്രണങ്ങൾ ഭരണകൂട അധികാരത്തോടുള്ള അവരുടെ അനിഷ്ടത്തിന്റെ ലക്ഷണം മാത്രമാണോ?

അവരുടെ മറുപടി ലളിതമായിരിക്കും. വിപണികൾ കുറ്റമറ്റതല്ലെന്ന് പബ്ലിക് ചോയ്സ് സൈദ്ധാന്തികർക്ക് നന്നായി അറിയാം; എന്നാൽ സർക്കാർ പ്രവർത്തനത്തിനും അടിസ്ഥാനപരമായ പോരായ്മകളുണ്ടെന്ന് പബ്ലിക് ചോയ്സ് വെളിപ്പെടുത്തുന്നു. ഭൂരിപക്ഷ വോട്ടിംഗിന്റെയും താൽപ്പര്യ ഗ്രൂപ്പുകളുടെയും വാടക തേടലിന്റെയും മറ്റും ആത്യന്തിക ഫലം കാര്യക്ഷമതയില്ലാത്ത വലിയ ഒരു സർക്കാർ മേഖല സൃഷ്ടിക്കുകയാണെന്ന് തെളിയിക്കാൻ വളരെ എളുപ്പമാണ്. അതൊരു രാഷ്ട്രീയ പ്രസ്താവനയല്ല, പ്രായോഗികവും സാമ്പത്തികവുമായ വസ്തുതയാണ്. ഇത് വിശദീകരിക്കാനാണ് അവരുടെ ലക്ഷ്യമെന്ന് അവർ പറയും; ഒപ്പം ചില സന്ദർഭങ്ങളിൽ ഇത് തിരുത്താൻ സഹായകമായേക്കാവുന്ന മാറ്റങ്ങൾ നിർദ്ദേശിക്കാനും.

ഷിക്കാഗോ സ്കൂൾ ഭരണവ്യവസ്ഥയുടെ ശുദ്ധമായ സാമ്പത്തിക ശാസ്ത്രത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പബ്ലിക് ചോയ്സ് വിഷയങ്ങളെ (നവ ക്ലാസിക്കൽ വില സിദ്ധാന്തം, സന്തുലിത വിശകലനം, യുക്തിബോധത്തോടെയുള്ള തിരഞ്ഞെടുപ്പ് എന്നിവ പ്രയോഗിച്ച്) ശുദ്ധമായ മൈക്രോ ഇക്കണോമിക്സ് സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്നു. പൊതു തീരുമാനമെടുക്കൽ പ്രക്രിയകളുടെ സ്വഭാവത്തെക്കുറിച്ച് മൂല്യനിർണ്ണയം നടത്തുന്നത് ഇതൊഴിവാക്കുന്നു. പകരം യുക്തിബോധവും സ്വാർത്ഥതാൽപ്പര്യവുമുള്ള 'സാമ്പത്തിക' ഏജന്റുമാർ തങ്ങളുടെ സ്വന്തം താൽപ്പര്യങ്ങൾ പിന്തുടരുകയും സമൂഹത്തിലുടനീളം സമ്പത്ത് പുനർവിതരണം ചെയ്യാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരു 'രാഷ്ട്രീയ വിപണിയായി' ഇത് സർക്കാരിനെ കാണുന്നു. ഉദാഹരണത്തിന്, സർക്കാർ നിയമങ്ങളുടെയും ചട്ടങ്ങളുടെയും 'സപ്ലൈയും' പൊതുജനങ്ങളിൽ നിന്നുള്ള 'ഡിമാൻഡും' സന്തുലിതമാക്കുന്ന 'വില' എന്ന നിലയിലാണ് നയപരമായ തീരുമാനങ്ങളെ ഇത് കാണുന്നത്. ഈ രാഷ്ട്രീയ വിപണികൾ എത്രത്തോളം നന്നായി പ്രവർത്തിക്കുന്നുവെന്നും അവ സാങ്കേതികമായി എത്രത്തോളം കാര്യക്ഷമമാണെന്നും ഇത് ചോദിക്കുന്നു. ഉദാഹരണത്തിന്, കാർഷിക തൊഴിൽ സംരക്ഷണം ആളുകൾ ആഗ്രഹിക്കുന്നുവെങ്കിൽ, കാർഷിക

സബ്സിഡികൾ അതിനുള്ള കാര്യക്ഷമമായ മാർഗമാണോ? പൊതുവിഭവങ്ങൾ തങ്ങളിലേക്ക് തിരിച്ചുവിടുന്നതിൽ താൽപ്പര്യ ഗ്രൂപ്പുകൾ എത്രത്തോളം വിജയിക്കുന്നു?

പബ്ലിക് ചോയ്സ് ചോദ്യങ്ങളിൽ ശുദ്ധമായ മൈക്രോ ഇക്കണോമിക്സിന്റെ പ്രയോഗം ഗാരി ബെക്കർ പോലുള്ള ഷിക്കാഗോ സൈദ്ധാന്തികരെ അനുബന്ധ നയ വിഷയങ്ങളായ കുറ്റകൃത്യം, വിദ്യാഭ്യാസം, കുടുംബം, കുടിയേറ്റം, പരോപകാരം എന്നിവയുടെ സാമ്പത്തികശാസ്ത്രത്തിന്റെ വിശകലനത്തിന് ഇത് പ്രയോഗിക്കാൻ പ്രേരിപ്പിക്കുകയും, അതിലൂടെ രസകരവും പലപ്പോഴും ആശ്ചര്യപ്പെടുത്തുന്നതുമായ ഫലങ്ങൾ ലഭിക്കുകയും ചെയ്തു.

പൊതുവേ ഷിക്കാഗോ സ്കൂളിന്റെ നിഗമനങ്ങൾ വിർജീനിയ സ്കൂളിന്റെ നിഗമനങ്ങളിൽ നിന്ന് വളരെ അകലെയല്ല, എന്നാൽ പ്രത്യയശാസ്ത്രത്തെ നിരാകരിക്കുകയും പഠനങ്ങളിൽ കർക്കശമായ ശാസ്ത്രീയരീതി പിന്തുടരുകയും ചെയ്യുന്ന ഷിക്കാഗോ സ്കൂളിന്റെ വക്താക്കൾക്കെതിരെ സ്വാർത്ഥതാൽപ്പര്യത്തിന്റെ കുറ്റം ചുമത്തുന്നത് ബുദ്ധിമുട്ടാകും. ഷിക്കാഗോ സ്കൂളിനെക്കുറിച്ച് ഒരു വിമർശനം ഉന്നയിക്കേണ്ടതുണ്ടെങ്കിൽ, അതിന്റെ പല അനുമാനങ്ങളും - സഖ്യം കെട്ടിപ്പടുക്കുന്നത് എളുപ്പമാണ്, ഫ്രീ റൈഡിംഗ് നിയന്ത്രിക്കാനാകും, താൽപ്പര്യ ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു - വളരെ അപൂർവമാണ് എന്നതായിരിക്കും. അവ (മനഃപൂർവ്വം) സാമ്പത്തികശാസ്ത്രത്തിലെ 'തികഞ്ഞ മത്സര' അനുമാനങ്ങൾ പോലെയാണ്: ഉത്തമ ലോകം എന്നൊന്നില്ല എന്ന് നമുക്കറിയാം, എന്നാൽ അതിന്റെ തത്വങ്ങൾ പ്രയോഗിക്കുന്നത് രസകരവും ഉപയോഗപ്രദവുമായ ചില ഉൾക്കാഴ്ചകൾ സമ്മാനിക്കുന്നു. ആളുകൾ അമൂർത്തമായ ആശയത്തെ യാഥാർത്ഥ്യമായി കരുതുമ്പോഴാണ് ആശയക്കുഴപ്പമുണ്ടാകുന്നത്. ഉദാഹരണത്തിന്, തിരഞ്ഞെടുപ്പിൽ വോട്ട് വാങ്ങുന്നതും വിപണിയിൽ നിന്നും സാധനങ്ങളോ സേവനങ്ങളോ വിലയ്ക്ക് വാങ്ങുന്നതും സാമ്പത്തികമായി വ്യത്യസ്ത സ്വഭാവമുള്ളതെങ്കിലും തുല്യമായി കാര്യക്ഷമമാണെന്ന് സാമ്പത്തിക വിദഗ്ധർ കണക്കാക്കുമെങ്കിലും, വോട്ടിന് വേണ്ടി പരസ്യമായ കൈക്കൂലി എന്ന നിർദ്ദേശം പൊതുജനങ്ങൾക്ക് ഞെട്ടലുണ്ടാക്കും.

## 12. വർത്തമാന, ഭാവി ചക്രവാളങ്ങൾ

പബ്ലിക് ചോയ്സ് സൈദ്ധാന്തികരുടെ 'രണ്ടാം തലമുറ' ഡങ്കൻ ബ്ലാക്ക്, ആന്റണി ഡൗൺസ്, മാൻകർ ഓൾസൺ, ജെയിംസ് എം. ബുക്കാനൻ, ഗോർഡൻ ടള്ളക്ക്, വില്യം എച്ച്. റൈക്കർ എന്നിവരുടെ 'ഒന്നാം തലമുറ' ആശയങ്ങളെ ആഴത്തിലുള്ള പരിശോധനയ്ക്ക് വിധേയമാക്കി. വിപുലമായ അനുമാനങ്ങളുടെയും രാഷ്ട്രീയ സംവിധാനങ്ങളുടെയും ഒരു ശ്രേണിക്കെതിരെ അവയെ പരീക്ഷിച്ചു. വോട്ടർമാരുടെ വ്യക്തിഗത അഭിപ്രായങ്ങൾ എങ്ങനെ മികച്ച രീതിയിൽ അവരുടെ വീക്ഷണങ്ങളെ പ്രതിഫലിപ്പിക്കുന്ന കൂട്ടായ തീരുമാനങ്ങളിലേയ്ക്ക് 'സംഗ്രഹിക്കാം' എന്ന് സൂക്ഷ്മമായി പരിശോധിക്കുക എന്നതായിരുന്നു ഒരു ഗവേഷണ രീതി.

ഈ പ്രക്രിയയെ എങ്ങനെ 'സ്ട്രാറ്റജി-പ്രൂഫ്' ആക്കാമെന്നതിലാണ് അവർ ശ്രദ്ധ കേന്ദ്രീകരിച്ചത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, വോട്ടർമാരുടെ ഗ്രൂപ്പുകൾ അവരുടെ യഥാർത്ഥ മുൻഗണനകൾ മറച്ചുവെച്ചും, ആത്മാർത്ഥമായി വോട്ട് ചെയ്യാതെ തന്ത്രപരമായി വോട്ട് ചെയ്തും വോട്ടിംഗ് ഫലം സ്വാധീനിക്കുന്നത് എങ്ങനെ തടയാം എന്നതിൽ. സ്ഥാപിത താൽപ്പര്യങ്ങളുള്ളവർ നടത്തുന്ന അത്തരം കൃത്രിമത്വം അരോചകമായി കാണുന്ന ജനാധിപത്യവാദികൾക്കും, വോട്ടർമാർ തങ്ങളുടെ അഭിപ്രായം സത്യസന്ധമായി പ്രകടിപ്പിക്കുന്നില്ലെങ്കിൽ കൂട്ടായ തിരഞ്ഞെടുപ്പ് യഥാർത്ഥത്തിൽ അവരുടെ അഭിപ്രായങ്ങളെ പ്രതിഫലിപ്പിക്കുമോ എന്ന് അറിയാൻ സാധിക്കാത്ത രാഷ്ട്രീയ ശാസ്ത്രജ്ഞർക്കും രാഷ്ട്രീയക്കാർക്കും ഇത് പ്രധാനമാണ്.

എന്നാൽ ജനാധിപത്യ തിരഞ്ഞെടുപ്പുകൾ എന്നും തന്ത്രപരമായ വോട്ടിംഗിന് വിധേയമായിട്ടുണ്ടെന്ന് അലൻ ജിബാർഡും മാർക്ക് സാറ്റെർത്വയ്റ്റും ഒരു സിദ്ധാന്തത്തിലൂടെ സൂചിപ്പിച്ചു. രണ്ട് ചെന്നായ്ക്കളുടെയും ഒരു ആടിന്റെയും കാര്യത്തിലെന്നപോലെ, ഒരു വ്യക്തിക്ക് ഒരു വോട്ട് പോലെയുള്ള സംവിധാനങ്ങൾ വ്യക്തിഗത വോട്ടർമാരുടെ വികാരത്തിന്റെ തീവ്രത വെളിപ്പെടുത്തുന്നില്ല എന്ന പ്രശ്നം ഇപ്പോഴും നിലനിൽക്കുന്നു. അതിനാൽ ആളുകളുടെ യഥാർത്ഥ

മുൻഗണനകൾ വെളിപ്പെടുത്താൻ കഴിയുന്ന ഒരു സംവിധാനം എന്തായിരിക്കുമെന്നതിലേക്ക് ശ്രദ്ധ തിരിഞ്ഞു - പബ്ലിക് ചോയ്സ് സൈദ്ധാന്തികർ ഇതിനെ 'ഡിമാൻഡ് റവലേഷൻ' എന്ന് വിളിക്കുന്നു.

ആളുകളുടെ ആഗ്രഹങ്ങളുടെ യഥാർത്ഥ തീവ്രത വെളിപ്പെടുത്താനുള്ള ഒരു മാർഗം അവരുടെ തീരുമാനങ്ങൾ മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കുന്ന ചെലവുകൾക്ക് തുല്യമായ ഒരു 'പ്രോത്സാഹന നികുതി' അവരിൽ നിന്ന് ഈടാക്കുക എന്നതാണെന്ന് എഡ്വേർഡ് എച്ച്. ക്ലാർക്കും തീയഡോർ ഗ്രോവ്സും വാദിച്ചു. ഇത് 'ചെന്നായ്ക്കളെ' അവരുടെ തീരുമാനങ്ങൾ 'ആടുകളിൽ' ചെലുത്തുന്ന സ്വാധീനം കണക്കിലെടുക്കാൻ നിർബന്ധിത രാക്കും. ആളുകളുടെ യഥാർത്ഥ മുൻഗണനകൾ തുറന്നുകാട്ടുന്നതിനായി ഡെന്നിസ് സി. മ്യൂല്ലർ മൂന്ന് ഘട്ടങ്ങളുള്ള ഒരു വോട്ടിംഗ് സംവിധാനം വികസിപ്പിച്ചെടുത്തു. ഫ്രഞ്ച് അല്ലെങ്കിൽ യു.എസ്. രാഷ്ട്രപതി തിരഞ്ഞെടുപ്പുകളുടെ ശൈലിയിൽ വിവിധ റൗണ്ട് തിരഞ്ഞെടുപ്പുകൾ പോലെയുള്ള മറ്റ് ഗണിതപരവും പ്രായോഗികവുമായ നിരവധി നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുകയും പരീക്ഷിക്കുകയും ചെയ്തിട്ടുണ്ട്. വോട്ടർമാർ എത്രത്തോളം യുക്തിബോധമുള്ളവരാണ്, മുൻകാല തിരഞ്ഞെടുപ്പനുഭവങ്ങളുമായി അവർ പൊരുത്തപ്പെടുന്നുണ്ടോ, അല്ലെങ്കിൽ അവർ യഥാർത്ഥത്തിൽ വലിയതോതിൽ കാര്യവിവരമില്ലാത്തവരും സങ്കുചിത മനോഭാവമുള്ളവരുമാണോ തുടങ്ങിയ രസകരമായ മറ്റ് ചോദ്യങ്ങളും അത്തരം ഗവേഷണങ്ങൾ തുറന്നുകാട്ടുന്നു.

മറുവശത്ത് 1980-കളിലെ പബ്ലിക് ചോയ്സ് പ്രവർത്തനങ്ങൾ സൂചിപ്പിക്കുന്നത് ആദ്യ തലമുറയിലെ സൈദ്ധാന്തികർ ഊന്നൽ നൽകിയ ഇരുകക്ഷി സംവിധാനം യഥാർത്ഥത്തിൽ വോട്ടർമാരുടെ മുൻഗണനകളെ പ്രതീക്ഷിച്ചതിലും മികച്ച രീതിയിൽ പ്രതിഫലിപ്പിക്കുന്ന കൂട്ടായ തീരുമാനങ്ങൾ സൃഷ്ടിക്കുന്നു എന്നാണ്. ഇതിന് കാരണം വിപണിയിലെ മത്സരം പോലെ പാർട്ടികൾ തമ്മിലുള്ള മത്സരം അവരെ സ്വന്തം നിലപാടുകളിൽ മാറ്റം വരുത്താനും പൊതുജനങ്ങളിൽ വലിയൊരു വിഭാഗത്തെ ആകർഷിക്കുന്ന നയ പദ്ധതികൾ നിർമ്മിക്കാനും പ്രേരിപ്പിക്കുന്നു എന്നതാണ്.

എന്നാൽ ലോകത്തിലെ പല രാഷ്ട്രീയ സംവിധാനങ്ങളും ബഹുകക്ഷി സംവിധാനങ്ങളാണ്, അതിൽ സർക്കാർ രൂപീകരിക്കുന്നത് വ്യത്യസ്ത പാർട്ടികളുടെ ഒരു സഖ്യത്തെ ആശ്രയിച്ചാണ്. അതിനാൽ റോച്ചസ്റ്റർ സ്കൂളിന്റെ നേതൃത്വത്തിലുള്ള 'രണ്ടാം തലമുറ' കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചത് പാർട്ടികൾ എങ്ങനെ സഖ്യങ്ങൾ രൂപീകരിക്കുന്നു, ആ സഖ്യങ്ങൾ എത്ര കാലം നിലനിൽക്കും എന്നതിലാണ്. ഇതാണ് വില്യം എച്ച്. റൈക്കറുടെ 'മിനിമം വിജയ സഖ്യം' എന്ന ആശയത്തിലേക്കും, പിന്നീട് ഏത് സഖ്യത്തിനും അത്യന്താപേക്ഷിതമായ വലിയ കേന്ദ്ര പാർട്ടികൾക്ക് ന്യൂനപക്ഷ സർക്കാരുകൾ രൂപീകരിക്കാനും ഔപചാരിക പങ്കാളിത്തത്തിന് പകരം ഇഷ്യൂ-ബൈ-ഇഷ്യൂ വോട്ടിംഗ് ഉടമ്പടികളിൽ ആശ്രയിക്കാനും

കഴിയും എന്ന നിർദ്ദേശത്തിലേക്കും നയിച്ചത്.

അടുത്തിടെ 'പെർഫെക്റ്റിംഗ് പാർലിമെന്റ്' എന്ന പുസ്തകത്തിൽ റോജർ കോംഗിൾട്ടൺ ആറ് പ്രധാന രാജ്യങ്ങളിലെ നിയമനിർമ്മാണ സഭകളുടെ ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ, തിരഞ്ഞെടുപ്പിന്റെയും നിയമനിർമ്മാണ നടപടികളുടെയും വികസനം നിർണ്ണയിക്കുന്നതിൽ സ്വാർത്ഥതാൽപ്പര്യം, സാമൂഹികാശയങ്ങൾ, മതം, നിലവിലുള്ള സ്ഥാപനങ്ങൾ, അധികാരം, ബന്ധങ്ങൾ എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുന്നു. തീർച്ചയായും മിക്ക രാജ്യങ്ങളും ബുക്കാനനും ടള്ളക്കും നിർദ്ദേശിച്ച യുക്തിസഹമായ ഭരണഘടനാ ക്രമീകരണങ്ങളിൽ നിന്ന് വളരെ അകലെയാണ്.

**പഴയ ആശയങ്ങളുടെ പുനരാലോചന**

ബഹുകക്ഷി സംവിധാനങ്ങൾ പോലുള്ള പുതിയ മേഖലകളിലേക്ക് പബ്ലിക് ചോയ്സിനെ കൊണ്ടുപോകുന്നതിനു പുറമേ, രണ്ടാം തലമുറ ഈ വിഷയത്തിന്റെ ചില സ്ഥാപകാശയങ്ങളെ, അതിനെ നാശത്തിന്റെ വക്കിലേക്ക് തള്ളിവിടുന്ന രീതിയിൽ, പരീക്ഷിക്കാൻ തുടങ്ങിയിരിക്കുന്നു.

ഉദാഹരണത്തിന്, പ്രായോഗിക അന്വേഷണത്തിൽ മീഡിയൻ വോട്ടർ തിയറിയെക്കുറിച്ച് ചില സംശയങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് പാർട്ടികൾ അവരുടെ നിലപാടുകളിൽ കൂടുതൽ കേന്ദ്രീകൃത പ്രവണത കാണിക്കുന്നുണ്ടത്രെ. എന്നാൽ ശരാശരി വോട്ടർമാരെ ആകർഷിക്കുമെന്ന് അവർ കരുതുന്ന എന്തിനെയും പിന്തുണയ്ക്കാൻ പാർട്ടികൾ തിരക്കുകൂട്ടുന്നില്ല. അവർക്ക് പിന്തുടരാൻ വർഷങ്ങളുടെ പ്രത്യയശാസ്ത്രവും ചരിത്രവും ഉണ്ടായിരിക്കാം, നിലനിർത്താൻ ഒരു വ്യവസ്ഥാപിത നയപദ്ധതിയും ഉണ്ടാകാം. അവർ സൃഷ്ടിക്കാൻ സഹായിച്ച അജണ്ടയെ ഇല്ലാതാക്കുന്നതിനെ അവരുടെ സ്വന്തം പ്രവർത്തകർ തന്നെ ചെറുക്കും; മധ്യത്തിലേക്കുള്ള ഈ ചായ്വിനെ തത്വാധിഷ്ഠിതമല്ലാത്ത അവസരവാദമെന്ന നിലയിൽ വോട്ടർമാരും നിരസിച്ചേക്കാം.

ബഹുകക്ഷി രാഷ്ട്രീയം, സങ്കീർണ്ണവും പരസ്പരബന്ധിതവുമായ പ്രശ്നങ്ങൾ, ദ്വിസഭാ നിയമസഭകൾ, വലിയതും വൈവിധ്യമാർന്നതുമായ വോട്ടർമാരുടെ സമൂഹം തുടങ്ങിയവയുടെ പശ്ചാത്തലത്തിൽ മീഡിയൻ വോട്ടർ എന്ന ലളിതമായ സിദ്ധാന്തത്തിന് അതിന്റെ മൂല്യം നഷ്ടപ്പെടുന്നു. വികസിച്ചുകൊണ്ടേയിരിക്കുന്ന രാഷ്ട്രീയ സംവിധാനങ്ങളുടെ ശ്രേണിയിലേക്ക് പബ്ലിക് ചോയ്സ് പ്രയോഗിക്കുമ്പോൾ, ഈ ലളിതമായ സിദ്ധാന്തത്തിന് വീണ്ടും അതിന്റെ പ്രസക്തി നഷ്ടപ്പെടുന്നു.

പൊതു സ്വത്തിന്റെ നിർബന്ധിത വ്യവസ്ഥയെ ന്യായീകരിക്കാൻ ഉപയോഗിക്കുന്ന 'ഫ്രീറൈഡർ' പ്രശ്നമാണ് പുനഃപരിശോധിക്കപ്പെട്ട മറ്റൊരാശയം. പബ്ലിക് ചോയ്സിലെ സമീപകാല ഗവേഷണങ്ങൾ സൂചിപ്പിക്കുന്നത് ആളുകൾ തീർച്ചയായും ഫ്രീറൈഡ് ചെയ്യുമെങ്കിലും, അത് യാഥാർത്ഥത്തിൽ വളരെ കുറച്ച് മാത്രമാണ് എന്നാണ്. ഒരുപക്ഷേ മനുഷ്യർ

നമ്മൾ കരുതുന്നതിനേക്കാൾ പൊതുബോധവും സാമൂഹിക പ്രതിബദ്ധതയുമുള്ള ജീവികളായിരിക്കാം. അങ്ങനെയെങ്കിൽ പബ്ലിക് ചോയ്സ് ചിന്തയുടെ അടിത്തറ രൂപപ്പെടുത്തിയ കർശനമായ വ്യക്തിത്വത്തിനും സ്വാർത്ഥതാൽപ്പര്യത്തിനും നേരെയുള്ള മറ്റൊരു വെല്ലുവിളിയായിരിക്കാം ഇത്.

**രണ്ടാം തലമുറ സംവാദങ്ങൾ**

പബ്ലിക് ചോയ്സ് ചിന്തകരുടെ രണ്ടാം തലമുറയിൽ വില്യം എ. നിസ്കാനൻ, ജോർജ് ജെ. സ്റ്റൈഗ്ലർ തുടങ്ങിയവർ ഉൾപ്പെടുന്നു. ഉയർന്ന പദവിയിലുള്ള രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും പൊതുജനങ്ങളുടെ ചെലവിൽ സ്വന്തം അജണ്ടകൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും സാമ്രാജ്യങ്ങൾ വിപുലീകരിക്കുന്നതിനും അവർക്ക് ലഭ്യമായ സർക്കാർ രഹസ്യങ്ങൾ എങ്ങനെ ഉപയോഗിക്കുന്നുവെന്ന് പരിശോധിച്ച ഡെന്നിസ് സി. മ്യൂല്ലറാണ് മറ്റൊരാൾ. കോർപ്പറേറ്റ് മാനേജർമാർ അവരുടെ ഓഹരി ഉടമകളുടെ ചെലവിൽ ഏതാണ്ട് ഇതുതന്നെ ചെയ്യുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. എന്നാൽ ഈ എഴുത്തുകാർ ആദ്യ തലമുറയിലെ ചിലരുമായി പങ്കിട്ട അശുഭാപ്തിവിശ്വാസം ചില പിൽക്കാല സൈദ്ധാന്തികർ ചോദ്യം ചെയ്തിട്ടുണ്ട്.

ഉദാഹരണത്തിന്, നിയമസഭാംഗങ്ങൾക്ക് ബ്യൂറോക്രാറ്റുകളെ നിയന്ത്രിക്കുക അസാധ്യമാണെന്ന നിസ്കാനന്റെ വീക്ഷണം ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. നിയമനിർമ്മാണ സമിതികൾക്ക് അവരുടെ പ്രവർത്തനങ്ങളെക്കുറിച്ച് നല്ല അറിവുണ്ടെന്ന് പലപ്പോഴും തെളിയിച്ചിട്ടുണ്ട്. ബ്യൂറോക്രസിയെ നിയന്ത്രിക്കാൻ വിശാലമായ നിയന്ത്രണങ്ങൾ മതിയാകുമെന്ന് ഇത് സൂചിപ്പിക്കുന്നു.

സ്റ്റൈഗ്ലറുടെ അത്രതന്നെ അശുഭാപ്തിവിശ്വാസം പ്രകടമാകുന്ന വീക്ഷണം – റെഗുലേറ്ററി ഏജൻസികൾ കേവലം സംഘടിതമായ, പ്രത്യേക താൽപ്പര്യ ഗ്രൂപ്പുകളാൽ പിടിച്ചെടുക്കപ്പെടുക മാത്രമല്ല, വാസ്തവത്തിൽ അവരുടെ പ്രയോജനത്തിനായി സജ്ജീകരിച്ചവയാണ് – സമീപ വർഷങ്ങളിൽ വിമർശിക്കപ്പെട്ടിട്ടുണ്ട്. സ്റ്റൈഗ്ലറുടെ ഷിക്കാഗോ സഹപ്രവർത്തകൻ 'മൂന്നാം തലമുറയിലെ' ഗാരി എസ്. ബെക്കർ വാദിച്ചത് വലിയ വ്യാപിച്ച ഗ്രൂപ്പുകൾക്ക് സ്റ്റൈഗ്ലർ (ഒരുപക്ഷേ ഓൾസണും) കരുതിയതിനേക്കാൾ കൂടുതൽ വോട്ടിംഗ് ശക്തിയുണ്ടെന്നാണ്. അതേസമയം ഷിക്കാഗോ സ ്കൂളിൽ പരിശീലനം ലഭിച്ച സാമ്പത്തികശാസ്ത്രജ്ഞനായ ജെയിംസ് ക്യു. വിൽസൺ അഭിപ്രായപ്പെട്ടത് റെഗുലേറ്ററി സ്ഥാപനങ്ങളെ പിടിച്ചെടുക്കാൻ തക്ക ചേരുവകളായ കേന്ദ്രീകൃതമായ ആനുകൂല്യങ്ങളും വ്യാപിച്ചു കിടക്കുന്ന ചെലവുകളും വാസ്തവത്തിൽ ഒരു 'സ്പെഷ്യൽ കേസ്' മാത്രമാണെന്നാണ്, കാരണം മറ്റ് നിരവധി കോമ്പിനേഷനുകൾ സൈദ്ധാന്തികമായി സാധ്യമാണ്. (ഇത് സൈദ്ധാന്തികമായി ശരിയാണെങ്കിലും, സ്ഥാപനങ്ങളെ പിടിച്ചെടുക്കുന്ന വിഷയം ഡെമോക്രാറ്റുകളെ ഏറെ അലോസരപ്പെടുത്തുന്ന ഒന്നായി തുടരുന്നു.)

മറ്റൊരു രണ്ടാം തലമുറ ചിന്തകനായ വിൻസെന്റ് ഓസ്ട്രോം നിലവിലുള്ള പബ്ലിക് ചോയ്സ് അശുഭാപ്തിവിശ്വാസത്തിൽ നിന്ന് ഒരു പോംവഴി തേടി കൂട്ടായ തീരുമാനമെടുക്കലിനെ വ്യത്യസ്ത കേന്ദ്രങ്ങൾക്കിടയിൽ വിഭജിച്ച് ആ പ്രക്രിയയെ എങ്ങനെ മെച്ചപ്പെടുത്താമെന്ന് അന്വേഷിച്ചു. ഇത് പൊതുവെ കുത്തക വ്യവസ്ഥയേക്കാൾ മികച്ച ഫലങ്ങൾ നൽകുന്നതായി കണക്കാക്കപ്പെടുന്ന വിപണി മത്സരത്തിന് സമാനമാണ്. തീരുമാനമെടുക്കുന്നതിലെ ഇത്തരം 'പോളിസെൻട്രിക്' (ഒന്നിൽ കൂടുതൽ കേന്ദ്രങ്ങൾ) രീതി, കൂട്ടായ തീരുമാനങ്ങളുടെ ഗുണനിലവാരവും സ്ഥിരതയും മെച്ചപ്പെടുത്തുന്നുവെന്നും ജനസംഖ്യയുടെ അന്തർലീനമായ വൈവിധ്യവുമായി നന്നായി പൊരുത്തപ്പെടുന്നുവെന്നും ഓസ്ട്രോം വാദിക്കുന്നു.

**മൂന്നാം തലമുറയുടെ അതിരുകൾ**

ഗാരി എസ്. ബെക്കറും ഷിക്കാഗോ സ്കൂളിലെ സഹപ്രവർത്തകരും രാഷ്ട്രീയത്തിന്റെ സാമ്പത്തികശാസ്ത്രവും അതിന്റെ ശുദ്ധ സിദ്ധാന്തവും ആഴത്തിൽ പഠിക്കാൻ ശ്രമിച്ചു. വാണിജ്യ വിപണികളിൽ ചരക്കുകളുടെയും സേവനങ്ങളുടെയും ആവശ്യങ്ങൾ സന്തുലിതമാകുന്നതുപോലെ, വ്യത്യസ്ത രാഷ്ട്രീയാവശ്യങ്ങൾ സന്തുലിതമാകുന്ന ഒരു 'വിപണി'യായിട്ടാണ് അവർ രാഷ്ട്രീയത്തെ കണ്ടത്.

എന്നാൽ സർക്കാർ നിയന്ത്രണങ്ങൾ പരിമിതപ്പെടുത്തുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള പ്രവർത്തനത്തിന് പ്രശസ്തനായ ചാൾസ് കെ. റൗളിയെപ്പോലുള്ള വിർജീനിയ സ്കൂൾ സൈദ്ധാന്തികർ, രാഷ്ട്രീയമായി സാധൂകരിക്കാനാവാത്ത പല വ്യവസ്ഥിതികളെയും (യു.എസ്. ടോർട്ട് നിയമം, ദീർഘകാല വ്യാപാര തടസ്സങ്ങൾ തുടങ്ങിയവ) 'സാമ്പത്തികമായി കാര്യക്ഷമമെന്ന്' കണക്കാക്കി പ്രതിരോധിക്കുന്ന ഒരു അമൂർത്ത വീക്ഷണമായി ഇതിനെ വിമർശിക്കുന്നു.

രാഷ്ട്രീയ ജീവിതത്തിന് കേവലം സാമ്പത്തിക ഘടകങ്ങൾ മാത്രമല്ല ആത്മാഭിമാനം പോലുള്ള സാമ്പത്തികേതര ലക്ഷ്യങ്ങൾ കൂടിയുണ്ടെന്നും, അവ വിമർശനാത്മകമായ പ്രാധാന്യമർഹിക്കുന്നുവെന്നും ബ്രൂണോ എസ്. ഫ്രേയെ പോലുള്ളവർ വാദിക്കുന്നു. രാഷ്ട്രീയ പരിഗണനകൾ വാണിജ്യ വിപണികളുടെ സ്വഭാവത്തെ എങ്ങനെ രൂപപ്പെടുത്തുന്നുവെന്ന് അന്വേഷിച്ച ബാരി വൈൻഗാസ്റ്റ് ഷിക്കാഗോ സ്കൂൾ സമീപനത്തെ ഏതാണ്ട് മാറ്റിമറിച്ചു.

അതേസമയം മൂന്നാം തലമുറയിലെ മറ്റ് സൈദ്ധാന്തികർ പബ്ലിക് ചോയ്സിനെ രസകരമായ പുതിയ വഴികളിലേക്ക് കൊണ്ടുപോയി. ഉദാഹരണത്തിന്, മധ്യകാലഘട്ടത്തിന്റെ അവസാനത്തിൽ പാർലിമെന്റിന്റെ ഉയർച്ച എങ്ങനെയാണ് കുത്തകകളുടെ തകർച്ചയിലേക്ക് നയിച്ചതെന്ന് റോബർട്ട് ഡി. ടോളിസൺ കാണിച്ചുതന്നു, കാരണം അവ സൃഷ്ടിക്കാൻ രാജാവിന്റെ സമ്മതം മാത്രമല്ല, നിയമസഭയിൽ ഭൂരിപക്ഷവും ആവശ്യമായി വന്നു. ഇന്നത്തെ നമ്മുടെ സ്ഥാപനങ്ങൾക്ക് ഇതിൽ നിന്നും പാഠങ്ങൾ

ഉൾക്കൊള്ളാനുണ്ടാകാം.

**ഗെയിം തിയറി**

ആധുനിക പബ്ലിക് ചോയ്സിന്റെ ഫലപ്രദമായ സമീപകാല വീക്ഷണം ഗെയിം തിയറിയാണ്, പ്രത്യേകിച്ചും പരിണാമ ഗെയിം തിയറി എന്നറിയപ്പെടുന്ന ആശയം. തങ്ങളുടെ തിരഞ്ഞെടുപ്പുകൾ മറ്റുള്ളവരുടെ പ്രവർത്തികളെ ആശ്രയിച്ചിരിക്കുമ്പോൾ ആളുകൾ എന്തുചെയ്യുന്നുവെന്ന് ഗെയിം തിയറി പരിശോധിക്കുന്നു. തടവുകാരുടെ ആശയക്കുഴപ്പം ഇതിന്റെയൊരു ക്ലാസിക് ഉദാഹരണമാണ്. ഒരാൾ മൗനം പാലിക്കുകയും മറ്റേയാൾ അയാളെ ഒറ്റുകയും ചെയ്താൽ കഠിനമായ ശിക്ഷ ലഭിക്കുമെന്ന് ഭയപ്പെടുന്നതിനാൽ രണ്ട് തടവുകാരും കുറ്റസമ്മതം നടത്തുന്നു.

വോട്ടിംഗ് സാഹചര്യങ്ങളിൽ, പ്രത്യേകിച്ച് തങ്ങളുടെ സ്വന്തം സ്ഥാനാർത്ഥികളുടെയോ ഫലങ്ങളുടെയോ വിജയസാധ്യത മെച്ചപ്പെടുത്തുന്നതിനോ മറ്റൊരു സ്ഥാനാർത്ഥി വിജയിക്കുന്നത് തടയുന്നതിനോ വേണ്ടി മറ്റുള്ളവർ എങ്ങനെ വോട്ട് ചെയ്യുമെന്ന് മുൻകൂട്ടി കാണാൻ ശ്രമിച്ച് തന്ത്രപരമായി വോട്ട് ചെയ്യാൻ ശ്രമിച്ചേക്കാവുന്ന സാഹചര്യങ്ങളിൽ, ഇത്തരത്തിലുള്ള ന്യായവാദം വളരെ പ്രസക്തമാണ്. ആളുകൾ അവരുടെ മുന്നിലുള്ള തിരഞ്ഞെടുപ്പുകളെ എങ്ങനെ 'ഗെയിം' ചെയ്യുന്നുവെന്ന് കണ്ടെത്തുന്നതിലൂടെ, അവരുടെ യഥാർത്ഥ മുൻഗണനകൾ തുറന്നുകാട്ടുകയും അതുവഴി പൊതുജനങ്ങളുടെ യഥാർത്ഥ ആഗ്രഹങ്ങളുമായി കൂടുതൽ പൊരുത്തപ്പെടുന്നതും സംഘടിത താൽപ്പര്യമുള്ള ഗ്രൂപ്പുകൾക്ക് എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ കഴിയാത്തതുമായ ഒരു ഫലം സൃഷ്ടിക്കാൻ കഴിയുന്ന സംവിധാനങ്ങൾ രൂപകൽപ്പന ചെയ്യാൻ നമുക്ക് സാധിച്ചേക്കാം.

ഈ ഗെയിം തിയറിക്ക് കൗതുകകരമായ മറ്റൊരു ഉപയോഗവുമുണ്ട്. വില്യം എച്ച്. റൈക്കറുടെ സഹഎഴുത്തുകാരൻ, റോച്ചസ്റ്ററിൽ പരിശീലനം നേടിയ പീറ്റർ ഓർഡെഷൂക്ക് തിരഞ്ഞെടുപ്പ് തട്ടിപ്പ് തിരിച്ചറിയാൻ ഇത് ഉപയോഗിച്ചു. മുൻ സോവിയറ്റ് ബ്ലോക്കിന്റെ നവീന ജനാധിപത്യ രാജ്യങ്ങളിലാണ് അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചത്.

ഇലക്ടറൽ ഗെയിമിംഗിന്റെ ശുദ്ധമായ സിദ്ധാന്തത്തിൽ നിന്ന് മുന്നോട്ടുപോകുമ്പോൾ, തിരഞ്ഞെടുപ്പുകളിലും രാഷ്ട്രീയത്തിലും തിരഞ്ഞെടുപ്പുകൾ അഭിമുഖീകരിക്കുമ്പോൾ ആളുകൾ യഥാർത്ഥത്തിൽ എങ്ങനെ പെരുമാറും എന്നതിൽ പ്രായോഗിക പരീക്ഷണങ്ങൾ നടത്തുന്നത് ഫലപ്രദമാണെന്ന് സാമ്പത്തിക വിദഗ്ധർ കണ്ടെത്തിയിട്ടുണ്ട്. ഉദാഹരണത്തിന്, നോബൽ സമ്മാന ജേതാവായ വെർനൺ സ്മിത്ത് ഗ്രൂപ്പുകൾ ഒറ്റത്തവണ തിരഞ്ഞെടുപ്പിനുപകരം ആവർത്തിച്ചുള്ള തിരഞ്ഞെടുപ്പുകളെ അഭിമുഖീകരിക്കുമ്പോൾ, ആളുകളുടെ യഥാർത്ഥ മുൻഗണനകൾ എങ്ങനെ വെളിപ്പെടുമെന്ന് തിരിച്ചറിയാൻ പരീക്ഷണങ്ങൾ നടത്തി. വോട്ട് ചെയ്യാൻ ആവശ്യപ്പെടുമ്പോൾ മറ്റുള്ളവർ യഥാർത്ഥത്തിൽ

എങ്ങനെ പെരുമാറുന്നുവെന്ന് അറിയാൻ ഇതവരെ അനുവദിച്ചു. ചിലർക്ക് മാത്രം ദൂഷ്യം ചെയ്യുന്ന ഫലങ്ങൾക്കുപകരം എല്ലാവർക്കും പ്രയോജനപ്പെടുന്ന ഫലങ്ങൾക്കുവേണ്ടി വിദ്യാർത്ഥി വോളന്റിയർമാർ വിട്ടുവീഴ്ചകൾ ചെയ്യുന്നതായി അദ്ദേഹം കണ്ടെത്തി സാമ്പത്തിക വിദഗ്ധരും രാഷ്ട്രീയ ശാസ്ത്രജ്ഞരും സ്വപ്നം കാണുന്ന 'പാരെറ്റോ ഒപ്റ്റിമാലിറ്റി'. ആവർത്തിച്ചുള്ള വോട്ടെടുപ്പിനെ ആശ്രയിക്കുന്ന തിരഞ്ഞെടുപ്പ് സംവിധാനങ്ങൾക്ക് ഇത്തരം ചില ഗുണങ്ങളുണ്ടാകാമെന്ന് ഇത് സൂചിപ്പിക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ ഏകകണ്ഠമായ തീരുമാനത്തിലെത്താൻ തീർച്ചയായും കഴിയുമെന്നും പരീക്ഷണങ്ങൾ സൂചിപ്പിക്കുന്നു; വിർജീനിയ സ്കൂൾ ഭരണഘടനാ സൈദ്ധാന്തികർ ശ്രദ്ധിക്കേണ്ട ഒരു കണ്ടെത്തലാണിത്.

## ഭാവി സാധ്യതകൾ

വൈവിധ്യമാർന്ന പുതിയ ജനാധിപത്യ രാജ്യങ്ങളുടെ ആവിർഭാവവും വളർച്ചയും പബ്ലിക് ചോയ്സിന് നവീന പ്രാധാന്യം നൽകിയിട്ടുണ്ട്, കാരണം ഈ രാഷ്ട്രങ്ങൾ തങ്ങളുടെ ഭരണഘടനാ, നിയമനിർമ്മാണ, തിരഞ്ഞെടുപ്പ് സംവിധാനങ്ങൾ എങ്ങനെ നിർമ്മിക്കണമെന്ന് പഠിക്കുന്നതിനായി പബ്ലിക് ചോയ്സിന്റെ കണ്ടെത്തലുകളിലേക്ക് ഉറ്റുനോക്കുന്നു. ഈ പ്രക്രിയയിൽ പബ്ലിക് ചോയ്സിന് അതിന്റെ സ്ഥാപകർക്ക് പരിചിതമായ പരമ്പരാഗത യു.എസ്., യു.കെ. ദ്വികക്ഷി ഭൂരിപക്ഷ വോട്ടിംഗ് മോഡലുകളിൽ നിന്ന് പുറത്തുകടക്കുകയും വ്യത്യസ്തമായ നിരവധി സംവിധാനങ്ങൾ കൈകാര്യം ചെയ്യേണ്ടതായും വന്നു.

സ്ഥാപിത ജനാധിപത്യ രാജ്യങ്ങളും പബ്ലിക് ചോയ്സിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളുന്നു. നിയമസഭാംഗങ്ങളുടെയും ബ്യൂറോക്രാറ്റുകളുടെയും സ്വകാര്യ താൽപ്പര്യങ്ങളെക്കുറിച്ചും അവരെ നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുമുള്ള തിരിച്ചറിവ് വർദ്ധിച്ചിട്ടുണ്ട്. പൊതു ഏജൻസികളുടെയും പദ്ധതികളുടെയും കാലാവധി പരിമിതപ്പെടുത്തുന്നതിനുള്ള 'അസ്തമയ നിയമനിർമ്മാണം', നിയന്ത്രണങ്ങൾ ഒഴിവാക്കലും സ്വകാര്യവൽക്കരണവും, നികുതി ലഘൂകരണം, സർക്കാർ ഏജൻസികൾക്കിടയിലും അതിനകത്തുമുള്ള മത്സരം, പൊതുവിതരണത്തിനായുള്ള ആവശ്യസാധനങ്ങളുടെ പരിശോധന, സർക്കാർ വായ്പ എടുക്കുന്നതിനുള്ള ഭരണഘടനാ പരിധികൾ, മറ്റ് നടപടികൾ എന്നിവ കൂടുതൽ സാധാരണമായിക്കൊണ്ടിരിക്കുകയാണ്.

പരമ്പരാഗത യു.എസ്., യു.കെ. സംവിധാനങ്ങൾക്കപ്പുറത്തേക്ക് ശ്രദ്ധ നീങ്ങുമ്പോൾ, ആനുപാതിക പ്രാതിനിധ്യം, മൾട്ടി-മെമ്പർ സീറ്റുകൾ, പാർട്ടി ലിസ്റ്റ് സിസ്റ്റം തുടങ്ങിയ സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ പബ്ലിക് ചോയ്സ് സൈദ്ധാന്തികർ കൂടുതൽ ആഴത്തിൽ പരിശോധിക്കുന്നുണ്ട്. വ്യത്യസ്ത നിയമനിർമ്മാണ ഘടനകൾ, വിവിധ പാർലിമെന്ററി നിയമങ്ങൾ, അജണ്ട നിശ്ചയിക്കുന്നതിൽ പാർട്ടിയുടെയോ ദേശീയ നേതൃത്വത്തിന്റെയോ പങ്ക്, മറ്റ് നിരവധി പ്രശ്നങ്ങൾ എന്നിവയുടെ അനന്തരഫലങ്ങളെ കുറിച്ചും

കൂടുതൽ പഠനങ്ങൾ നടത്തേണ്ടതുണ്ട്. കൂട്ടായ തീരുമാനങ്ങളെടുക്കുന്നതിൽ രാഷ്ട്രീയ സ്ഥാപനങ്ങളുടെ രൂപകൽപന നിർണായകമാണ് എന്ന വിശാലമായ നിഗമനം ഇപ്പോഴും നിലനിൽക്കുന്നു; എന്നാൽ അത് സാർവത്രികമായി എത്രത്തോളം ശരിയാണെന്ന് ഇപ്പോൾ നമുക്കറിയാം.

## പദാവലി

**അജണ്ട സെറ്റർ**

വോട്ടുകൾ എടുക്കുന്ന ക്രമം തീരുമാനിക്കുന്നതിലൂടെ റോക്ക്, പേപ്പർ, സിസേഴ്സ് സൈക്ലിംഗ് വിരോധാഭാസം ചൂഷണം ചെയ്യാൻ കഴിയുന്ന വ്യക്തി. ഉദാഹരണം, ഒരു കമ്മിറ്റിയുടെ അധ്യക്ഷൻ.

**ഷിക്കാഗോ സ്കൂൾ**

ജോർജ് ജെ. സ്റ്റൈഗ്ലർ, ഗാരി എസ്. ബെക്കർ എന്നിവർ ചേർന്നാരംഭിച്ച പബ്ലിക് ചോയ്സിന്റെ ഒരു ശാഖ. രാഷ്ട്രീയ 'വിപണി'യിൽ ശുദ്ധമായ സാമ്പത്തിക സിദ്ധാന്തം പ്രയോഗിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

**സൈക്ലിംഗ്**

റോക്ക്, പേപ്പർ, സിസേഴ്സ് എന്ന ഗെയിമിലെന്നപോലെ മറ്റെല്ലാവരെയും പരാജയപ്പെടുത്താൻ കഴിയുന്ന, വ്യക്തമായ ഒരു വിജയി ഇല്ലാതിരിക്കുന്ന, കോണ്ടോർസെ രേഖപ്പെടുത്തിയ പ്രതിഭാസം.

**'ഡിമാൻഡ് റവലേഷൻ' പ്രശ്നം**

മിക്ക വോട്ടിംഗ് സംവിധാനങ്ങളും വാഗ്ദാനം ചെയ്യപ്പെടുന്ന ഓപ്ഷനുകളെക്കുറിച്ച് ഇലക്ടർമാർ എത്രമാത്രം തീവ്രമായി ചിന്തിക്കുന്നുവെന്ന് അളക്കുന്നില്ല എന്നും, ചില വോട്ടർമാർ സത്യസന്ധമായി വോട്ട് ചെയ്യുന്നതിനുപകരം തന്ത്രപരമായി വോട്ട് ചെയ്തേക്കാം എന്നും ഉന്നയിക്കുന്ന പ്രശ്നം. അതിനാൽ വോട്ടിംഗ് പ്രക്രിയയുടെ ഫലം ഇലക്ടർമാരുടെ യഥാർത്ഥ വിശ്വാസങ്ങളെയും മുൻഗണനകളെയും പ്രതിഫലിപ്പിച്ചേക്കില്ല.

**ഫ്രീറൈഡർ പ്രശ്നം**

പാർക്കുകൾ, പ്രതിരോധം തുടങ്ങിയ 'പൊതു' സ്വത്തുക്കളുടെ ചെലവിന് സംഭാവന നല്കാതിരുന്നിട്ടും അതിന്റെ ആനുകൂല്യങ്ങൾ ആസ്വദിക്കുന്നതിൽ നിന്ന് ആളുകളെ ഒഴിവാക്കാൻ കഴിയാത്ത സാഹചര്യം.

ഇത് അത്തരം സംവിധാനങ്ങളുടെ കുറവിലേക്കോ അഭാവത്തിലേക്കോ നയിച്ചേക്കാം.

**ഗെയിം തിയറി**

ഒരു വ്യക്തിയുടെ തിരഞ്ഞെടുപ്പുകൾ മറ്റുള്ളവരുടെ പ്രവർത്തനങ്ങളെ ആശ്രയിച്ചിരിക്കുന്ന സാഹചര്യങ്ങളുടെ, ഏറ്റവും സാധ്യതയുള്ള ഫലങ്ങൾ പ്രവചിക്കാൻ ശ്രമിക്കുന്ന ഗണിതശാസ്ത്ര മോഡലിംഗ്.

**സർക്കാർ പരാജയം**

സർക്കാർ ഇടപെടൽ വിഭവങ്ങളുടെ കാര്യക്ഷമമല്ലാത്ത വിനിയോഗത്തിന് (ഇടപെടലില്ലാതെ സംഭവിക്കുമായിരുന്നതിനേക്കാൾ) കാരണമായേക്കാവുന്ന സാഹചര്യം.

**അസാധ്യതാ സിദ്ധാന്തം**

വോട്ടർമാർക്ക് തിരഞ്ഞെടുക്കാൻ രണ്ടിൽ കൂടുതൽ ഓപ്ഷനുകൾ ഉള്ളപ്പോൾ, നിലവിലുള്ള ഒരു ജനാധിപത്യ വോട്ടിംഗ് സംവിധാനവും വ്യക്തിഗത വോട്ടർമാരുടെ മുൻഗണനകളുടെ സ്വഭാവം, വ്യാപനം, ശക്തി എന്നിവയെ യഥാർത്ഥത്തിൽ പ്രതിഫലിപ്പിക്കുന്ന കൂട്ടായ തീരുമാനങ്ങൾ സൃഷ്ടിക്കുന്നില്ല എന്ന കെന്നത്ത് ജെ. ആരോയുടെ നിഗമനം.

**ലോഗ്റോളിംഗ്**

പരസ്പര നേട്ടത്തിനായി നടത്തുന്ന വോട്ട് വ്യാപാരം. ഇത് രണ്ട് തരമുണ്ട്: ‘നിങ്ങൾ എന്റെ പദ്ധതിക്ക് വോട്ട് ചെയ്യുക, ഞാൻ നിങ്ങളുടേതിന് വോട്ട് ചെയ്യും’ എന്ന പ്രത്യക്ഷമായ ലോഗ്റോളിംഗ്; വ്യത്യസ്ത ഗ്രൂപ്പുകളിൽ നിന്ന് പിന്തുണ നേടുന്നതിനായി മുൻകൂട്ടി രൂപകൽപ്പന ചെയ്ത നടപടികളുടെ ഒരു പാക്കേജ് വോട്ടർമാർക്ക് അഭിമുഖീകരിക്കേണ്ടി വരുന്ന പരോക്ഷമായ ലോഗ്റോളിംഗ്.

**മീഡിയൻ വോട്ടർ സിദ്ധാന്തം**

ലളിതമായ (‘എത്ര?’) വിഷയങ്ങളിൽ രാഷ്ട്രീയ പാർട്ടികൾ അവരുടെ നയ വാഗ്ദാനങ്ങൾ ജനസമ്മതിയുള്ള, ഏറ്റവും കൂടുതൽ വോട്ടുകൾ ലഭിക്കാവുന്ന അഭിപ്രായത്തിന് ചുറ്റും കേന്ദ്രീകരിച്ച് വോട്ടർമാർക്ക് യഥാർത്ഥ ചോയ്സ് നിഷേധിക്കുന്നു എന്ന ഡങ്കൻ ബ്ലാക്കിന്റെ സിദ്ധാന്തം. എന്നാൽ സമീപകാല ഗവേഷണങ്ങൾ ഈ പ്രഭാവം എത്രത്തോളം ശക്തമാണെന്ന് ചോദ്യം ചെയ്യുന്നു.

**മിനിമം വിജയ സഖ്യം**

വലിയ സഖ്യങ്ങൾ ഒരുമിച്ച് നിലനിർത്താൻ പ്രയാസമായതിനാൽ, താൽപ്പര്യ ഗ്രൂപ്പുകൾ അവരുടെ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ പര്യാപ്തമായ ഒരു മിനിമം വിജയ സഖ്യം കെട്ടിപ്പടുക്കാൻ ശ്രമിക്കുമെന്ന വില്യം എച്ച്. റൈക്കറുടെ ആശയം.

**തടവുകാരുടെ ആശയക്കുഴപ്പം**

രണ്ട് തടവുകാർ കുറ്റസമ്മതം നടത്തുകയും പരസ്പരം കുറ്റം ചുമത്തുകയും ചെയ്താൽ ലഘുവായ ശിക്ഷയും ഒരാൾ മൗനം പാലിക്കുകയും മറ്റേയാൾ അയാളെ ഒറ്റുകയും ചെയ്താൽ കഠിനമായ ശിക്ഷയും നേരിടുന്ന സാങ്കൽപ്പിക ഗെയിം തിയറി കേസ്. മൗനം പാലിച്ചുകൊണ്ട് രണ്ടുപേർക്കും ശിക്ഷയിൽ നിന്ന് രക്ഷപ്പെടാൻ കഴിയുമെങ്കിലും, ഏറ്റവും സാധ്യതയുള്ള ഫലം ഇരുവരും കുറ്റം സമ്മതിക്കുകയും പരസ്പരം ഒറ്റുകയും ചെയ്യും എന്നതാണ്.

**പൊതുസ്വത്ത്**

ദേശീയോദ്യാനം അല്ലെങ്കിൽ പ്രതിരോധം പോലുള്ള, അനേകം വ്യക്തികൾക്ക് ഒരേസമയം ആസ്വദിക്കാൻ കഴിയുന്ന പൊതുസ്വത്തിൽ നിന്ന് ആളുകളെ ഒഴിവാക്കുക ബുദ്ധിമുട്ടാണ്. ഫ്രീറൈഡർ പ്രശ്നം കാരണം ഇവയുടെ ലഭ്യതക്കുറവിനുള്ള സാധ്യതയുണ്ട്.

**യുക്തിസഹമായ അജ്ഞത**

ഒരു വ്യക്തിയുടെ വോട്ടിന് തിരഞ്ഞെടുപ്പ് ഫലത്തിൽ കാര്യമായ ചലനങ്ങൾ ഉണ്ടാക്കാൻ സാധ്യതയില്ലാത്തതിനാലും സ്ഥാനാർഥികൾ സ്വീകരിക്കുന്ന നയം അനിശ്ചിതമായ ഫലങ്ങൾ ഉണ്ടാക്കുമെന്നതിനാലും പാർട്ടികളെയും അവരുടെ നയങ്ങളെയും കുറിച്ച് നന്നായി അറിയാൻ വോട്ടർമാർ സമയവും പരിശ്രമവും ചെലവഴിക്കുന്നത് വിലമതിക്കുന്നില്ലെന്ന ആന്റണി ഡൗൺസിന്റെ അഭിപ്രായം.

**യുക്തിസഹമായ മാക്സിമൈസിംഗ്**

വ്യക്തികൾ അവരുടെ വ്യക്തിപരമായ സംതൃപ്തി പരമാവധിയാക്കാൻ ശ്രമിക്കുകയും ആ ലക്ഷ്യത്തിനായി ബോധപൂർവ്വം പ്രവർത്തിക്കുകയും ചെയ്യുന്നു എന്ന സാമ്പത്തികശാസ്ത്രത്തിലെ ഒരു പ്രധാന അനുമാനം. ആളുകൾ അത്യാഗ്രഹികളോ സ്വാർത്ഥരോ ആണെന്ന് ഇത് അർത്ഥമാക്കുന്നില്ല; ഒരുപക്ഷേ സുഹൃത്തുക്കൾ, കുടുംബം അല്ലെങ്കിൽ പൊതുജനങ്ങൾ പോലുള്ളവരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിൽ നിന്ന് അവർക്ക് വ്യക്തിപരമായ സംതൃപ്തി ഭാഗികമായെങ്കിലും ലഭിച്ചേക്കാം.

**വാടക തേടൽ**

അനുകൂലമായ രാഷ്ട്രീയ തീരുമാനങ്ങൾ പ്രത്യേക താൽപ്പര്യ ഗ്രൂപ്പുകൾക്ക് വലിയ പ്രതിഫലം നേടിക്കൊടുക്കുമെന്നതിനാൽ, അതിനുവേണ്ടി ലോബി ചെയ്യാൻ വലിയ അളവിൽ സമയവും പണവും പരിശ്രമവും ചെലവഴിക്കുന്നത് മൂല്യവത്താണെന്ന ഗോർഡൻ ടള്ളക്കിന്റെ ആശയം.

**റോച്ചസ്റ്റർ സ്കൂൾ**

വില്യം എച്ച്. റൈക്കർ മുൻകൈയ്യെടുത്ത് സ്ഥാപിച്ച, രാഷ്ട്രീയ തീരുമാനമെടുക്കൽ വിഷയത്തിൽ സ്റ്റാറ്റിസ്റ്റിക്കൽ വിശകലനം, ഗെയിം തിയറി,

പരീക്ഷണാത്മക സാമ്പത്തികശാസ്ത്രം എന്നിവയുടെ സങ്കേതങ്ങൾ പ്രയോഗിക്കുന്ന പബ്ലിക് ചോയ്സിന്റെ ഒരു പഠനശാഖ.

**തന്ത്രപരമായ വോട്ടിംഗ്**

തീർത്തും അഭികാമ്യമല്ലാത്ത ഒരു തിരഞ്ഞെടുപ്പ് ഫലം തടയുന്നതിനായി വോട്ടർമാർ തങ്ങളുടെ യഥാർത്ഥ മുൻഗണനയെ പ്രതിഫലിപ്പിക്കാത്ത ഒരു സ്ഥാനാർത്ഥിക്കോ ഓപ്ഷനോ വോട്ട് ചെയ്യുന്ന പ്രതിഭാസം.

**ടൈം ഷിഫ്റ്റിംഗ്**

ഉയർന്ന പെൻഷനോ ധനസഹായത്തോടെയുള്ള റോഡ് നിർമ്മാണമോ പോലെ ആളുകൾ ഇന്ന് ആസ്വദിക്കുന്ന എന്നാൽ ബാധ്യത ഭാവി തലമുറകൾക്കുമേൽ വരുന്ന ആനുകൂല്യങ്ങൾക്കായി വോട്ടുചെയ്യൽ.

**വിർജീനിയ സ്കൂൾ**

യഥാർത്ഥ രാഷ്ട്രീയ സ്ഥാപനങ്ങളെ വിശകലനം ചെയ്യാനും അതിനനുസരിച്ച് ശുപാർശകൾ നൽകാനും രാഷ്ട്രീയ സിദ്ധാന്തം ഉപയോഗിക്കുന്ന, ജെയിംസ് എം. ബുക്കാനനും ഗോർഡൻ ടള്ളക്കും ചേർന്ന് ആരംഭിച്ച പബ്ലിക് ചോയ്സിന്റെ ഒരു ശാഖ. ന്യൂനപക്ഷങ്ങളെ ചൂഷണം ചെയ്യുന്നത് തടയുന്നതിനുള്ള ഭരണഘടനാപരമായ ക്രമീകരണങ്ങളുടെ പ്രാധാന്യമാണ് ഈ സ്കൂളിന്റെ ശക്തമായ പ്രമേയം.

**വോട്ട് ലക്ഷ്യം**

വാണിജ്യ വിപണിയിലെ 'ലാഭോദ്ദേശ്യ'ത്തിന് സമാനമായ, രാഷ്ട്രീയ വിപണിയിലെ പ്രേരകശക്തിയെ പ്രതിനിധീകരിക്കുന്ന ഒരു പ്രയോഗം (1976 ലെ ഗോർഡൻ ടള്ളക്കിന്റെ ഒരു ഐ.ഇ.എ. പ്രബന്ധത്തിന്റെ തലക്കെട്ടിൽ നിന്ന് എടുത്തതാണിത്).

## പബ്ലിക് ചോയ്സ് ടൈംലൈൻ

1781: ഫ്രഞ്ച് പ്രഭുവായ കൗണ്ട് ഷാർലെ ഡേ ബോർഡ കേവല ഭൂരിപക്ഷ ഭരണത്തിന്റെ ഫലപ്രാപ്തിയെ ചോദ്യം ചെയ്യുകയും ആളുകൾ സ്ഥാനാർത്ഥികളെയോ ഓപ്ഷനുകളെയോ റാങ്ക് ചെയ്യുന്ന ഒരു സംവിധാനം നിർദ്ദേശിക്കുകയും ചെയ്യുന്നു.

1785: ബോർഡയുടെ നിർദ്ദേശം താൽപ്പര്യ ഗ്രൂപ്പുകൾക്ക് എളുപ്പത്തിൽ ഭേദിക്കാവുന്നതാണെന്ന് മാർക്വി ഡേ കോണ്ടോർസെ വിമർശിക്കുന്നു. ഭൂരിപക്ഷ വോട്ടിംഗ് പൊരുത്തമില്ലാത്ത ഫലങ്ങൾ സൃഷ്ടിക്കുന്ന 'വിരോധാഭാസം' അദ്ദേഹം വിശദീകരിക്കുന്നു. തന്റെ 'ജൂറി സിദ്ധാന്തത്തിൽ' അദ്ദേഹം ജനക്കൂട്ടത്തിന്റെ അറിവിനെക്കുറിച്ചും പ്രതിപാദിക്കുന്നു.

1876: ഗണിതശാസ്ത്രജ്ഞനായ ചാൾസ് ഡോഡ്ജ്സൺ (ലൂയിസ് കാരൾ എന്ന തൂലികാനാമത്തിലാണ് പ്രശസ്തനായത്) ഫ്രഞ്ച് ആശയങ്ങൾ കണ്ടെത്തുകയും, കോണ്ടോർസെയുടെ 'സൈക്ലിംഗ് വിരോധാഭാസം' മറികടക്കാനും സ്ഥിരതയുള്ള, എല്ലാവരും അനുകൂലിക്കുന്ന വിജയികളെ തിരഞ്ഞെടുക്കുന്നതിനുമായി ഒരു സങ്കീർണ്ണ വോട്ടിംഗ് സമ്പ്രദായം നിർദ്ദേശിക്കുന്നു.

1896: നട്ട് വിക്സെലിന്റെ 'എ ന്യൂ പ്രിൻസിപ്പിൾ ഓഫ് ജസ്റ്റ് ടാക്സേഷൻ' എന്ന ലേഖനം കൂട്ടായ പ്രവർത്തനത്തെ ന്യായീകരിക്കുന്നു, എന്നാൽ ഏകകണ്ഠമായ തീരുമാനങ്ങൾക്ക് മാത്രമേ നികുതിയുടെ ന്യായമായ വിതരണം ഉറപ്പാക്കാനും ന്യൂനപക്ഷങ്ങളെ ചൂഷണം ചെയ്യുന്നത് തടയാനും കഴിയൂ എന്ന് വാദിക്കുന്നു.

1948: ബോർഡയുടെയും കോണ്ടോർസെയുടെയും ആശയങ്ങൾ ഡങ്കൻ ബ്ലാക്ക് വീണ്ടെടുക്കുകയും അവയെ വികസിപ്പിക്കുകയും കൂടുതൽ വ്യാപകമായി ലഭ്യമാക്കുകയും ചെയ്യുന്നു. ശരാശരി വോട്ടർമാരുടെ പിന്തുണ നേടിയെടുത്താൽ രാഷ്ട്രീയ പാർട്ടികൾ തിരഞ്ഞെടുപ്പുകളിൽ വിജയിക്കാനുള്ള സാധ്യത കൂടുതലാണെന്ന് സൂചിപ്പിക്കുന്ന 'മീഡിയൻ വോട്ടർ സിദ്ധാന്തത്തിന്' അദ്ദേഹം രൂപരേഖ നൽകുന്നു. ആധുനിക പബ്ലിക് ചോയ്സ് ഇക്കണോമിക്സിന്റെ സ്ഥാപകനായി ബ്ലാക്ക് കണക്കാക്കപ്പെടുന്നു.

1950: കോണ്ടോർസെയുടെ വിരോധാഭാസത്തെ മറികടക്കാൻ

പ്രായോഗികവും അഭിലഷണീയവുമായ ഒരു വോട്ടിംഗ് നടപടിക്രമത്തിനും സാധ്യമല്ലെന്ന് കെന്നത്ത് ആരോ തെളിയിക്കുന്നു.

1957: ആന്റണി ഡൗൺസ് വോട്ടിംഗിൽ സാമ്പത്തികാശയങ്ങൾ പ്രയോഗിക്കുന്നു. ഇത് രാഷ്ട്രീയ പാർട്ടികൾ മധ്യസ്ഥാനത്ത് ഒത്തുകൂടുന്നു എന്ന ബ്ലാക്കിന്റെ വീക്ഷണത്തെ സ്ഥിരീകരിക്കുകയും, താൽപ്പര്യ ഗ്രൂപ്പ് സഖ്യങ്ങളുടെ ശക്തിയും ലഭ്യമായ പ്രതിഫലവും ഉയർത്തിക്കാട്ടുകയും, വോട്ടർമാർ രാഷ്ട്രീയ വിഷയങ്ങളിൽ 'യുക്തിബോധമുള്ള അജ്ഞരായി' തുടരുന്നത് എന്തുകൊണ്ടെന്ന് കാണിക്കുകയും ചെയ്യുന്നു.

1962: 'ദി കാൽക്കുലസ് ഓഫ് കൺസെന്റ്' എന്ന കൃതിയിൽ ജെയിംസ് എം. ബുക്കാനനും ഗോർഡൻ ടള്ളക്കും പൊളിറ്റിക്കൽ സയൻസ് മേഖലയിലുടനീളം സ്വാർത്ഥതാൽപര്യത്തിന്റെ ആശയം പ്രയോഗിക്കുന്നു. ഏകകണ്ഠമായ ഒരു ധാരണയിലെത്താനുള്ള ബുദ്ധിമുട്ട് എങ്ങനെയാണ് ഭൂരിപക്ഷ ഭരണം പോലുള്ള മറ്റ് സംവിധാനങ്ങളുടെ ഉപയോഗത്തിലേക്ക് നയിക്കുന്നതെന്നും ന്യൂനപക്ഷത്തെ ചൂഷണം ചെയ്യാൻ ഭൂരിപക്ഷത്തെ ഇത് എങ്ങനെ അനുവദിക്കുന്നുവെന്നും അവർ കാണിക്കുന്നു. ഇത് തടയാൻ മറ്റെല്ലാ വോട്ടിംഗ് ക്രമീകരണങ്ങളും നിയന്ത്രിക്കുന്ന ഏകകണ്ഠമായി അംഗീകരിച്ച ഭരണഘടനാ നിയമങ്ങൾക്കായി അവർ വാദിക്കുന്നു. താൽപ്പര്യ ഗ്രൂപ്പുകൾ പരസ്പരം നടപടികൾക്ക് വോട്ട് ചെയ്യുകയും സർക്കാറിന്റെ ആധിക്യം സൃഷ്ടിക്കുകയും ചെയ്യുന്ന 'ലോഗ്റോളിംഗ്' എന്ന പ്രക്രിയയും അവർ പരിശോധിക്കുന്നു.

1962: തിരഞ്ഞെടുപ്പുകളിൽ സഖ്യങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും ചിലത് മറ്റുള്ളവയെക്കാൾ മികച്ച വിജയം നേടുന്നതിന്റെ കാരണത്തെക്കുറിച്ചും വില്യം എച്ച്. റൈക്കർ വിശദീകരിക്കുന്നു – രാഷ്ട്രീയ പ്രക്രിയകളുടെ വിശകലനത്തിൽ 'ഗെയിം തിയറി' പ്രയോഗിക്കുന്നതിന്റെ ആദ്യകാല ഉദാഹരണമാണിത്.

1965: മാൻകർ ഓൾസൺ രാഷ്ട്രീയത്തിൽ സാമ്പത്തിക വിദഗ്ധരുടെ 'യുക്തിസഹമായ തിരഞ്ഞെടുപ്പ് (റാഷനൽ ചോയ്സ്)' സിദ്ധാന്തം പ്രയോഗിക്കുന്നു. താരതമ്യേന ചെറിയ താൽപ്പര്യ ഗ്രൂപ്പുകൾക്ക് സ്വന്തം നേട്ടത്തിനായി തിരഞ്ഞെടുപ്പിൽ എങ്ങനെ കാര്യമായ സ്വാധീനം ചെലുത്താൻ കഴിയുമെന്നും, വലിയ ഗ്രൂപ്പുകൾക്ക് ഇത് ബുദ്ധിമുട്ടാണെന്നും ഓൾസൺ വാദിക്കുന്നു.

1966: ടള്ളക്ക് പിൽകാലത്ത് 'പബ്ലിക് ചോയ്സ്' എന്നറിയപ്പെടുന്ന ജേണൽ സ്ഥാപിക്കുന്നു.

1967: രാഷ്ട്രീയമായി ഉരുത്തിരിഞ്ഞുവന്ന കുത്തകകളുടെ ഉയർന്ന മൂല്യം കാരണം അവ നേടിയെടുക്കുന്നതിന് താൽപ്പര്യ ഗ്രൂപ്പുകൾ ശകതമായി ക്യാംപെയ്ൻ ചെയ്യുമെന്ന് ടള്ളക്ക് വാദിക്കുന്നു. ഈ സ്വഭാവ സവിശേഷതയ്ക്ക് പിന്നീട് 'വാടക തേടൽ' എന്ന പേര് നൽകിയത് ആൻ ക്രൂഗറാണ്.

1971: ബ്യൂറോക്രാറ്റുകൾ അവരുടെ ബജറ്റുവിഹിതം പരമാവധിയാക്കാൻ ശ്രമിക്കുമെന്ന് വില്യം എ. നിസ്കാനൻ വാദിക്കുന്നു. ഇത് തീരുമാനമെടുക്കൽ പ്രക്രിയയെയും സർക്കാരിന്റെ വലിപ്പത്തെയും എങ്ങനെ ബാധിക്കുമെന്നും നിസ്കാനൻ പരിശോധിക്കുന്നു.

1971, 1973: മറ്റുള്ളവർ പണം നൽകാൻ നിർബന്ധിതരാകുന്ന പൊതു ആനുകൂല്യങ്ങൾക്കായി ആളുകൾ സത്യസന്ധതയില്ലാതെ വോട്ടുചെയ്യുന്നു എന്ന ആശയം അവതരിപ്പിച്ച എഡ്വേർഡ് എച്ച്. ക്ലാർക്കും (1971) തിയഡോർ ഗ്രോവ്സും (1973) തങ്ങളുടെ ചോയ്സുകൾ ന്യൂനപക്ഷത്തിനുമേൽ അടിച്ചേൽപ്പിക്കുന്ന ചെലവുകൾ സ്വയം വഹിച്ച്, തങ്ങളുടെ യഥാർത്ഥ മുൻഗണനകൾ വെളിപ്പെടുത്താൻ വോട്ടർമാരെ എങ്ങനെ പ്രേരിപ്പിക്കാമെന്ന് ചൂണ്ടിക്കാണിക്കുന്നു. തുടർന്ന് മറ്റ് 'ഡിമാൻഡ് റവലേഷൻ' സംവിധാനങ്ങളും അവതരിപ്പിക്കുന്നു.

1979: വെർനൺ എൽ. സ്മിത്ത് വോട്ടിംഗ് സംവിധാനങ്ങളെക്കുറിച്ചും ഏകകണ്ഠ നിയമത്തിന്റെ സാധ്യതയെക്കുറിച്ചും പരീക്ഷണങ്ങൾ നടത്തുന്നു. 2002-ൽ പരീക്ഷണാത്മക സാമ്പത്തികശാസ്ത്രത്തിലെ പ്രവർത്തനത്തിന് സാമ്പത്തികശാസ്ത്രത്തിനുള്ള നോബൽ സമ്മാനം അദ്ദേഹത്തിന് ലഭിച്ചു.

1980-കൾ: ചിലർ കരുതുന്നതിന് വിപരീതമായി പൊതുജനങ്ങളുടെ മുൻഗണനകളെ ഇരുകക്ഷി സംവിധാനങ്ങൾ മികച്ച രീതിയിൽ പ്രതിഫലിപ്പിക്കുമെന്ന് വിവിധ സാമ്പത്തിക പ്രബന്ധങ്ങൾ സൂചിപ്പിക്കുന്നു – രാഷ്ട്രീയത്തിൽ പ്രവർത്തിക്കുന്ന ഒരുതരം 'അദൃശ്യമായ കൈ'.

1986: സാമ്പത്തിക, രാഷ്ട്രീയ തീരുമാനമെടുക്കലിന്റെ ഭരണഘടനാ അടിത്തറയെക്കുറിച്ചുള്ള പ്രവർത്തനത്തിന് ജെയിംസ് ബുക്കാനന് നോബൽ സമ്മാനം ലഭിക്കുന്നു.

1987: ഏത് തരത്തിലുള്ള ഭരണഘടനയാണ് പൊതുധാരണ കൈവരിക്കാൻ ഉത്തമമെന്ന് പരിശോധിച്ച നോർമൻ ഫ്രോഹ്ലിച്ച്, ജോ എ. ഓപ്പൺഹൈമർ, ഷെറിൽ എൽ. ഈവി എന്നിവർ ഒരു സാമൂഹിക മിനിമം നിശ്ചയിക്കുകയും എന്നാൽ ശരാശരി വരുമാനം പരമാവധിയാക്കാൻ അനുവദിക്കുകയും ചെയ്യുന്ന ഒന്നിന് വിദ്യാർത്ഥികൾ വോട്ട് ചെയ്യുമെന്ന് കണ്ടെത്തുന്നു. ആളുകൾ ഉയർന്ന മിനിമം തിരഞ്ഞെടുക്കുമെന്ന ജോൺ റോൾസിന്റെ അനുമാനത്തിന് വിരുദ്ധമാണിത്.

1990: ഒരു കേന്ദ്രീകൃത പാർട്ടിക്ക് ഇടത്തും വലത്തുമുള്ള മറ്റു കക്ഷികളെ ആശ്രയിച്ചുകൊണ്ട് എങ്ങനെ ഒരു ന്യൂനപക്ഷ സർക്കാർ രൂപീകരിക്കാമെന്ന് പീറ്റർ വാൻ റൂസെൻഡാൾ വിശദീകരിക്കുന്നു.

2000-കൾ: രാഷ്ട്രീയ തീരുമാനങ്ങളെക്കുറിച്ചുള്ള കൂടുതൽ പരീക്ഷണങ്ങളും ഗണിതശാസ്ത്ര മോഡലിംഗും, മറ്റു നിരവധി രാജ്യങ്ങളിലേക്ക് പബ്ലിക് ചോയ്സ് ആശയങ്ങളുടെ വിപുലീകരണവും.

2002: കൂട്ടായ തിരഞ്ഞെടുപ്പുകൾ ഉൾപ്പെടെയുള്ള തന്റെ പരീക്ഷണാത്മക പ്രവർത്തനങ്ങൾക്ക് വെർനൺ എൽ. സ്മിത്ത് സാമ്പത്തികശാസ്ത്രത്തിനുള്ള നോബൽ സമ്മാനം നേടുന്നു.

2007: ജനാധിപത്യ പ്രക്രിയയിൽ നിർണായക പരാജയങ്ങൾ സൃഷ്ടിക്കുന്ന യുക്തിരഹിതമായ പക്ഷപാതങ്ങൾ (നിഷ്ഫലമായ സ്കീമുകൾ, വിദേശ വിരുദ്ധത, അശുഭപ്രതീക്ഷ, വിപണി വിരുദ്ധത) വോട്ടർമാർ കാണിക്കുന്നുവെന്ന് ബ്രയാൻ കാപ്ലാൻ എഴുതിയ 'ദി മിത്ത് ഓഫ് ദി റാഷണൽ വോട്ടർ' വാദിക്കുന്നു.

2009: ദുർലഭമായ വിഭവങ്ങളിൽ ഗ്രൂപ്പുകൾ എങ്ങനെ കൂട്ടായ തീരുമാനങ്ങൾ എടുക്കുന്നുവെന്ന പഠനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് എലിനോർ ഓസ്ട്രോമിന് സാമ്പത്തികശാസ്ത്രത്തിനുള്ള നോബൽ സമ്മാനം ലഭിക്കുന്നു.